
# ആമുഖം 

**വ**ണ്ടൊരിക്കൽ നാല് കുരുടന്മാർ ആനയെ കാണാൻപോയ കഥ കേട്ടിട്ടില്ലേ, ഒരാൾ പറഞ്ഞു ആന തൂണുപോലെയാണ്. ചെവി തൊട്ടുനോക്കിയവൻ പറഞ്ഞു അല്ല മുറംപോലെയെന്ന്. മറ്റെയാൾ പറഞ്ഞു ചൂലുപോലെയെന്ന്. അവസാനത്തെ കക്ഷിക്ക് തപ്പിനോക്കാൻ കിട്ടിയത് വാലായിരുന്നു. ഇതേ സ്ഥിതിയിലാണ് ഇന്ന് ഇസ്‌ലാം എന്ന ആനയ്ക്കു ചുറ്റും അന്ധരായലോകർ തപ്പുന്നത്.

പ്രവാചക(സ)യെ ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നത് 'സിറാജുൽമുനീർ' എന്നാണ്. പ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ദീപത്തിൽനിന്നും എത്രതന്നെ ദീപങ്ങൾ കൊളുത്തിയെടുത്താലും അതിന്റെ പ്രഭയ്ക്ക് യാതൊരു കുറവും വരുന്നതല്ല. ഉയർന്ന ചില്ലുപേടകത്തിൽവെച്ച വിളക്കെന്നും വിശേഷിപ്പിക്കുന്നു. ഉയർന്ന ചില്ലുപേടകത്തിലെ വിളക്ക് നാലുഭാഗത്തും ശോഭപരത്തുന്നതാണ്. ആ വിളക്കിൽ വീഴുന്ന ഏത് വസ്തുവും അതിന്റെ സ്വഭാവമനുസരിച്ച് അത് പ്രതിഫലിപ്പിക്കും. ഏതുപോലെ സൂര്യവെളിച്ചത്തെ പ്രപഞ്ചത്തിലെ മറ്റു ഗോളങ്ങൾ സ്വീകരിച്ച് പ്രതിഫലിപ്പിക്കുന്നുവോ അതുപോൽ!!! വെളിച്ചം കണ്ണാടിയിൽ വീണാൽ അതിരട്ടിയായി പ്രതിഫലിക്കും. കരിവെള്ളത്തിലായാലോ? ഇത്രയേയുള്ളൂ കാര്യം!!

സാഹിത്യകാരി തസ്‌ലീമ പറഞ്ഞുവത്രെ ബംഗ്ലാദേശ് പോലെയുള്ളിടത്ത് മുസ്‌ലിം ഭരണം വീർപ്പുമുട്ടിക്കുന്നുവെന്ന്. അത് ഇസ്‌ലാമിക ശരീഅത്തിന്റെ കുറ്റമാണോ അതോ അറിവില്ലാത്ത സ്വാർത്ഥമോഹികളായ ഉലമാക്കളും രാഷ്ട്രീയക്കാരും ചെയ്തുകൂട്ടുന്ന തെറ്റുകളോ. അത് കേട്ട അഭിവന്ദ്യയായ മലയാള സാഹിത്യകാരി കമലാസുരയ്യ പറഞ്ഞുവത്രെ ഇസ്‌ലാം വിശ്വസിച്ചശേഷം തന്നെയൊരുകൂട്ടം പണ്ഡിതർ ശ്വാസംമുട്ടിക്കുന്നുവെന്ന്!! തനിക്ക് ശരിയെന്ന് തോന്നിയ വിശ്വാസത്തെ സധീരം നെഞ്ചിലേറ്റിയ ധീരവനിതയെന്ന ആദരവ് മനസ്സിൽ സൂക്ഷിച്ച ഞങ്ങളെപോലുള്ളവർക്കു നൊന്തു. ആ മഹതി ഇസ്‌ലാമിനെ മനസ്സിലാക്കിയതെങ്ങനെ? ഇസ്‌ലാം ഒരു പൗരോഹിത്യമതമല്ല. അതിന്റെ ന്യായപ്രമാണം വിശുദ്ധഖുർആൻ ആണ്. ഏകദൈവവിശ്വാസിയായ ഏതൊരാൾക്കും അതിൽ മുങ്ങിത്തപ്പി മുത്തുകൾ വാരാം; പ്രാർത്ഥനയ്ക്കു നേതൃത്വം നൽകാം. നിങ്ങൾ സ്വന്തം ബുദ്ധിയും യുക്തിയുമുപയോഗിച്ച് ചിന്തിച്ച് പഠിച്ച് ദൈവസഹായത്തിനായി ദുആ ചെയ്യൂ എന്നാണത് ഉൽബോധിപ്പിക്കുന്നത്. പണ്ഡിതരോടോ പുരോഹിതരോടോ അന്വേഷിക്കുവാൻ പറയുന്നില്ല. മനസ്സിലാകാത്ത കാര്യങ്ങളുടെ യുക്തിക്കുപോൽബലകമായി പ്രകൃതി സത്യങ്ങളെ നിരീക്ഷിക്കുവാനും കല്പിക്കുന്നു. ആ ജീവൽതത്വസംഹിത വെച്ചാർക്കും നേർവഴി പ്രാപിക്കാം. പിന്നെ ഒരു സമൂഹജീവി എന്ന നിലയിൽ ഒരു സമൂഹവും രാഷ്ട്രവുമൊക്കെയായി ജീവിക്കേണ്ടിവരുമ്പോൾ അവരുടെ ഐക്യത്തിനും മുന്നോട്ടുള്ള പ്രയാണപുരോഗതിക്കും ചില മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. അവിടെ ഇസ്‌ലാം ഖിലാഫത്ത് എന്ന ദൈവീകപ്രാതിനിധ്യത്തെ ഉറപ്പുവരുത്തുന്നു. അതൊരിക്കലും ഏകാധിപത്യമോ

പാരമ്പര്യമോ അല്ല. ലോകത്തിലെ ഏറ്റവും നല്ല ജനാധിപത്യ സമ്പ്രദായവും കുറ്റമറ്റ സാമ്പത്തിക-സാമൂഹ്യ സമതുലന വ്യവസ്ഥിതിയും ഇസ്‌ലാമിലേതാണ്. ഒരു യഥാർത്ഥ മുസ്‌ലിമായി ജീവിക്കുവാൻ ഇസ്‌ലാമികഭരണകൂടത്തിന്റെ ആവശ്യമില്ല. ഏത് ഭരണത്തിൻകീഴിലായാലും ദേശസ്നേഹവും ഭരണാധിപന്മാരോടുള്ള കൂറും ഒരു മുസ്‌ലിമിന്റെ കടമയിൽപെട്ടതാണ്. പിന്നെയൊരാക്ഷേപം 'ജിഹാദ്' ആണ്. പ്രവാചക(സ) പഠിപ്പിച്ച ജിഹാദ് എന്തെന്ന് ലോകത്തിന് വിശദീകരിച്ചുകൊടുക്കുവാൻ വീണ്ടും ഒരു മഹ്ദീ മസീഹിന് വരേണ്ടിവന്നു എന്നത് അതിന്റെ അനുയായികൾ ഖുർആനിൽനിന്നും യഥാർത്ഥ ഇസ്‌ലാമിക പാഠങ്ങളിൽനിന്നും എത്രമാത്രം വഴിതെറ്റിപ്പോയിരിക്കുന്നു എന്നതിന്റെ ഗൗരവം കുറിക്കുന്നു. 'പരിശ്രമിക്കുക' എന്നർത്ഥമുള്ള ജഹാദ എന്ന വാക്കിനെ വാളിന്റെ പര്യായമായി മാറ്റിയത്, ഒരിക്കലും ഇസ്‌ലാമിനോ മുസ്‌ലിംസമുദായത്തിനോ വേണ്ടിയല്ലാതെ വാളുയർത്തി ലോകത്തിന് ഇസ്‌ലാമിക ഭീകരത എന്നും മുസ്‌ലിം തീവ്രവാദി എന്നുമുള്ള രണ്ടോമനപ്പേരുകൾ സമ്മാനിച്ച താലിബാൻ അൽഖയിദ തുടങ്ങിയ കേവലം വിരലിലെണ്ണാവുന്ന വ്യക്തിസംഘടനകളാണ്. കൂടെ അന്യമതങ്ങളുടെ അബദ്ധവിശ്വാസങ്ങൾക്കും അന്യകഥകൾക്കുമൊപ്പിച്ച് വിശുദ്ധഖുർആന് വ്യാഖ്യാനങ്ങൾ ചമച്ച് താടിയും തലപ്പാവുമായി ('അ')ജ്ഞാനി ചമഞ്ഞ് അജ്ഞരായ മുസ്‌ലിം സാമാന്യജനതയെ വഴികേടിലാക്കിയ മുസ്‌ലിംപണ്ഡിതവർഗ്ഗവും. വടി കൊടുത്തുവാങ്ങിയ അടി, കൊണ്ടല്ലേപറ്റൂ! നീണ്ട 13 വർഷം കൊടുംപീഡനങ്ങൾ സഹിച്ച് നബി(സ)യും അനുയായികളും മക്കത്ത് പ്രബോധനം നടത്തിയിരുന്നു. മദീനയിൽ ഇസ്‌ലാമിക സമൂഹവും ഭരണവും നടപ്പിലാക്കിയപ്പോൾ സത്യവിശ്വാസം സ്വീകരിച്ചു എന്ന കുറ്റംകൊണ്ട് മാത്രം ശത്രുക്കൾ ആക്രമിച്ചപ്പോൾ പ്രതിരോധത്തിനായി മാത്രമാണ് മുസ്‌ലിംകൾ വാൾകൊണ്ട് ജിഹാദ് ചെയ്തത്; അടിച്ചാൽ തടുക്കുക എന്നത് ഏത് ജീവിയുടെയും അവകാശമല്ലേ. ഇന്ന് വിശ്വാസ സംരക്ഷണത്തിന് ആയുധമാവശ്യമില്ല. തൂലികാജിഹാദാണ് ആവശ്യം. മാധ്യമങ്ങളല്ലേ ഇന്നത്തെ ലോകഗതി നിയന്ത്രിക്കുന്നത്. അതുകൊണ്ട് മുസ്‌ലിം ലോകം തൂലികാ-ജിഹ്വാ ജിഹാദ് നടത്തി ഇസ്‌ലാമിന്റേയും പരിശുദ്ധ പ്രവാചകരുടെയുംമേൽ വീണ കരിമാറ്റട്ടെ. ഇനിയെങ്കിലും വിശുദ്ധഖുർആന്റെ യഥാർത്ഥപാഠങ്ങളിലേക്കും ദൈവികഖിലാഫത്തിന്റെ നേതൃത്വത്തിലേക്കും തിരിച്ചുവരാൻ ദുആയും ജിഹാദും നടത്തുവാൻ ഇക്കൂട്ടർ തയ്യാറായെങ്കിലേ ദജ്ജാലീഫിത്നയിൽനിന്നും ഇസ്‌ലാം മോചിക്കപ്പെടുകയുള്ളൂ. അല്ലാഹു മുസ്‌ലിംകളെ, മുഴുമാനവകുലത്തെ സമാധാനത്തിലും രക്ഷയിലുമാക്കുമാറാകട്ടെ.



*എഡിറ്റർ*

## ഖുർആനിൽനിന്ന്

"നീ ഖുർആൻ പാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ട പിശാചിന്റെ ഉപദ്രവത്തിൽനിന്ന് അല്ലാഹുവിൽ അഭയം പ്രാപിച്ചുകൊള്ളുക." (*അന്നഹ്ൽ, 98*)

"നിങ്ങൾക്ക് കാരുണ്യം ലഭിക്കാൻ വേണ്ടി ഖുർആൻ പാരായണം ചെയ്യുമ്പോൾ അത് ശ്രദ്ധിച്ചുകേൾക്കുകയും നിശ്ശബ്ദരായിരിക്കുകയും ചെയ്യുക." (*അഅ്റാഫ്, 205*)

'നിശ്ചയമായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിച്ചുകൊടുക്കുകയും സത്യവിശ്വാസികളെ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു." (*ബനീഇസ്റായീൽ,10*)

"നിശ്ചയമായും ജനങ്ങൾ ഓർമ്മിക്കാൻ വേണ്ടി എല്ലാവിധ ഉപമകളും ഈ ഖുർആനിൽ നാം അവർക്ക് വിവരിച്ചുകൊടുത്തിട്ടുണ്ട്." (*അസ്സുമർ, 28*)

"തീർച്ചയായും ഇത് ആദരണീയമായ ഒരു ഖുർആൻ ആകുന്നു. ഭദ്രമായി അടച്ചുസൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ (ഇത് സ്ഥിതിചെയ്യുന്നു)

"പരിശുദ്ധന്മാരല്ലാതെ ഇത് സ്പർശിക്കുകയില്ല. സർവ്വലോകപരിപാലകനായ അല്ലാഹുവിൽനിന്ന് അവതരിച്ചതാണിത്." (*വാഖിഅ, 78-81*)

## തിരുനബിവചനങ്ങൾ

അബൂ അയൂബ്(റ)ൽനിന്ന് നിവേദനം "നിശ്ചയം റസൂൽ(റ.സ) അരുൾ ചെയ്തു. "വല്ലവനും റമസാനിലെ നോമ്പും തുടർന്ന് ശവ്വാലിലെ ആറ് നോമ്പും അനുഷ്ഠിച്ചാൽ (ഫലത്തിൽ) അത് കൊല്ലം മുഴുവൻ ഫർള് നോമ്പ് അനുഷ്ഠിച്ചതിന് തുല്യമാണ്.(മുസ്ലിം)

സയ്യ്ദിബ്നു സാബിത്(റ) നിവേദനം ചെയ്യുന്നു. ഞങ്ങൾ ഒരിക്കൽ നബി(സ)തിരുമേനിയോടൊന്നിച്ച് അത്താഴം കഴിച്ചു. എന്നിട്ട് ഞങ്ങൾ സുബ്ഹി നമസ്കാരത്തിന് എഴുന്നേറ്റുനിന്നു. അപ്പോൾ ചോദിക്കപ്പെട്ടു. "അവ രണ്ടിന്റേയും ഇടയിൽ എത്ര സമയമുണ്ടായിരുന്നു?" റിപ്പോർട്ടർ പറഞ്ഞു. 50 ആയത്ത് ഓതുന്ന സമയം. അത്രയും പിന്തിച്ചുകൊണ്ടായിരുന്നു നബി (സ) അത്താഴം കഴിച്ചിരുന്നത്.

സൽമാൻ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "നിങ്ങളിൽ വല്ലവനും നോമ്പ് തുറക്കുന്നപക്ഷം കാരക്കകൊണ്ട് നോമ്പ് തുറന്നുകൊള്ളട്ടെ. ഇനി അവനത് കിട്ടിയില്ലെങ്കിലോ വെള്ളം കൊണ്ട് അവൻ നോമ്പ് തുറക്കട്ടെ. നിശ്ചയം അത് ശുദ്ധിയാക്കുന്നതാണ്.

അബു ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "നിങ്ങളിൽ വല്ലവനും മറന്നിട്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ തന്റെ നോമ്പ് അവൻ പൂർത്തീകരിച്ചുകൊള്ളട്ടെ. നിശ്ചയമായും അല്ലാഹുവാണ് അവനെ തീറ്റിച്ചതും കുടിപ്പിച്ചതും.

# വിശുദ്ധഖുർആന്റെ മഹിമ

## ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)


**വി**ശുദ്ധഖുർആൻ രത്നങ്ങളുടെ നിധിസഞ്ചയമാകുന്നു; ലോകം ഇതറിയുന്നില്ല. (*മൽഫൂസാത്ത്, വാള്യം 2, ഭാ. 344*)

ഖുർആന്റെ മഹിമാവ് അത്യുന്നതമാകുന്നു. മഹിമയിൽ അതിനെ വെല്ലുന്നതൊന്നുംതന്നെയില്ല. അത് '***ഹക്കം***' ആകുന്നു. എന്നുവച്ചാൽ, അതിന്റെ വിധി അന്തിമമാകുന്നു. അത് മുഹൈമിൻ ആകുന്നു. എന്നുവച്ചാൽ, എല്ലാ മാർഗ്ഗദർശനങ്ങളുടെയും സാരസംഗ്രഹമാകുന്നു. ആവശ്യമായിട്ടുള്ള എല്ലാ വാദമുഖങ്ങളും അതിൽ ക്രോഡീകരിച്ചിരിക്കുന്നു. ശത്രുക്കളുടെ സംഘടിതശക്തിയെ അത് ചിന്നഭിന്നമാക്കിക്കളഞ്ഞു. എല്ലാ കാര്യങ്ങളുടെയും വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. വരാനിരിക്കുന്നതും കടന്നുകഴിഞ്ഞതുമായ വർത്തമാനങ്ങൾ അതുൾക്കൊള്ളുന്നു. അസത്യത്തിന് അതിന്റെ ഇടത്തുനിന്നോ വലത്തുനിന്നോ മുന്നിൽക്കൂടിയോ, പിന്നിൽക്കൂടിയോ അതിനെ സമീപിക്കാനാവില്ല. അത് അത്യുന്നതനായ നമ്മുടെ നാഥന്റെ പ്രകാശമാകുന്നു. (*റൂഹാനീ ഖസായിൻ, വാള്യം 16, ഭാ. 103; ഖുത്ബ ഇൽഹാമിയ്യ*)

എല്ലാ ഓരോ ജനതയുടെയും ഭാഷക്കാരുടെയും മുമ്പിൽ വെളിപ്പെടുത്താവുന്ന വിശുദ്ധഖുർആന്റെ പ്രത്യക്ഷമായ ഈ അത്ഭുതപ്രതിഭാസം മുന്നോട്ടുവച്ചുകൊണ്ട് ഇന്ത്യക്കാരനോ, പാർസിയോ, യൂറോപ്യനോ, അമേരിക്കക്കാരനോ, മറ്റേതെങ്കിലും രാജ്യക്കാരനോ ആയ ഏതൊരാളെയും നിരായുധനും നിരുദ്ധകണ്ഠനും നിരുത്തരേയനുമാക്കി മാറ്റാൻ എനിക്കു സാധിക്കുമെന്ന് അറിഞ്ഞുകൊള്ളേണ്ടതാണ്. ഓരോ കാലത്തും അതാതു കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്ത് ഉറന്നുറന്നുവരികയും ഓരോ കാലഘട്ടത്തിലേയും ചിന്താഗതികളെ എതിരിടുന്നതിനുവേണ്ടി സായുധരായ സൈനികരെപ്പോലെ അണിനിരക്കുകയും ചെയ്യുന്ന അറ്റം കാണാത്ത അഗാധജ്ഞാനങ്ങളും സത്യതത്ത്വങ്ങളും യുക്തിജ്ഞാനങ്ങളും നിറഞ്ഞുനില്ക്കുന്നതാണ് ഖുർആനിക വചനങ്ങൾ. വിശുദ്ധഖുർആൻ അതിന്റെ സത്യതത്ത്വങ്ങളുടെയും സൂക്ഷ്മജ്ഞാനങ്ങളുടെയും കാര്യത്തിൽ അപര്യാപ്തമാണെന്ന് വരികിൽ അത് സമഗ്രമായ ഒരു ദിവ്യജ്ഞാനമായിരിക്കുന്നതല്ലതന്നെ. (*റൂഹാനീ ഖസായിൻ, വാള്യം 3, ഭാ. 255*)

വിശുദ്ധഖുർആൻ ഒരു ദിവ്യാത്ഭുതമാകുന്നു. അതിന് തുല്യമായ മറ്റൊരത്ഭുതം ഇതിനുമുമ്പുണ്ടായിട്ടില്ല. ഇനിയുണ്ടാവുകയുമില്ല. അതിന്റെ അനുഗ്രഹങ്ങളുടെയും ഔദാര്യങ്ങളുടെയും സമ്പത്ത് എന്നും നിലനില്ക്കുന്നതാകുന്നു. തിരുനബി(സ)യുടെ കാലത്ത് എപ്രകാരമായിരുന്നുവോ അപ്രകാരംതന്നെ അത് എല്ലാ കാലങ്ങളിലും തുറന്നതും ഒളി ചിതറുന്നതുമായിരിക്കുന്നു. ഓരോ ആളുടേയും ഭാഷണം അയാളുടെ മനക്കരുത്തിനനുസരിച്ചിരിക്കുമെന്ന് ഓർക്കേണ്ടതാണ്. ഒരാളുടെ മനക്കരുത്തും നിശ്ചയദാർഢ്യവും ലക്ഷ്യങ്ങളുടെ ശ്രേഷ്ഠതയും എത്രയുണ്ടോ അത്രകണ്ടായിരിക്കും അയാളുടെ ഭാഷണത്തിന്റെ വീര്യം. ദൈവിക വെളിപാടുകളുടെ നിലയും ഇതുതന്നെ. ഏതൊരാളിലേക്ക് അവന്റെ വെളിപാട് ഇറങ്ങുന്നുവോ അയാൾ എത്തരത്തിലുള്ള ആളാണോ അതേ തരത്തിലുള്ള ഭാഷണമാണ് അദ്ദേഹത്തിന് ലഭിക്കുക. ആകയാൽ, അവിടത്തേക്ക് ലഭിച്ചിട്ടുള്ള ഭാഷണമുണ്ടല്ലോ അത് അങ്ങേയറ്റം ഉയർന്ന തരത്തിലുള്ളതത്രെ. അത്തരം മനോവീര്യവും നിശ്ചയദാർഢ്യവും മനസ്സുറപ്പുമുള്ള മറ്റൊരു വ്യക്തി ഇനി ജന്മമെടുക്കുകയില്ല. (*മൽഫൂസാത്ത്, വാള്യം 3, ഭാഗം: 57*)

●



# ഖുർആനിലെ ദുആയും സ്വീകാര്യതയും

***വഇദാ സഅലക്ക ഇബാദീ അന്നീ ഫഇന്നീ ഖരീബുൻ ഉജീബു ദഅ്വത്തദ്ദാഇ ഇദാ ദആനി ഫൽയസ്തജീബൂലീ വൽയുഅ്മിനൂബീ ലഅല്ലഹും യർശുദൂൻ.***

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇസ്‌ലാമിന്റെ പ്രത്യേക അനുഗ്രഹമാണ് പ്രാർത്ഥന. മുസ്‌ലിംകൾക്ക് അതിൽ അഭിമാനമുണ്ട്. എന്നാൽ, ഓർമ്മിക്കുക. ഈ പ്രാർത്ഥന എന്നു പറയുന്നത് ബക്ബക് എന്നു പറയുന്നതിന്റെ പേരല്ല. ഇത് അല്ലാഹുവിനോടുള്ള ഭയത്താൽ ഹൃദയം നിറയുന്ന സംഗതിയാണ്. പ്രാർത്ഥിക്കുന്നവന്റെ ആത്മാവ് വെള്ളം പോലെ ഒഴുകി ഏകനായ അല്ലാഹുവിന്റെ സവിധത്തിൽ വീഴുന്നു. തന്റെ ബലഹീനതകളിൽനിന്നും തെറ്റുകളിൽനിന്നും രക്ഷപ്പെടുന്നതിനായി ശക്തവാനും പ്രബലനുമായ അല്ലാഹുവിനോട് ശക്തിയും കഴിവും പൊറുക്കലും തേടുന്നു. ഈ അവസ്ഥയ്ക്ക് മറ്റു പേരുകളിൽ മരണം എന്നും പറയാം. ഈ അവസ്ഥ ലഭ്യമായാൽ തീർച്ചയായും സ്വീകാര്യതയുടെ വാതിൽ അവനായി തുറക്കുന്നുവെന്ന് മനസ്സിലാക്കിക്കൊള്ളുക. തിന്മയിൽനിന്ന് രക്ഷപ്പെടാനും നന്മയിൽ സ്ഥിരത ലഭിക്കാനുമായി പ്രത്യേക ശക്തിയും അനുഗ്രഹവും സ്ഥിരചിത്തതയും നല്കപ്പെടുന്നു. ഈ മാർഗ്ഗമാണ് ഏറ്റവും പ്രബലമായിട്ടുള്ളത്."

ദുആയുടെ അഥവാ പ്രാർത്ഥനയുടെ രീതിയാണിത്. ദുആ സ്വീകാര്യത തീർച്ചയായുമുണ്ടാകും എന്ന ബോധം വരുംവിധമുള്ള അവസ്ഥയിൽ പ്രാർത്ഥനയെ എത്തിക്കേണ്ടതാണ്. പല മഹാത്മാക്കളുടേയും സംഭവങ്ങൾ ഞാൻ മുമ്പേ കേൾപ്പിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഇന്നയാൾക്കുവേണ്ടി ദുആ ചെയ്തു, അല്ലെങ്കിൽ ഇന്നസമയത്തു ദുആ ചെയ്തു. അപ്പോൾ ഇത്തരം അവസ്ഥ ഉണ്ടാകുകയും തന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടു എന്ന് ബോധ്യമാകുകയും ചെയ്തുവെന്ന് അവരിൽ പലരും പറയുകയുണ്ടായി.

ഈ റമളാൻ മാസത്തിൽ ആരാധനാകർമ്മങ്ങളിലേക്ക് പ്രത്യേക ശ്രദ്ധ ഉണ്ടാകാറുണ്ട്. അല്ലാഹുവും തന്റെ ദാസരെ പ്രത്യേകം ശ്രദ്ധിക്കുന്നു. നോമ്പുകാരന്റെ പ്രതിഫലം താൻ തന്നെയാണെന്ന് അവൻ പറഞ്ഞു. നോമ്പുകാർ നിഷ്ക്കളങ്കരായിക്കൊണ്ട് അല്ലാഹുവിനുവേണ്ടി ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നു. അവർക്കല്ലാഹു എണ്ണിക്കണക്കാക്കാൻ പറ്റാത്തത്ര അനുഗ്രഹം ചൊരിഞ്ഞുകൊടുക്കുന്നു. അവരുടെ നോമ്പ് ജനങ്ങളെ കാണിക്കുന്നതിനു വേണ്ടിയായിരിക്കുകയില്ല. അത് അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കും. ജനങ്ങളെ കാണിക്കുന്നതിനുവേണ്ടി നമസ്കരിക്കുന്നതുപോലെ നോമ്പുപിടിക്കുന്നവരുമുണ്ട്. അല്ലാഹുവിനുവേണ്ടി മാത്രം നോമ്പ് പിടിക്കുന്നവരെ, അവൻ ഒരുപാട് കടാക്ഷിക്കുന്നു. താൻ തന്നെയാണ് അതിന്റെ പ്രതിഫലമെന്ന് അല്ലാഹു സ്വയം പറയുന്നു.

ഈ അവസ്ഥയിൽ അനുഷ്ഠിക്കപ്പെടുന്ന ആരാധനാകർമ്മങ്ങളും പ്രാർത്ഥനകളും സ്വീകാര്യതയുടെ പദവി പ്രാപിക്കുന്നതാണ്. അല്ലാഹു വിശുദ്ധഖുർആനിൽ നോമ്പ് നിർബന്ധമാക്കിയതിനെക്കുറിച്ചും അതിനോട് ബന്ധപ്പെട്ട കാര്യങ്ങൾ വിവരിച്ചതിനോടും ചേർത്താണ് ഞാനിപ്പോൾ പാരായണം ചെയ്ത വചനവും പറഞ്ഞിട്ടുള്ളത്. അതായത് ***വഇദാ സഅലക്ക ഇബാദീ അന്നീ ഫഇന്നീ ഖരീബുൻ. ഉജീബു ദഅ്വത്തദ്ദാഇ ഇദാദആനി ഫൽയസ്തജീബൂലീ വൽയുഅ്മിനൂബീ ലഅല്ലഹുംയർശുദൂൻ.***

എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ ചോദിക്കുമ്പോൾ പറയുക, ഞാൻ നിശ്ചയമായും അവരുടെ അടുത്തുണ്ട്. പ്രാർത്ഥിക്കുന്നവൻ എന്നെ വിളിക്കുമ്പോൾ ഞാനവന്റെ പ്രാർത്ഥന സ്വീകരിക്കുന്നു. അതുകൊണ്ട് ആ ദുആ ചെയ്യുന്നവനും എന്റെ കല്പന സ്വീകരിക്കേണ്ടതാണ്; എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവൻ സന്മാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി. (2:187)

ഓരോ മുസ്‌ലിമിന്റേയും ഈമാൻ അഥവാ വിശ്വാസം ഇങ്ങനെയാവേണ്ടതാണ്. അതായത് അല്ലാഹു പ്രാർത്ഥന സ്വീകരിക്കുന്നു. പക്ഷേ, പ്രാർത്ഥന സ്വീകരിപ്പിക്കാൻ ചില നിബന്ധനകളുണ്ട്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുന്നവരായിരിക്കണം. അതിനെ പരിപൂർണ്ണമായും അനുസരിക്കുന്നവരുമായിരിക്കണം. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അല്ലാഹുവിനോടുള്ള ഭയമുണ്ടാകണം.

അല്ലാഹുവിന്റെ സവിധത്തിൽ ഒരു സത്യവിശ്വാസി ഇപ്രകാരം വീണുവിലപിക്കുകയും, പ്രാർത്ഥനാസ്വീകാര്യതയുടെ അവസ്ഥയിൽതന്നെ ഇരിക്കുകയും ചെയ്യുമ്പോൾ അല്ലാഹു തീർച്ചയായും അതിന് മറുപടി നൽകുന്നു. ഞാൻ പറഞ്ഞതുപോലെ

അല്ലാഹുതആല നോമ്പിന്റെ കല്പനയോടൊപ്പമാണ് ഈ വചനവും വെച്ചിട്ടുള്ളത്. അങ്ങനെ ഈ മാസം തന്റെ പ്രത്യേക പൊറുക്കലിന്റെയും പ്രാർത്ഥനാസ്വീകാര്യതയുടേയും മാസമാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അതിനാൽ ഇതിൽ, നിഷ്ക്കളങ്കരും, ഈ മാസത്തിന്റെ വില തിരിച്ചറിഞ്ഞവരും ആയിക്കൊണ്ട്, ആദ്യത്തേക്കാൾ കൂടുതൽ നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കുന്നതിന് തന്നിലേക്ക് വരിക എന്ന് അല്ലാഹു പറയുന്നു. ഈ ദിനങ്ങളിൽ ഓരോ അഹ്മദിയും പ്രാർത്ഥനകളിലേക്ക് പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരിടത്ത് പറഞ്ഞിരിക്കുന്നു: പ്രാർത്ഥനയുടെയുള്ളിൽ സ്വീകാര്യതയുടെ സ്വാധീനമുണ്ടാകുന്നത്, അതങ്ങേയറ്റത്തെ അസ്വസ്ഥതയിലെത്തുമ്പോഴാണ്. ഒരു പ്രത്യേക അവസ്ഥ ഉണ്ടാകുന്നു. സ്വസ്ഥതയില്ലായ്മ ഉണ്ടാകുന്നു. അതതിന്റെ പാരമ്യതയിലെത്തുമ്പോൾ അല്ലാഹുവിൽനിന്ന് അതിന്റെ സ്വീകാര്യതയുടെ ലക്ഷണങ്ങളും ചുറ്റുപാടുകളും ഉണ്ടാകുന്നു. ആദ്യം അതിനുള്ള സാധനസാമഗ്രികൾ ഒരുക്കപ്പെടുന്നത് ആകാശത്തിലാണ്. അതിനുശേഷം അത് ഭൂമിയിൽ അതിന്റെ സ്വാധീനം കാണിക്കുന്നു. ഈ അവസ്ഥാവിശേഷം നമ്മളിലുണ്ടാകുമ്പോൾ നമ്മളിലോരോരുത്തരും അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് പ്രാർത്ഥനാസ്വീകാര്യതയുടെ കാഴ്ചകൾ കാണുന്നതാണ്. അല്ലാഹു ഓരോ അഹ്മദിക്കും ഈ റമസാനിൽ തന്റെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കിക്കൊണ്ട് അവന്റെ മുമ്പിൽ കുനിയുന്നതിനും ദുആ സ്വീകാര്യതയുടെ കാഴ്ചകൾ കാണുന്നതിനും തൗഫീഖ് നല്കുമാറാകട്ടെ.

ഇന്ന് ഞാൻ കുറച്ച് ഖുർആനിക പ്രാർത്ഥനകൾകൂടി നിങ്ങളെ കേൾപ്പിക്കുന്നതാണ്. അല്ലാഹു നമ്മെ പഠിപ്പിച്ച ഒരു പ്രാർത്ഥന, നമ്മൾക്കും നമ്മുടെ മുമ്പുള്ളവർക്കും പൊറുത്തുകിട്ടുന്നതിനും ഹൃദയങ്ങളിൽനിന്നും പക നീക്കുന്നതിനും വേണ്ടിയുള്ളതാണ്. അല്ലാഹു സാത്വികരെ സ്മരിച്ചുകൊണ്ടുപറയുന്നു: അവരിങ്ങനെ പ്രാർത്ഥിക്കുന്നു:

***റബ്ബനഗ്ഫിർലനാ വലിഇഖ്വാനിനല്ലദീന സബഖൂനാ ബിൽ ഈമാനി വലാ തജ്അൽ ഫീ ഖുലൂബിനാ ഗില്ലൻ ല്ലില്ലദീന ആമനൂ റബ്ബനാ ഇന്നക്ക റഊഫുർറഹീം***

ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ. ഞങ്ങൾക്ക് മുമ്പേ സത്യവിശ്വാസം സ്വീകരിച്ച ഞങ്ങളുടെ സഹോദരങ്ങൾക്കും പൊറുത്തുകൊടുക്കേണമേ. സത്യവിശ്വാസികളുടെനേരെ ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരു വിദ്വേഷവും ജനിപ്പിക്കരുതേ. ഞങ്ങളുടെ നാഥാ, തീർച്ചയായും നീ കൃപാലുവും കരുണാമയനുമാകുന്നു. (*59:11*)

ഇവിടെ നമുക്കുവേണ്ടി പൊറുക്കലിനുള്ള ദുആ ചെയ്യാൻ പഠിപ്പിച്ചതിനോടൊപ്പം, ആദ്യകാല വിശ്വാസികൾക്കുവേണ്ടിയും ദുആ ചെയ്യാൻ പറഞ്ഞിരിക്കുകയാണ്. ദീനീപരമായ കാര്യങ്ങളിൽ ഒരുതരത്തിലുള്ള വിവേചനവും ഇല്ലെന്ന കാര്യം ഓർമ്മിക്കേണ്ടതാണ്. ആരാണോ അല്ലാഹുവുമായി പ്രത്യേക ബന്ധം സ്ഥാപിക്കുകയും തഖ്വയിലൂടെ നടക്കുകയും നിസ്വാർത്ഥമായ സേവനം ജമാഅത്തിന് ചെയ്യുകയും ചെയ്യുന്നത് അവരുടെമേൽ അല്ലാഹു പ്രത്യേക അനുഗ്രഹം ചൊരിയുന്നതാണ്. അവർക്ക് ദീനീസേവനം ചെയ്യാൻ കൂടുതൽ സൗഭാഗ്യം കിട്ടുകയും ചെയ്യും. അവർ എല്ലാ കാര്യത്തിനും മുൻപന്തിയിലുണ്ടാകുന്നവരാണ്. അവരെ കണ്ടുകൊണ്ട്, മറ്റുള്ളവരുടെ മനസ്സിൽ കുശുമ്പും കുന്നായ്മയും ഉണ്ടാകാൻ പാടില്ല. എന്നല്ല അത്തരക്കാരെ കാണുമ്പോൾ അതുപോലെ ചെയ്യാനുള്ള വാസനയാണുണ്ടാകേണ്ടത്. അവരെപോലെയായിത്തീരാൻ ശ്രമിക്കുകയാണ് വേണ്ടത്. സ്വന്തം അവസ്ഥയേയും മാറ്റിമറിക്കണം. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവരും തഖ്വയിൽ പദമൂന്നുന്നവരും നിസ്വാർത്ഥരായിക്കൊണ്ട് ജമാഅത്തിനു സേവനം ചെയ്യുന്നവരും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി നടക്കുന്നവരുമായ അത്തരക്കാരെപ്പോലെയായിത്തീരാൻ സ്വന്തം നിലയിലും പ്രാർത്ഥിക്കേണ്ടതാണ്. ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ അല്ലാഹുവിന്റെ ദയയും കൃപയും അലയടിച്ചുയരാൻ തുടങ്ങും. അങ്ങനെ ദുആ സ്വീകാര്യതയുടെ കാഴ്ചകളും കാണുന്നതാണ്. പരിശുദ്ധരായിക്കൊണ്ട് എല്ലാവരുടെയും പാപപ്പൊറുതിക്കായി പ്രാർത്ഥിക്കുകയും, എല്ലാ വൈരാഗ്യവും പകയും വിദ്വേഷവും മനസ്സിൽനിന്ന് പുറത്തുപോകുകയും ചെയ്യുമ്പോൾ അത്തരക്കാർ അല്ലാഹുവിന്റെ പ്രത്യേക ആളുകളായിത്തീരുന്നു. മനസ്സിലെ പക അവസാനിക്കുകയും പവിത്രവും സ്നേഹിക്കുന്നതുമായ ഒരു സമൂഹം ഉടലെടുക്കുകയും പരസ്പരം സാഹോദര്യത്തിന്റേയും ഐക്യത്തിന്റേയും അന്തരീക്ഷം കാണുമാറാകുകയും ചെയ്യുമ്പോൾ, ഈ പ്രാർത്ഥിക്കുന്നവർ അല്ലാഹുവിന്റെ പൊറുക്കലിനെ കൂടുതൽ കരസ്ഥമാക്കുന്നവരായിത്തീരും. അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അവകാശികളുമാകും. അതുകൊണ്ട്, അല്ലാഹുവിന്റെ സവിശേഷഗുണമായ റഊഫിനേയും റഹീമിനേയും (കൃപയും, കരുണയും) ആകർഷിച്ചെടുക്കുന്നതിന് സ്വന്തം പ്രാർത്ഥിക്കുന്നതോടൊപ്പം തങ്ങളുടെ സഹോദരങ്ങൾക്കുവേണ്ടിയും ദുആ ചെയ്യേണ്ടതും ഹൃദയങ്ങളെ പകയിൽനിന്ന് പരിശുദ്ധമാക്കേണ്ടതും നിർബന്ധമാണ്. ഈ പ്രാർത്ഥന, നമ്മുടെ മറ്റുള്ള മുസ്ലിം സഹോദരന്മാർ മനസ്സിലാക്കി ചെയ്യുകയാണെങ്കിൽ, സ്വന്തം പാപപ്പൊറുതിക്കുള്ള സാഹചര്യത്തെ ഒരുക്കുന്നതിനോടൊപ്പം അഹ്മദികൾക്കെതിരിൽ അവരുടെ ഹൃദയങ്ങളിൽ നിറഞ്ഞിരിക്കുന്ന പകയും വിദ്വേഷവും അകലുകയും ചെയ്യുന്നതാണ്. അവർക്കും അല്ലാഹു കാലത്തിന്റെ ഇമാമിനെ സ്വീകരിക്കാൻ തൗഫീഖ് നല്കുന്നതാണ്.

അതുകൊണ്ട് നമ്മുടെ എതിരാളികളും, എന്തെ

ങ്കിലും കേട്ടാലുടനെ എതിർക്കാതിരിക്കുക, മറിച്ച് ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യുക. അല്ലാഹു അവരെയും ഈ പ്രാർത്ഥന പഠിപ്പിച്ചിരിക്കുകയാണ്. അതിലും ചിന്തിക്കുക. ഈ റമസാനിൽ മുസ്‌ലിം ഉമ്മത്തിന്റെ അവസ്ഥയിൽ ഒന്നുചിന്തിച്ചുനോക്കുക. എന്തുകൊണ്ടാണ് ഈ സമുദായത്തിന് ഈ ദുരവസ്ഥ ഉണ്ടായിക്കൊണ്ടിരിക്കുന്നത്? നബി (സ) തിരുമേനിയെ വിശ്വസിക്കുന്നവർ, ഇതിൽ ചിന്തിച്ചുകൊണ്ട്, വാഗ്ദത്ത മസീഹിനെ വിശ്വസിക്കേണ്ടതാണ്. വാഗ്ദത്തമസീഹിനെ വിശ്വസിച്ചും മുമ്പേ തങ്ങളുടെ ഈമാനിൽ മുൻകടന്നുപോയവർക്കു വേണ്ടി പ്രാർത്ഥിച്ചുംകൊണ്ട് അവരെപ്പോലെയാകാൻ ശ്രമിക്കുക. മറ്റു മുസ്‌ലിംകൾക്കും ഈ തിരിച്ചറിവുണ്ടാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. എന്തായാലും, അഹ്മദികൾ തങ്ങളുടെ നല്ല മാതൃക നിലനാട്ടുകയും ഈ ഖുർആനികാധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ജമാഅത്തിന്റെ പരസ്പരമുള്ള ഐക്യത്തേയും സ്നേഹത്തേയും കുറിച്ച് ഞാൻ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്; നിങ്ങൾ ഐക്യത്തോടെ ജീവിക്കുക എന്ന്. അല്ലാഹു മുസ്‌ലിംകൾക്ക് നല്കിയിരിക്കുന്ന പാഠമിതായിരുന്നു. നിങ്ങൾ ഐക്യത്തോടുകൂടി വർത്തിക്കുന്നില്ലെങ്കിൽ കാറ്റ് പൊയ്പ്പോകും എന്ന് അല്ലാഹു മുസ്‌ലിംകളോട് പറഞ്ഞിരുന്നു. ഐക്യത്തോടെ വർത്തിക്കുന്നതിനുവേണ്ടിയാണ് നമസ്കാരത്തിൽ തോളോടുതോളുചേർന്ന് നില്ക്കാൻ കല്പിച്ചിട്ടുള്ളത്; ഒരാളുടെ ശക്തി മറ്റേയാളിലേക്ക് പ്രവഹിക്കാൻ. ഐക്യമില്ലാതെ, ഭിന്നിപ്പാണുണ്ടാകുന്നതെങ്കിൽ നിർഭാഗ്യരായിപ്പോകും. നബി(സ) തിരുമേനി പറഞ്ഞു: പരസ്പരം സ്നേഹിക്കുക, ഒരാൾ മറ്റൊരാൾക്കുവേണ്ടി പ്രാർത്ഥിക്കുക. ഒരാൾ മറ്റൊരാൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ, നിനക്കും അങ്ങനെതന്നെയുണ്ടാവട്ടെ എന്ന് മലക്കുകൾ പറയുന്നു. ഇത് എത്രമാത്രം ഉന്നതക്കിടയിലുള്ള കാര്യമാണ്. മനുഷ്യന്റെ ദുആ സ്വീകരിക്കപ്പെടുന്നില്ലെങ്കിൽതന്നെ, മലക്കുകളുടെ പ്രാർത്ഥന എന്തായാലും സ്വീകരിക്കുക തന്നെ ചെയ്യും. പരസ്പരം ഭിന്നിപ്പുണ്ടാകരുതെന്ന് ഞാനുപദേശിക്കുകയാണ്. പറയുകയാണ്.

പറഞ്ഞു: ഞാൻ രണ്ട് കാര്യങ്ങളുമായിട്ടാണ് വന്നിട്ടുള്ളത്. ഒന്നാമത്തേത് അല്ലാഹുവിന്റെ ഏകത്വം സ്വായത്തമാക്കുക. രണ്ടാമത്തേത് പരസ്പരം സ്നേഹവും ഐക്യവും പ്രകടിപ്പിക്കുക. മറ്റുള്ളവർക്ക് അത്ഭുതമെന്ന് തോന്നുംവിധം മാതൃകാപരമായി ജീവിക്കുക. ഈ തെളിവ് തന്നെയാണ് സ്വഹാബത്തിലുണ്ടായിരുന്നത്. ***കുൻതും അഅ്ദാഅൻ ഫഅല്ലഫ ബയ്നഖുലൂബിക്കും.***

ഓർക്കുക, പരസ്പരമുള്ള ഇണക്കം ഒരു അത്ഭുതദൃഷ്ടാന്തമാണ്. നിങ്ങളിലോരോരുത്തരും സ്വന്തം ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുന്നതുവരെ എന്റെ ജമാഅത്തിൽ പെട്ടവരാകുകയില്ല. അവർ വിപത്തിലും നാശത്തിലുമാണ്. അവന്റെ പര്യവസാനം നല്ലതായിരിക്കുകയില്ല.

ചെറിയ ചെറിയ കാര്യങ്ങളിൽ കലഹമുണ്ടാക്കുന്നു. ഉദാഹരണത്തിന്, ഒരാൾ പറയുന്നു താൻ പത്തടിദൂരം ചാടിയെന്ന്. അപ്പോൾ ഇതരൻ അതിനെപിടിച്ച് വാദം തുടരുന്നു. ഇങ്ങനെ പകയുണ്ടാകുന്നു. ഓർമ്മിക്കുക, വെറുപ്പ് അകലുക എന്നത് മഹ്ദിയുടെ ലക്ഷണമാണ്. ആ അടയാളം പൂർത്തിയാകേണ്ടതല്ലേ? തീർച്ചയായും അത് പൂർത്തിയാകും. നിങ്ങൾ എന്തുകൊണ്ട് ക്ഷമിക്കുന്നില്ല. ചില രോഗങ്ങളെ പാടെ നശിപ്പിച്ചില്ലെങ്കിൽ അതകലുകയില്ല. എന്നിൽനിന്ന് ഇൻശാ അല്ലാഹ് ഒരു സ്വാലിഹ് ജമാഅത്ത് ജന്മം കൊള്ളും. പരസ്പരമുള്ള ശത്രുതയ്ക്ക് കാരണമെന്താണ്. പിശുക്ക്, തൻപ്രമാണിത്തം, സ്വാർത്ഥത, ശരീരാവേശങ്ങൾക്ക് അടിപ്പെടൽ. തന്റെ ശരീരാവേശങ്ങളുടെമേൽ നിയന്ത്രണം പാലിക്കാൻ കഴിവില്ലാത്തവനും പരസ്പരം സ്നേഹത്തോടും സാഹോദര്യത്തോടും കൂടി ജീവിക്കാൻ കഴിയാത്തവനും ഓർമ്മിച്ചുകൊള്ളട്ടെ, അവർ അല്പം നാളത്തേക്കുവന്ന അതിഥികളാണ്. നല്ല മാതൃക കാഴ്ചവെക്കാത്തിടത്തോളം കാലം, ഞാനാർക്കുവേണ്ടിയും ആക്ഷേപം ഏറ്റെടുക്കാൻ ആഗ്രഹിക്കുന്നില്ല. അത്തരം വ്യക്തി എന്റെ ജമാഅത്തിൽനിന്നുകൊണ്ട്, എന്റെ ഇംഗിതമനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ, അവർ ഉണങ്ങിയ ശാഖയാണ്. തോട്ടക്കാരൻ അത് വെട്ടിക്കളയുകയല്ലാതെ എന്തു ചെയ്യാനാണ്. ഉണക്കശാഖ, പച്ചളിപ്പുള്ള ശാഖയുമായി ചേർന്നിരുന്ന് വെള്ളം വലിച്ചെടുക്കുന്നു. എന്നാൽ, അതിനെ പച്ചളിപ്പുള്ളതാക്കാൻ അതിനു കഴിയില്ല. എന്നല്ല ആ ശാഖ മറ്റുള്ളതിനെക്കൂടി കൊണ്ടുപോകുന്നു. അതുകൊണ്ട് ഭയപ്പെടുക. ചികിത്സ നടത്താത്തവൻ എന്നോടൊപ്പം ഇരിക്കുകയില്ല.

എതിരാളികളുടെ ദ്രോഹപ്രവർത്തനങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനും പാപപ്പൊറുതി ലഭിക്കുന്നതിനും നേരായപാതയിലൂടെ സഞ്ചരിക്കുന്നതിനും വേണ്ടിയുള്ള പ്രാർത്ഥന ഖുർആനിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

ഞങ്ങളുടെ നാഥാ, ഞങ്ങളുടെ കാര്യങ്ങൾ ഞങ്ങൾ നിന്നെ ഭരമേല്പിച്ചുകൊള്ളുന്നു. നിന്നിലേക്ക് ഞങ്ങൾ മടങ്ങുന്നു. അവസാനമടക്കവും നിന്നിലേക്കു തന്നെയാണ്. ഞങ്ങളുടെ നാഥാ, സത്യത്തെ നിഷേധിച്ചവർക്ക് നീ ഞങ്ങളെ ഒരു പരീക്ഷണമാക്കരുതേ, ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് പൊറുത്തുതരേണമേ. തീർച്ചയായും നീ പ്രതാപവാനും യുക്തിജ്ഞനുമാണ്. (*60:5,6*)

***റബ്ബനാ ലാ തജ്അൽനാ ഫിത്നത്തല്ലില്ലദീനകഫറൂ*** എന്നുപറഞ്ഞുകൊണ്ട്, അല്ലാഹുവേ, നിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാതെ, അഹ്മദിയ്യത്തിനും ഇസ്‌ലാമിനും ക്ഷീണമുണ്ടാക്കുന്ന ഒരു പ്രവർത്തനവും ഞങ്ങളിൽനിന്ന് ഉണ്ടാകരുതേ എന്ന്

ഇവിടെ പറഞ്ഞിരിക്കുന്നു. ഞങ്ങളുടെ ബലഹീനത കൊണ്ട്, അവിശ്വാസികൾക്ക് ഞങ്ങളുടെമേൽ ആക്രമണം നടത്താൻ അവസരം ഉണ്ടാക്കരുതേ.

നോക്കുക. ഇക്കാലത്ത് നടക്കുന്നത് അതുതന്നെയാണ്. അതുകൊണ്ട് ഈ ദുആ ഇക്കാലത്ത് വളരെ നിർബന്ധമായും ചെയ്യേണ്ടതാണ്. സ്വയം ദുആ ചെയ്യുന്നതിനോടൊപ്പം സത്യനിഷേധികൾക്ക് വിമർശിക്കാൻ അവസരം ഉണ്ടാക്കിക്കൊടുക്കുന്ന മറ്റു മുസ്ലിംകൾക്കുവേണ്ടിയും ദുആ ചെയ്യുക. മുദ്രാവാക്യം വിളിക്കാനും എല്ലാം അടിച്ചുതകർക്കാനുമാണ് മുസ്ലിംകൾ ചിന്തിക്കുന്നത്. എന്തെങ്കിലും ചെറിയ സംഭവമുണ്ടായാൽ വമ്പൻ ഘോഷയാത്ര നടത്തുന്നു. ഇതല്ലാതെ മറ്റൊരു ചിന്തയും ഈ മുസ്ലിംകൾക്കില്ല. അത് നടത്തിക്കഴിഞ്ഞാൽ തങ്ങളുടെ ലക്ഷ്യം നേടി എന്നാണ് കരുതുന്നത്. ഇക്കാരണത്താൽ, ശത്രുക്കൾക്ക് വിവിധരീതിയിൽ ഇസ്ലാമിനുമേൽ ആക്രമണം നടത്താൻ സന്ദർഭം കിട്ടുന്നു. അല്ലാഹു അയക്കുകയും ഇസ്ലാമിനെ രക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന അല്ലാഹുവിന്റെ ഫൈൽ മാനെ ഇവർ എതിർക്കുന്നു. അല്ലാഹുവിന്റേയും റസൂലിന്റേയും കല്പന അംഗീകരിക്കാതെ, സത്യനിഷേധികൾക്ക് വേണ്ടി ഇസ്ലാമിന്നെതിരിൽ ഫിത്നക്കുള്ള സാധനങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നു. ഇതിന്റെ ഫലമായി അല്ലാഹുവിന്റെ പാപപ്പൊറുതിയിൽനിന്നും തടയപ്പെടുന്നു. അതുകൊണ്ട് ഇങ്ങനെ ദുആ ചെയ്യേണ്ടതാണ്.

പ്രതാപവാനും, യുക്തിജ്ഞനുമായ അല്ലാഹുവേ, ഞങ്ങളേയും മുഴുവൻ സമുദായത്തേയും നിന്റെ ഈ സവിശേഷഗുണംകൊണ്ട് അനുഗ്രഹിച്ച്, ജ്ഞാനം നല്കേണമേ - ഇസ്ലാമിന് ക്ഷതമുണ്ടാക്കുന്ന കാര്യങ്ങൾ ഞങ്ങൾ ചെയ്യാതിരിക്കുന്നതിനും നിന്റെ ദീനിന്റെ വിജയദിനം എത്രയും പെട്ടെന്ന് ഞങ്ങൾക്ക് കാണുമാറാകുന്നതിനുംവേണ്ടി.

അനാവശ്യമായ ചോദ്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് അല്ലാഹു നമ്മെ ഒരു ദുആ പഠിപ്പിച്ചിരിക്കുന്നു.

***റബ്ബി ഇന്നീ അഊദുബിക്ക അൻ അസ്അലക്ക മാലയ്സ്‌ലീ ബിഹീ ഇൽമ്- വ ഇല്ലാ തഗ്ഫിർലീ വ തർഹംനീ അകുൻമ്മിനൽഖാസിരീൻ.***

എന്റെ നാഥാ, എനിക്ക് അറിവില്ലാത്ത കാര്യത്തെക്കുറിച്ച് നിന്നോട് ചോദിക്കുന്നതിൽനിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. നീ എനിക്ക് പൊറുത്തുതരികയും എനിക്ക് കരുണ ചെയ്യുകയും ചെയ്തില്ലെങ്കിൽ ഞാൻ നഷ്ടപ്പെട്ടവരിലായിപ്പോകും. (*11:48*)

ഈ ദുആ പഠിപ്പിച്ചുകൊണ്ട്, അല്ലാഹുവിന്റെ യുക്തിഭദ്രമായ പ്രവർത്തനത്തെക്കുറിച്ച് പരാതിപ്പെടരുതെന്ന് പറഞ്ഞിരിക്കുന്നു. ഉദാ: പ്രാർത്ഥന. ഒരാൾ പ്രാർത്ഥിക്കുന്നു. അതിനെപറ്റിയും പരാതി ഉണ്ടാകുന്നു. "താൻ അല്ലാഹു പറഞ്ഞതുപോലെ പ്രാർത്ഥിച്ചുവെന്നും എന്നിട്ടും തന്റെ ദുആ സ്വീകരിച്ചില്ലെന്നും പറയുന്നു". അല്ലാഹുവിന്റെ സകല സവിശേഷഗുണങ്ങളേയും സംബന്ധിച്ച് ചിന്തിക്കുകയാണെങ്കിൽ, അല്ലാഹു അദൃശ്യകാര്യങ്ങൾ അറിയുന്നവനാണെന്ന് ബോധ്യമാകും. അവന് വരാൻപോകുന്ന എല്ലാ കാര്യത്തെക്കുറിച്ചും അറിവുണ്ട്. ഓരോരുത്തരുടേയും മനസ്സിൽ എന്താണെന്നും അവനറിയാം. തന്റെ ദാസന് എന്താണ് അത്യാവശ്യമെന്നും ഫലപ്രദമെന്നും ദോഷമെന്നും അവനറിയാം. അതുകൊണ്ട് ഒരുതരത്തിലുള്ള പരാതിയ്ക്കും ഇടയുണ്ടാകാൻ പാടില്ല. അവൻ തന്റെ ദാസന്റെ ചില കാര്യങ്ങൾ തടയുന്നത്, അത് ആ ദാസന് ഗുണകരമല്ലെന്ന് അവൻ മനസ്സിലാക്കുന്നതുകൊണ്ടാണ്. ചിലപ്പോൾ അല്ലാഹു തന്റെ ദാസനോട് ചില വാഗ്ദാനങ്ങൾ ചെയ്യുന്നു. ചിലത് മനസ്സിലാക്കിയും കൊടുക്കുന്നു. പക്ഷേ, കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ അവരുടെ പിഴവുകാരണം മനുഷ്യന് അത് മനസ്സിലാകുന്നില്ല. ഉദ്ദേശ്യം മറ്റെന്തെങ്കിലുമായിരിക്കും. വ്യക്തമായ വാക്കുകളിലായിരിക്കുകയില്ല അത്. അതിന്റെ വ്യാഖ്യാനം വേറെ എന്തെങ്കിലുമായിരിക്കും. ഈ ദുആ ഹസ്റത്ത് നൂഹ്(അ) ചെയ്തതാണ്. അദ്ദേഹത്തിന് അല്ലാഹുവിന്റെ സന്ദേശം മനസ്സിലാക്കുന്നതിൽ പിശകുപറ്റി. അല്ലാഹു, അദ്ദേഹത്തിന്റെ കുടുംബത്തെ രക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ, ഹസ്റത്ത് നൂഹ്, തന്റെ മകൻ വെള്ളത്തിൽ മുങ്ങുന്നത് കണ്ടപ്പോൾ പറഞ്ഞു. അല്ലാഹ്, എന്റെ മകൻ എന്റെ കുടുംബത്തിൽപെട്ടവനാണല്ലോ. അപ്പോൾ അല്ലാഹു പറഞ്ഞു. അങ്ങനെയല്ല. എല്ലാം എനിക്കറിയാം; ആരാണ് കുടുംബത്തിൽപെട്ടത് ആരാണ് പെടാത്തത്? അതിന്റെ നിർവചനമെന്താണ് എല്ലാം. എന്തുകൊണ്ടെന്നാൽ, അവന്റെ ഹൃദയത്തിൽ ആ അവസ്ഥയിലും വിശ്വാസമില്ല, ഇനി അതൊട്ട് ഉണ്ടാകുകയുമില്ല. അതുകൊണ്ട് അവൻ നിന്റെ കുടുംബത്തിൽപെടുക സാധ്യമല്ല. അതുകൊണ്ട് നീ ദുആ ചെയ്യരുത്. ഈ ഉത്തരം കേട്ട് ഹസ്റത്ത് നൂഹ്(അ) അങ്ങേയറ്റം താഴ്മയോടെ, അല്ലാഹുവിൽനിന്ന് പൊറുക്കലും കരുണയും തേടി. ഈ സംഭവവും, ദുആയും പഠിപ്പിച്ചുകൊണ്ട്, നിങ്ങളുടെ ജീവിതത്തിലും ഇത്തരം സംഭവങ്ങൾ ഉണ്ടാകാമെന്ന് നമ്മളോടും പറഞ്ഞിരിക്കുന്നു. അപ്പോൾ ഒരിക്കലും പരാതിപ്പെടരുത്. ഏതുപോലെ, എന്റെ ഈ നല്ലദാസൻ ഞാൻ പറഞ്ഞകാര്യം മനസ്സിലാക്കിക്കൊണ്ട്, പാപപ്പൊറുതി തേടിയോ, ആർക്കെങ്കിലും ഇത്തരം എന്തെങ്കിലും പരീക്ഷണമുണ്ടായാൽ പരാതിപ്പെടുന്നതിനു പകരം പാപപ്പൊറുതി തേടേണ്ടതാണ്. അവനോട് കാരുണ്യം ചോദിക്കേണ്ടതാണ്. നിങ്ങളുടെ ജോലി അല്ലാഹു പറഞ്ഞതുപോലെ പ്രവർത്തിക്കുകയും ദാനധർമ്മങ്ങൾ കൊടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാണ്. പിന്നീട് അല്ലാഹുവിൽ എല്ലാം ഭരമേല്പിക്കുക. ഇതിനോടൊപ്പം അല്ലാഹുവേ, ഞാൻ നിന്റെ മുമ്പിൽ നിരർത്ഥകമായ ചോദ്യങ്ങൾ ചോദിക്കുന്നതിനു പകരം, നിന്റെ തൃപ്തിയിലിരിക്കുന്നവനായി എന്നെ മാറ്റേണമേ' എന്നും ദുആ ചെയ്യുക. കാരണം ഈ അവസ്ഥ അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണ് ലഭിക്കുന്നത്. അതി

നാൽ നിരർത്ഥ ചോദ്യങ്ങളിൽനിന്ന് രക്ഷപ്പെടാൻ ചെയ്യുന്ന പ്രാർത്ഥനയും വളരെ വലുതാണ്; എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹത്തിന്റേയും കരുണയുടേയും ദൃഷ്ടി ദാസരുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുന്നതിനും അതുപോലെ ദാസനും അല്ലാഹുവിന്റെ തൃപ്തിയിൽ സന്തോഷവാനായിരിക്കുന്നതിനും വേണ്ടി. ഇല്ലെങ്കിൽ ഈ പരാതികൾ നിങ്ങളെ അല്ലാഹുവിൽനിന്ന് അകറ്റിക്കൊണ്ട് പോകുന്നതായിത്തീരും. അവസാനം നഷ്ടമുണ്ടാകുന്നത് ദാസനായിരിക്കും. അല്ലാഹുവിന് ഒന്നും സംഭവിക്കുകയില്ല. അതിനാൽ അങ്ങേയറ്റം നിരാശയിലും വിഷമത്തിലുമിരിക്കുന്ന അവസ്ഥയിൽ, അല്ലാഹുവിലേക്ക് ഒരുപാട് ഒരുപാട് കുനിയേണ്ടതാണ്; എല്ലാതരം ശിർക്കുകളിൽനിന്നും ബുദ്ധിഭ്രമങ്ങളിൽനിന്നും മനുഷ്യൻ സുരക്ഷിതനായിരിക്കുന്നതിനുവേണ്ടി. ആത്മീയമായ അഭിവൃദ്ധിയും ദൈവികമായ പാപപ്പൊറുതിയും ലഭിക്കുന്നതിനായി അല്ലാഹു ഒരു ദുആ പഠിപ്പിച്ചിരിക്കുന്നു.

***റബ്ബനാ അത്മിംലനാ നൂറനാ വഗ്ഫിർലനാ ഇന്നക്ക അലാ കുല്ലി ശയ്ഇൻ ഖദീർ***. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചുതരേണമേ. ഞങ്ങൾക്ക് പൊറുത്തുതരേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. (*66:9*)

ഇതിനുമുമ്പേ, ഈ പ്രാർത്ഥന സ്വീകരിക്കപ്പെടുന്നവരെ ചിത്രീകരിച്ചിട്ടുണ്ട്. അവർ ആത്മാർത്ഥമായി അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരാണ്. പറയുന്നു:

വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചുമടങ്ങുക; നിഷ്കളങ്കമായ പശ്ചാത്താപം. നിങ്ങളുടെ നാഥൻ നിങ്ങളിൽനിന്ന് നിങ്ങളുടെ പാപങ്ങൾ ദൂരീകരിക്കുകയും നിങ്ങളെ താഴോരത്തുകൂടെ അരുവികളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്തേക്കും; അല്ലാഹു പ്രവാചകനേയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരേയും നിന്ദിക്കാത്ത നാളിൽ. അവരുടെ മുന്നിലും വലതുവശത്തും അവരുടെ പ്രകാശം പ്രസരിച്ചുകൊണ്ടിരിക്കും. പിന്നീട് അവർ ചെയ്യുന്ന ദുആയാണ് ഞാൻ ആദ്യം കേൾപ്പിച്ചത്.

സ്വന്തം തിന്മകൾ അകറ്റുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. തിന്മയകറ്റാൻ ശ്രമിക്കുകയും അതിനോടൊപ്പം ദുആ ചെയ്യുകയും ചെയ്യുമ്പോൾ അത്തരം നിഷ്കളങ്കമായി പശ്ചാത്തപിക്കുന്നവരുടെ പ്രാർത്ഥന അല്ലാഹു കേൾക്കുന്നു. അവരുടെ തിന്മകൾ അകറ്റിക്കൊണ്ട്, അവൻ പറഞ്ഞതുപോലെ അവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നു. അവരുടെ വലതുഭാഗത്തും മുൻഭാഗത്തും പ്രസരിക്കുന്ന പ്രകാശം നല്കുന്നു.

അല്ലാഹുവിന്റെ ഈ വാഗ്ദാനത്തിൽനിന്ന് ഫലമെടുക്കുകയാണെങ്കിൽ നാം ഭാഗ്യവാന്മാരായിരിക്കും. നമ്മുടെ ഭാഗ്യത്താൽ നമുക്ക് റമളാനിലൂടെ നടക്കാൻ അവസരം കിട്ടിക്കൊണ്ടിരിക്കുന്നു. ഇതിൽ പാപപ്പൊറുതിയുടെ വാതിൽ പൂർണ്ണമായും തുറക്കപ്പെടുന്നു. അതുകൊണ്ട് നിഷ്ക്കളങ്കരായി അല്ലാഹുവിന്റെ മുമ്പിൽ കുനിയാൻ ശ്രമിക്കേണ്ടതാണ്. തിന്മകളെ കണ്ടുകൊണ്ട് അത് ഉപേക്ഷിക്കാൻ ശ്രദ്ധിക്കുക. ഇനിയൊരിക്കലും തിന്മകളിൽപെടുകയില്ലെന്ന് പറഞ്ഞ് സത്യസന്ധമായി പശ്ചാത്തപിക്കുക. ഓരോരുത്തരും തങ്ങളെക്കുറിച്ച് പരിശോധിക്കുകയാണെങ്കിൽ അവരൊക്കെ ഏതെതെല്ലാം തിന്മകളിൽ അകപ്പെട്ടിട്ടുണ്ടെന്നും, ഏതെതെല്ലാം ഉപേക്ഷിക്കണമെന്നും സ്വയം അറിയാൻ കഴിയും. അപ്പോൾ തീർച്ചയായും ഈ ദുൻയാവിലും സ്വർഗ്ഗത്തിന്റെ കാഴ്ചകൾ കാണും; പരലോകത്തും. സത്യസന്ധമായ പശ്ചാത്താപത്തിനുശേഷം ചുവടുകൾ നന്മയിലേക്ക് നീങ്ങുന്നതാണ്. അധികമായി നന്മ ചെയ്യാനും തൗഫീഖ് ലഭിക്കും. ഈ നന്മകൾ അടുത്തലോകത്തും പ്രയോജനപ്പെടും. അവിടെയും അത് വർദ്ധിച്ചുകൊണ്ടേപോകും.

സ്വർഗ്ഗവാസികൾ ചെയ്യുന്ന ഈ ദുആയുടെ യുക്തി എന്താണ്. ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

സ്വർഗ്ഗവാസികളും പാപപ്പൊറുതി തേടുമെന്ന് ഈ വചനത്തിൽ നമ്മോട് പറഞ്ഞിരിക്കുന്നു. അവരുടെ പാപപ്പൊറുതിയ്ക്കുള്ള തേട്ടം പാപം പരിഹരിക്കുന്നതിനുവേണ്ടിയുള്ളതാകാനിടയില്ല. കാരണം സ്വർഗ്ഗത്തിൽ ഒരുപാപവും ഉണ്ടാകുകയില്ല. ഇഹലോക പാപങ്ങൾ പൊറുക്കുന്നതിനുവേണ്ടിയും അവർ അവിടെ പാപപ്പൊറുതി തേടുകയില്ല. കാരണം ഇതിനുമുമ്പേയുള്ള വചനത്തിൽ നമ്മോടു പറഞ്ഞിരിക്കുന്നത് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പേ അവരുടെ പാപങ്ങളെല്ലാം പൊറുക്കപ്പെടുമെന്നാണ്. ആ വചനം ഇങ്ങനെയാണ്. "നിങ്ങളുടെ നാഥൻ നിങ്ങളിൽനിന്ന് നിങ്ങളുടെ പാപങ്ങൾ ദൂരീകരിക്കുകയും നിങ്ങളെ താഴോരത്തുകൂടെ അരുവികളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്തേക്കും.

അതുകൊണ്ട് അവരുടെ പാപപ്പൊറുതി തേടൽ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കാനല്ല. ഈ ആയത്തിൽനിന്നുതന്നെ നമുക്ക് മനസ്സിലാകുന്നതുപോലെ, സ്വർഗ്ഗവാസികൾക്ക് ലഭിക്കുന്ന പ്രകാശം, അവർക്ക് കിട്ടാത്ത പ്രകാശത്തിനെതിരിൽ ന്യൂനതയുള്ളതായി അവർ കാണുന്നതാണ്. 'ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചുതരികയും, ഞങ്ങളുടെ ഈ ന്യൂനതാവസ്ഥയെ പൊതിയുകയും ചെയ്യേണമേ' എന്ന് അവർ അല്ലാഹുവിനോട് ദുആ ചെയ്യും.

എന്നാൽ, അവർക്ക് ഒരിക്കലും ആ പ്രകാശം കൊണ്ട് വയറു നിറയുകയില്ല. കാരണം അല്ലാഹുവിന്റെ പ്രകാശത്തിന് ഒരതിരുമില്ല. അതുകൊണ്ട് അവർ കൂടുതൽ കൂടുതൽ പ്രകാശം ചോദിച്ചുകൊണ്ടേയിരിക്കും. ഇതിൽനിന്ന്, ആ ഇസ്തിഗ്ഫാർ ആത്മീയാഭിവൃദ്ധിയ്ക്കുവേണ്ടിയുള്ള ഒരു പ്രാർത്ഥനയാണെന്ന് മനസ്സിലായി. കാരണം ആത്മീയാഭിവൃദ്ധിക്ക്

ഒരതിരുമില്ല. അതുകൊണ്ട് നബിമാർ എപ്പോഴും ദുആ ചെയ്തുകൊണ്ടേയിരിക്കുന്നു. എപ്പോഴും കൂടുതൽ പ്രകാശം ചോദിച്ചുകൊണ്ടേയിരിക്കുന്നു. അവർ ഒരിക്കലും തങ്ങളുടെ ആത്മീയാഭിവൃദ്ധിയിൽ വയറു നിറയ്ക്കുന്നവരാകുകയില്ല. അതുകൊണ്ട് നമ്മുടെ ന്യൂനതാവസ്ഥ പൊതിഞ്ഞുവെയ്ക്കാനും പൂർണ്ണമായ നിലയിൽ പ്രകാശം നല്കാനും അവർ അല്ലാഹുവിനോട് എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കുന്നു. ഇക്കാരണത്താൽ അല്ലാഹു തന്റെ നബിയോടു പറയുന്നു: ***ഖുർറബ്ബിസിദ്നീഇൽമാ.*** അതായത് എപ്പോഴും അറിവിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. കാരണം ഏതുപോലെ അല്ലാഹു അതിരില്ലാത്തവനാണോ അതുപോലെ അവന്റെ അറിവിനും അതിരില്ല.

സ്വർഗ്ഗത്തിലും പാപപ്പൊറുതി തേടുന്നു എന്ന ക്രിസ്ത്യാനികളുടെ ആക്ഷേപം അസ്ഥാനത്താണ്. ഇനിയും, ഇസ്തിഗ്ഫാർ - എപ്പോഴും ചെയ്തുപോയ പാപം പൊറുക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രാർത്ഥന മാത്രമാണെന്നു പറഞ്ഞാൽ അവർ അക്രമികളായിരിക്കും.

സൂറഃബഖറായുടെ അവസാനവചനത്തിൽ വിവിധ രീതിയിലുള്ള പ്രാർത്ഥനകൾ പഠിപ്പിച്ചിരിക്കുന്നു.

"ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, തെറ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളെ ശിക്ഷിക്കരുതേ. ഞങ്ങൾക്ക് മുമ്പേ ഉണ്ടായിരുന്നവരുടെമേൽ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെമേൽ ചുമത്തരുതേ, ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് വഹിക്കാൻ കഴിവില്ലാത്ത ഭാരം ഞങ്ങളുടെമേൽ ചുമത്തരുതേ. ഞങ്ങൾക്ക് മാപ്പുനൽകേണമേ. ഞങ്ങൾക്ക് പൊറുത്തുതരേണമേ; ഞങ്ങളോടു കരുണ കാണിക്കേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ സത്യനിഷേധികളായ ജനങ്ങൾക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ. (2:287)

ഏതൊരു പ്രവൃത്തിയെടുക്കാനാണോ നീ ഞങ്ങളെ ഏല്പിച്ചിട്ടുള്ളത് അത് ചെയ്യാൻ ഞങ്ങൾ മറന്നുപോയാൽ, അല്ലെങ്കിൽ പൂർണ്ണമായും ചെയ്യാൻ കഴിയാതെ വന്നാൽ അത് ഞങ്ങളുടെ ദൗർബല്യമാണെന്ന് കരുതി മാപ്പ് തന്നാലും. അതിന്റെ പേരിൽ ഞങ്ങളെ പിടിക്കരുതേ. ഞങ്ങളുടെ മറവികൊണ്ട് ഞങ്ങളുടെ അഭിവൃദ്ധി തടയരുതേ. ജമാഅത്തിനു സേവനം ചെയ്യുന്ന വഖ്ഫ് ചെയ്തവരും, ഉദ്യോഗസ്ഥരും പ്രത്യേകനിലയിൽ ഈ ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവേ, ഞങ്ങളുടെ പ്രവർത്തനത്തിലുള്ള ന്യൂനതകൊണ്ട് ഉണ്ടായേക്കാവുന്ന ദുസ്സ്വാധീനത്തെ നീ മറച്ചുവയ്ക്കേണമേ. ഞങ്ങളോടു കണക്കു ചോദിക്കരുതേ.

***റബ്ബനാ വലാതഹ്മിൽ അലയ്നാഇസ്റൻ*** അല്ലാഹുവേ, ഞങ്ങളെ പാപങ്ങളിലേക്ക് കൊണ്ടുപോകുന്ന കർമ്മങ്ങളിൽനിന്ന് സുരക്ഷിതരാക്കി വയ്ക്കേണമേ. അതുപോലെതന്നെ ഏതെങ്കിലും ഉടമ്പടിയ്ക്ക് വിധേയനാകുകയും, പിന്നീട് അതുപേക്ഷിക്കേണ്ടിവരികയും ചെയ്യുന്ന കാരണത്താലുള്ള പാപങ്ങൾ നിമിത്തം ഞങ്ങളെ പിടിക്കരുതേ. എപ്പോഴും അത്തരം ഘട്ടങ്ങളിൽനിന്ന് ഞങ്ങളെ രക്ഷിക്കേണമേ.

സത്യവാനായ ഒരഹ്മദിയ്ക്ക് ചെറിയ ശിക്ഷ പോലും വലിയ വേദനയ്ക്കു കാരണമാകുന്നു. ആത്മീയമായ ഒരു ബന്ധം ഓരോ അഹ്മദിയ്ക്കും ഖിലാഫത്തുമായിട്ടുണ്ട്. എന്തെങ്കിലും കാരണത്താൽ ശിക്ഷ ലഭിക്കേണ്ടിവന്നാൽ അവർക്കത് സഹിക്കാൻ പറ്റുകയില്ല. ഉദാഹരണത്തിന്, 'കാലത്തിന്റെ ഖലീഫയ്ക്ക് കത്തെഴുതാൻ പാടില്ല' എന്ന ശിക്ഷ ആർക്കെങ്കിലും കൊടുത്താൽ അക്കാരണത്താൽ അവർ വളരെ വ്യാകുലചിത്തരായിത്തീരുന്നു. ഒരു സത്യവാനായ അഹ്മദിയുടെ അവസ്ഥ അപ്പോൾ വല്ലാത്തതായിരിക്കും. എപ്പോഴും എല്ലാതരം പാപങ്ങളിൽനിന്നും രക്ഷപ്പെടാനും ദുആ ചെയ്യേണ്ടതാണ്. നമുക്ക് സഹിക്കാവുന്നതിനെക്കാളധികം ഇഹലോകബുദ്ധിമുട്ടുകൾ വരാതിരിക്കാനും പ്രാർത്ഥിക്കേണ്ടതാണ്. അല്ലാഹുവേ, ഞങ്ങളുടെ തെറ്റുകളും പാപങ്ങളും പൊറുത്തുതന്നുകൊണ്ട് ഞങ്ങളോട് എപ്പോഴും നല്ലനിലയിൽ പെരുമാറേണമേ. തെറ്റ് ചെയ്ത കാരണത്താൽ ഞങ്ങളെ പിടിക്കുന്നതിനു പകരം ഞങ്ങളുടെ പൊറുക്കലിന്റെ പുതപ്പിൽ പൊതിയേണമേ. തുടർന്നും ഈ പെരുമാറ്റം ഞങ്ങളോടൊപ്പം ഉണ്ടാകേണമേ. കരുണ ചെയ്തുകൊണ്ട് ഞങ്ങളുടെമേൽ ദൃഷ്ടി പതിപ്പിച്ചാലും. നിന്റെ വാഗ്ദാനമനുസരിച്ച് ഞങ്ങൾക്ക് അഭിവൃദ്ധി നല്കികൊണ്ടിരുന്നാലും. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അവസാനം എന്തായാലും ഞങ്ങൾ നിന്റെ ജമാഅത്തിൽപെട്ടവരെന്ന് പറയപ്പെടുന്നവരാണ്. അല്ലാഹുവിന്റെ ജമാഅത്ത് ഞങ്ങൾ മാത്രമാണെന്ന് ഓരോരുത്തരുടേയും മുമ്പിൽ ഞങ്ങൾ വാദിക്കുന്നു. അല്ലാഹുവിന്റെ റസൂലിന്റെമേൽ പരിപൂർണ്ണമായ വിശ്വാസമർപ്പിച്ചുകൊണ്ട്, മസീഹ് മഹ്ദിയെ വിശ്വസിച്ചുകൊണ്ട് ജീവിക്കുന്നവരാണ് ഞങ്ങൾ. നിന്റെ മസീഹിനെ വിശ്വസിക്കുന്നവരാണ്. അതുകൊണ്ട് ഞങ്ങളുടെമേൽ ദയാദൃഷ്ടി പതിപ്പിച്ചാലും. നിന്റെ വാഗ്ദാനമനുസരിച്ച് ഞങ്ങൾക്ക് അഭിവൃദ്ധി നല്കിക്കൊണ്ടിരുന്നാലും. മാപ്പോടും പൊറുക്കലോടും കൂടി ഞങ്ങളോട് പെരുമാറേണമേ. ജമാഅത്തുപരമായ ഞങ്ങളുടെ ബലഹീനതകളും അകറ്റിയാലും. ഞങ്ങളുടെ വ്യക്തിപരമായ ബലഹീനതകളും അകറ്റിക്കൊണ്ട് ഞങ്ങൾക്ക് കാഫിറുകളുടേയും എതിരാളികളുടേയുംമേൽ വിജയം നല്കിയാലും. ഞങ്ങളുടെ തെറ്റു കാരണത്താൽ ഈ അഭിവൃദ്ധി നിലച്ചുപോകരുതേ. നിന്റെ ദീനിന്റെ പുരോഗതി നീ ഞങ്ങൾക്ക് കാണിച്ചുതന്നാലും.

അല്ലാഹു നമ്മുടെ ഈ ദുആ സ്വീകരിക്കുമാറാകട്ടെ. ഈ റമസാനിൽ നമ്മുടെ ദുആയുടെ സ്വീകാര്യത കാരണത്താൽ അഹ്മദിയ്യത്തിനുവേണ്ടി ഒരു അസാധാരണമായ മാറ്റം ഉണ്ടാക്കുമാറാകട്ടെ. ദുആകളിൽ, ദുആകളിൽ, ദുആകളിൽ മുഴുകുക. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

(*ഖുത്ബ, 6.10.2006*)

# ഹദീഖത്തുൽ മഹ്ദി
# ഖിലാഫത്തിന്റെ മാധുര്യം

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം ഖിലാഫത്ത് എത്ര പ്രാധാന്യമേറിയ കാര്യമാണെന്ന് ഇസ്‌ലാമികചരിത്രം പഠിക്കുന്ന ഏതൊരാൾക്കും തിരിച്ചറിയാൻ കഴിയും. നടുക്കടലിൽപെട്ട് ദിക്കറിയാതുഴലുന്ന കപ്പൽക്കാർക്ക് വിളക്കുമരം കാണുമ്പോൾ കിട്ടുന്ന ആശ്വാസം- മാർഗ്ഗദർശനം, അതാണ് ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം ഖിലാഫത്ത്. പ്രവാചകപ്രഭുവിന്റെ വഫാത്തിനുശേഷം മഹത്തുക്കളായ ഖലീഫമാരുടെ കീഴിൽ ഇസ്‌ലാം മാനം മുട്ടെ വിളങ്ങുകയും വളരുകയും ചെയ്തു. ആത്മീയമായും ഭൗതീകമായും മുസ്‌ലിം അജയ്യനായിരുന്നു. ഖിലാഫത്ത് വ്യവസ്ഥിതി തകരുകയും സ്വാർത്ഥതയുടെ ഏകാധിപത്യം രംഗത്തുവരികയും ചെയ്തപ്പോൾ തുറന്നിട്ട പാൽക്കുടംപോലെ ഇസ്‌ലാമും മുസ്‌ലിംകളും മലിനമാക്കപ്പെട്ടു. കാക്കകളാലും കഴുകന്മാരാലും കൊത്തിവലിക്കപ്പെട്ടു. ഭൗതികമായി എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തവരെപ്പോലെ മറ്റുള്ളവരുടെ ഇച്ഛയ്ക്കനുസരിച്ച് ജീവിക്കേണ്ട ഗതികേടിലേക്കു മുസ്‌ലിം സമ്പന്നരാഷ്ട്രങ്ങൾപോലും വഴിമാറി.

ഇസ്‌ലാമിക സംസ്കാരത്തിന്റെ സുവർണ്ണകാലഘട്ടങ്ങൾ ഓർമ്മിപ്പിക്കുന്നവയെല്ലാം ഇന്ന് തച്ചുടക്കപ്പെടുകയാണ്. ഇസ്‌ലാമികവൃക്ഷശാഖകൾ ഉണങ്ങിത്തുടങ്ങുകയും ഉണക്കിത്തുടങ്ങുകയുമാണ്. പ്രാഥമിക മതാദ്ധ്യാപനങ്ങൾ നേടിക്കഴിഞ്ഞ് ഭൗതികയോഗ്യതകൾ തേടുമ്പോൾ തങ്ങളുടെ യുവതലമുറ നാശത്തിലേക്ക് നീങ്ങുകയാണെന്ന് മാതാപിതാക്കളും സമൂഹാദ്ധ്യക്ഷന്മാരും വിലപിക്കുന്നു. ഇമാം മഹ്ദിയുടെ ജമാഅത്ത് മുഖേന മറുവശത്ത് ഇസ്‌ലാമികസൂര്യൻ ഉദിച്ചുയർന്ന് പ്രകാശം ചൊരിയുകയാണ്. കാർമേഘങ്ങൾക്കു മറയ്ക്കാൻ കഴിയാത്തവിധം അത് ഉച്ചിയിലെത്തിക്കഴിഞ്ഞു. പ്രവാചകപ്രഭുവിന്റെ പ്രവചനപുലർച്ചയായ് 14-ാം നൂറ്റാണ്ടിൽ ആഗതനായ മഹ്ദീ മസീഹിന്റെ ജമാഅത്ത്- ഞാനും എന്റെ സഹാബത്തും പോലെ എന്ന നബിവചനം അന്വർത്ഥമാക്കിക്കൊണ്ട്, ഖലീഫയുടെ നേതൃത്വത്തിൽ ഒരൊറ്റ ഇമാമിന്റെ കീഴിൽ 180-ൽപരം രാജ്യങ്ങളിലെ വിശ്വാസസമൂഹമൊന്നാകെ ഇസ്‌ലാമിക കർമ്മമണ്ഡലങ്ങളിൽ മുന്നേറുകയാണ്. അവർക്ക് ഭാവിയെക്കുറിച്ചാശങ്കകളില്ല! രാഷ്ട്രീയ-രാഷ്ട്രമോഹങ്ങളില്ല. അവർക്ക് കരസ്ഥമാക്കാനുള്ളത് ദൈവരാജ്യം മാത്രം. മുക്തിമാർഗ്ഗത്തിലേക്ക് അവരെ നയിക്കുവാൻ അല്ലാഹുവിന്റെ ഖലീഫയുണ്ട്. പച്ചപിടിച്ച് ഫലം നിറഞ്ഞ് സുഗന്ധം ചൊരിയുന്ന ഇസ്‌ലാമിക ജമാഅത്തിന്റെ തോട്ടമുണ്ട്!!

സൂര്യൻ പടിഞ്ഞാറുദിക്കുമെന്ന നബിവചനത്തിന്റെ പൊരുളായി ഇസ്‌ലാമിന്റെ പ്രകാശവത്തായ മുഖം യൂറോപ്യർക്ക് കാഴ്ചവെച്ചുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ അഞ്ചാം ഖലീഫയുടെ നേതൃത്വത്തിൽ 40-ാം വാർഷിക ജലസ യു.കെയിൽ ജൂലൈ 30-ന് സമാപിക്കുകയുണ്ടായി. ഇത്തവണ ജലസ നടന്നസ്ഥലം- ജമാഅത്ത് വിലക്കുവാങ്ങിയ 240 ഓളം ഏക്കർ സ്ഥലത്തിന് ഖലീഫ തിരുമനസ്സ് ഹദീഖത്തുൽ മഹ്ദി എന്ന് നാമകരണം ചെയ്തു. അതെ അത് തികച്ചും മഹ്ദിയുടെ തോട്ടമായിരുന്നു. സമൃദ്ധമായ പച്ചപിടിച്ച എസ്റ്റേറ്റ്. ആട്ടിൻകൂട്ടങ്ങളുള്ള ഫാം ഹൗസ്. സത്യവിശ്വാസത്തിന്റെ ശുഭ്രവസ്ത്രം ദേഹത്തും വെണ്മ മനസ്സിലും ധരിച്ച അഹ്മദീമുസ്‌ലിംകളുടെ ലോകത്തെല്ലാ ഭാഗത്തുനിന്നും വന്നുചേർന്ന സമൂഹം, മൂന്നുദിവസം തങ്ങളുടെ ഇസ്‌ലാമിന്റെ സാമീപ്യത്തിൽ ആത്മീയപീയൂഷം നുകർന്ന് അതിന്റെ സദ്ഗുണം ലോകത്തെല്ലാ ഭാഗത്തും പകർത്താൻ ആ ഇസ്‌ലാമിക കർമ്മഭടന്മാർ പിരിഞ്ഞുപോയി. എല്ലാവരേയും സ്നേഹിച്ചുകൊണ്ട് ആരോടും വെറുപ്പില്ലാതെ. ഇസ്‌ലാമിന്റെ പേർ പറഞ്ഞ് തക്ബീർ മുഴക്കി നിരപരാധികളുടെ രക്തം വീഴ്ത്തി ദീനിന്റെയും ആ മഹാനായ പുണ്യപ്രവാചകന്റെയും മഹത്വത്തെ കളങ്കപ്പെടുത്തിയ; അദ്ദേഹത്തിന്റെ മഹ്ദി മസീഹിനെ തള്ളിപ്പറയുന്ന ആട്ടിൻതോലണിഞ്ഞ ചെന്നായകൂട്ടങ്ങളുടെ ഇടയിലേക്ക്.

ഇസ്‌ലാമിന്റെ ആരംഭകാലംതൊട്ട് അതിന്റെ വളർച്ചയിൽ അസൂയാലുക്കളും അസഹിഷ്ണുക്കളുമായ യഹൂദർ ഫിത്നകളും അതിക്രമങ്ങളും ചതികളും പ്രവർത്തിച്ചുവരുന്നതിന് ചരിത്രം സാക്ഷിയാണ്. തങ്ങളുടെ വംശീയമഹത്വത്തിന്റെ അഹങ്കാരവുമായി ദൈവനിഷേധവും പ്രവാചകനിന്ദയും മുഖമുദ്രയായി ദൈവകോപത്തിനും പ്രവാചകശാപത്തിനുമിരയായിത്തീർന്ന ജൂതജനത ഒരിക്കലും സമാധാനകാംക്ഷികളായിരുന്നില്ല. ബുദ്ധിയിലും ശക്തിയിലും മികച്ചുനില്ക്കുന്ന ആ ജനത ഒരിക്കലും അവ ജനനന്മയ്ക്കുപയോഗിച്ചിട്ടില്ല. സ്വന്തം വർഗ്ഗത്തോടല്ലാതെ അവർക്കാരോടുമില്ല കൂറ്. സ്വാർത്ഥലാഭത്തിനായി ലോകത്തെ

ശേഷം 14-ൽ

# 2006-ൽ സംസ്ഥാന ലജ്ന ഇമായില്ലാഹ് ഇജ്തിമാഅ് ഉദ്ഘാടനം ചെയ്ത് കേന്ദ്രസദ്ർ ബുശ്റ പാശ ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട ഉമ്മമാരെ, സഹോദരിമാരെ പ്രിയമുള്ള നാസിറാത്ത് മക്കളെ, അസ്സലാമുഅലൈക്കും. വ.വ.

അൽഹംദുലില്ലാഹ് ഇന്ന് കേരള സ്റ്റേറ്റ് ലജ്നാ ഇമായില്ലാ ദ്വിദിന ഇജ്തിമാ നടക്കുകയാണ്. ഈ ഇജ്തിമായിൽ പങ്കെടുക്കാൻ സാധിച്ചത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണെന്ന് കരുതുന്നു. ഈ ഇജ്തിമാ നമുക്കെല്ലാം അനുഗൃഹീതമായതാക്കിത്തീർക്കുകയും ഈ സമ്മേളനത്തിൽനിന്നും അധികമധികം പ്രയോജനമെടുക്കുവാനും സാധിക്കുമാറാകട്ടെ. യാത്രാക്ലേശങ്ങൾ സഹിച്ചു ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാ സഹോദരിമാർക്കും ഈ ഇജ്തിമായിൽനിന്നും അധികമധികം അനുഗ്രഹങ്ങൾ സ്വായത്തമാക്കാൻ സാധിക്കുമാറാകട്ടെ. ആമീൻ. അഹ്മദിയ്യാ ജമാഅത്തിൽ അമ്മാജാൻ എന്നറിയപ്പെട്ടിരുന്ന ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ പത്നിയായിരുന്ന ഹസ്റത്ത് നുസ്റത്ത് ജഹാൻ ബീഗം സാഹിബയുടെ ശിക്ഷണശൈലിയെക്കുറിച്ച് നിങ്ങളോടെല്ലാം പറയുവാനാഗ്രഹിക്കുന്നു. ഹസ്റത്ത് അമ്മാജാന്റെ മഹനീയ വ്യക്തിത്വത്തെക്കുറിച്ച് അല്ലാഹുതന്നെ ഹസ്റത്ത് വാഗ്ദത്ത മസീഹിനെ ഇൽഹാം മുഖേന അറിയിക്കുകയുണ്ടായി.

അല്ലയോ ദൈവനിയുക്തനായ മസീഹേ! നീ എന്റെ അനുഗ്രഹത്തിനു നന്ദിയുള്ളവനായിത്തീരുക. നിനക്ക് എന്റെ ഖദീജയെ ലഭിച്ചിരിക്കുന്നു. ഹസ്റത്ത് അമ്മാജാന്റെ വ്യക്തിത്വം ഹസ്റത്ത് ഖദീജ(റ)യുടെ പ്രതീകമായിരുന്നെന്ന് ഇവിടെ അല്ലാഹു പറയുന്നു. ഹസ്റത്ത് വാഗ്ദത്ത മസീഹിന് നേരിടേണ്ടിവന്ന എല്ലാ അവസ്ഥകളിലും സുഖദുഃഖങ്ങളിലും ഞെരുക്കത്തിലും സംതൃപ്തിയിലും എപ്പോഴും അദ്ദേഹത്തിന്റെ സന്തതസഹചാരിയായിട്ടുണ്ടായിരുന്നു അമ്മാജാൻ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) അരുൾചെയ്യുന്നു. എന്റെ ഈ ധർമ്മപത്നി ഭാവികാല കുടുംബത്തിന്റെ മാതാവാണ്. ഇവരുടെ പേര് നുസ്റത്ത് ജഹാൻബേഗം എന്നാണ്. ഈ നാമം സൂചിപ്പിക്കുന്നത് അല്ലാഹു മുഴുലോകത്തിന്റെയും സഹായത്തിന്നായി ഭാവിയിലെ കുടുംബത്തിനുള്ള അസ്തിവാരമിട്ടു എന്നാണ്. ചില പേരുകളിലും പ്രവചനം അടങ്ങിയിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ ഒരു സ്വഭാവമാണ്.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് പറയുന്നു. സ്വർഗ്ഗം നിങ്ങളുടെ മാതാക്കളുടെ കാലടിക്കീഴിലാണെന്ന ഹസ്റത്ത് നബിതിരുമേനിയുടെ തിരുവാക്യം മാതാക്കളെ ഉപരിലോകത്തിന്റെ ഉത്തുംഗസ്ഥാനത്തെത്തിച്ചിരിക്കുന്നു.

ഹസ്റത്ത് റസൂൽ തിരുമേനി നമുക്കുതന്ന ഈ മാനദണ്ഡം അനുസരിച്ചുള്ളതാണോ നമ്മുടെ ജീവിതം എന്ന് നമ്മിൽ ഓരോരുത്തരും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ഇതിനുള്ള പരിപൂർണ്ണ മാതൃക ഹസ്റത്ത് നുസ്റത്ത് ജഹാൻ ബീഗം ആണ്. നമ്മുടെ ഉന്നതവും ഉദാത്തവും ആയ ശിക്ഷണം കാരണം അല്ലാഹു നമ്മുടെ കാലടിക്കീഴിൽ സ്വർഗ്ഗത്തെ സംജാതമാക്കിത്തീർക്കുമാറാകട്ടെ. തർബിയത്തിനെ സംബന്ധിച്ചിടത്തോളം മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളുടെ ശിക്ഷണകാര്യത്തിൽ ഏകമനസ്സുണ്ടായിരിക്കേണ്ടതാണ്. ഹസ്റത്ത് അമ്മാജാന്റെ ഉന്നതമായ ശിക്ഷണം കാരണം വാഗ്ദത്ത മസീഹിന്റെ എല്ലാ സന്തതികളും ദീനിനുവേണ്ടി തങ്ങളെ സമർപ്പണം ചെയ്തവരാണ്. ഒന്നാമതായി ഹസ്റത്ത് അമ്മാജാൻ തന്റെ മക്കൾക്ക് നൽകിയ ശിക്ഷണം അസത്യത്തോടുള്ള വെറുപ്പും നീരസവും ഉണ്ടാക്കുകയായിരുന്നു. ചെറുപ്പത്തിൽതന്നെ ഈ കാര്യത്തിൽ ആവർത്തിച്ചാവർത്തിച്ച് ശിക്ഷണം നൽകിക്കൊണ്ടിരുന്നു. വിശുദ്ധഖുർആൻ അസത്യത്തെ ശിർക്കിനോട് ഉപമിച്ചാണ് പറഞ്ഞിരിക്കുന്നത്. അസത്യം പറഞ്ഞുകൊണ്ട് ഏതെങ്കിലും കാര്യത്തിൽനിന്ന് രക്ഷപ്പെടുകയെന്നത് ശിർക്കാണ്.

മറ്റൊരുകാര്യം ഹസ്റത്ത് അമ്മാജാന്റെ ശിക്ഷണത്തിലുള്ളത് മക്കളുടെ ഹൃദയങ്ങളിൽ വിശ്വാസം ഉണ്ടാക്കുകയാണ്. മാതാപിതാക്കൾ തങ്ങളെ വിശ്വസിക്കുന്നു എന്ന ഉറപ്പ് അവരുടെ ഹൃദയങ്ങളിൽ സംജാതമാക്കണം. അതിന്റെ ഫലമായി അവർക്ക് ആത്മാഭിമാനം ഉണ്ടാകുന്നു.

മറ്റൊരു ശിക്ഷണം, മാതാപിതാക്കന്മാരോടുള്ള അനുസരണഭാവം അവരിൽ ഉണ്ടാക്കുകയാണ്. ഈ സ്വഭാവം കുട്ടികളിലുണ്ടാക്കുകയാണെങ്കിൽ എല്ലാ പ്രശ്നങ്ങളും എളുപ്പത്തിൽ പരിഹരിക്കപ്പെടുന്നതാണ്. ഈ അനുസരണഭാവം ഉണ്ടാവുകയാണെങ്കിൽ ജീവിതകാലം മുഴുവനും അവർക്കത് പ്രയോജനപ്പെടുന്നതായിരിക്കും.

ഹസ്റത്ത് അമ്മാജാൻ ദുആയുടെ കാര്യത്തിൽ അതീവശ്രദ്ധാലു ആയിരുന്നു. അവരുടെ സന്തതികൾ ആത്മീയനിലയിൽ ഉയർന്നസ്ഥാനം പ്രാപിക്കുന്നതിന് അവരുടെ മക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന ഒരു കാരണമായിരുന്നു.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അരുൾ ചെയ്യുന്നു. രാവിലെ എഴുന്നേറ്റ ഉടനെ സലാം

പറയുന്ന സ്വഭാവം അവർ മക്കളിലുണ്ടാക്കി. സ്കൂളിൽ പോകുമ്പോഴും സ്കൂളിൽനിന്ന് വന്നഉട നെയും അദ്ദേഹം സലാം പറയണമെന്ന് നിർദ്ദേശിച്ചിരുന്നു. നമസ്കാരസമയത്ത് സ്വയം വുളു എടുപ്പിച്ച് പള്ളിയിൽ അയക്കാറുമുണ്ടായിരുന്നു. വൈകുന്നേരം കളിസ്ഥലത്ത് ചെന്ന് കളിക്കാനനുവദിക്കുമെങ്കിലും മഗ്‌രിബിനു മുമ്പ് വീട്ടിൽ തിരിച്ചുവരേണമെന്ന് നിഷ്കർഷിക്കാറുണ്ടായിരുന്നു. മഗ്‌രിബിനുശേഷം ആർക്കുംതന്നെ വീട്ടിനു പുറത്തുപോകാനുള്ള അനുവാദമുണ്ടായിരുന്നില്ല. പരോപകാരം, വിനയം, താഴ്മ, ലാളിത്യം, അതിഥിസൽക്കാരം, ദീനിനുവേണ്ടി സേവനം ചെയ്യുവാനുള്ള ആവേശം എന്നിവ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഹസ്റത്ത് അമ്മാജാനിൽനിന്നും സ്വായത്തമാക്കിയതായിരുന്നു. തനിക്ക് വഖാറെ അമൽ ചെയ്യുന്ന ശീലമുണ്ടാക്കിയതും അമ്മാജാനായിരുന്നുവെന്നദ്ദേഹം പറയുന്നു. വഖാറെ അമലിനു പിന്നിൽ വർത്തിക്കുന്ന സ്പിരിട്ട് ഇസ്‌ലാമിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളിൽപ്പെട്ട ഒന്നാണ്. ഇതിന്റെ ഫലമായി ഒരു തൊഴിൽ ചെയ്യുന്നതിലും സങ്കോചവും നാണവും തോന്നുന്നതല്ല.

ഇപ്പോഴത്തെ ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ മാതാവ് ഹസ്റത്ത് നാസിറാബേഗം സാഹിബ പറയുന്നു. ഹസ്റത്ത് അമ്മാജാൻ നമസ്കാര സമയങ്ങളിൽ വുളു ചെയ്ത് നമസ്കാരം പ്രതീക്ഷിച്ചിരിക്കാറുണ്ടായിരുന്നു. അവർ എപ്പോഴും വുളുവോടുകൂടിയാണ് ഉണ്ടായിരുന്നത്. ബാങ്ക് ശബ്ദം കേട്ടതും ഞാനിതാ നമസ്കരിക്കാൻ പോകുന്നു. പെൺകുട്ടികളേ! നിങ്ങളും നമസ്കരിക്കുക എന്നു പറയാറുണ്ടായിരുന്നു.

ഒരു സ്ത്രീ രിവായത്ത് ചെയ്യുന്നു. ഞാനൊരിക്കൽ എനിക്ക് പെൺകുട്ടിയുണ്ടായപ്പോൾ ഹസ്റത്ത് അമ്മാജാന്റെ അടുക്കെചെന്നു. ദുആയ്ക്കുവേണ്ടി അപേക്ഷിച്ചു. അപ്പോൾ ചില സ്ത്രീകളും അവിടെയുണ്ടായിരുന്നു. സംസാരമദ്ധ്യേ നമസ്കാരത്തിന്റെ സമയം വന്നപ്പോൾ ഹസ്റത്ത് അമ്മാജാൻ നമസ്കാരത്തിന്നായിട്ടകത്ത് ചെന്നു. ഞങ്ങൾ സ്ത്രീകൾ അവിടെത്തന്നെയിരുന്നു. നമസ്കാരം കഴിഞ്ഞ് അവർ പുറത്തുവന്നപ്പോൾ സ്ത്രീകൾ നമസ്കരിക്കാതെ സംസാരിച്ചുകൊണ്ടിരിക്കുന്നത് കണ്ടു. നിങ്ങൾ നമസ്കരിച്ചില്ലേ എന്ന് ചോദിച്ചു. അപ്പോൾ, കുട്ടികൾ മൂത്രമൊഴിച്ചിട്ടുണ്ടാകും അതുകൊണ്ട് ഞങ്ങൾ വീട്ടിൽചെന്ന് നമസ്കരിച്ചോളാം എന്നു പറഞ്ഞു. അപ്പോൾ അവർ കുട്ടികളുടെ കാരണം പറഞ്ഞുകൊണ്ട് നമസ്കാരം നഷ്ടപ്പെടുത്തുന്നത് ഉചിതമല്ല. കുട്ടികൾ അല്ലാഹുവിന്റെ ഇനാമുകളാണ്. അവരെ കാരണം കാട്ടി കുട്ടികളോട് അല്ലാഹുവിന് നീരസമുണ്ടാക്കല്ല എന്നു പറഞ്ഞു.

അവർ വിശുദ്ധഖുർആനിൽ വളരെ അനുരക്തിയുള്ളവരായിരുന്നു. സ്വയം ഖുർആൻ ഓതുക മാത്രമല്ല, ആരെയെങ്കിലും അരുകിലിരുത്തി ഖുർആൻ ഓതിക്കുകയും അത് കേട്ടുകൊണ്ടിരിക്കുകയുമുണ്ടായിരുന്നു. തന്റെ അവസാനരോഗസമയത്ത് കുട്ടികളെ വിളിച്ചിരുത്തി ഖുർആൻ കേട്ടുകൊണ്ടിരിക്കാറുണ്ടായിരുന്നു. വിവാഹാവസരത്തിൽ പൊതുവിൽ മണവാട്ടിക്ക് ഖുർആനാണ് ഉപഹാരമായി കൊടുക്കാറുണ്ടായിരുന്നത്.

ഹസ്റത്ത് അമ്മാജാൻ വിശുദ്ധഖുർആന്റെ അദ്ധ്യാപനമനുസരിച്ച് സാധുക്കളെയും വിധവകളേയും അനാഥരായ കുട്ടികളേയും കൈയയച്ച് സഹായിച്ചുകൊണ്ടിരുന്നു. അവരുടെ ആത്മാഭിമാനത്തിന് ക്ഷതം ഏല്ക്കാത്തരീതിയിൽ അവർക്ക് സഹായമെത്തിച്ചുകൊടുത്തുകൊണ്ടിരുന്നു. അവർ എപ്പോഴും അനാഥരോട് കർക്കശമായി പെരുമാററരുത് എന്ന അദ്ധ്യാപനം അനുസരിച്ച് നടന്നിരുന്നു. അവരെ തന്റെതന്നെ കുടുംബാംഗങ്ങളായി ഗണിച്ചിരുന്നു. ചില അനാഥ പെൺകുട്ടികളെ സ്വയം കുളിപ്പിക്കുകയും ഉടുപ്പുകൾ അണിയിക്കുകയും ചെയ്തിരുന്നു.

ഹസ്റത്ത് അമ്മാജാന് അനാഥരോടുള്ള അനുകമ്പയെക്കുറിച്ച് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ അരുൾ ചെയ്യുന്നു. ഹസ്റത്ത് അമ്മാജാൻ അനാഥരായ രണ്ട് സഹോദരിസഹോദരന്മാരെ പരിപാലിച്ചുപോന്നിരുന്നു. സ്വന്തം കരങ്ങളാൽ അവരെ കുളിപ്പിച്ചിരുന്നു. ഒരിക്കൽ ഹസ്റത്ത് അമ്മാജാൻ ആ കുട്ടികളെ തന്നോടൊപ്പമിരുത്തി ഭക്ഷണം കഴിക്കുകയുണ്ടായി. എന്തോ കാരണത്താൽ ഞാനവരോടൊപ്പമിരുന്ന് ഭക്ഷണം കഴിച്ചില്ല. അതിന്റെ ഫലമായി ഹസ്റത്ത് അമ്മാജാൻ എനിക്ക് ഭക്ഷണം തന്നില്ല. വൈകുന്നേരം ഞാൻ സ്വയം ഭക്ഷണം ചോദിച്ചുവാങ്ങി കഴിക്കുകയുണ്ടായി. ഇതിൽ എനിക്കുണ്ടായ ഒരു പാഠം യത്തീം എന്നും മിസ്ക്കീൻ എന്നും വിളിക്കപ്പെടുന്നവർ വാസ്തവത്തിൽ അല്ലാഹുവിന്റെ അടിയാറുകളാണ്. അവരെ സംരക്ഷിക്കേണ്ട കടമ നമുക്കുണ്ട്. ഹസ്റത്ത് അമ്മാജാൻ രോഗികളുടെ കാര്യത്തിൽ വളരെ ശ്രദ്ധാലുവും ചിന്താകുലയും ആയിരുന്നു. അവരുടെ ആവശ്യങ്ങൾ പൂർത്തീകരിച്ച് കൊടുത്തിരുന്നു.

ഹസ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു. രോഗികളെ ചികിത്സിക്കുകയും അവരെ സഹായിക്കുകയും ചെയ്യുന്ന കാര്യത്തിൽ അവർ ബദ്ധചിത്തയായിരുന്നു. ഏതെങ്കിലും ഒരഹ്മദിസ്ത്രീ രോഗിയായി എന്നു കേൾക്കുകയാണെങ്കിൽ സാധുവെന്നോ പണക്കാരിയെന്നോ നോക്കാതെ ഉടനെ അവരുടെ വീട്ടിൽ പോവുകയും വേണ്ടുന്ന ഒത്താശകൾ ചെയ്തുകൊടുക്കുകയും ചെയ്യാറുണ്ടായിരുന്നു. ഹസ്റത്ത് തിരുമേനിയുടെ സുന്നത്തനുസരിച്ച് അവർക്ക് സാന്ത്വനം നൽകാറുണ്ടായിരുന്നു.

ഹസ്റത്ത് അമ്മാജാന് പരദൂഷണം, ഏഷണി, പരാതി എന്നീ കാര്യങ്ങളോട് അതീവ വെറുപ്പായിരുന്നു. സ്വയം ഇത്തരം വാക്കുകൾ പറയുകയോ ആരിൽനിന്നെങ്കിലും കേൾക്കുകയോ ചെയ്യുന്നത് അവർ ഇഷ്ടപ്പെട്ടിരുന്നില്ല. അവർ അങ്ങേയററത്തെ ക്ഷമാശീലവും കൃതജ്ഞതയും പ്രകടിപ്പിക്കുന്നവരായിരുന്നുവെന്നും അവരുടെ ഹൃദയം അസാധാരണ

മായരീതിയിൽ പവിത്രവും വിശാലതയുള്ളതുമായിരുന്നുവെന്നും മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ അവരെ അങ്ങേയറ്റം വേദനിപ്പിച്ചിരുന്നുവെന്നും ഹസ്റത്ത് മിർസാ ബശീർ അഹ്മദ്(റ) രിവായത്ത് ചെയ്യുന്നു.

ഹസ്റത്ത് അമ്മാജാൻ സ്ത്രീകളോട് അവരുടെ ഭർത്താക്കന്മാരോടും ഭർത്താക്കന്മാരുടെ ബന്ധുക്കളോടും നല്ലരീതിയിൽ പെരുമാറാൻ ഉദ്ബോധിപ്പിക്കാറുണ്ടായിരുന്നു. ഏതെങ്കിലും സ്ത്രീ തന്റെ ഭർത്താവിനോട് ആത്മാർത്ഥസ്നേഹം വെച്ചുപുലർത്തുകയും അയാളുടെ ആവശ്യങ്ങളെക്കുറിച്ച് ശ്രദ്ധിക്കുകയും ചെയ്യുകയാണെങ്കിൽ ആ സ്ത്രീയോട് സ്നേഹപ്രകടനം നടത്തിയിരുന്നു. അവർ വിവാഹം കഴിച്ചു പോകുന്ന പെൺകുട്ടികളോട് ഇപ്രകാരം ഉപദേശിക്കാറുണ്ടായിരുന്നു. തന്റെ ഭർത്താവിൽനിന്നും ഒരു കാര്യവും മറച്ചുവെക്കാൻ പാടില്ലാത്തതാണ്. അങ്ങനെ മറച്ചുവെക്കുകയാണെങ്കിൽ അത് അല്ലാഹു കാണുന്നവനാണ്. എപ്പോഴെങ്കിലും അത് പുറത്തുവരികയാണെങ്കിൽ ഭർത്താവിന് ഭാര്യയോടുള്ള വിശ്വാസത്തിൽ വിഘ്നം വരുന്നതാണ്. ഭർത്താവിന്റെ ഇഷ്ടത്തിന്നെതിരായി വല്ലകാര്യവും നടന്നുപോയിട്ടുണ്ടെങ്കിൽ അതൊരിക്കലും മറച്ചുപിടിക്കരുത്. ഭർത്താവിനോട് വ്യക്തമാക്കേണ്ടതാണ്. അതിലാണ് സ്ത്രീയുടെ അന്തസ്സ് കിടക്കുന്നത്. ഭർത്താവിന് കോപമുണ്ടാകുന്ന അവസരത്തിൽ സംസാരിക്കാതിരിക്കുക. കോപം അവസാനിക്കുകയാണെങ്കിൽ ശാന്തമായ അന്തരീക്ഷത്തിൽ കാര്യം പറഞ്ഞുമനസ്സിലാക്കുകയും ഭർത്താവിന്റെ ഭാഗത്താണ് തെറ്റുപറ്റിയതെങ്കിൽ സാവധാനം അത് തിരുത്തുവാൻ ശ്രമിക്കുകയും വേണ്ടതാണ്. കോപപ്പെടുന്ന അവസരത്തിൽ ഭർത്താവിനോട് തർക്കിക്കുന്ന ഭാര്യയുടെ അന്തസ്സ് നിലനില്ക്കുന്നില്ല. തങ്ങളുടെ ബന്ധുക്കളോടും അവരുടെ മക്കളോടും നല്ലരീതിയിൽ പെരുമാറേണ്ടതാണ്. തന്റെ ഭർത്താവിന്റെ ഉമ്മയോടും സഹോദരിമാരോടും അന്തസ്സോടെ പെരുമാറേണ്ടതാണ്. ചില സ്ത്രീകൾ തങ്ങളുടെ അമ്മായിയമ്മമാരോടും അവരുടെ മക്കളോടും നിസ്സാര കാര്യങ്ങളിൽ ശണ്ഠപിടിക്കുന്നവരായിട്ടുണ്ട്. ഇതിന്റെ ഫലമായി വീടുകളിൽ ശണ്ഠകളും മനഃസ്താപങ്ങളും ഉണ്ടാവുകയും വീടുകളിലെ സമാധാനാന്തരീക്ഷം താറുമാറാവുകയും ചെയ്യുന്നു. എപ്പോഴും ശാന്തമായും മധുരമായും സംസാരിക്കാൻ ശീലിക്കണം. കാരണം ഉച്ചത്തിലും കർക്കശസ്വരത്തിലും സംസാരിക്കുന്നത് മാന്യതയുടെ ലക്ഷണമല്ല. ഭർത്താവിനെ ശുശ്രൂഷിക്കുന്ന കാര്യത്തിൽ ഒരിക്കലും അമാന്തം കാണിക്കരുത്. ഭർത്താവിന്റെ കല്പന അനുസരിക്കേണ്ടത് ഭാര്യയുടെ കടമയാണ്.

ചുരുക്കത്തിൽ ഹസ്റത്ത് അമ്മാജാൻ ഓരോ അഹ്മദിസ്ത്രീക്കും ഒരു മാർഗ്ഗദീപമാണ്. ലജ്നഇമായില്ലായുടെ രൂപീകരണോദ്ദേശ്യവും നല്ല മാതാവിനേയും നല്ല ഭാര്യയേയും നല്ല സഹോദരിയേയും നല്ല മകളേയും വാർത്തെടുക്കുക എന്നതാണ്. അല്ലാഹു നമുക്കെല്ലാം ഈ ഉദ്ദേശ്യം പൂർത്തിയാക്കി അല്ലാഹുവിന്റെ യഥാർത്ഥ ദാസികളായി ജീവിക്കുവാനുള്ള തൗഫീഖ് തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

ദുആയോടുകൂടി ഞാൻ ഈ ഇജ്തിമാഅ് ഉദ്ഘാടനം ചെയ്യുകയാണ്. അല്ലാഹു എല്ലാവിധത്തിലും അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. ●

**11-ൽനിന്ന്**

വൻശക്തികളെയടക്കം ഇന്നവർ വെല്ലുവിളിക്കുകയാണ്. പരിസ്ഥിതിയ്ക്കനുസൃതമായി നിറംമാറുന്ന ഓന്തുകളെപോൽ എവിടെയും അവർ നുഴഞ്ഞുകയറിയിട്ടുണ്ടാവും. കടന്നുചെന്നിടത്തൊക്കെ ഛിദ്രതയുടെയും നാശത്തിന്റെയും വിത്തുകൾ വിതച്ച് അവർ ക്ഷമയോടെ കാത്തിരിക്കും ഫലം കൊയ്യാൻ. ദുർബലരായിത്തീർന്ന മുസ്ലിംലോകവും സ്വന്തം ശക്തിയിൽ മതിമറന്ന് അടിതെറ്റിത്തുടങ്ങിയ ക്രിസ്തീയലോകവും ഇത്തിരിവട്ടത്തിൽ ദൈന്യംനടിച്ച് ദാനം നേടിയ ഇസ്രായീൽ എന്ന ആറ്റംബോംബിനെ- തങ്ങൾതന്നെ കുടത്തിലാക്കുകയും തുറന്നുവിടുകയും ചെയ്ത ഭൂതത്തെ, ഭയപ്പെട്ടുകഴിയേണ്ട ഗതികേടിലാണ്. ഔന്നത്യത്തിന്റെ ഉച്ചിയിൽ നിന്നും തകർച്ചയുടെ പാതാളക്കുഴി പലതവണ കണ്ടിട്ടും ജൂതർ ഇന്നും പശ്ചാത്തപിക്കാനോ സന്മാർഗ്ഗത്തിലേക്ക് വരാനോ തയ്യാറായിട്ടുമില്ല. മുറിച്ചിട്ടാൽ മുറിവു കൂടുന്ന മണ്ണിരയെപ്പോൽ അവർ വീണ്ടും ഊർന്നുകൂടി തലയുയർത്തി വിഷം ചീറ്റാൻ ശ്രമിക്കും. അവരുടെ പതനത്തിന്റെ അന്ത്യഊഴമാണിനി. അതിന് മുസ്ലിംഐക്യം ശക്തിപ്പെടുകയും ഏകദൈവത്തിന്റെ ഏകപ്രവാചകന്റെ ഇമാമത്തിൻകീഴിൽ ലോകം ആത്മീയചൈതന്യം നേടുകയും വേണ്ടതുണ്ട്. അതെന്ന് സംഭവിക്കുമോ അന്ന് മാത്രമേ ദജ്ജാൽ വധിക്കപ്പെടുകയുള്ളൂ. എങ്കിൽപോലും ജൂതർ ലോകാവസാനംവരെ ഉണ്ടാകുമെന്ന ഖുർആനിക വചനം സൂചിപ്പിക്കുന്നത് തഖ്വ കൈകൊണ്ട് ഇസ്ലാമിക പതാക ലോകത്ത് ആത്മീയാധിപത്യം നേടിയാൽപോരാ അത് നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കാൻ ലോകാവസാനംവരെ ഖിലാഫത്തിന്റെ പാത തുടരേണ്ടതുമുണ്ടെന്നാണ്. പരസ്പരം കുതികാൽവെട്ടിയും പാരപണിതും ഭൗതികതയിൽ മുങ്ങിതുടിക്കുന്ന ഓരോ മുസ്ലിമും ഇസ്ലാമികരാഷ്ട്രവും മസീഹിന്റെ തോട്ടത്തിൽനിന്നുള്ള ആത്മീയഫലം നുകർന്ന് ജീവൻ നേടിയേമതിയാകൂ! എന്ന് അത് സംഭവിക്കുന്നുവോ അന്നുമാത്രമേ ലോകത്ത് ശാശ്വതശാന്തി കൈവരികയുള്ളൂ. അതുവരെ യഹൂദഫിത്നയുടെ തിക്തഫലം അനുഭവിച്ചേമതിയാകൂ. അല്ലാഹു മുസ്ലിംലോകത്തിന്റെ ഉൾകണ്ണ് തുറപ്പിക്കുവാനും സത്യമതത്തേയും മാർഗ്ഗത്തേയും തിരിച്ചറിയാനും തൗഫീഖ് നൽകുമാറാകട്ടെ. ലോകത്തെ വിനാശകരമായ യുദ്ധത്തിൽനിന്ന് കാക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

**ഉമ്മു നസീർ**

# ആലു ഇബ്റാഹീം

ഹസ്റത്ത് ഇബ്റാഹിംനബി(അ) വിശേഷിപ്പിക്കപ്പെടുന്നത് 'പ്രവാചകരുടെ പിതാവ്' എന്നാണ്. ആത്മീയമായും ഭൗതികമായും അദ്ദേഹം ആ മഹത്സ്ഥാനത്താണ്താനും. മക്കളായ ഇസ്മായീൽ(അ), ഇസ്ഹാഖ്(അ) എന്നിവർ (ഒരു നിവേദനപ്രകാരം മിദ്യൻ എന്ന മകൻകൂടി പ്രവാചകനായിരുന്നു) പ്രവാചകത്വത്താൽ അനുഗ്രഹീതരായിരുന്നു. പൗത്രരും പ്രവാചകരായിരുന്നു. ആത്മീയമായി ഇസ്ഹാഖിന്റെ വംശപരമ്പരയായ യഹൂദരിൽ (ബനൂഇസ്രായീല്യർ) ഹസ്റത്ത് ഈസാ(അ)വരെ നിരവധി പ്രവാചകർ ആഗതരായിരിക്കുന്നു. ഇസ്മായീൽ(അ) വംശപരമ്പരയിൽ ലോകാനുഗ്രഹിയും മുഴുലോകപ്രവാചകനുമായ ഹസ്റത്ത് മുഹമ്മദ് നബി(സ)യും- അങ്ങനെ ഇസ്രായീല്യരും ഇസ്മായീല്യരും പ്രവാചകത്വം എന്ന ദൈവീകാനുഗ്രഹത്താൽ പൂർവ്വപിതാവായ ഇബ്രാഹിം(അ)മിൽ ഒത്തുചേരുന്നു; എന്നാൽ അതേകാരണത്താൽതന്നെ ഈ സോദരസമുദായങ്ങൾ നിത്യശത്രുതയിലുമാണെന്നത് ചരിത്രവസ്തുത. തങ്ങളുടെ പ്രവാചകശ്രേഷ്ഠന്റെയും വിശുദ്ധഖുർആന്റെയും അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ മുസ്ലിംകൾ തങ്ങൾക്കു മുൻകടന്ന സമുദായത്തിലെ പ്രവാചകന്മാരെ അംഗീകരിക്കുകയും ബഹുമാനിക്കുകയും അവരുടെ ജനതയ്ക്ക് സംഭവിച്ച മാർഗ്ഗഭ്രംശത്തെയും ദൈവകോപത്തെയും ഭയപ്പെടുകയും ചെയ്യുന്നു.

എന്നാൽ യഹൂദരാകട്ടെ ഒരിക്കലും ഇസ്മായീൽ വംശത്തെയോ അവരുടെ പ്രവാചകനെയോ അംഗീകരിക്കുന്നില്ല. അവർക്ക് ഇസ്മായീൽ വെറും ദാസീപുത്രൻമാത്രം. അതുറപ്പിക്കുവാൻ ഏകജാതനായ ഇസ്ഹാഖ് എന്നവർ വിശേഷിപ്പിക്കുന്നു. പ്രവാചകത്വം അവരുടെ കുത്തകയാണ്; അവർ മാത്രമാണ് ഉൽകൃഷ്ടജനത. ദാവീദിന്റെ സിംഹാസനവും സോളമന്റെ സാമ്രാജ്യവും നിലനിർത്തുവാൻ വരേണ്ടിയിരുന്ന ഏലിയപ്രവാചകൻ വീണ്ടും വരാതെ (അതുകൊണ്ടു തന്നെ അവർ ഈസാ(അ)യെ അംഗീകരിച്ചില്ല) അറബികൾ ഒരു പ്രവാചകന്റെ നേതൃത്വത്തിൽ ഔന്നത്യം പ്രാപിച്ചത് അവർക്കൊരിക്കലും ദഹിച്ചിട്ടുമില്ല. ഇക്കാരണത്താൽതന്നെ ഇസ്ലാമിനെ തകർക്കുക എന്നത് അവരുടെ ജീവിതാഭിലാഷമാണ്; അതിനവർ ആരെ വേണമെങ്കിലും കൂട്ടുപിടിക്കും. തൽക്കാലത്തേക്ക് മുസ്ലിമായി നടിക്കുവാൻവരെ തയ്യാറുമാണവർ. ഇത്തരം കപടവിശ്വാസികൾ റുസൽ(സ) കാലം മുതൽ ഇസ്ലാമിനെ ഛിദ്രിപ്പിക്കുവാൻ പരിശ്രമിക്കുകയും ഒരളവ്വരെ വിജയിക്കുകയും ചെയ്തിട്ടുണ്ട് എന്ന് ചരിത്രം വായിക്കുന്ന ആർക്കും മനസ്സിലാക്കാൻ കഴിയും.

മഹാനായ പ്രവാചകശ്രേഷ്ഠൻ ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ) തന്റെ ജനതയ്ക്കു നല്കുന്ന ഏറ്റവും വലിയ താക്കീതും ജൂതഫിത്നതന്നെ. നബി(സ) അരുളുന്നു. "നിങ്ങൾ ചാണിനു ചാണായും മുഴത്തിന് മുഴമായും മുൻകടന്ന സമുദായത്തെ പിൻതുടരും. അവർ ഒരു ഉടുമ്പിൻ പൊത്തിൽ കടന്നിട്ടുണ്ടെങ്കിൽ നിസ്സംശയം നിങ്ങളും കടന്നിരിക്കും. വീണ്ടും പറയുന്നു. "സാലിഹീങ്ങൾ കഴിഞ്ഞുപോകും. പതിര് മാത്രം അവശേഷിക്കും. യവത്തിന്റേയോ ഈത്തപ്പഴത്തിന്റേയോ പതിര് പോലെ!! അല്ലാഹു അത്തരം ആളുകളെ തീരെ വിലവെക്കുകയില്ല."

മറ്റൊരു നിവേദനത്തിൽ നബികരീം(സ) പറയുന്നു. നിങ്ങൾക്കെതിരെ മറ്റു ജനതകൾ അന്യോന്യം സഹായത്തിനു ക്ഷണിക്കുന്നകാലം വിദൂരമല്ല. (ഇസ്രയേൽ -അമേരിക്ക- യൂറോപ്യൻ കൂട്ടുകെട്ട് ഇസ്ലാമികരാഷ്ട്രങ്ങൾക്കെതിരെ ഒത്തുചേരുന്നത് ഇപ്പോൾ നാം കണ്ടുകൊണ്ടിരിക്കുന്നു) ഉണ്ണാനിരിക്കുന്നവർ തങ്ങളുടെ ഭക്ഷണമേശയിലേക്ക് ആളുകളെ ക്ഷണിക്കുന്നത്പോലെ! അതായത്, നിങ്ങൾ മറ്റുള്ളവരുടെ ആഹാരമായിത്തീരുകയും നിങ്ങളെ ഭക്ഷിപ്പാൻവേണ്ടി അവർ അന്യോന്യം ക്ഷണിക്കുകയും ചെയ്യും!'' ഒരു സഹാബി ചോദിച്ചു യാ റസൂലുല്ലാഹ് ആ നാളിൽ ഞങ്ങൾ എണ്ണത്തിൽ കുറഞ്ഞിരിക്കുമോ- അതാണോ ആ സ്ഥിതി വരാൻ കാരണമാവുക? നബി(സ) മറുപടി പറഞ്ഞു. അല്ല, അന്ന് നിങ്ങൾ എണ്ണത്തിൽ വളരെ കൂടുതൽ ഉണ്ടായിരിക്കും. പക്ഷേ, വെള്ളപ്പൊക്കത്തിനുശേഷം ജലാശയങ്ങളുടെ തീരത്ത് കാണപ്പെടുന്ന ചണ്ടിയ്ക്കു തുല്യമായിരിക്കും നിങ്ങളുടെ സ്ഥിതി ആ സമയത്ത്. കേവലം നികൃഷ്ടവും നിരുപയോഗ്യവുമായ നിലയിൽ; അല്ലാഹു ശത്രുക്കളുടെ ഹൃദയങ്ങളിൽ നിന്നും നിങ്ങളെക്കുറിച്ചുള്ള ഭയം അകറ്റിക്കളയുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ദൗർബല്യബോധം കയറ്റിവിടുകയും ചെയ്യും- വീണ്ടും ഒരു സഹാബി ചോദിച്ചു പ്രവാചകരേ "എന്താണ് ദൗർബല്യബോധം?" തിരുമേനി പ്രതിവചിച്ചു. "ഈ ലോകത്തോടുള്ള സ്നേഹവും മരണത്തോടുള്ളു പേടിയുമാണത്." അതായത്, ഭീരുത്വം നിമിത്തം നിങ്ങൾ സൽക്കർമ്മങ്ങളിൽനിന്നും പിന്തിരിഞ്ഞുകളയും; എനിക്കുശേഷം ഒരുകാലത്ത് എന്റെ സുന്നത്ത് അനുസരിക്കാത്തവ

രുമായ ഉലമാക്കൾ ഉണ്ടാവുന്നതാണ്, എന്റെ ഉമ്മത്തിൽ മനുഷ്യന്റെ ശരീരവും ശയ്ത്താന്റെ മനസ്സുമുള്ള (ഹൃദയം) ജനങ്ങൾ ജനിക്കുകയും ചെയ്യും. എന്റെ ഉമ്മത്തിലെ ഉലമാക്കൾ ആകാശത്തിൻകീഴിൽ ഏറ്റവും നികൃഷ്ടരായിരിക്കും. ജ്ഞാനം എടുക്കപ്പെടും അജ്ഞാനം വർദ്ധിച്ചുവരും. വ്യഭിചാരം, മദ്യപാനം ഇവ വർദ്ധിക്കും. യഹൂദികൾ എഴുപത്തിരണ്ട് ശാഖകളായെങ്കിൽ എന്റെ ഉമ്മത്ത് 73 ശാഖകളായി പിരിയുന്നതാണ്. അതിലൊന്നുമാത്രമേ നേർവഴിയിൽ ഉണ്ടാവുകയുള്ളൂ. അത് ഞാനും എന്റെ സഹാബത്തുംപോലെ ജമാഅത്തായിരിക്കും. വീണ്ടും നബി (സ) മറ്റൊരിടത്ത് പറയുന്നു. സത്യവിശ്വാസം ലോകത്തുനിന്നും അന്തർദ്ധാനം ചെയ്യും. എന്നാൽ, അത് സുറയ്യാ എന്ന നക്ഷത്രത്തിൽപോയാലും ഫാരിസിവംശജനായ ഒരാൾ അതിനെ മടക്കിക്കൊണ്ടുവരും. (*മിശ്കാത്ത്- കിതാബുൽ ഫിത്തർ*)

ഇന്നത്തെ വിനാശകരമായ ഈ കാലഘട്ടത്തിൽ പ്രവാചകശ്രേഷ്ഠന്റെ ഈ പ്രവചനങ്ങൾ അക്ഷരം പ്രതി പുലർന്നതായി നാം കണ്ണുകൊണ്ട് കാണുന്നു. ഇസ്‌ലാമും മുസ്‌ലിംകളും ഭക്ഷണത്തളികയിലെന്നപോലെ ആക്രമിക്കപ്പെടുകയാണ്. സത്യവിശ്വാസത്തിന്റെയും സർക്കർമ്മങ്ങളുടെയും യഥാർത്ഥ നേതൃത്വത്തിന്റെയും (ഖിലാഫത്ത്) അഭാവംമൂലം മുസ്‌ലിം ലോകം ദുർബ്ബലമായിരിക്കുന്നു. ദുഷ്പ്രവൃത്തികളിൽ അവർ ജൂതരെ ചാണിനു ചാണായും മുഴത്തിന് മുഴമായും പിൻതുടരുന്നു. ഭൗതികതയിലാണ്ട് മുങ്ങി ആത്മീയലോകത്തെ വിസ്മരിച്ചിരിക്കുന്നു. സ്വന്തം ആത്മാക്കളെ മരണതുല്യരാക്കി വലിയൊരു സായുധസേനയെ അമ്പേ പരാജയപ്പെടുത്തിയ കേവലം മൂന്നൂറ്റിപതിമൂന്ന് ആദ്യകാല മുസ്‌ലിംകളുടെ ആത്മീയവീര്യം- ദൈവികചൈതന്യം, മുസ്‌ലിംലോകത്തിനു കൈമോശം വന്നിരിക്കുന്നു. അതെ, പ്രവാചകപ്രഭു പ്രവചിച്ചപ്രകാരം അവർ വെള്ളപ്പൊക്കത്തിനു ശേഷമടിഞ്ഞുകൂടിയ ചണ്ടിക്കു തുല്യമായിരിക്കുന്നു. ഇനിയും വൈകിയിട്ടില്ല. അഗ്നി ആരാധകരായ ഒരു കൂട്ടം ആളുകളെ ഭയന്ന് സത്യവിശ്വാസത്തിന്റെ വിപുലീകരണത്തിനായി ഹസ്റത്ത് ഇസ്മായീൽ(അ) നേയും മാതാവിനേയും മണലാരണ്യത്തിലാക്കി. ഇബ്രാഹിം നബി (അ) അല്ലാഹുവിനോട് പ്രാർത്ഥിച്ചു ദൈവമേ നീ ഇതിനെ ഒരു നിർഭയനഗരമാക്കേണമേ.... നിന്നെ മാത്രം ആരാധിക്കുന്ന ഒരു ജനതയെ അവരെ നേർവഴി നയിക്കുന്ന ഒരു പ്രവാചകനെ നീ എന്റെ വംശപരമ്പരയിൽ നല്കേണമേ എന്ന്.െ ആറായിരത്തോളം വർഷം മുമ്പേയുള്ള ആ സത്യപ്രവാചകന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടതിന് 1500 വർഷം മുമ്പേ അറേബ്യ സാക്ഷിയായി നിർഭയപട്ടണമായി 24 മണിക്കൂറും ഏകദൈവസ്തോത്രം മുഴങ്ങുന്ന കഅബ ദേവാലയം ഇന്നും ലോകത്തിന്റെ മുമ്പിൽ സാക്ഷ്യപ്പെടുത്തുന്നു. അതാണ് സത്യത്തിന്റെ വഴിയെന്ന്.... ദൈവീകമാർഗ്ഗമെന്ന്... മാർഗ്ഗഭ്രംശം വന്നുപോയ സമുദായങ്ങൾക്ക് തിരുത്താൻ ഒരവസരംകൂടിയെന്ന്.. പക്ഷേ, പൈശാചികവ്യാമോഹങ്ങളിൽ മുങ്ങിപ്പോയ മനുഷ്യർ ഇന്നും ശ്രമിക്കുന്നത് സത്യവിശ്വാസത്തിന്റെ തിരി ഊതിക്കെടുത്താനാണ്. പൈതൃകമായി ലഭിച്ച നുബൂവ്വത്തിന്റെ- ഹിദായത്തിന്റെ വെളിച്ചത്തിൽ ഈ ലോകത്ത് ശാന്തിയും സമാധാനവും നിറഞ്ഞ ജീവിതവും പരലോകത്ത് മോക്ഷവും നേടാൻ ശ്രമിക്കാതെ പരസ്പരം പാരവെച്ചും കൊന്നൊടുക്കിയും തമോശക്തികൾക്ക് എണ്ണ പകർന്നുകൊണ്ട് അബ്രഹാമിന്റെ സന്തതിപരമ്പര ദൈവകോപത്തിന് നിരന്തരം പാത്രീഭവിക്കുകയാണ്. ഹസ്റത്ത് ഇസ്മായീൽ നബി(അ) യുടെയും ഹാജിറ(റ)യുടെയും തഖ്‌വയുടെയും ത്യാഗത്തിന്റെയും ഫലമായ- റഹ്മത്തുൽ ആലമീനായി ലഭിച്ച പ്രവാചകപ്രഭുവിന്റെ ഉമ്മത്ത് സ്വച്ഛബുദ്ധിയോടെ യുക്തിയോടെ ചിന്തിക്കാൻ കാലമായി. മാർഗ്ഗഭ്രംശം വന്ന് തങ്ങളുടെ സോദരസമുദായം നഷ്ടപ്പെടുത്തിയ നുബൂവത്ത് മാർഗ്ഗത്തിലുള്ള അനുഗ്രഹം- ഖിലാഫത്ത് ഏത്പ്രകാരം മൂസവീ ഉമ്മത്തിൽ ഖാത്തമുൽഖുലഫാ ആയി ഈസാനബി വന്നപ്പോൾ യഹൂദർ തിരസ്കരിച്ചുവോ അതേപ്രകാരം മുഹമ്മദീ ഉമ്മത്തിനായി 14-ാം നൂറ്റാണ്ടിൽ ഖാത്തമുൽ ഖുലഫായായി വന്ന ഹസ്റത്ത് അഹ്മദ്(അ)യെയും (ഇമാം മഹ്ദിയും ദജ്ജാലീഫിത്നയിൽനിന്നും മുസ്‌ലിംകളെയും ഇസ്‌ലാമിനെയും രക്ഷിക്കേണ്ട മസീഹുമായ വ്യക്തിയെ) അദ്ദേഹത്തിന്റെ അഹ്‌ലുസുന്നത്ത്‌വൽ ജമാഅത്തായ അഹ്മദിയ്യാ ജമാഅത്തിനെ അംഗീകരിക്കാതെ, അഞ്ചാം ഖിലാഫത്തിന്റെ സുശക്തമായ നേതൃത്വത്തിൽ ശാന്തിയും സമാധാനവും നുകർന്ന് ഇസ്‌ലാമിനെ ലോകത്ത് വിജയിപ്പിക്കുവാനുള്ള പരിശ്രമത്തിൽ പങ്കുചേരാതെ; പ്രവാചകശ്രേഷ്ഠരായ മുഹമ്മദ് മുസ്തഫ (സ)യുടെ സുന്നത്തും വസീയ്യത്തും പിൻപറ്റാതെ മറ്റുള്ളവർക്കു ഭക്ഷണമാകണോ എന്ന് മുസ്‌ലിം ഉമ്മത്ത് ഉണർന്ന് ചിന്തിച്ചേ മതിയാകൂ. നബിയുടെ ദീർഘദർശനവും കാലോചിതം അത് അല്ലാഹു വെളിപ്പെടുത്തിയിട്ടും മനസ്സിലാക്കാനോ പരിശ്രമിക്കുവാനോ നില്ക്കാതെ; ഇസ്‌ലാമിന് ദോഷംമാത്രം ചെയ്യുന്ന അജ്ഞരും സ്വാർത്ഥരുമായ ഉലമാക്കളെ പിന്തുടരണോ. വിശുദ്ധ ഖുർആനും സുന്നത്തും മനസ്സിലാക്കിത്തരുന്ന ദൈവികഖിലാഫത്തിനെ പിൻപറ്റണോ എന്ന് ഹൃദയാത്മനാ ചിന്തിച്ച് കരളുരുകി ദൈവസവിധത്തിൽ കുമ്പിട്ട് പ്രാർത്ഥിച്ച് മുസ്‌ലിംലോകത്തെ ദൗർബ്ബല്യത്തിൽ നിന്നും കരകയറ്റേണ്ടത് ഓരോ മുസ്‌ലിമിന്റെയും ബാധ്യതയാകുന്നു. വിശുദ്ധനബിയുടെ മഹത്വത്തെ കളങ്കപ്പെടുത്തുവാൻ അന്യർക്ക് ധൈര്യം തോന്നാതിരിക്കുവാൻ ഇതാണുത്തമമാർഗ്ഗം.

**ബിൻതു ഇബ്റാഹീം**

# വിപത്തിൽ നിന്ന് രക്ഷനേടാൻ

## ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ)

**മ**രണവിവരം മറ്റുള്ളവരെ അറിയിക്കുമ്പോഴും നാം സ്വയം മരണവാർത്ത കേൾക്കുമ്പോഴും ഇന്നാലില്ലാഹി വഇന്നാഇലയ്ഹി റാജിഊൻ എന്ന് ചൊല്ലണമെന്നാണ് സുന്നത്ത്. കൂടാതെ എന്തെങ്കിലും സാധനം കാണാതായാലും വല്ല ആപത്തുകൾ നേരിടുമ്പോഴും ഇത് ചൊല്ലേണ്ടതാണ്. തങ്ങൾക്ക് വല്ല ആപത്തുകളും നേരിടുമ്പോൾ പരിഭ്രമിക്കാതെ അവർ പറയും. ഇന്നാലില്ലാഹി വഇന്നാഇലയ്ഹി റാജിഊൻ. നിശ്ചയമായും ഞങ്ങൾ അല്ലാഹുവിനുള്ളവരും അവങ്കലേക്കുതന്നെ മടങ്ങുന്നവരുമാകുന്നു.

ഈ സൂക്തത്തിൽ രണ്ട് വചനങ്ങളുണ്ട്. ഒന്ന് ***ഇന്നാലില്ലാഹി*** അതായത് നാം അല്ലാഹുവിനുള്ളവരാകുന്നു. രണ്ട് ***വഇന്നാഇലയ്ഹി റാജിഊൻ***- നാം അവങ്കലേക്കുതന്നെ മടങ്ങുന്നവരുമാകുന്നു.

ആദ്യവചനത്തിൽ പറയുന്നതുപ്രകാരം ദാസൻ അല്ലാഹുവിന്റേതുമാത്രമായിത്തീർന്നാൽ, തന്റെ യഥാർത്ഥ യജമാനൻ അവൻ മാത്രമാണെന്ന് മനസ്സിലാക്കിയാൽ തന്നിൽനിന്ന് അല്ലാഹു തിരിച്ചെടുത്ത വസ്തു, അല്ലെങ്കിൽ തനിക്ക് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന വിപത്തുമുഖേന എനിക്ക് നാശവും പരാജയവും ഉണ്ടാകുമെന്ന വിചാരംപോലും അയാളുടെ മനസ്സിൽ ഉണ്ടാകുകയില്ല. മാതാവ് തന്റെ കുഞ്ഞിനെ മടിയിൽ വെച്ചിരിക്കുന്നതുപോലെ അല്ലാഹു എന്നേയും തന്റെ മടിയിൽ വെച്ചിരിക്കുകയാണെന്ന് ദൃഢവിശ്വാസമുള്ള ഒരു സത്യവിശ്വാസിക്ക് ഞാൻ നശിച്ചുപോകുമെന്നോ എന്റെ ബുദ്ധിമുട്ടുകൾ അവസാനിക്കുകയില്ലെന്നോ ഉള്ള ആശങ്ക ഒരിക്കലും ഉണ്ടാവുകയില്ല. മറ്റുള്ളവരെ എല്ലാതരം കഷ്ടനഷ്ടങ്ങളിൽനിന്നും രക്ഷിക്കുക എന്നത് ഒരു സുരക്ഷകന്റെ നിർബന്ധബാധ്യതയിൽ പെട്ടതാണ്. അങ്ങനെയരിക്കെ സംരക്ഷകരിൽവെച്ച് ഏറ്റവും വലിയ സംരക്ഷകനായ അല്ലാഹു സത്യവിശ്വാസിയെ എപ്പോഴെങ്കിലും സംരക്ഷിക്കാതിരിക്കുമോ? തീർച്ചയായും സംരക്ഷിക്കുന്നതാണ്.

അല്ലാഹു തന്റെ ദാസനിൽനിന്ന് ഒരു സാധനം തിരിച്ചെടുക്കുമ്പോൾ അതിന്റെ അർത്ഥം അല്ലാഹു അതിനെ നശിപ്പിക്കുന്നു എന്നല്ല. മറിച്ച്, മുമ്പത്തേക്കാളും ഉത്തമമായ സ്ഥലത്ത് അതിനെ കൊണ്ടുവെക്കുകയാണ് ചെയ്യുന്നത്. ഇതിനുള്ള ഉദാഹരണം സ്ത്രീകൾ വീട് വൃത്തിയാക്കുമ്പോൾ സാധനങ്ങൾ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റിവെക്കുന്നതുപോലെയാണ്. മറ്റൊരു ഉദാഹരണം കൃഷിക്കാരന്റേതുപോലെയാണ്. കൃഷിക്കാരൻ ഭൂമിയിൽ വിത്തിറക്കുമ്പോൾ പ്രത്യക്ഷത്തിൽ അയാൾ തന്റെ വിത്ത് പാഴാക്കുന്നതുപോലെ തോന്നും. പക്ഷേ അയാൾ കരയുന്നില്ല. എന്തുകൊണ്ടെന്നാൽ ആ വിത്ത് നഷ്ടപ്പെടുന്നതിനുപകരം വർദ്ധിക്കുകയാണ് ചെയ്യുക. ആ വിത്ത് മുളച്ച് കതിരുകളായി വിളഞ്ഞ് ഇരട്ടിയായി തിരിച്ച് ലഭിക്കുമ്പോൾ അയാളുടെ കണ്ണുകൾ സന്തോഷംകൊണ്ട് തിളങ്ങുന്നു. ഇതേപ്രകാരം അല്ലാഹു എന്തൊന്ന് ചെയ്യുന്നുവോ അത് എന്റെ നന്മയ്ക്കുവേണ്ടിയാണ് ചെയ്യുന്നതെന്ന് ദൈവദാസൻ ദൃഢമായി വിശ്വസിക്കുകയാണെങ്കിൽ ഒരിക്കലും ദുഃഖിക്കുകയോ അക്ഷമരാവുകയോ ചെയ്യേണ്ടതായി വരികയില്ല. ഭംഗിയും ഉറപ്പുമുള്ള ഒരു പുതിയ വീട് ഉണ്ടാക്കുന്നതിനുവേണ്ടി ആദ്യത്തെ വീട് പൊളിച്ചുമാറ്റുമ്പോൾ ഒരാളും കരയാറില്ല. പകരം സന്തോഷിക്കുന്നതാണ്. ഇതുപോലെ ഒരാളുടെ തുണി തയ്യൽക്കാരൻ മുറിക്കുന്നതു കാണുമ്പോൾ കരയുന്നതിനുപകരം വസ്ത്രം തയ്ച്ച് കിട്ടുമെന്ന് കരുതി സന്തോഷിക്കുകയാണ് ചെയ്യുക. ഇതേസ്ഥിതിയാണ് മനുഷ്യന്റേത്. അതായത് മനുഷ്യൻ, അല്ലാഹു എന്റെ ഉടമസ്ഥനാണെന്നും അവൻ ഏതുമാറ്റം വരുത്തുന്നതും എന്റെ പ്രയോജനത്തിനുവേണ്ടിയാണെന്ന് ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നയാളാണെങ്കിൽ ഒരിക്കലും വ്യാകുലപ്പെടുകയില്ല. എന്നാൽ താൽക്കാലികമായി ദുഃഖിക്കുന്നതുകൊണ്ട് അതിനെ അക്ഷമയാണെന്ന് പറയാൻ പറ്റുകയില്ല. വിവാഹസമയത്ത് പെൺകുട്ടികൾ വീട്ടിൽനിന്ന് വിടപറഞ്ഞുപോകുമ്പോൾ മാതാപിതാക്കൾ കരയുന്നു. ആ കരച്ചിലിനെ ആക്ഷേപശകാരമാണെന്ന് പറയുകയില്ല. യഥാർത്ഥത്തിൽ ദുഃഖം പ്രകൃതിയാലുള്ള ഒരു വികാരമാണ്. അത് പ്രയാസങ്ങൾ വരുമ്പോൾ എല്ലാ മനുഷ്യരിൽനിന്നും പ്രകടമാകും. ഹൃദയത്തിൽ ഭാരം അനുഭവപ്പെടുകയും കണ്ണുനീർ വാർക്കുകയും ചെയ്യുക എന്നതാണ് അതിന്റെ അടയാളം. ഇതിനെതിരിൽ ആക്ഷേപഭാവത്തോടെ കരഞ്ഞുതേങ്ങുന്ന ഒരാൾ അല്ലാഹു എന്നെ നശിപ്പിച്ചിരിക്കുകയാണെന്ന് പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത് തവക്കലിനും ഈമാനും (അഥവാ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിനും വിശ്വാസത്തിനും) എതിരാണ്. ചുരുക്കത്തിൽ പ്രയാസങ്ങളും പരീക്ഷണങ്ങളും വരുമ്പോൾ കാഫിർ (അവിശ്വാസി) കരുതുന്നത് ഞാൻ നശിച്ചുപോയി എന്നാണ്. എന്നാൽ സത്യവിശ്വാസി

മനസ്സിലാക്കുന്നത് അല്ലാഹു ഈ പരീക്ഷണത്തിൽ എനിക്ക് എന്തോ ബർക്കത്തും കാരുണ്യവും നിഗൂഢമാക്കിവെച്ചിട്ടുണ്ട് എന്നാണ്.

ഇന്നാലില്ലാഹ് ഞങ്ങൾ അല്ലാഹുവിനുള്ളവരാകുന്നു എന്നതിന്റെ രണ്ടാമത്തെ അർത്ഥം ഇതാണ്. സത്യവിശ്വാസിക്ക് എന്തെങ്കിലും നഷ്ടം സംഭവിക്കുമ്പോഴെല്ലാം പെട്ടെന്ന് പറയും. എനിക്ക് ഈ സാധനവുമായി ഒരു താൽക്കാലിക ബന്ധമാണുണ്ടായിരുന്നത്, ഇതിന് യഥാർത്ഥബന്ധം അല്ലാഹുവുമായിട്ടാണ്. ഇതുമായിട്ടുള്ള എന്റെ ബന്ധവും അവനുവേണ്ടി മാത്രമായിരുന്നു. ഇപ്പോൾ അവൻ ഒരു പ്രത്യേക ലക്ഷ്യം വെച്ചുകൊണ്ട് ഇതുമായിട്ടുള്ള എന്റെ ബന്ധം വിഛേദിക്കാൻ ഉദ്ദേശിച്ചിരിക്കുകയാണ്. അതിൽ ഞാൻ എന്തിന് പരിഭ്രമിക്കണം.

ഇതിനുള്ള ഒരു ഉദാഹരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിൽനിന്നും ലഭിക്കുന്നു ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മകൻ ഹസ്റത്ത് മസീഹ് മൗഊദ്(അ) ജീവിച്ചിരിക്കുമ്പോൾതന്നെ മരണപ്പെട്ടിരുന്നു. മാതാപിതാക്കൾക്ക് ചെറിയ കുട്ടികളെ പൊതുവെ കൂടുതൽ ഇഷ്ടമാണ്. അതുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ഇവനോട് കൂടുതൽ സ്നേഹമായിരുന്നു. സ്നേഹത്തിന് മറ്റൊരു കാരണം ഇവൻ പൊതുവെ രോഗിയായി കാണപ്പെട്ടിരുന്നു. അവൻ രോഗശയ്യയിലായ അവസാനദിവസങ്ങളിൽ ചികിത്സയ്ക്കായി ധാരാളം ഡോക്ടർമാർ വ്യാപൃതരായിരുന്നു. ഉദാഹരണമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഡോ. ഖലീഫ റശീദുദ്ദീൻ സാഹിബ്(റ), ഡോ. സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബ്(റ). അന്നേദിവസം രാവിലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) സുബഹി നമസ്കരിച്ച് വീട്ടിൽ വന്നപ്പോൾ ഹദ്റതത് ഖലീഫത്തൽ മസീഹ് അവ്വൽ (റ)ഉം മറ്റ് ഡോക്ടർമാരും കൂടെവന്നു. ആ സമയത്ത് കുട്ടിയുടെ രോഗം മൂർച്ഛിച്ചിരുന്നുവെങ്കിലും മുഖത്ത് നല്ല സുഖം തോന്നിച്ചിരുന്നു. ഡോക്ടർമാർ അവനെ നോക്കിക്കൊണ്ട് പറഞ്ഞു. ഇപ്പോൾ നല്ല വ്യത്യാസം തോന്നുന്നുണ്ട്. അവർക്ക് സംതൃപ്തിയായി. എന്നാൽ ഖലീഫത്തുൽ മസീഹ് അവ്വൽ(റ) കൂടുതൽ പരിചയസമ്പന്നനായിരുന്നു. അതുകൊണ്ട് കുട്ടിയുടെ സ്ഥിതി വളരെ മോശമായിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പെട്ടെന്ന് മനസ്സിലാക്കി. അദ്ദേഹം പേടിച്ചുകൊണ്ട് കുട്ടിയുടെ ഞെരമ്പ് പിടിച്ചുകൊണ്ട് പരിശോധിച്ചു. പക്ഷേ, ഞരമ്പിന്റെ സ്പന്ദനം മനസ്സിലാക്കാൻ സാധിച്ചില്ല. മനുഷ്യർ മരണത്തിനോടടുക്കുന്തോറും ഞരമ്പിന്റെ സ്പന്ദനം കുറഞ്ഞുകൊണ്ടിരിക്കും. പിന്നീട് കുട്ടിയുടെ കക്ഷത്ത് കൈവെച്ച് നോക്കി. അവിടേയും ഞരമ്പ് കിട്ടിയില്ല. ഞരമ്പ് കിട്ടുന്നില്ലെന്ന് കണ്ടപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു ഹുസൂർ കുറച്ച് കസ്തൂരി വേണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പെട്ടിയിൽനിന്ന് കസ്തൂരി എടുക്കാൻപോയി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് വളരെയധികം സ്നേഹമായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) മുബാറക്ക് അഹ്മദിനെ വളരെയധികം സ്നേഹിക്കുന്ന ആളാണെന്ന കാര്യം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) നും നല്ലപോലെ അറിയാമായിരുന്നു. അതുകൊണ്ട് മുബാറക്ക് അഹ്മദ് മരിക്കാൻ പോവുകയാണെന്നറിഞ്ഞപ്പോൾ അദ്ദേഹം വളരെയധികം വിഷമിക്കുകയും നിൽക്കാൻ സാധിക്കാതെ നിലത്തിരുന്നുപോവുകയും ചെയ്തു. തുടർന്ന് പഞ്ഞു ഹുസൂർ വേഗം കസ്തൂരികൊണ്ടുവരൂ. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ വാചകം കേട്ടപ്പോൾ കുട്ടിയുടെ സ്ഥിതി ശരിയല്ല എന്ന് മനസ്സിലാക്കി, കസ്തൂരി എടുക്കാതെ തിരിച്ചുവന്നു. ചോദിച്ചു. കുട്ടി മരണപ്പെട്ടോ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറഞ്ഞു. അതെ, ഹുസൂർ മരണപ്പെട്ടു. അദ്ദേഹം ഉടനെ ഇന്നാലില്ലാഹി വഇന്നാഇലയ്ഹി റാജിഊൻ എന്ന് ചൊല്ലി. യാതൊരു വ്യാകുലതയും ഇല്ലാതെ ദൂരെ ദിക്കിലുള്ള അഹ്മദികൾക്ക് ഇപ്രകാരം കത്തെഴുതാൻ തുടങ്ങി. 'മുഅ്മിനീങ്ങൾക്ക് (വിശ്വാസികൾക്ക്) പരീക്ഷണങ്ങൾ വന്നുകൊണ്ടിരിക്കുകതന്നെ ചെയ്യും. അതിലൊരിക്കലും പരിഭ്രമിക്കരുത്. മാത്രമല്ല തങ്ങളുടെ ഈമാനെ (വിശ്വാസത്തെ) അടിപതറാതെ ഉറപ്പിച്ചുനിർത്തുകയും വേണം. തുടർന്നെഴുതി. മുബാറക്ക് അഹ്മദിന്റെ വഫാത്തിനെ സംബന്ധിച്ച് എനിക്ക് അല്ലാഹു മുൻകൂട്ടി അറിയിച്ചുതന്നിരുന്നു. ഇവൻ ചെറുപ്രായത്തിൽതന്നെ തിരിച്ചുവിളിക്കപ്പെടുമെന്ന്. ആയതിനാൽ ഇവന്റെ മരണത്തോടെ അല്ലാഹുവിന്റെ പ്രവചനം പൂർത്തിയായിരിക്കുകയാണ്. പിന്നീട് കുട്ടിയുടെ ഖബറിന്റെ ഫലകത്തിൽ ഒരു കവിത എഴുതുകയുണ്ടായി. അതിലെ ഒരു വരി ഇപ്രകാരമാണ്.

ബുലാനെ വാലാഹെ സബ്സെ പ്യാരാ ഉസിപേ ഏ ദിൽ തൂ ജാൻ ഫിദാകർ.

“വിളിക്കുന്നവനാണ് ഏറ്റവും കൂടുതൽ പ്രിയപ്പെട്ടവൻ എൻഹൃദയമേ നീ അവനിൽ ജീവൻ അർപ്പണം ചെയ്യൂ. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ എന്ന വചനത്തിലെ ആശയം തന്നെയാണ് ഈ വരിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ചുരുക്കത്തിൽ സത്യവിശ്വാസികൾക്ക് ഏതുതരം പ്രയാസങ്ങൾ നേരിട്ടാലും അവർ പറയും എന്റെ ബന്ധം അല്ലാഹുവുമായിട്ടാണ്, എന്റെ പ്രിയപ്പെട്ട ഒരാളെ തിരിച്ചുവിളിക്കുന്നതാണ് അഭികാമ്യമെന്ന് അല്ലാഹു മനസ്സിലാക്കുമ്പോൾ എനിക്കതിൽ പരിഭ്രമിക്കേണ്ട ആവശ്യമെന്തിരിക്കുന്നു. അത് അവന്റേതായിരുന്നു. അവൻ തന്നെയാണ് തിരിച്ചുവിളിക്കാൻ അവകാശപ്പെട്ടവൻ. ചുരുക്കത്തിൽ ഞങ്ങൾ അല്ലാഹുവിനുവേണ്ടിയുള്ളതാണ്) എന്നതിന്റെ ഒരർത്ഥം

അല്ലാഹു നമ്മെ നശിപ്പിക്കുകയില്ല. (വിഷമിപ്പിക്കുകയില്ല) രണ്ടാമത്തെ അർത്ഥം ഏതൊന്നിനോടുള്ള നമ്മുടെ ബന്ധം അല്ലാഹു കാരണത്താലാണ്. ഏതൊന്നിലാണോ നമ്മുടെ അല്ലാഹുവിന്റെ തൃപ്തിയുള്ളത് അതിൽതന്നെയാണ് നമ്മുടെ തൃപ്തിയും.

ശ്രദ്ധേയമായ മൂന്നാമത്തെ കാര്യം ഇതാണ്. അതായത്, ഇവിടെ അല്ലാഹു (അനലില്ലാഹി) (ഞാൻ അല്ലാഹുവിനുള്ളവനാണ്) എന്നല്ല പറഞ്ഞത് മറിച്ച്, ഇന്നാലില്ലാഹ് (ഞങ്ങൾ അല്ലാഹുവിനുള്ളവരാണ്) എന്നാണ് പറഞ്ഞത്. ഇപ്രകാരം പറയാൻ കാരണം ഈ പ്രതിജ്ഞ ഒറ്റക്ക് മാത്രമാകാതെ ഈ ലോകത്തിലെ എല്ലാ വസ്തുക്കളും അല്ലാഹുവിന്റേതാണെന്നും നമുക്ക് അവയുമായി താൽക്കാലികബന്ധം മാത്രമാണുള്ളതെന്നുമുള്ള ദൃഢബോധം എല്ലാ മനുഷ്യർക്കും ഉണ്ടാകുന്നതിനുവേണ്ടിയാണ്. അതായത് എനിക്ക് മാത്രമല്ല ലോകത്തിലെ ഒരു മനുഷ്യനും അല്ലാഹുവിന്റെ ഒരു പ്രവർത്തിയെപ്പറ്റി ആക്ഷേപിക്കാനർഹതയില്ല, അനിഷ്ടകരമായ കാര്യങ്ങളിൽ മുഖം കറുപ്പിക്കാനും പാടുള്ളതല്ല. മസ്നവി റൂമി എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് ലുഖ്മാനെ സംബന്ധിച്ച്- ഇദ്ദേഹത്തെ ചിലർ നബിയാണെന്നും വിശ്വസിക്കുന്നു. ഒരു സംഭവം എഴുതിയിട്ടുണ്ട്. അദ്ദേഹം ചെറുബാലനായിരുന്നപ്പോൾതന്നെ മാതാപിതാക്കൾ മരണപ്പെടുകയും ആരോ അദ്ദേഹത്തെ അടിമയാക്കി ഒരു കച്ചവടക്കാരന് വിൽക്കുകയും ചെയ്തു. കച്ചവടക്കാരൻ അദ്ദേഹത്തെ ബുദ്ധിമാനും മിടുക്കനുമാണെന്ന് മനസ്സിലാക്കി അദ്ദേഹത്തോട് അടിമകളോട് പോലെയുള്ള പെരുമാറ്റം ഒഴിവാക്കുകയും സ്നേഹത്തോടെ വർത്തിക്കുകയും ചെയ്തു. ഒരു ദിവസം ഒരാൾ കച്ചവടക്കാരന് ഒരു കക്കിരിക്ക സമ്മാനിച്ചു. പ്രത്യക്ഷത്തിൽ അത് വളരെ നല്ലതായിരുന്നു. അദ്ദേഹം അതിൽനിന്ന് ഒരു കഷണം മുറിച്ച് ഹദ്റത്ത് ലൂഖ്മാന് കൊടുത്തു. അദ്ദേഹം ചവച്ചപ്പോൾ അത് നല്ല കയ്പുള്ളതായിരുന്നു. പക്ഷേ, അദ്ദേഹം സസന്തോഷം ആസ്വദിച്ച് തിന്നുകൊണ്ടിരുന്നു. യജമാനൻ വീണ്ടും ഒരു കഷണം മുറിച്ച് കൊടുത്തു. ഹദ്റത്ത് ലൂഖ്മാൻ വീണ്ടും ആസ്വദിച്ചു തിന്നു. അങ്ങനെ ഇത് നല്ല സ്വാദുള്ള കക്കരിക്കയാണെന്ന് വിചാരിച്ച് കച്ചവടക്കാരനും ഒരു കഷണം സ്വന്തം തിന്നുതുടങ്ങിയപ്പോഴാണ് ഇത് നല്ല കയ്പുള്ള കക്കരിക്കയാണെന്ന് മനസ്സിലാക്കിയത്. അതിൽ അദ്ദേഹത്തിന് ഹദ്റത്ത് ലുഖ്മാനോട് ദയയും ഒപ്പം കോപവും ഉണ്ടായി. അദ്ദേഹം പറഞ്ഞു നീ പറഞ്ഞിരുന്നുവെങ്കിൽ ഞാൻ വീണ്ടും വീണ്ടും ഈ കയ്ക്കുന്ന കക്കരി കഷണങ്ങൾ തരില്ലായിരുന്നു. ഹദ്റത്ത് ലുഖ്മാൻ മറുപടി പറഞ്ഞു. എനിക്ക് ധാരാളം സ്വാദുള്ള കക്കരികഷണങ്ങൾ തിന്നാൻകിട്ടിയ തിരുകയ്യാണ് താങ്കളുടേത് എന്നിരിക്കെ ആ കയ്യിൽനിന്ന് ഒന്നുരണ്ട് കയ്പ്പുള്ള കക്കരി കഷണങ്ങൾ കിട്ടുമ്പോഴേക്കും അതിനെ തിരസ്കരിച്ചുകൊണ്ട് നന്ദികേട് കാണിക്കുന്നത് എനിക്ക് ചേർന്നതാണോ? ഞങ്ങൾ അല്ലാഹുവിനുവേണ്ടിയുള്ളവരാണ് എന്നതിന്റെ അർത്ഥവും ഇതുതന്നെയാണ്. ഇത്രയധികം അനുഗ്രഹങ്ങൾ നൽകിയ അല്ലാഹു ഏതെങ്കിലും ഉദ്ദേശ്യലക്ഷ്യത്തിനുവേണ്ടി ഒരു അനുഗ്രഹത്തെ തിരിച്ചെടുക്കുകയാണെങ്കിൽ എന്തു ചെയ്യും? അതല്ലെങ്കിൽ അവൻ അഗണ്യം സന്തോഷങ്ങൾ പ്രദാനം ചെയ്തിരിക്കെ ഒരു പ്രയാസം വരുമ്പോഴേക്കും എന്ത് ചെയ്യാനാണ്? എല്ലാംതന്നെ അവൻ തന്നതാണ്. അവന്റെ ഇഷ്ടത്താൽ ഒരു സാധനം തിരിച്ചെടുക്കുമ്പോഴേക്കും പരിഭ്രമിക്കുകയും പിറുപിറുക്കുകയും ചെയ്യുന്നത് അവിവേകമല്ലേ?

ഈ വചനത്തിന്റെ നാലാമത്തെ അർത്ഥം ഇതിനേക്കാൾ ഉയർന്നതും സത്യവിശ്വാസികളുടെ സ്ഥാനത്തിന് ഏറ്റവും അനുയോജ്യമായതുമാണ്. അതായത്, അല്ലാഹു ഞങ്ങളിൽനിന്ന് ഒരു സാധനം തിരിച്ചെടുക്കുന്നത് പോകട്ടെ ഞങ്ങളുടെ പക്കൽ എന്തെല്ലാം ബാക്കിയുണ്ടോ അതെല്ലാം തന്നെ അവൻ തിരിച്ചെടുക്കുകയാണെങ്കിലും ഞങ്ങൾ അവന്റെ മാർഗ്ഗത്തിൽ സമർപ്പിക്കാൻ തയ്യാറാണ്. സഹാബാക്കളുടെ ജീവിതത്തിൽ ഇതിന് എത്രയോ ഉദാഹരണങ്ങളുമുണ്ട്. ഹസ്റത്ത് ഉസ്മാനിബ്നു മള്ഊൻ(റ) വളരെ ആത്മാർത്ഥതയുള്ള ഒരു സ്വഹാബിയായിരുന്നു. മക്കയിൽവെച്ചാണ് തിരുനബി(സ)നെ വിശ്വസിച്ചത്. അവിടെവെച്ച് വഫാത്താകുകയും ചെയ്തു. തിരുനബി(സ) അദ്ദേഹത്തെ വളരെയധികം സ്നേഹിച്ചിരുന്നു. തിരുനബി (സ)ന്റെ മകൻ ഹസ്റത്ത് ഇബ്രാഹീം(റ) വഫാത്തായപ്പോൾ തിരുനബി(സ) മകനോടായി പറഞ്ഞു പൊയ്ക്കോളൂ നിന്റെ സഹോദരൻ ഉസ്മാനുബ്നു മള്ഊനിന്റെ അടുക്കലേക്ക്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അദ്ദേഹത്തേയും തിരുനബി(സ) തന്റെ മകനായി പരിഗണിച്ചു. അദ്ദേഹം ഒരു നാട്ടുപ്രമാണിയുടെ മകനായിരുന്നു. പിതാവ് മരണപ്പെട്ടു. പിന്നീട് പിതാവിന്റെ ഒരു സുഹൃത്ത് അദ്ദേഹത്തിന് അഭയം നൽകിക്കൊണ്ട് ഏറ്റെടുക്കുകയും ഇവനെന്റെ സുഹൃത്തിന്റെ മകനാണ് ആരും ഇവനെ ഉപദ്രവിക്കാൻ പാടില്ല എന്ന് വിളംബരപ്പെടുത്തുകയും ചെയ്തു. കുറച്ച് ദിവസങ്ങൾ അദ്ദേഹം സ്വതന്ത്രമായി കഴിഞ്ഞുകൂടി. ആരും അദ്ദേഹത്തെ ഉപദ്രവിച്ചില്ല. എന്നാൽ, ഒരു ദിവസം ദുർബലരും അടിമകളുമായ മുസ്ലിംകളെ ശത്രുക്കൾ ചുട്ടുപഴുത്ത മണലിൽ കിടത്തി നിഷ്കരുണം ഉപദ്രവിക്കുന്നതായി അദ്ദേഹം കണ്ടു. അദ്ദേഹത്തിന് ഈ കാഴ്ച സഹിക്കാൻ സാധിച്ചില്ല. അദ്ദേഹം നേരത്തെ തന്നെ അഭയം നൽകി ഏറ്റെടുത്ത പിതാവിന്റെ സുഹൃത്തിന്റെയടുക്കൽ പോയി പറഞ്ഞു, "എളാപ്പ ദയവ് ചെയ്ത് എനിക്കുള്ള അഭയം പിൻവലിക്കണമെന്നപേക്ഷിക്കുകയാണ്. ഞാൻ സ്വസ്ഥമായി സന്തോഷത്തോടെ കഴിയുകയും മറ്റ് മുസ്ലിംകൾ കഠിനമായി ഉപദ്രവിക്കപ്പെടുകയും ചെയ്യുന്നത് എനിക്ക് തീരെ

സഹിക്കാൻവയ്യ." അങ്ങനെ അയാൾ തന്റെ അഭയ പ്രഖ്യാപനം പിൻവലിച്ചു. ഇതിനിടയിൽ അറേബ്യയിൽ പേരുകേട്ട ഒരു കവി ലുബയ്ദ മക്കയിൽ എത്തി. (ഇ ദ്ദേഹം പിന്നീട് മുസ്ലിമാവുകയുണ്ടായി) ഇദ്ദേഹ ത്തിന്റെ ബഹുമാനാർത്ഥം ജനങ്ങൾ ഒരു കവിയരങ്ങ് പരിപാടി സംഘടിപ്പിച്ചു. ഹസ്റത്ത് ഉസ്മാനിബ്നു മള് ഊനും(റ) അഭയപ്രഖ്യാപനം പിൻവലിച്ച ആ നേതാവും അവിടെയുണ്ടായിരുന്നു. ഏറെക്കുറെ എല്ലാ കവി കളും തങ്ങളുടെ കവിതകൾ അവതരിപ്പിച്ചു. ലുബ യ്ദിന്റെ ഊഴം എത്തി. കവിത അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ ചൊല്ലി. ***അലാ കുല്ലി ശയ്യിൻ മാ ഖലഖല്ലാഹു ബാതിൽ*** അർത്ഥം കേൾക്കുവിൻ. അല്ലാഹുവല്ലാത്ത എല്ലാ ഓരോ വസ്തുവിനും നാശം സംഭവിക്കുന്നതാണ്. ഈ കവിതാശകലം കേട്ടമാത്ര യിൽ ഹസ്റത്ത് ഉസ്മാനിബ്നു മള്ഊൻ ആവേശ ത്തോടെ പറഞ്ഞു. ശരിയാണ് പറഞ്ഞത് വളരെ നന്നാ യിരിക്കുന്നു. ഇതുകേട്ട് ലുബയ്ദിന് ദേഷ്യം വന്നു. "ഈ ചെറിയ കുട്ടിയുടെ ആശിർവാദം കേൾക്കാൻ മാത്രം ഞാൻ മോശമാണോ? എന്ന് പറഞ്ഞു. പിന്നീട് ജനങ്ങളെ പ്രകോപിപ്പിച്ചുകൊണ്ട് പറഞ്ഞു. എന്തൊരു സംസ്കാരശൂന്യമായ പരിപാടിയാണ് നിങ്ങൾ സംഘ ടിപ്പിച്ചിരിക്കുന്നത്. ഒരു ചെറിയകുട്ടിയാണോ എന്നെ ആശിർവദിക്കുന്നത്? ജനങ്ങൾ ഹസ്റത്ത് ഉസ്മാ നുബ്നു മള്ഊനെ ചീത്തപറഞ്ഞു. അവർ അദ്ദേ ഹത്തെ താക്കീത് ചെയ്തുകൊണ്ട് പറഞ്ഞു. "ഇനി മേലിൽ ഒരൊറ്റയക്ഷരം മിണ്ടിപ്പോകരുത്.'' അതിനുശേഷം കവി കവിതാശകലത്തിന്റെ ബാക്കി ഭാഗം കേൾപ്പിച്ചു.

എല്ലാ അനുഗ്രഹങ്ങളും ഒരുനാൾ അവസാനിച്ച് പോകുന്നതാണ്. ഇതുകേട്ട് ഹസ്റത്ത് ഉസ്മാനുബ്നു മള്ഊൻ(റ) വീണ്ടും ആവേശത്തോടെ പറഞ്ഞു. ഇത് ശരിയല്ല. സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങൾ ഒരിക്കലും അവസാനിക്കുകയില്ല. ലുബയ്ദ് കഠിനമായി കോപി ച്ചു. നിങ്ങളെന്നെ നിന്ദിച്ചിരിക്കുന്ന, കവിതാവതരണം നിർത്തുകയാണെന്നും പറഞ്ഞ് ജനങ്ങളെ വീണ്ടും പ്രാകോപിപ്പിച്ചു. ഇതുകേട്ട് ഒരാൾ കോപാന്ധനായി എഴുന്നേറ്റ് ഹസ്റത്ത് ഉസ്മാനുബ്നു മള്ഊന്റെ മുഖ ത്താഞ്ഞു ഇടിച്ചു. ഇടിയുടെ ആഘാതംകൊണ്ട് അദ്ദേ ഹത്തിന്റെ ഒരു കണ്ണ് നഷ്ടപ്പെട്ടു. മുമ്പ് അദ്ദേഹത്തിന് അഭയം നൽകിയിരുന്ന ആ നേതാവ് അവിടെയടുത്ത് ഇരിപ്പുണ്ടായിരുന്നു. പക്ഷേ മറ്റുള്ളവർക്കെതിരായി എന്തെങ്കിലും പറയാൻമാത്രം അയാൾക്ക് ധൈര്യമു ണ്ടായിരുന്നില്ല. അതുകൊണ്ട് അയാൾ ഹസ്റത്ത് ഉസ്മാനു മള്ഊനിനെ ശകാരിക്കാൻ തുടങ്ങി. ഒരു ധനവാന്റെ കുട്ടി ഒരു ദരിദ്രയായ സ്ത്രീയുടെ കുട്ടിയെ അടിക്കുമ്പോൾ ആ സ്ത്രീ തന്റെ കുട്ടിയെതന്നെ ശകാ രിച്ചുകൊണ്ട് നീ എന്തിനാണ് വീട്ടിൽനിന്ന് പുറത്തിറ ങ്ങിയത് എന്ന് പറയുന്നതുപോലെ അയാൾ ഹസ്റത്ത് ഉസ്മാനുബ്നു മള്ഊൻ(റ)നെ ശകാരിച്ചുകൊണ്ട് പറ ഞ്ഞു. ഞാൻ നിന്നോട് പറഞ്ഞതല്ലെ. എന്റെ അഭയം വിട്ട് പോകേണ്ട. ഇപ്പോൾ നീ അതിന്റെ ഫലം കണ്ടില്ലേ? ഹസ്റത്ത് ഉസ്മാനുബ്നു മള്ഊൻ(റ) മറു പടി പറഞ്ഞു. "എളാപ്പ! താങ്കൾക്ക് എന്റെ ഒരു കണ്ണ് പോയതിലല്ലെ സങ്കടം, എന്റെ രണ്ടാമത്തെ കണ്ണും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അർപ്പിക്കാൻ ഞാൻ തയ്യാറാണ്." ആയതിനാൽ യഥാർത്ഥ വിശ്വാസി പരീ ക്ഷണങ്ങൾ വരുമ്പോൾ പേടിക്കുകയില്ല. മറിച്ച് അവർക്ക് ബുദ്ധിമുട്ടുകൾ വരുമ്പോഴും വിലപ്പെട്ടതെ ന്തെങ്കിലും നഷ്ടപ്പെടുമ്പോഴും അവർ പറയും "മരി ക്കുന്നവരും ജീവിക്കുന്നവരും എല്ലാവരും അല്ലാഹു വിന്റേതാണ്. അതുകൊണ്ട് അവന്റെ ഒരു ദാസന്റെ കയ്യിൽ ഏൽപിച്ച അമാനത്ത് തിരിച്ച് വാങ്ങുകയാണെ ങ്കിൽ അതിൽ പരിഭ്രമിക്കാനെന്തുണ്ട്? ഞാൻ എന്റേ തെല്ലാം അവന്റെ മാർഗ്ഗത്തിൽ അർപ്പണം ചെയ്യാൻ തയ്യാറാണ്."

വഇന്നാ ഇലയ്ഹി റാജിഊൻ എന്ന വചനത്തിൽ നാം അല്ലാഹുവിങ്കലേക്ക് തന്നെ മടങ്ങുന്നവരാണെന്ന് പറഞ്ഞുകൊണ്ട് നമ്മുടെ എല്ലാ പ്രതിസന്ധികളേയും ബുദ്ധിമുട്ടുകളേയും അകറ്റാൻ കഴിവുള്ളവൻ അല്ലാഹു മാത്രമാണെന്ന് ഉണർത്തുകയാണ്. പ്രശ്നപരിഹാര ത്തിനായി സുഹൃത്തുക്കളോടും മറ്റും ചോദിക്കുന്ന തിനുപകരമായി ഏറ്റവും വലിയ സുഹൃത്തായ അല്ലാ ഹുവിനോട് മാത്രം ചോദിക്കുക. തിരുനബി(സ)ന്റെ മാതൃകയും അതായിരുന്നു. ഇപ്രകാരം പ്രവർത്തിക്കു ന്നവർ ഒരിക്കലും പരാജയപ്പെടുകയില്ല. മനുഷ്യർക്ക് ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വരുമ്പോഴൊക്കെ ഇന്നാലില്ലലാഹി.... എന്ന് ചൊല്ലിക്കൊണ്ടിരിക്കണം. അതായത്, അല്ലാഹു സർവ്വശക്തിമാനാണ്. ഞാൻ അവന്റെയടുക്കലേക്കാണ് പോകേണ്ടത്. അവനിൽനി ന്നാണ് സഹായം തേടേണ്ടത്. ഇങ്ങനെ ചെയ്യുമ്പോൾ അല്ലാഹു നമ്മെ അനുഗ്രഹിക്കുകയും നമ്മുടെ പ്രയാ സങ്ങളെ ദൂരെയാക്കുകയും ചെയ്യുന്നതാണ്.

***ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി റാജിഊൻ*** എന്ന വചനം ഒരു ദുആയും കൂടിയാണ്. നഷ്ടപ്പെട്ട വസ്തുക്കൾ തിരിച്ചു കിട്ടുന്നതിനും ദുഃഖങ്ങളെ അക റ്റുന്നതിനും സഹനശക്തി കൈവരുന്നതിനും ഈ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. എന്നാൽ ഒരു കാര്യം ഓർക്കണം. ഈ ദുആ ചെയ്തുകൊണ്ട് നഷ്ട പരിഹാരത്തിനുള്ള സാധ്യതയുണ്ടായിട്ടും പരിഹാരം ഉണ്ടാകുന്നില്ലെങ്കിൽ അതിൽ അല്ലാഹുവിന്റെ ഏതോ നിഗൂഢമായിരിക്കുന്ന വിധി തടസ്സമായിരിക്കുകയാ ണെന്ന് മനസ്സിലാക്കേണ്ടതാണ്. പക്ഷേ, ആത്മാർത്ഥ തയോടും, ദൃഢവിശ്വാസത്തോടും കൂടി ഒരാൾ ഈ ദുആ ചെയ്തുകൊണ്ടിരുന്നാൽ ഏതെങ്കിലും തര ത്തിൽ അല്ലാഹു അയാൾക്ക് പ്രതിഫലം നൽകാതിരി ക്കുകയില്ല.

***വിവ: റിസ്‌വാന ഇഫ്ഫത്ത്***

# മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ കാലിക പ്രസക്തി

**അ**നുദിനം പെറ്റുപെരുകിക്കൊണ്ടിരിക്കുന്ന പ്രസിദ്ധീകരണങ്ങളിൽ മിക്കതും ഒരു വിജ്ഞാനസ്രോതസ്സായി ഉപയോഗിക്കാൻ കഴിയാത്തവിധം വിനോദങ്ങൾക്ക് പ്രാധാന്യം നൽകുന്നവയാണ്. പുറംമോടിയിൽ തിളങ്ങിയിരിക്കുന്ന ഇത്തരം പ്രസിദ്ധീകരണങ്ങൾ ഉൾക്കാമ്പിന്റെ കാര്യത്തിൽ മങ്ങിയിരിക്കുന്നുവെന്നതാണ് നഗ്നമായ സത്യം. ഇവ വായനക്കാരുടെ ഭൗതികാസക്തി വർദ്ധിപ്പിക്കുന്നതിനാൽ കുറ്റവാളികളുടെയും കുറ്റങ്ങളുടേയും എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 'വായിച്ചാലും വളയും' എന്നൊരവസ്ഥയിലേക്ക് ലോകത്തെ എത്തിച്ചിരിക്കുകയാണ് ഇത്തരം പ്രസിദ്ധീകരണങ്ങൾ.

വിശുദ്ധഖുർആന്റെ പ്രഥമവും പ്രധാനവുമായ കല്പനയാണ് 'ഇക്റഅ്'. അതുകൊണ്ട് സത്യവിശ്വാസിക്ക് വായനാശീലം നിർബന്ധമാകുന്നു. വ്യർത്ഥമായ കാര്യങ്ങളിൽ സമയം ചെലവഴിക്കുന്നത് ഒരു സത്യവിശ്വാസിക്ക് ചേർന്നതല്ലാത്തതുകൊണ്ട് 'ബുക്ക് സെലക്ഷൻ' ഗൗരവമേറിയ വിഷയം തന്നെയാണ്.

ഒരു ഉത്തമഗ്രന്ഥത്തിനുണ്ടായിരിക്കേണ്ട സകല ലക്ഷണങ്ങളും ഒത്തുചേർന്ന ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായനക്കാർക്ക് മുമ്പിൽ ഒരു വിജ്ഞാനസാഗരം തുറന്ന് കൊടുക്കുന്നതോടൊപ്പംതന്നെ ജീവിതവഴികാട്ടിയായി വർത്തിക്കുകയും ചെയ്യുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ മറ്റൊരു സവിശേഷത അതിലെ അധ്യാപനങ്ങൾ സ്ഥലകാലവർഗ്ഗവംശലിംഗ ഭേദമന്യേ ഏവർക്കും പ്രായോഗികവും പ്രയോജനപ്രദവുമാണ് എന്നതാണ്. മനുഷ്യമനസ്സുകളിൽ പതിപ്പിക്കുംവിധം ആകർഷകമായ നിലയിൽ അവതരിപ്പിക്കാനുള്ള കഴിവും അദ്ദേഹത്തിനുണ്ടായിരുന്നു.

'വിജയശ്രീലാളിതനായ ജേർണൽ' എന്ന് മൗലാനാ അബ്ദുൽകലാം ആസാദിനാൽ വിശേഷിപ്പിക്കപ്പെട്ട ഹസ്റത്ത് മസീഹ് മൗഊദ്(അ) ഉറുദു, അറബി, ഫാർസി ഭാഷകളിൽ ചെറുതും വലുതുമായ 91 ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. 'റൂഹാനി ഖസായിൻ' എന്നറിയപ്പെടുന്ന ഈ മഹത്ഗ്രന്ഥങ്ങളെല്ലാംതന്നെ ഇസ്ലാമിനെക്കുറിച്ച് ഇതരമതസ്ഥർക്കുള്ള ആക്ഷേപങ്ങൾക്ക് മറുപടിയും ആത്മീയജ്ഞാനങ്ങളുടെ മഹാസാഗരവുമായിരുന്നു. ആഭ്യന്തരപ്രശ്നങ്ങളാലും ബാഹ്യമായ അക്രമങ്ങളാലും ഞെങ്ങിഞെരുങ്ങിയിരുന്ന ഇസ്ലാമിനെ തന്റെ തൂലിക പടവാളാക്കിക്കൊണ്ട് ആ ഒറ്റയാൾ പട്ടാളം മറ്റ് മതങ്ങളുടെമേൽ വിജയിച്ചു. ഇതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ ആഗമനോദ്ദേശ്യം. സൂറാഃസഫ്ഫിൽ അല്ലാഹു പറയുന്നു. '***ഹുവല്ലദീ അർസല റസൂലഹു ബിൽ ഹുദാ വദിനിൽ ഹഖ്ഖി ലിയുള്ഹിറഹു അലദ്ദിനി കുല്ലിഹീ വലൗകരിഹൽ മുശ്‌രിക്കൂൻ***' (തന്റെ ദൂതനെ നേർമാർഗ്ഗത്തോടും സത്യമതത്തോടുംകൂടി അയച്ചവനത്രെ അവൻ. അദ്ദേഹം അതിനെ എല്ലാ മതങ്ങളുടെയും (പ്രത്യയശാസ്ത്രങ്ങളുടെയും)മേൽ വിജയിപ്പിക്കുന്നതിനുവേണ്ടി. ബഹുദൈവവിശ്വാസികൾ വെറുത്താലും ശരി)

ഈ മഹത്ഗ്രന്ഥങ്ങൾക്ക് അവ അർഹിക്കുന്ന നിലയും വിലയും ജനങ്ങൾ നൽകിയിരുന്നെങ്കിൽ ഈ ലോകം ഇന്നൊരു സ്വർഗ്ഗമായിത്തീരുമായിരുന്നു. 'വരാനിരിക്കുന്ന മസീഹ് ധനം വിതരണം ചെയ്യും. പക്ഷേ, വാങ്ങുന്നവരുണ്ടാവുകയില്ല' എന്ന മുഹമ്മദ് നബി (സ)യുടെ തിരുമൊഴി എത്ര വ്യക്തമായാണ് പുലർന്നിരിക്കുന്നത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "സ്നേഹലോകത്തിന്റെ രാജാധികാരവും ദിവ്യജ്ഞാനങ്ങളുടെ ഖജനാവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ജനങ്ങൾ എന്നിൽനിന്ന് വാങ്ങിവാങ്ങി ക്ഷീണിക്കുന്നതുവരെ ഞാനിത് വിതരണം ചെയ്തുകൊണ്ടിരിക്കും." ഇന്ന് അഹ്മദികൾക്ക് പുറമെ അനഹ്മദി പണ്ഡിതന്മാരും തങ്ങളുടെ പ്രസംഗങ്ങൾക്കും ലേഖനങ്ങൾക്കും വേണ്ടി ഈ ജ്ഞാനസമുദ്രത്തിൽനിന്ന് പ്രയോജനമെടുക്കുന്നുവെന്നത് പരസ്യമായ രഹസ്യമാണ്.

1876-1908 കാലഘട്ടത്തിലാണ് മസീഹ് മൗഊദ്(അ) ഗ്രന്ഥങ്ങൾ രചിച്ചതെങ്കിലും ഈ 21-ാം നൂറ്റാണ്ടിൽ ലോകത്തെ പിടിച്ചുകുലുക്കുന്ന ചെറുതും വലുതുമായ സകല പ്രശ്നങ്ങൾക്കും അവയിൽ പരിഹാരമുണ്ട് എന്നത് വിസ്മയാവഹം തന്നെ. ശാന്തിയുടേയും സമാധാനത്തിന്റേയും മതമായ ഇസ്ലാം മുസ്ലിം തീവ്രവാദികൾ എന്നറിയപ്പെടുന്ന വിവരദോഷികളുടെ കോപ്രായങ്ങൾ നിമിത്തം ഒരു തീവ്രവാദമതമായി ചിത്രീകരിക്കപ്പെട്ടിരിക്കുകയാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജിഹാദ് എന്ന കൃതി ജിഹാദിന്റെ യഥാർത്ഥ ഉദ്ദേശ്യത്തെ വിളിച്ചോതുന്നതും ഇസ്ലാമിനെക്കുറിച്ച് ലോകത്ത് പടർന്നിരിക്കുന്ന ഇത്തരം

തെറ്റിദ്ധാരണകൾ നീക്കാൻ സഹായിക്കുന്നതുമാണ്. ഈ വിഷയത്തിന്റെ ഗൗരവവും പ്രാധാന്യവും മനസ്സിലാക്കിക്കൊണ്ട് പല ഗ്രന്ഥങ്ങളിലും ജിഹാദിന്റെ യാഥാർത്ഥ്യവും സമാധാനത്തിന്റെ പ്രാധാന്യവും എടുത്തുദ്ധരിച്ച മസീഹ് മൗഊദ്(അ)ന് മാത്രമാണ് ഇസ്‌ലാമിന്റെ യഥാർത്ഥ സൗന്ദര്യം ലോകത്തിന് മുന്നിൽ കാഴ്ചവെക്കാൻ സാധിച്ചത്.

2005 സെപ്തംബറിൽ ജെലന്റ്സ് പോസ്റ്റൺ എന്ന ഡാനിഷ് ദിനപത്രത്തിൽ ഹസ്‌റത്ത് മുഹമ്മദ് മുസ്തഫ(സ) നിന്ദിക്കുന്ന രീതിയിൽ കാർട്ടൂൺ പ്രസിദ്ധീകരിച്ചത് ലോകമുസ്‌ലിംകളുടെ ഹൃദയത്തെ വ്രണപ്പെടുത്തിയ സംഭവമായിരുന്നു. ഇസ്‌ലാം ഒരു തീവ്രവാദമതമാണെന്ന തെറ്റിദ്ധാരണ ശക്തിപ്പെടുത്തുന്ന രീതിയിലായിരുന്ന മുല്ലാക്കൾ ഇതിന്നെതിരെ പ്രതികരിച്ചത്. എന്നാൽ ഹസ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുമായി ഇടപഴകി ജീവിക്കുന്ന ഒരഹ്മദി മുബല്ലിഗിന് കാർട്ടൂൺ പ്രസിദ്ധീകരണത്തിന് ഉത്തരവാദിയായവരെക്കൊണ്ട് മാപ്പ് പറയിപ്പിക്കുന്ന രീതിയിൽ പ്രതികരിക്കാൻ സാധിച്ചുവെന്നത് ആ മഹത്ഗ്രന്ഥങ്ങളുടെ കാലികപ്രസക്തി ഒന്നുകൂടി തെളിയിക്കുന്നു.

വർഗ്ഗീയകലാപങ്ങൾ എന്നും ഇന്ത്യാ ഉപഭൂഖണ്ഡത്തിനൊരു ശാപമായിരുന്നു. ഇന്ന് അത് ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളക്കരയിൽപോലും കരിനിഴൽ വീഴ്ത്തിയിരിക്കുന്നു. ഹസ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ 'പൈഗാമെ സുൽഹ്' (മൈത്രീസന്ദേശം) എന്ന കൊച്ചുഗ്രന്ഥം ഈ വർഗ്ഗീയാഗ്നി കെടുത്താൻ പര്യാപ്തമാണെന്ന് ആ ഗ്രന്ഥം വായിച്ചിട്ടുള്ള ആർക്കും നിസ്സംശയം പറയാൻ സാധിക്കും. ശ്രീകൃഷ്ണൻ(അ) ഒരു ദൈവദൂതനാണെന്ന് വിശുദ്ധഖുർആന്റെയും തിരുഹദീസുകളുടെയും പിൻബലത്തിൽ തെളിയിച്ചുകൊണ്ട് മതസൗഹാർദ്ദത്തിന്റെ പുതിയ വാതായനങ്ങൾ അവിടന്ന് ജനങ്ങൾക്ക് മുമ്പിൽ തുറന്ന്കൊടുത്തു.

ക്രിസ്തീയശക്തികളുടെ 'സമാധാനത്തിന് വേണ്ടിയുള്ള യുദ്ധം' ഇന്ന് ലോകത്തിന്റെ ഉറക്കം കെടുത്തിയിരിക്കയാണ്. ക്രിസ്തുവിന്റെ കുരിശ്മരണം, വാനാരോഹണം, പുനരാഗമനം എന്നീ വിശ്വാസങ്ങളിൽ നിലനില്ക്കുന്ന ആധുനിക ക്രിസ്തുമതത്തിന്റെ പൊള്ളത്തരങ്ങൾ മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിലൂടെ പുറത്തുകൊണ്ടുവന്നു. വിശുദ്ധഖുർആൻ, തിരുഹദീസ്, ഇഞ്ചീൽ, ബുദ്ധമതഗ്രന്ഥങ്ങൾ മറ്റ് ചരിത്രരേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ രചിച്ച 'മസീഹ് ഹിന്ദുസ്ഥാൻ മെ' എന്ന കൃതിയിലൂടെ ക്രിസ്തുവിന്റെ ഖബർ കാശ്മീരിൽ ശ്രീനഗറിലുണ്ടെന്ന് തെളിയിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ഈ മഹത്കൃതി വായിച്ചവർക്ക് മുന്നിൽ ലോകശക്തിയായി മാറിക്കഴിഞ്ഞ ക്രിസ്തുമതത്തിന്റെ അസ്ഥിത്വംപോലും ഒരു ചോദ്യചിഹ്നമായി മാറിയിരിക്കുകയാണ്. വീണ്ടും സജീവമായിരിക്കുന്ന ക്രിസ്തുവിന്റെ ഖബറിനെ കുറിച്ചുള്ള ഗവേഷണത്തിന് ഈ ഗ്രന്ഥം തീർച്ചയായും ഒരു വഴികാട്ടിയായിരിക്കും.

ഭൗതികനേട്ടങ്ങൾക്ക് വേണ്ടി പരക്കം പായുന്നതിനിടയിൽ കുടുംബബന്ധങ്ങളെ വിസ്മരിച്ച് പോകുന്ന ആധുനിക കാലഘട്ടത്തിൽ ബന്ധങ്ങളുടെ ആവശ്യവും പ്രാധാന്യവും വിളിച്ചോതുന്ന അദ്ധ്യാപനങ്ങൾ അത്യന്താപേക്ഷിതം തന്നെയാണ്. കുടുംബബന്ധങ്ങൾ ദൃഢപ്പെടുത്തുകയെന്ന മസീഹ് മൗഊദ്(അ)ൽ അർപ്പിതമായ ദൗത്യം നിർവ്വഹിക്കുന്നതിൽ പ്രശംസനീയവിജയം കൈവരിച്ചുവെന്നതിന് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ തെളിവാണ്. മനുഷ്യജീവിതം കടന്ന് പോകുന്ന സകല മേഖലകളിലും അനുഷ്ഠിക്കേണ്ട കടമകളെക്കുറിച്ച് മനുഷ്യമനസ്സിൽ ആഴ്ന്നിറങ്ങുന്ന രീതിയിൽ പ്രതിപാദിച്ചുകൊണ്ട് നിരാലംബർക്ക് തണൽ നൽകുന്ന മധുരമനോഹരലോകം അദ്ദേഹം വിഭാവന ചെയ്യുകയുണ്ടായി.

മനുഷ്യർക്ക് ചിന്തിക്കാൻപോലുമാവാത്ത ഭവിഷ്യൽ കാര്യങ്ങളെക്കുറിച്ച് ദൈവികവെളിപാടുകളുടെ മാത്രം അടിസ്ഥാനത്തിൽ മസീഹ് മൗഊദ്(അ) ചെയ്ത പ്രവചനങ്ങൾ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലെ മറ്റൊരു പ്രതിപാദ്യവിഷയമാണ്. വിശ്വാസികളുടെ ഹൃദയങ്ങൾക്ക് ദൃഢത നൽകുന്ന പ്രവചനസാക്ഷാത്ക്കാരങ്ങളിൽ ഈ കാലത്ത് ഒരു തുടർക്കഥയായി മാറിക്കഴിഞ്ഞ പ്രകൃതിക്ഷോഭങ്ങളും മഹാവ്യാധികളും ഉൾപ്പെടുന്നു. ഇത്തരം ദുരന്തങ്ങളിൽനിന്ന് രക്ഷനേടാൻ മസീഹ് മൗഊദ്(അ) നിർദ്ദേശിച്ച മാർഗ്ഗങ്ങൾ സ്വീകരിച്ചവർ രക്ഷപ്പെടുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്.

ആത്മീയപുരോഗതിയിലേക്കുള്ള വാതിൽ എന്ന് വിശേഷിപ്പിക്കാവുന്ന ഒരു കൊച്ചുകൃതിയാണ് മസീഹ് മൗഊദ്(അ)ന്റെ 'അൽവസിയ്യത്ത്'. കാപ്പിറ്റലിസ്റ്റ് വ്യവസ്ഥിതിയുടെയും കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയുടേയും ന്യൂനതകളിൽനിന്ന് ലോകസമ്പദ്‌വ്യവസ്ഥയെ രക്ഷിക്കുന്ന ഒരാഗോളസാമ്പത്തികപദ്ധതിക്ക് ഈ കൃതിയിലൂടെ അദ്ദേഹം അടിത്തറപാകി.

വിശുദ്ധഖുർആന്റെ ലിപി മാത്രം അവശേഷിച്ച ഒരു കാലഘട്ടത്തിൽ ഖുർആന്റെ ചൈതന്യം മുഴുവൻ ലോകത്ത് വ്യാപിപ്പിക്കുക എന്നത് അദ്ദേഹത്തിൽ അർപ്പിതമായ സുപ്രധാനദൗത്യമായിരുന്നു. ലോകപ്രശംസ പിടിച്ചുപറ്റിയ ഇസ്‌ലാമി ഉസൂൽ കി ഫോലസഫി (ഇസ്‌ലാം മതതത്വജ്ഞാനം) എന്ന ഗ്രന്ഥത്തിൽ അദ്ദേഹം വിശുദ്ധഖുർആന്റെ 200 ഓളം ആയത്തുകൾക്ക് വിശിഷ്ടതരവും ആകർഷകവുമായ രീതിയിൽ വ്യാഖ്യാനം നൽകിക്കൊണ്ട് മനുഷ്യജീവിതലക്ഷ്യത്തിന്റെ പൂർണ്ണത ആവിഷ്കരിച്ചു. ഖുർആനിക സേവനം എന്ന തന്റെ ദൗത്യം എത്ര സുന്ദരമായാണ്

## സെപ്തംബർ 12,13,14 തിയ്യതികളിൽ ഖാദിയാനിൽവെച്ച് നടന്ന ഭാരത് ലജ്നായുടെ വാർഷിക ഇജ്തിമായിൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് തിരുമനസ്സ് അയച്ചുതന്ന സന്ദേശം

പ്രിയമുള്ള ലജ്നാ സഹോദരിമാരെ,

അസ്സലാമു അലൈക്കും, വ....

സദർസാഹിബ ലജ്നാ ഇമായില്ലാഹ് ഭാരത് ലജ്നാ, നാസിറാത്ത്, നവഅഹ്മദി സ്ത്രീകൾ എന്നിവരുടെ ഇജ്തിമായുടെ സന്ദർഭത്തിൽ ഒരു സന്ദേശം അയച്ചു കൊടുക്കുവാൻ എനിക്കെഴുതിയിരിക്കുന്നു.

ഈയവസരത്തിൽ ഞാൻ നിങ്ങൾക്ക് പരിശുദ്ധ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും പാരായണം ചെയ്യുകയും ചെയ്യേണ്ടുന്ന കാര്യത്തിൽ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുവാൻ ആഗ്രഹിക്കുന്നു. അല്ലാഹു നമുക്കേറ്റവും അനുഗ്രഹീത ഗ്രന്ഥമായ വിശുദ്ധഖുർആൻ പ്രദാനം ചെയ്യുകയും അതോടൊപ്പം അത് പാരായണം ചെയ്യുകയും അതിന്റെ അദ്ധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരെ അസാധാരണമായ അനുഗ്രഹങ്ങൾക്കു പാത്രമാക്കുകയും ചെയ്തു. ഇത് അല്ലാഹുവിന്റെ നമ്മുടെമേലുള്ള മഹത്തായ അനുഗ്രഹമാണ്.

ഹസ്റത്ത് നബികരീം(സ) അരുൾചെയ്യുന്നു. "നിങ്ങൾ വിശുദ്ധഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുക. പാരായണം ചെയ്യുന്നവർക്കുവേണ്ടി ഇത് പുനരുത്ഥാനനാളിൽ ശുപാർശ ചെയ്യുന്നതായിരിക്കും."

ഹസ്റത്ത് നബിതിരുമേനി(സ) അരുൾചെയ്തതായി മറ്റൊരു നിവേദനത്തിൽ പറയുന്നു. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന ഒരു വിശ്വാസിയുടെ ഉദാഹരണം മധുരനാരങ്ങയുടേതാണ്. അതിന്റെ രുചിയും നല്ലതാണ്. അതിന്റെ നറുമണവും ഉത്തമമാണ്. വിശുദ്ധഖുർആൻ പാരായണം ചെയ്യാത്ത ഒരു വിശ്വാസിയുടെ ഉദാഹരണം ഈത്തപ്പഴത്തിന്റേതാണ്. അതിന്റെ രുചി നല്ലതാണെങ്കിലും അതിന് നറുമണമില്ല. ഖുർആൻ പാരായണം ചെയ്യുന്ന ശീലമുള്ള ഒരു ദുർനടത്തക്കാരന്റെ ഉദാഹരണം ഒരു സുഗന്ധപുഷ്പത്തിന്റേതാണ്. അതിന്റെ നറുമണം നല്ലതാണെങ്കിലും അതിന്റെ രുചി കയ്പേറിയതാണ്. ഖുർആൻ പാരായണം ചെയ്യാത്ത ദുർനടത്തക്കാരന്റെ ഉദാഹരണം ആട്ടങ്ങയുടേതാണ്. (ചെറിയ കയ്പേറിയ കാട്ടുവെള്ളരി) അതിന് വാസനയോ നറുമണമോ ഇല്ല. അതിന്റെ രുചിയും കയ്പേറിയതാണ്.

ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ) അരുൾചെയ്യുന്നു. വിശുദ്ധഖുർആൻ ഗഹനമായി വിചിന്തനം ചെയ്യുക. അതിൽ എല്ലാംതന്നെ അടങ്ങിയിരിക്കുന്നു. നന്മകളേയും തിന്മകളേയും കുറിച്ചുള്ള വിവരണമുണ്ട്. ഭാവികാലത്തെക്കുറിച്ചുള്ള വാർത്തകൾ മുതലായവയും ഉണ്ട്. അല്ലാഹുതആല ഇതിൽ എല്ലാവിധ രോഗങ്ങൾക്കുമുള്ള പ്രതിവിധി വിവരിച്ചിട്ടുണ്ടെന്നതും എല്ലാ കഴിവുകൾക്കുമുള്ള ശിക്ഷണം നൽകിയിരിക്കുന്നുവെന്നതും ഏതൊരു തിന്മയാണോ പ്രകടമാകുന്നത് അതകറ്റുന്നതിനുള്ള വഴി പറഞ്ഞുതന്നിരിക്കുന്നുവെന്നതും വിശുദ്ധഖുർആന് മാത്രമുള്ള അഭിമാനമാണ്. അതുകൊണ്ട് വിശുദ്ധഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുക. ദുആ ചെയ്തുകൊണ്ടിരിക്കുക. തങ്ങളുടെ സ്വഭാവത്തെ അതിന്റെ അദ്ധ്യാപനമനുസരിച്ചാക്കുന്നതിനായി പരിശ്രമിക്കുക."

വീണ്ടും അരുൾചെയ്യുന്നു. "വിശുദ്ധഖുർആനെ അവഗാധം ചിന്തിച്ചു പാരായണം ചെയ്യുക. നിങ്ങൾ മറ്റാരോടും കാണിച്ചിട്ടില്ലാത്ത സ്നേഹവും പ്രിയവും അധികമായി അതിനോടു വെക്കുക. എപ്രകാരമെന്നാൽ അല്ലാഹു എന്നെ അഭിമുഖീകരിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നു. ***അൽഖൈറു കുല്ലുഹുഫിൽ ഖുർആനി*** എല്ലാവിധത്തിലുള്ള നന്മകളും ഖുർആനിലുണ്ട്. ഇതുതന്നെയാണ് സത്യവും. മറ്റേതെങ്കിലും വസ്തുവിന് അതിനേക്കാൾ മുൻഗണന നൽകുന്നവരുടെമേൽ പരിതാപം- നിങ്ങളുടെ എല്ലാ വിജയത്തിന്റേയും ക്ഷേമത്തിന്റേയും ഉറവിടം ഖുർആനിലാണ്. വിശുദ്ധഖുർആനിൽ കാണപ്പെടാത്ത നിങ്ങളുടെ മതപരമായ ഒരാവശ്യവും ഇല്ലതന്നെ. പുനരുത്ഥാനനാളിൽ നിങ്ങളുടെ ഈമാനിനെ സാത്വീകരിക്കുകയും വ്യാജപ്പെടുത്തുകയും ചെയ്യുന്നത് ഖുർആനാകുന്നു. ഖുർആനല്ലാതെ ആകാശത്തിൻ കീഴിൽ മറ്റൊരു വേദഗ്രന്ഥവുമില്ലതന്നെ. ഖുർആൻ നേരിട്ട് നിങ്ങൾക്ക് രക്ഷാമാർഗ്ഗം പ്രദാനം ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾക്ക് നൽകപ്പെട്ട ഈ അനുഗ്രഹത്തെ വിലമതിക്കുക. ഏറ്റവും പ്രിയങ്കരമായ അനുഗ്രഹമാണിത്. ഇത് ഏറ്റവും വലിയ സമ്പത്താകുന്നു."

അല്ലാഹുവിന്റെ പവിത്രമായ ദിവ്യവെളിപാടിൽ നിന്നും ഇറ്റുവീണ ആത്മീയമായ തേൻ നൽകപ്പെട്ട

നമ്മുടെ പ്രിയങ്കരനായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ.അ) തിരുമേനിയുടെ ഉമ്മത്ത് എത്രമാത്രം അനുഗ്രഹീതമാണ്. അത് രത്നങ്ങളുടെ ഒരു സഞ്ചി പ്രദാനം ചെയ്തിരുന്നു. എന്നാൽ പരിതാപമെന്നുപറയട്ടെ മുസ്ലിംകൾ ഇതിനെക്കുറിച്ച് അജ്ഞരാണ്. ഇന്ന് ഞങ്ങളാണ് ഞങ്ങളുടെ കർമ്മപരമായ മാതൃകമൂലം ഈ അദ്ധ്യാപനങ്ങളെ മുഴുലോകത്തും പരിചയപ്പെടുത്തേണ്ടവർ. തങ്ങളുടെ വീടുകളെ ഈ പരിശുദ്ധ ഗ്രന്ഥം പാരായണം ചെയ്ത് അലങ്കരിക്കേണ്ടവർ.

ഇപ്പോൾ ചില ദിവസങ്ങളിൽ റമദാന്റെ അനുഗ്രഹീത ദിനരാത്രങ്ങൾ സമാരംഭിക്കുകയാണ്. ഈ അനുഗ്രഹീത ദിവസങ്ങൾക്ക് വിശുദ്ധഖുർആനുമായി പ്രത്യേകമായ പരസ്പര ബന്ധമുണ്ട്. നമ്മുടെ പ്രിയങ്കരനായ ഹസ്റത്ത് മുഹമ്മദ് നബി(സ) ഈ മാസത്തിൽ പ്രത്യേകിച്ച് വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിൽ വ്യാപൃതനാകാറുണ്ടായിരുന്നു. തിരുനബി(സ) ഓരോ വർഷവും ഹദ്റത്ത് ജിബ്രീലി (അ)നോടൊപ്പം റമദാനിൽ വിശുദ്ധഖുർആൻ ആവർത്തനം പൂർത്തിയാക്കാറുണ്ടായിരുന്നു. അതുകൊണ്ട് റമദാന്റെ പുണ്യനാളുകളിൽ പ്രത്യേകിച്ചും മുഴുവർഷവും പൊതുവായും തങ്ങളുടെ ഭവനങ്ങളിൽ ഖുർആൻ ഓതുന്ന സമ്പ്രദായമുണ്ടാക്കേണ്ടതാണ്. തങ്ങളുടെ ആൺമക്കളേയും പെൺമക്കളേയും ഖുർആൻ ഓതാൻ ഉപദേശിക്കേണ്ടതാണ്. ഓതോനറിയാത്തവർക്ക് ഓതാനും തർജ്ജമ പഠിപ്പിക്കുവാനുമുള്ള ക്ലാസ്സുകൾക്ക് ഏർപ്പാട് ചെയ്യേണ്ടതാണ്.

അല്ലാഹു നിങ്ങളെല്ലാവരേയും വിശുദ്ധഖുർആന്റെ പ്രകാശങ്ങളും അനുഗ്രഹങ്ങളുംകൊണ്ട് ധന്യമാക്കിത്തീർക്കുമാറാകട്ടെ. നിങ്ങൾക്ക് നിങ്ങളുടെ ജീവിതങ്ങളെ അതിന്റെ അദ്ധ്യാപനങ്ങളനുസരിച്ച് വാർത്തെടുക്കുവാനുള്ള തൗഫീഖ് തന്നനുഗ്രഹിക്കുമാറാകട്ടെ. നിങ്ങളുടെ ഈ ഇജ്തിമായെ എല്ലാവിധത്തിലും വിജയിപ്പിക്കുമാറാകട്ടെ. ആമീൻ.

***വിവ: സദ്ർ ലജ്ന ഇമായില്ലാഹ് കേരള***

---

അദ്ദേഹം നിർവ്വഹിച്ചത് എന്നതിന് ഉത്തമോദാഹരണമാണ് വിസ്മയാവഹവും അസാധാരണവുമായ നിലയിൽ സൂറഃഫാത്തിഹക്ക് നൽകിയ വ്യാഖ്യാനം. 'മിനനുറഹ്മാൻ' എന്ന തന്റെ ഗ്രന്ഥത്തിലൂടെ അറബിഭാഷ 'ഭാഷകളുടെ മാതാവാ'ണെന്ന് തെളിയിച്ചുകൊണ്ട് വിശുദ്ധഖുർആന്റെ ഭാഷാചാരുത അദ്ദേഹം ലോകത്തിന് കാണിച്ചുകൊടുത്തു. വർഷങ്ങളോളം ഗവേഷണം നടത്തിയിട്ടും ഭാഷകളുടെ മാതാവ് ഏത് ഭാഷയാണെന്ന് മനസ്സിലാക്കാൻ കഴിയാത്ത ഭാഷാശാസ്ത്രജ്ഞർക്ക് 'മിനനുറഹ്മാൻ' തീർച്ചയായും ഒരു വഴികാട്ടിയായിരിക്കും.

ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ മിക്ക ഗ്രന്ഥങ്ങളിലും എതിരാളികളുമായി നടത്തിയ വാദപ്രതിവാദങ്ങളെക്കുറിച്ച് പരാമർശിക്കുന്നതിനാൽ തബ്ലീഗ് രംഗത്തിറങ്ങാൻ ഒരു പ്രചോദനവും പ്രോത്സാഹനവും അനുയായികൾക്ക് ലഭിക്കുന്നു. ഖുർആൻ ശരീഫ് അഹ്മദികളുടെ പക്ഷത്തായതിനാൽ വിജയം സുനിശ്ചിതമാണെന്നും ഈ വിജയം വരിക്കാൻ ഈസാ(അ) മരണം സ്ഥാപിക്കുകയാണ് എളുപ്പവഴിയെന്നും ആ മഹാത്മാവ് തന്റെ ഗ്രന്ഥങ്ങളിലൂടെ വെളിപ്പെടുത്തിത്തന്നതോടൊപ്പം ഈ വിഷയവുമായി ബന്ധപ്പെട്ട് 30 ആയത്തുകൾ വിശുദ്ധഖുർആനിൽനിന്ന് എടുത്തുദ്ധരിക്കയുമുണ്ടായി. കൂടാതെ ദാബത്തുൽ അർള്, യഅ്ജൂജ് മഅ്ജൂജ്, ദജ്ജാൽ എന്നിവയുടെ പുറപ്പാട്, തന്റെ വാഗ്ദത്ത മസീഹീവാദത്തിന്റെ യാഥാർത്ഥ്യം, രണ്ട് മഹ്ദിയും തമ്മിലുള്ള വ്യത്യാസം, രണ്ടാം മഹ്ദിയിൽ കാണപ്പെടേണ്ട ഗുണഗണങ്ങൾ തുടങ്ങി തബ്ലീഗിനാവശ്യമായ സകല കാര്യങ്ങളും അദ്ദേഹം സ്പഷ്ടമായി വിവരിക്കുകയുണ്ടായി.

മനുഷ്യജീവിതത്തിന്റ അല്ലെങ്കിൽ ഒരാഗോള വ്യവസ്ഥിതിയുടെ ഏത് മേഖലയാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഗ്രന്ഥങ്ങളിൽ പരാമർശിക്കാതെ കടന്നുപോയത്? ആ മഹത്ഗ്രന്ഥങ്ങൾ ഒരു മഹാസാഗരം കണക്കെ പരന്ന്കിടക്കുന്നു. ആ വിജ്ഞാനസാഗരത്തിൽനിന്നും ഒരു തുള്ളിയെങ്കിലും നുകരാൻ സാധിച്ചവർ ഭാഗ്യവാന്മാർ. ഈ ഇലക്ട്രോണിക് യുഗത്തിലും 1400 വർഷങ്ങൾക്കപ്പുറം മക്കാമരുഭൂമിയിൽ മുഴങ്ങിയ ***ഇഖ്റഅ്*** എന്ന ദൈവികശബ്ദത്തിന്റെ പ്രാധാന്യവും ഗൗരവവും വിളിച്ചോതുകയാണ് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ. 'അറിവിന്റെ അമൃത് മനുഷ്യൻ വായനയിലൂടെയാണ് അറിയുക' എന്ന ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ വാക്കുകൾ എത്ര യാഥാർത്ഥ്യമാണ്.

***ഉമ്മു.എ.ശാഫി, കൊടിയത്തൂർ***

## അഭിനന്ദനങ്ങൾ!!!

2006-ലെ ലജ്നാ ഇമായില്ലായുടെ അഖിലേന്ത്യാ ഇജ്തിമായിൽ മികച്ച പ്രവർത്തനത്തിന് കേരള സദ്ർ അമത്തുൽ ഹഫീസാ സാഹിബയെ ഏറ്റവും നല്ല പ്രസിഡന്റായി തെരഞ്ഞെടുത്ത വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. തുടർന്നും നല്ലനിലയിൽ പ്രവർത്തിക്കാൻ അല്ലാഹു ആരോഗ്യവും കരുത്തും നൽകട്ടെ. ആമീൻ. അന്നൂറിന്റേയും കേരള ലജ്ന ഇമായില്ലാ സഹോദരിമാരുടെയും അഭിനന്ദനങ്ങൾ

*നാഇബ് സദ്ർ, കേരള*

# അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നൽകി?

മൗലാനാ അത്താഉൽ മുജീബ് റാശിദ് ഇമാം മസ്ജിദ് ഫള്ൽ, ലണ്ടൻ

## (ഭാഗം-3)

## ഇസ്ലാമത പ്രബോധനങ്ങളും ത്യാഗങ്ങളും

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സ്വഹാബി മൗലവി ഫതഹ്ദീൻ സാഹിബ് ധരംകോട്ടി നിവേദനം ചെയ്യുന്നു. ഞാൻ ഹസ്ത്ത് മസീഹ് മൗദൂദ് (അ)ന്റെയടുക്കൽ പലപ്പോഴും സന്നിഹിതനാകാറുണ്ടായിരുന്നു. പലതവണ രാത്രിയിൽ കൂടെതാമസിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ദിവസം ഞാൻ കണ്ടു. പാതിരാത്രിയിൽ ഹസ്റത്ത് സാഹിബ് വളരെ വിഷമത്തോടെ ഒരുഭാഗത്തുനിന്ന് മറ്റൊരു ഭാഗത്തേക്ക് നടന്നുകൊണ്ടിരിക്കുകയാണ്. വേദന സഹിക്കാൻ സാധിക്കാത്ത രോഗി പിടക്കുന്നതുപോലെ. ഈ അവസ്ഥ കണ്ട് ഞാൻ പരിഭ്രമിച്ചു. ചിന്താകുലനായി. ഭയം എന്റെ മനസ്സിനെ പിടിച്ചുകുലുക്കി. കുറച്ചുകഴിഞ്ഞപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആ അവസ്ഥയിൽ മാറ്റംവന്നു. രാവിലെ ഞാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ഈ സംഭവം വിവരിച്ചുകൊണ്ട് ചോദിച്ചു. രാത്രിയിൽ ഞാൻ ഇതെല്ലാം കണ്ടു. ഹുസൂറിന് വല്ല വിഷമവും നേരിട്ടിരുന്നുവോ? ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. മിയാം ഫതഹ്ദീൻ നീ ആ സമയത്ത് ഉണർന്നിരിക്കുകയായിരുന്നോ? യഥാർത്ഥത്തിൽ ഇസ്ലാമിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചിന്തിക്കുമ്പോഴും, ഇസ്ലാമിന് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെപറ്റി ഓർക്കുമ്പോഴും ഞാൻ അസ്വസ്ഥചിത്തനായിത്തീരുന്നു. ഇസ്ലാമിന് വേണ്ടിയുള്ള അഭിനിവേശം എന്നെ അനിയന്ത്രിതനാക്കുന്നു. (*സീറത്തുൽ മഹ്ദി, മൂന്നാം വാല്യം, പേജ് 29*)

ഈ അനുഗ്രഹീതമഹാൻ തന്റെ ജീവിതത്തിന്റെ ഓരോ നിമിഷവും ഇസ്ലാമിനുവേണ്ടി അർപ്പിക്കുകയുണ്ടായി. രാവും പകലും ഇസ്ലാമിന്റെ സേവനത്തിന് വേണ്ടി ചിലവഴിച്ചിട്ടും അസ്വസ്ഥതയിൽ ജീവിതം കഴിച്ചിരുന്നു. അദ്ദേഹം പറയുന്നു: "എനിക്ക് സാധിക്കുമായിരുന്നുവെങ്കിൽ ഞാൻ ഭിക്ഷക്കാരെപോലെ ഓരോ വീടുകളിലും കയറിയിറങ്ങി അല്ലാഹുവിന്റെ സത്യദീനിന്റെ പ്രബോധനം നടത്തുകയും ലോകത്ത് വ്യാപിച്ചുനിൽക്കുന്ന നാശ ഹേതുവായിരിക്കുന്ന ഈ ശിർക്കിൽ നിന്നും ദൈവ നിഷേധത്തിൽനിന്നും ജനങ്ങളെ രക്ഷിക്കുകയും ചെയ്യുമായിരുന്നു. അല്ലാഹു എന്നെ ഇംഗ്ലീഷ്ഭാഷ പഠിപ്പിച്ചിരുന്നുവെങ്കിൽ സ്വയം ചുറ്റിസഞ്ചരിച്ച് തബ്ലീഗ് ചെയ്യുകയും തബ്ലീഗിൽതന്നെ ജീവിതം അവസാനിപ്പിക്കുകയും ചെയ്യുമായിരുന്നു. (*മൽഫൂസാത്ത്, വാല്യം 3, പേജ്- 291-292*)

അദ്ദേഹം ജീവിതം മുഴുവനും ഈ ആഗ്രഹത്തിനൊത്ത് ജീവിക്കുകയും ഇസ്ലാമത സേവനത്തിനുവേണ്ടി എല്ലാ മാർഗ്ഗങ്ങളിലൂടെയും പാദമൂന്നുകയും ചെയ്തു. തബ്ലീഗിന്വേണ്ടി എല്ലാ ഉപായങ്ങളും അനുവർത്തിച്ചു. എല്ലാത്തിലുമുപരി ഈ ആവേശവും അഭിനിവേശവും ജമാഅത്തംഗങ്ങളിലും ഉണ്ടാക്കിത്തീർത്തു. അതിന്റെ ഫലമായി ദീനിന്റെ സേവനത്തിനുവേണ്ടിയുള്ള ഈ ആവേശം ജമാഅത്തിനെ തിരിച്ചറിയുന്നതിനുള്ള ഒരു അടയാളമായി മാറി. ചിന്തകനായ അഹ്റാർ ചൗദ്രി അഫ്സൽ ഹഖ് സാഹിബ് അഹ്മദിയ്യാ ജമാഅത്തിന്റെ ഇസ്ലാമത പ്രചാരണവും പ്രവർത്തനപരിപാടികളേയും സംബന്ധിച്ച് എഴുതുന്നു. "ഇസ്ലാമിലെ ഇതരകക്ഷികളിൽ ഒരു കക്ഷിയും തബ്ലീഗ് ലക്ഷ്യത്തെ പൂർത്തീകരിക്കുന്നവരായി മാറിയില്ല. അതെ, ഒരു ഹൃദയം മുസ്ലിംകളുടെ അലസതാവസ്ഥയിൽ അസ്വസ്ഥമാവുകയും ഒരു ന്യൂനപക്ഷ ജലാശയത്തെ തനിക്കുചുറ്റും സംഘടിപ്പിച്ച് ഇസ്ലാമിന്റെ പ്രചാരണപ്രവർത്തനങ്ങൾക്കായി മുന്നോട്ട് കുതിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ജമാഅത്തംഗങ്ങളിൽ സൃഷ്ടിച്ചെടുത്ത പ്രചാരണ പ്രവർത്തനങ്ങൾക്കുള്ള ആവേശം മറ്റ് ഇതര മുസ്ലിം വിഭാഗങ്ങൾക്ക് മാതൃകയാണെന്ന് മാത്രമല്ല, ലോകത്തിലെ എല്ലാ പ്രചാരണവിഭാഗങ്ങൾക്കും മാതൃകയാണ്." (*ഫിത്ന ഇർതിദാദ്, ഔർ പൊളിറ്റിക്കൽ ഖലാബാബിയാം, പേജ് 46*)

അന്യർപോലും സമ്മതിക്കുന്ന ഈ പ്രാചരണജ്വരം യഥാർത്ഥത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു സവിശേഷമായ പ്രത്യേകതയാണ്. അഹ്മദിയ്യാ ജമാഅത്ത് ഏതൊരു ലക്ഷ്യബോധത്തോടെയും സ്ഥിരചിത്തതയോടെയും ഫലപ്രദവുമായ നിലയിലാണോ ദഅ്വത്തെ ഇലല്ലായുടെ പദ്ധതിയെ ലോകത്ത് മുഴുവനും വ്യാപിപ്പിച്ചിരിക്കുന്നത് അതിന് ഉദാഹരണം എവിടേയും കാണാൻ സാധിക്കുകയില്ല. ഇസ്ലാമിന്റെ പ്രചാരണത്തിനുള്ള ആവേശം ഈ ജമാഅത്തിന്റെ

അജണ്ടയിൽപെട്ടതാണ്. അതിന് വേണ്ടിയുള്ള അഭിരുചിയും താൽപര്യവും എല്ലാ മനസ്സിലും അലയടിച്ചു കൊണ്ടിരിക്കുകയാണ്. ഈ മഹത്തായ ഈമാന്റെ സമ്പത്താണ് അഹ്മദിയ്യത്ത് ലോകത്തിന് നൽകിയത്.

ലോകം മുഴുവനും ഇസ്ലാമിന്റെ പ്രചാരണം നടത്തുക എന്നത് ഒരു കുട്ടിക്കളിയല്ല. ഈ മാർഗ്ഗത്തിൽ ജീവനും, ധനവും, അന്തസ്സും, വിശ്രമവും എല്ലാം ത്യാഗം ചെയ്യേണ്ടിവരുന്നു. എല്ലാ കാലഘട്ടങ്ങളിലും ഈ അനുഗ്രഹീതമാർഗ്ഗത്തിൽ അർപ്പണം ചെയ്ത് ജീവിക്കാൻ സന്നദ്ധരായിക്കൊണ്ട് തങ്ങളുടെ ജീവിതത്തെ കാലത്തിന്റെ ഖലീഫയുടെ തിരുസന്നിധിയിൽ സമർപ്പിച്ച ആത്മാർത്ഥരായവരെ അല്ലാഹു ഈ ജമാഅത്തിന് പ്രദാനം ചെയ്തു എന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ സൗഭാഗ്യമാണ്. ജീവിതം വഖ്ഫ് ചെയ്ത ഇവരുടെ ആത്മാർത്ഥമായ ത്യാഗങ്ങളുടെയും രാവും പകലുമുള്ള പരിശ്രമങ്ങളുടെയും ഫലമായി കുഫ്റിന്റെ കൂരിരുട്ടുകളിൽ ഇസ്ലാമിന്റെ പ്രകാശം പരത്താൻ സാധിച്ചു. ഇവർ ചുട്ടുപൊള്ളുന്ന വെയിലത്ത് വിശന്ന് ദാഹിച്ച് കാൽനടയായി ഗ്രാമങ്ങൾ തോറും ഏകനായ അല്ലാഹുവിന്റെ സന്ദേശം എത്തിച്ചുകൊണ്ടിരുന്നു. ആഫ്രിക്കയിലെ വനങ്ങളിൽ ഇലകൾ തിന്ന് കഴിച്ചുകൂട്ടി. കല്ലുകൾകൊണ്ടും കത്തികൾകൊണ്ടും ശത്രുക്കൾ പ്രഹരമേൽപിച്ചു. ഇവർ വിവിധതരം അക്രമങ്ങൾക്ക് വിധേയരാകേണ്ടിവന്നു. ചിലരെ ജയിലുകളിലിട്ട് അവരുടെ മുമ്പിൽ പന്നിമാംസം കൊണ്ടുവന്ന് വെച്ചുകൊടുത്തു. മരണത്തിൽ നിന്ന് രക്ഷപ്പെടാൻ ഏതാനും റൊട്ടികഷണങ്ങൾ വെള്ളത്തിൽ കുതിർത്ത് തിന്നുകൊണ്ട് കഴിച്ചുകൂട്ടേണ്ടിവന്നു. ഇതൊക്കെ സംഭവിച്ചിട്ടും അഹ്മദിയ്യത്തിന്റെ ഈ ത്യാഗിവര്യന്മാർ ഏത് അവസ്ഥയിലും ഇസ്ലാമിന്റെ ശബ്ദം കേൾപ്പിച്ചുകൊണ്ടേയിരുന്നു.

അർപ്പണത്തിന്റേയും ത്യാഗത്തിന്റേയും ഈ കഥകൾ ഇവിടെവെച്ച് അവസാനിക്കുന്നില്ല. ഇവരിൽ ചിലർ വിവാഹത്തിനുശേഷം യുവതികളായ ഭാര്യമാരെ ഉപേക്ഷിച്ച് വിദേശത്തേക്ക് പോയി. നീണ്ടകാലങ്ങൾക്കുശേഷം തിരിച്ചെത്തിയപ്പോൾ അവരിൽ വാർദ്ധക്യം നിഴലിച്ചിരുന്നു. ചിലർ ചെറിയ ചെറിയ കുട്ടികളെ ഉപേക്ഷിച്ചുപോയി. നീണ്ടകൊല്ലങ്ങൾക്കു ശേഷം തിരിച്ചെത്തിയപ്പോൾ സ്വന്തം മക്കളെ തിരിച്ചറിഞ്ഞില്ല. ഈ ത്യാഗിവര്യന്മാരിൽ ചിലർ തങ്ങളുടെ വൃദ്ധരായ മാതാപിതാക്കളെ ഉപേക്ഷിച്ചുകൊണ്ട് വിദേശത്ത് പോയി. ചിലർ തങ്ങളുടെ എല്ലാം ഉപേക്ഷിച്ച് തബ്ലീഗിനുവേണ്ടി വിദേശത്തേക്ക് പോയി. അവർക്ക് നാട്ടിൽ തിരിച്ചെത്താൻ സാധിച്ചില്ല. ഇതേ ജിഹാദെ കബീറിൽ അവർ തങ്ങളുടെ ജീവനെ സമർപ്പിച്ചു. അവർ എത്തിയ ഭൂമി അവരുടെ അവസാനത്തെ വിശ്രമഭൂമിയായി മാറിയിരിക്കുന്നു. ജീവൻ ബലിയർപ്പിച്ചുകൊണ്ടുള്ള ഈ ചരിത്രയാഥാർത്ഥ്യങ്ങൾ സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും ഈ മാതൃകകൾ ഈ കാലഘട്ടത്തിൽ അഹ്മദിയ്യാജമാഅത്തിൽ മാത്രമാണ് കാണാൻ സാധിക്കുന്നത്.

ആത്മാർപ്പണത്തിന്റേയും ത്യാഗത്തിന്റേയും ഈ കഥകൾ ഇവരിൽമാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ജോലിയിൽനിന്ന് വിരമിച്ചശേഷം ജീവിതാവസാനം വരെ ജമാഅത്തിന്വേണ്ടി സേവനം ചെയ്ത മുജാഹിദുകളേയും അല്ലാഹു ജമാഅത്തിന് പ്രദാനം ചെയ്തിട്ടുണ്ട്. അതിൽ കൊല്ലങ്ങളോളം സൃഷ്ടിസേവനം നടത്തിയ ഡോക്ടർമാരുണ്ട്. വിദ്യകൊണ്ട് ലോകത്തെ പ്രകാശിപ്പിച്ച അദ്ധ്യാപകന്മാരുണ്ട്. ഇപ്പോഴിതാ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ നൗ അംഗങ്ങളുടെ മഹാസൈന്യം കർമ്മരംഗത്തേക്കിറങ്ങാൻ തയ്യാറായിനിൽക്കുന്നു. ഇസ്ലാമിനുവേണ്ടി ജീവാർപ്പണം ചെയ്ത ഈ മുത്തുകളെ തങ്ങളുടെ മാതാപിതാക്കൾ അവരുടെ ജനനത്തിന് മുമ്പുതന്നെ ദീനിന്റെ സേവനത്തിനുവേണ്ടി ജമാഅത്തിന് അർപ്പിച്ചതായിരുന്നു. കാലത്തിന്റെ ഖലീഫ 1987-ൽ അയ്യായിരം വഖ്ഫെ നൗ കുട്ടികൾക്ക് വേണ്ടിയാണ് ആഗ്രഹം പ്രകടിപ്പിച്ചത്. അഹ്മദി മാതാപിതാക്കൾ ആവേശഭരിതരായി ഈ പദ്ധതിക്ക് ലബ്ബൈയ്ക്ക് പറഞ്ഞു. ഇന്ന് ഈ മുജാഹിദുകളുടെ എണ്ണം അല്ലാഹുവിന്റെ അനുഗ്രഹത്താൽ 26,321 വരെ എത്തിയിരിക്കുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവിതം വഖ്ഫ് ചെയ്യുന്ന ഈ പരമ്പര അഹ്മദിയ്യത്ത് ലോകത്തിന് നൽകിയ മഹത്തായ പദ്ധതിയാണ്. തങ്ങളുടെ എല്ലാം കൊടുത്തുകൊണ്ട് സ്വർഗ്ഗം വാങ്ങുന്നവർ ലോകത്ത് എവിടെയെങ്കിലുമുണ്ടോ എന്ന് ആർക്കെങ്കിലും കാണിച്ചുതരാൻ സാധിക്കുമോ?

### ദുആ സ്വീകാര്യതയുടെ ദൃഷ്ടാന്തങ്ങളും അനുഭവങ്ങളും

ദുആ സ്വീകാര്യത ദൈവാസ്തികൃത്തിനുള്ള ഒരു തെളിവും സത്യവിശ്വാസികളുടെ വിശ്വാസവർദ്ധനവിനുള്ള മാർഗ്ഗവുമാണ്. അഹ്മദിയ്യാ ജമാഅത്ത് ലോകത്തിനെ വിളിച്ചറിയിക്കുന്നത് ഇതാണ്. നമുക്കൊരു ജീവനുള്ള ദൈവമുണ്ട്. അവൻ തന്റെ ദാസരുടെ ദുആകൾ കേൾക്കുകയും അതിന് മറുപടി നൽകുകയും ചെയ്യുന്നു. ദുആ സ്വീകാര്യതയുടെ മധുരഫലങ്ങൾ പ്രദാനം ചെയ്യുന്നു. അഹ്മദിയ്യാ ജമാഅത്ത് നിശ്ചയദാർഢ്യത്തോടും ദൃഢവിശ്വാസത്തോടുംകൂടി ഇക്കാര്യം ലോകത്തിന്റെ മുമ്പാകെ വിളംബരപ്പെടുത്തുകയും, നിരന്തരം ദുആ സ്വീകാര്യതയുടെ ദൃഷ്ടാന്തങ്ങൾ അഹ്മദിയ്യത്തിൽ വെളിപ്പെടുകയും വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇന്ന് ലോകത്ത് ദുആ സ്വീകരിക്കപ്പെട്ടതിന് നേരിട്ടോ അല്ലാതെയോ അനുഭവസാക്ഷികളാകാത്ത ഒരൊറ്റ കുടുംബവും ഉണ്ടാകുകയില്ല എന്നതാണ് യാഥാർത്ഥ്യം. ദുആയിലുള്ള ഉറച്ചവിശ്വാസവും ദുആ സ്വീകാര്യതയുടെ സ്വന്തം അനുഭവങ്ങളും അഹ്മദിയുടെ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. ഓരോ വീടുകളിലും ഏതൊരു താൽപര്യത്തോടും ദൃഢവിശ്വാസത്തോടും കൂടിയാണോ ദുആ സ്വീകാര്യതയും അതിന്റെ ഫലങ്ങളേയും സംബന്ധിച്ചുള്ള ചർച്ചകൾ

നടക്കുന്നത് ലോകം മുഴുവനും ഒരുമിച്ചുനോക്കിയാലും അത്രയും കാണാൻ സാധിക്കുകില്ല. സ്ത്രീകളും പുരുഷന്മാരും മാത്രമല്ല, കുട്ടികളും ഇതിന്റെ രസം അനുഭവിച്ചിട്ടുള്ളതാണ്. ദുആയുടെ ഈ അവസ്ഥയും ഇതിന്റെ ജ്ഞാനവും ഇത്ര അനുഭവങ്ങളും ലോകത്തുള്ള മറ്റൊരു പ്രസ്ഥാനത്തിനും ഇല്ല എന്നത് നിസ്സംശയമാണ്.

ദുആ എന്താണ്? അതിന്റെ ഫലങ്ങളും അനുഗ്രഹങ്ങളും എപ്രകാരമാണ്? ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദിവ്യവചനങ്ങൾ ശ്രവിക്കൂ. അദ്ദേഹം പറയുന്നു. ദുആ മനസ്സിനെ അണയ്ക്കുന്ന തീയാണ്. അതിന് ദൈവത്തിൽ ലയിപ്പിക്കാനുള്ള ശക്തിയുണ്ട്. അല്ലാഹുവിന്റെ കാരുണ്യത്തെ വലിച്ചുകൊണ്ടുവരുന്ന കാന്തശക്തിയാണ്. അത് മരണമാണ് പക്ഷേ, അവസാനം ജീവിതം പ്രദാനം ചെയ്യുന്നു. അതൊരു പ്രളയമാണ്. പക്ഷേ, അവസാനം അത് പേടകമായി മാറുന്നു. തകർന്ന് പോയിരിക്കുന്ന എല്ലാ കാര്യങ്ങളേയും ഇത് ശരിപ്പെടുത്തുന്നു. എല്ലാ ഓരോ വിഷവും ഇതുമുഖേന സിദ്ധൗഷധമായി മാറുന്നു. അതൊരു പിടി മണ്ണിനെ സ്വർണ്ണമാക്കി മാറ്റുന്നു. ആന്തരികമാലിന്യങ്ങളെ കഴുകിവൃത്തിയാക്കുന്നു. ഈ ദുആ മുഖേന ആത്മാവ് ഉരുകുകയും വെള്ളംപോലെ പ്രവഹിച്ച് ദൈവസന്നിധിയിൽ പതിക്കുകയും ചെയ്യുന്നു.

ദുആ സ്വീകാര്യത ഏതെല്ലാം രൂപത്തിൽ വെളിപ്പെട്ടു എന്ന വിഷയം വ്യാപിച്ചുകിടക്കുന്ന സമുദ്രം പോലെയാണ്. അത് കണക്കാക്കാൻ സാധ്യമല്ല; അതിന്റെ വിവരണം ഒരിക്കലും അവസാനിക്കുകയില്ല. ഇത് തുടർന്നുവരുന്നതും തുടർന്നുകൊണ്ടിരിക്കുന്നതുമായ ഒരു നീണ്ട പരമ്പരയാണ്. ആകാശത്ത് നക്ഷത്രങ്ങൾ നിറഞ്ഞ് കിടക്കുന്നതുപോലെ ദുആ സ്വീകരിക്കപ്പെട്ട സംഭവങ്ങളുമായി അഹ്മദിയ്യാ ചരിത്രം നിറഞ്ഞുകിടക്കുകയാണ്. ഏതാനും ഉദാഹരണങ്ങൾ സംക്ഷിപ്തമായി വിവരിക്കാം. ഇവയിൽ നിന്ന് അല്ലാഹു എങ്ങനെയാണ് അഹ്മദിയ്യാ ജമാഅത്തിന് ദുആ സ്വീകരിക്കപ്പെടുന്നതിന്റെ ജീവനുള്ളതും ജീവദായകവുമായ അത്ഭുതദൃഷ്ടാന്തങ്ങൾ കാണിക്കുന്നതെന്ന് മനസ്സിലാക്കാം. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിൽ മുൻഷി അത്താമുഹമ്മദ് സാഹിബ് പൻവാരിയുടെ സംഭവം വളരെ പ്രസിദ്ധമാണ്. അദ്ദേഹത്തിന് മൂന്ന് ഭാര്യമാരുണ്ടായിരുന്നു. പക്ഷേ, സന്താനങ്ങളുണ്ടായിരുന്നില്ല. അദ്ദേഹം പറഞ്ഞു മിർസാ സാഹിബിന്റെ ദുആകൊണ്ട് ഞാനാഗ്രഹിക്കുന്ന ഭാര്യയിലൂടെ എനിക്ക് സന്താനത്തെ ലഭിക്കുമെങ്കിൽ ഞാൻ അഹ്മദിയാകും. മസീഹ് മൗഊദ്(അ) ദുആ ചെയ്തു. അതിന്റെ ഫലമായി അദ്ദേഹത്തിന് മക്കളുണ്ടായി. കൂടെ അഹ്മദിയ്യത്താകുന്ന സമ്പത്തും ലഭിച്ചു. (*സീറത്തുൽമഹ്ദി, പേജ്-239*)

കപൂർത്തലയിൽ അഹ്മദിയ്യാപള്ളി മറ്റുള്ളവർ കൈയടക്കി. ജഡ്ജി എങ്ങനെയങ്കിലും അഹ്മദികൾക്കെതിരിൽ വിധി പുറപ്പെടുവിക്കാൻ തുനിഞ്ഞിരിക്കുകയായിരുന്നു. ജമാഅത്തിലെ സഹോദരങ്ങളുടെ ഭയം കണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) അവരെ സാന്ത്വനപ്പെടുത്തി പറഞ്ഞു. പേടിക്കേണ്ട. ഞാൻ സത്യവാനാണെങ്കിൽ നിങ്ങൾക്കീ പള്ളി തീർച്ചയായും കിട്ടും. അദ്ദേഹം ദുആ ചെയ്തു. അസംഭവ്യമായ സാഹചര്യത്തിലൂടെ പള്ളി അഹ്മദികൾക്ക് കിട്ടി. ആദ്യത്തെ ജഡ്ജിക്ക് അവിചാരിതമായി അകാലമരണം സംഭവിച്ചു. പുതിയ ജഡ്ജി അഹ്മദികൾക്കനുകൂലമായി വിധി പുറപ്പെടുവിച്ചു. (*സീറത്തുൽ മഹ്ദി, വാള്യം 1, പേജ് 64*)

മൗലാനാ റഹ്മത്തലി സാഹിബിന്റെ സംഭവം വളരെ പ്രസിദ്ധമാണ്. ഇന്റോനേഷ്യയിൽ അദ്ദേഹത്തിന്റെ വീടിനടുത്തുള്ള മരത്തിനുവരെ തീപിടിച്ചു. അദ്ദേഹത്തിന്റെ വീടും തീപിടിച്ച് ചാമ്പലാകുമോ എന്ന ഘട്ടത്തിലെത്തി. അദ്ദേഹം വിശ്വാസദാർഢ്യത്തോടെ അവിടെ ഉറച്ചുനിന്ന് ദുആ ചെയ്തുകൊണ്ട് പറഞ്ഞു "ഈ തീ എനിക്കും എന്റെ വീട്ടിനും ഒരു നഷ്ടവും വരുത്തുകയില്ല. ഞാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എളിയ അടിമയാണ്. അല്ലാഹു അദ്ദേഹത്തിനോട് വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. തീ കൊണ്ട് നമ്മെ ഭയപ്പെടുത്തേണ്ട. തീ നമ്മുടെ അടിമയാണ് എന്നല്ല അടിമകളുടെ അടിമയാണ്." അല്ലാഹുവിന്റെ കഴിവ് നോക്കുവിൻ. പെട്ടെന്ന് മേഘം അവിടെയെത്തുകയും ഘോരമഴ വർഷിക്കാൻ തുടങ്ങുകയും ചെയ്തു. തീ കെട്ടു. ആ തീ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടിമയുടെ അടിമയായത് ലോകം കണ്ടു. (*പേ-64, അൽഫസ്ൽ 1938 ഡിസംബർ 9*)

മുഫ്ത്തിമുഹമ്മദ് സിദ്ദീഖ് സാഹിബ്(റ) 1917-ൽ ഇംഗ്ലണ്ടിൽ പോകാൻ തയ്യാറായി. ലോകമഹായുദ്ധം നടക്കുന്നത്കൊണ്ട് കടൽയാത്ര വളരെ അപകടം നിറഞ്ഞതായിരുന്നു. വഴിയിൽ കപ്പിത്താൻ പറഞ്ഞു കപ്പൽ ജർമ്മൻ സൈന്യത്തിന്റെ നിയന്ത്രണത്തിലായിരിക്കുകയാണ്. അവർ ഇതിനു കേടുവരുത്തിയാൽ എന്ത് സംഭവിക്കുമെന്നറിയില്ല. യാത്രക്കാർ ഇതുകേട്ട് ഭയവിഹ്വലരായി. മുഫ്ത്തിസാഹിബ് ഹൃദയംനൊന്ത് ദുആ ചെയ്തു. രാത്രിയിൽ അദ്ദേഹം ഒരു മലക്ക് ഇപ്രകാരം പറയുന്നത് കേട്ടു. സാദിക്ക് ദൃഢമായി വിശ്വസിച്ചുകൊള്ളൂ. ഈ കപ്പൽ തീർച്ചയായും കരപറ്റും. അദ്ദേഹം ഈ സന്തോഷവാർത്ത ആ സമയത്ത് തന്നെ യാത്രക്കാരെ കേൾപ്പിച്ചു. അന്തരീക്ഷം വളരെ അപകടം നിറഞ്ഞതായിരുന്നു. ചുറ്റുമുള്ള കപ്പലുകൾ തകർന്നുകൊണ്ടിരിക്കുകയാണ്. അവയുടെ മരങ്ങൾ സമുദ്രത്തിൽ ചിതറിക്കിടക്കുന്നത് കണ്ടിരുന്നു. എന്നാൽ മുഫ്ത്തി സാഹിബ് യാത്ര ചെയ്ത കപ്പൽ സമാധാനത്തോടെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു. (*സിദ്ദിഖ്ബേതി, ഒന്നാം വാള്യം, പേ-21*)

ഹസ്റത്ത് മൗലാനാ ഗുലാം റസൂൽസാഹിബ് രാജ്കി(റ) ഭാഗൽപൂരിൽ ഒരു പ്രചാരണയോഗത്തിൽ പങ്കെടുക്കാൻപോയി. പെട്ടെന്ന് കാലാവസ്ഥ മാറി.
**പേജ് 31-ൽ**

# വസിയ്യത്ത്:
# ആത്മീയോന്നതിയിലേക്ക് ഒരു കുതിച്ചുചാട്ടം

**അ**ല്ലാഹുവിൽ പരിപൂർണ്ണമായി വിലയം പ്രാപിക്കുന്നതിന് വിശുദ്ധഖുർആൻ നിർദ്ദേശിക്കുന്ന മാർഗ്ഗം 'ഇസ്‌ലാം' എന്ന പദം സൂചിപ്പിക്കുന്ന പരിപൂർണ്ണ അനുസരണവും, അവനോടുള്ള പ്രാർത്ഥനയുമാണ്. അന്യൂനമായ ഈ പ്രാർത്ഥനയും അനുസരണവുമാണ് ഇസ്‌ലാംമതത്തിന്റെ കാതൽ. സർവ്വേശ്വരന്റെ ഓരോ സൃഷ്ടിക്കും അവനിൽ എത്തിച്ചേരുന്നതിനും മോക്ഷം പ്രാപിക്കുന്നതിനുമുള്ള അത്യുൽകൃഷ്ടമായ പോംവഴിയാണിത്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. ***ബലാ മൻ അസ്‌ലമ വജ്ഹഹുലില്ലാഹി വഹുവ മുഹ്സിനു വലഹു അജ്റുഹു ഇൻത റബ്ബിഹീ വലാ ഖൗഫുൻഅലൈഹിം വലാഹും യഹ്സനൂൻ.***

നിശ്ചയമായും തന്റെ ജീവിതം ദൈവത്തിനായി അർപ്പിക്കുകയും പൂർണ്ണമായി അവന്റെ ഇഷ്ടത്തിന് കീഴ്പ്പെടുകയും ചെയ്യുന്നവൻ വാങ്മാത്രമായ വിശ്വാസം കൊണ്ട് തൃപ്തിപ്പെടാതെ അതിനെ സൽകർമ്മങ്ങളാൽ സാക്ഷാൽക്കരിക്കുന്നു. അവനത്രെ മുക്തൻ; അവന് തന്റെ രക്ഷിതാവിന്റെ പക്കൽ പ്രതിഫലമുണ്ട്. ഇങ്ങനെയുള്ളവർക്ക് ഒരു ഭിന്നിപ്പുമില്ല, അവർ ഖേദിക്കുകയുമില്ല.

സൃഷ്ടികുലോത്തമനായ പ്രവാചകശ്രേഷ്ഠൻ മുഹമ്മദ്നബി(സ)യുടെ പ്രതിപുരുഷനും വാഗ്ദത്ത മസീഹുമായ ഹസ്റത്ത് അഹ്മദ്(അ) അന്ധകാരനിബിഢമായ ലോകത്ത് സുരയ്യായിലോളമെത്തിയ ഇസ്‌ലാം മതത്തിലേക്ക് പ്രകാശപൂരിതമായ ദീപശിഖയുമായി കടന്നുവന്ന പരിശുദ്ധാത്മാവാണ്. ആ പുണ്യാത്മാവ് തന്റെ മരണത്തിനു മുമ്പായി അല്ലാഹുവിന്റെ ഈ പരിശുദ്ധജമാഅത്തിൽ അവന്റെ അനുമതിയോടകൂടി ഒരു വസിയ്യത്ത് വ്യവസ്ഥിതിക്ക് രൂപം നൽകുകയുണ്ടായി. ഈ വ്യവസ്ഥിതി മുഖേന അഹ്മദിയ്യാ പ്രസ്ഥാനത്തിൽ ചേർന്നിരിക്കുന്നവരിൽനിന്നും ഇസ്‌ലാമികാദ്ധ്യാപനങ്ങളനുസരിച്ച് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ അതീവശ്രദ്ധയോടെ നിർവ്വഹിക്കുന്ന ഒരു വിഭാഗത്തെ വാർത്തെടുക്കുകയും, അങ്ങനെ അവരുടേയും മറ്റുള്ളവരുടേയും അന്തരം വെളിവാകുകയും ചെയ്യുക എന്നതാണ് ഇതിന്റെ ആത്യന്തികലക്ഷ്യം.

ഇസ്‌ലാം അതിന്റെ നിയതി നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ഓരോ വ്യക്തിക്കും സ്വത്ത് സമ്പാദിക്കാനുള്ള അനുവാദം നൽകുന്നു. 'സക്കാത്ത്' എന്ന ധനവ്യവസ്ഥിതി ഇസ്‌ലാമിൽ ആദ്യം മുതൽക്കുതന്നെ ഉള്ളതാണല്ലോ. ഇതുപ്രകാരം ഒരാൾ തന്റെ മൂലധനത്തിൽനിന്നും വരുമാനത്തിൽനിന്നും ഒരുഭാഗം സാധുക്കൾക്ക് നല്കേണ്ടതാണ്. ഇതിനുപരിയായി ദൈവാഭീഷ്ടത്തെ കാംക്ഷിച്ചുകൊണ്ട് തന്റെ സ്വത്തിൽനിന്ന് വസിയ്യത്ത് മുഖേന ജമാഅത്തിന് നല്കുവാനുള്ള നിയമവും ഇസ്‌ലാമിലുണ്ട്. പ്രസ്തുത ധനത്യാഗത്തെ പ്പറ്റി അല്ലാഹു പരിശുദ്ധഖുർആനിൽ പറയുന്നതു നോക്കുക.

വിശ്വാസികളിൽനിന്ന്, 'അവർക്ക് സ്വർഗ്ഗമുണ്ട്' എന്ന ഉറപ്പിന്മേൽ അല്ലാഹു അവരുടെ ജീവനും ധനവും വിലക്കുവാങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവർ പൊരുതുന്നു. അങ്ങനെ അവർ (ശത്രുക്കളെ) വധിക്കുകയും (ചിലപ്പോൾ) വധിക്കപ്പെടുകയും ചെയ്യുന്നു. തൗറാത്തിലും ഇൻഞ്ചീലിലും ഖുർആനിലും (പ്രസ്താവിക്കപ്പെട്ട) അല്ലാഹുവിന് നിറവേറ്റുവാൻ സാധ്യതയുള്ള സത്യമായ ഒരു വാഗ്ദാനമാണിത്. തന്റെ കരാറിനെ അല്ലാഹുവിനേക്കാൾ നല്ല നിലയിൽ പൂർത്തിയാക്കുന്നവൻ മറ്റാരുണ്ട്? അതുകൊണ്ട് (അല്ലാഹുവുമായി) നിങ്ങൾ നടത്തിയിട്ടുള്ള ഈ വ്യാപാരത്തിൽ സന്തുഷ്ടരാവുക. അതുതന്നെയാണ് മഹത്തായ വിജയം." (*അത്തൗബ:111*)

പ്രസ്തുത ഖുർആൻ സൂക്തം വിശ്വാസികൾ അല്ലാഹുവുമായി നടത്തിയിട്ടുള്ള കരാറിനെ ഓർമ്മിപ്പിക്കുന്നു. നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, സക്കാത്ത് നൽകുകയും ചെയ്യുന്നവർക്ക് താഴോരൊത്തുകൂടി അരുവികളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കപ്പെടുമെന്ന ഖുർആന്റെ ഉദ്ഘോഷിതം സക്കാത്തിന്റെ മഹത്വത്തെ സൂചിപ്പിക്കുന്നു. ഖുർആനിൽ എവിടെയെല്ലാം നമസ്കാരത്തെ കുറിച്ചും, സൽക്കർമ്മങ്ങളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ടോ അവിടെയെല്ലാം സക്കാത്തും വിഷയമായിട്ടുണ്ട്. ആദ്യത്തെ രണ്ട് ദൈവികനിബന്ധനകളിൽനിന്നും ഒട്ടും ചെറുതല്ലാത്ത സ്ഥാനം സക്കാത്തിനുണ്ട്.

ഹസ്റത്ത് മഹ്ദീ മസീഹ്(അ) വസിയ്യത്ത് ചെയ്യുന്ന വ്യക്തികൾക്കായി ദൈവികമുന്നറിയിപ്പനുസരിച്ച്, പരിശുദ്ധ ഖാദിയാനിൽ ഒരു ശ്മശാനത്തിനു രൂപം നല്കുകയും അതിന് 'ബിഹിശ്തിമഖ്ബറ' അഥവാ സ്വർഗ്ഗീയശ്മശാനം എന്നു നാമകരണം ചെയ്യുകയുമുണ്ടായി. ഇതിൽ ചേരുന്നവർക്കും ഖബറടക്കപ്പെടുന്നവർക്കും അവശ്യം വേണ്ട ധാർമ്മികഗുണങ്ങൾ മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. അത് നാമോരോരുത്തരും ചെയ്ത ബയ്അത്ത് നിബന്ധനകൾക്ക് ഒട്ടും അപ്പുറത്തുള്ളതല്ല. ധനപരമായി ഓരോ വ്യക്തിയും തങ്ങളുടെ കഴിവിനനുസരിച്ച് ചന്ദ(വരിപ്പണം) നല്കുകയും, തന്റെ മര

ണശേഷം താൻ വിട്ടുപോയ മുഴുവൻ സ്വത്തിന്റേയും പത്തിലൊരുഭാഗം ഈ പ്രസ്ഥാനത്തിന്റെ നിർദ്ദേശാനുസരണം ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങൾക്കും തബ്‌ലീഗിനും വേണ്ടി വിനിയോഗിക്കാമെന്ന് വസിയ്യത്ത് ചെയ്യേണ്ടതാണ്. തന്റെ ബയ്അത്ത് ഇതിലധികവും എഴുതാൻ ഓരോ അഹ്‌മദിക്കും അനുവാദമുണ്ട്. ദൈവികമായ ഈ സംവിധാനത്തെക്കുറിച്ച് അറിഞ്ഞതിനുശേഷം തങ്ങളുടെ സ്വത്തിന്റെ പത്തിലൊരംശമോ അതിലധികമോ അല്ലാഹുവിന്റെ വഴിയിൽ താമസംവിനാ നല്കുവാനുദ്ദേശിക്കുന്നവർ തങ്ങളുടെ വിശ്വാസത്തിൽ മുദ്ര കുത്തുകയാണ് ചെയ്യുന്നത്. (അൽവസിയ്യത്ത്) മസീഹ് മൗഊദ്(അ) പറയുന്നു.

"ഇതെല്ലാം വിദൂരഭാവനകളാണെന്ന് കരുതേണ്ട. ഇത് ആകാശഭൂമികളുടെ അധിപനായ സർവ്വശക്തന്റെ തീരുമാനമാകുന്നു. ഈ വരുമാനം എങ്ങനെ സ്വരൂപിക്കപ്പെടുമെന്നോ, വിശ്വസ്തതയുടെ ആവേശത്താൽ മാത്രം ഈ വീരോചിത കൃത്യങ്ങൾ ചെയ്യുന്ന ഒരു ജമാഅത്ത് എങ്ങനെ വാർത്തെടുക്കപ്പെടുമെന്നോ ഓർത്ത് ഞാൻ ദുഃഖിക്കുന്നില്ല. നമ്മുടെ കാലശേഷം ഈ ധനം ഭരമേല്പിക്കപ്പെടുന്നവർ സമ്പത്തിന്റെ ആധിക്യം കണ്ട് കാലിടറിപ്പോകുമോ എന്നും, ലൗകിക സ്നേഹത്തിലകപ്പെട്ടു പോകുമോ എന്നുമാണ് എന്റെ ഉത്കണ്ഠ. ആയതിനാൽ അല്ലാഹുവിനുവേണ്ടി മാത്രം സേവനം ചെയ്യുന്ന വിശ്വസ്തരായവർ ഈ പ്രസ്ഥാനത്തിൽ സദാ ഉണ്ടായിക്കൊണ്ടിരിക്കട്ടെയെന്ന് ഞാൻ ദുആ ചെയ്യുന്നു."

ഈ മഹത്തായ ആത്മീയ വ്യവസ്ഥിതിയിലേക്ക് നമ്മുടെ പ്രിയങ്കരനായ ഇമാം ഖലീഫത്തുൽ മസീഹ് നമ്മോട് ആഹ്വാനം ചെയ്യുന്നത് നോക്കുക. (2004-ലെ യു.കെ. ജലസയിൽ ചെയ്ത പ്രഭാഷണം) "അടുത്ത ഒരുവർഷത്തിനകം കുറഞ്ഞപക്ഷം പതിനഞ്ചായിരം അഹ്‌മദികൾ വസിയ്യത്ത് വ്യവസ്ഥിതിയിൽ ചേരേണ്ടതാണ്. എന്തുകൊണ്ടെന്നാൽ 2005-ൽ ഈ ദൈവിക വ്യവസ്ഥിതി സമാരംഭമായി ഒരു ശതാബ്ദം പൂർത്തിയാക്കുകയാണ്. അഹ്‌മദിയ്യാ ഖിലാഫത്ത് സ്ഥാപിക്കപ്പെട്ടു നൂറുവർഷം തികയുന്ന 2008-നകം വരുമാനമുള്ള അഹ്‌മദികളിൽ 50% ഈ അനുഗ്രഹീത വ്യവസ്ഥിതിയിൽ പങ്കുചേരേണ്ടതാണ്.

വീണ്ടും ഹുസൂർ തിരുമനസ്സ് അരുളുന്നു. "ഇപ്പോൾ ഈ വ്യവസ്ഥിതിയിൽ ചേരുന്നതിന് തങ്ങളുടെ നിലവാരം ഉയർന്നിട്ടില്ലെന്ന് ചിലർ പറയുന്നു. എന്നാൽ ഓർത്തുകൊള്ളുക, ഈ വ്യവസ്ഥിതിയിൽ ചേരുന്നതുകൊണ്ടുള്ള ദൈവികാനുഗ്രഹം നിമിത്തം പല വർഷങ്ങൾ തരണം ചെയ്യപ്പെടേണ്ട ദൂരം ദിവസങ്ങളിലും മണിക്കൂറുകളിലും തരണം ചെയ്യപ്പെടുന്നതാണ്. അതുകൊണ്ട് തങ്ങളുടെ ആത്മീയസംസ്കരണത്തിന്നായി ഈ പദ്ധതിയിൽ അഹ്‌മദികൾ ചേരേണ്ടതാണ്. അതിന്റെ ഫലമായി ഈ വ്യവസ്ഥിതിയിൽ ചേരുന്നവർക്കായി ഹദ്റത്ത് മഹ്ദി മസീഹ്(അ) ചെയ്ത ദുആകൾക്കു നാമും പാത്രീഭൂതരായിത്തീരേണ്ടതാണ്ത്." ഹുസൂർ തുടർന്നു പറയുന്നു.

ഈ അൽവസിയ്യത്ത് വ്യവസ്ഥിതി സ്ഥാപിതമായി 2005-ൽ നൂറുവർഷം പൂർത്തിയാവുന്നു. എന്നാൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ വ്യവസ്ഥിതിയിൽ ചേരുന്നവരോടു ചെയ്ത ഉപദേശമനുസരിച്ച് എത്ര വേഗത്തിൽ പങ്കുചേരണമായിരുന്നുവോ ആ വേഗത ഉണ്ടാകുന്നില്ല. എത്ര മന്ദഗതിയിലാണ് കഴിഞ്ഞ 100 വർഷക്കാലത്ത് അഹ്‌മദികൾ ഈ പദ്ധതിയിൽ ചേർന്നിരിക്കുന്നതെന്ന് കണക്ക് വെക്കുകയാണെങ്കിൽ നിങ്ങൾക്ക് മനഃപ്രയാസമുണ്ടാകുന്നതാണ്. 99 വർഷങ്ങൾ പൂർത്തിയായതിനുശേഷം അതായത് 1905 മുതൽ ഇതുവരെ 35,000 അഹ്‌മദികൾ മാത്രമേ വസിയ്യത്ത് ചെയ്യുകയുണ്ടായുള്ളൂ. അടുത്തവർഷം ഈ വ്യവസ്ഥിതി ആരംഭിച്ചു 100 വർഷം തികയുകയാണ്. (ഇൻശാഅല്ലാഹ്) എന്റെ അതിയായ ആഗ്രഹം, നിങ്ങൾ ഈ ആത്മീയപദ്ധതിയിൽ തങ്ങളുടെ ജീവിതപരിശുദ്ധിക്കായി ചേരുകയും അടുത്ത ഒരു വർഷത്തിനകം 15,000 ആളുകൾ വസിയ്യത്ത് ചെയ്യുകയും ചെയ്യണമെന്നാണ്. എന്നാൽ, മാത്രമെ ഒരു നൂറ്റാണ്ടിൽ 50,000 വസിയ്യത്ത് നടന്നിരിക്കുന്നുവെന്ന് നമുക്ക് പറയാൻ സാധിക്കുകയുള്ളൂ. എന്റെ മറ്റൊരാഗ്രഹം 2008-ൽ ഖിലാഫത്ത് വ്യവസ്ഥിതിക്ക് നൂറുവർഷം തികയുകയാണ്. ആ അവസരത്തിൽ ജമാഅത്ത്, ഖിലാഫത്ത് ജൂബിലി ശതവാർഷികം ആഘോഷിക്കേണ്ടതാണ്. എന്റെ ആഗ്രഹം 2008-ൽ ഖിലാഫത്ത് സ്ഥാപിതമായി ഒരു ശതാബ്ദം തികയുന്ന അവസരത്തിൽ ലോകത്തുള്ള ഓരോ നാട്ടിലും ഓരോ ജമാഅത്തിലും വരുമാനമുള്ള അഹ്‌മദികളിൽനിന്നും കുറഞ്ഞപക്ഷം 50% ആളുകൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പരിശുദ്ധ വ്യവസ്ഥിതിയിൽ പങ്കുചേർന്നിട്ടുണ്ടായിരിക്കണം എന്നതാണ്. ഇതും ജമാഅത്തിന്റെ ഭാഗത്തുനിന്ന് ഖിലാഫത്ത് സ്ഥാപിതമായി നൂറുവർഷം തികയുന്ന അവസരത്തിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപ്പിക്കുന്ന ഒരു എളിയ കാണിക്കയായിരിക്കും. അതുകൊണ്ട് ഖുദ്ദാമുൽ അഹ്‌മദിയ്യായും അൻസാറുല്ലായുടെ രണ്ടാമത്തെ അണിയും (സഫ്ഫെ ദംവം) ലജ്നാ ഇമായില്ലായും ഇതിൽ അധികമായി പങ്കുചേരേണ്ടതാണ്. കാരണം 70,75 വയസ്സിൽ മനുഷ്യൻ കബറിന്റെ സമീപമായിരിക്കുന്ന അവസരത്തിൽ ഒന്നുംതന്നെ ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലായിരിക്കും. സ്ത്രീകളോട് എനിക്ക് പ്രത്യേകിച്ച് പറയുവാനുള്ളത് അവർ സ്വയം വസിയ്യത്ത് ചെയ്യുന്നതോടൊപ്പം തങ്ങളുടെ ഭർത്താക്കന്മാരേയും കുട്ടികളേയും ഈ പരിശുദ്ധവ്യവസ്ഥിതിയിൽ ചേർക്കണമെന്നാണ്."

കാലത്തിന്റെ ഇമാം നമ്മോടു ചെയ്ത ഈ ആഹ്വാനം പ്രാവർത്തികമാക്കാൻ അല്ലാഹു നമുക്കേവർക്കും തൗഫീഖ് നല്കിയനുഗ്രഹിക്കുമാറാകട്ടെ.

***റാഫിയ സാലിഹ്, പത്തപ്പിരിയം***

# പരിശുദ്ധ റമദാൻ

**അ**ല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വസന്തകാലപുഷ്പങ്ങളെപ്പോലെ പാരിലെങ്ങും പൂത്തുവിരിയുന്ന മാസങ്ങളുടെ തിലകക്കുറിയാണ് പരിശുദ്ധ റമസാൻ.

ഇസ്ലാമിന് മുമ്പ് കടന്നുപോയ ജനതകളിലും സമുദായങ്ങളിലും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ വ്രതനിയമങ്ങൾ ഉണ്ടായിരുന്നു. ഇസ്ലാമിനു മുമ്പുള്ള പ്രവാചകന്മാരും അവരുടെ സഹാബികളും നോമ്പുനോറ്റിരുന്നതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ആ ഗതകാല വ്രതാനുഭവങ്ങളുടെ പൂർണ്ണതയാണ് പരിശുദ്ധറമസാനിലൂടെ അല്ലാഹു തിരുനബ (സ.അ.) മുഖേന മുസ്ലിംജനതക്ക് നല്കിയിരിക്കുന്നത്.

റമസാനിലെ നോമ്പ് എനിക്കുള്ളതാണെന്നും അതിന്റെ പ്രതിഫലം ഞാൻ തന്നെയാണെന്നും അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. റബ്ബിന്റെ അതിസാധാരണമായ പ്രഖ്യാപനവും അതിരുകളില്ലാത്ത വാഗ്ദാനവും ആ ഖുർആൻ വചനത്തിലൂടെ വ്യക്തമാകുന്നു. മറ്റെല്ലാ ആരാധനകളിൽനിന്നും വ്യത്യസ്തമായി നോമ്പും നോമ്പ്നോറ്റവന്റ സൽക്കർമ്മങ്ങളുമുൾപ്പെടെയുള്ള ഇബാദത്ത് എനിക്കുള്ളതാണെന്ന അല്ലാഹുവിന്റെ പ്രഖ്യാപനംതന്നെ നോമ്പിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണ്. എല്ലാ ആരാധനകൾക്കും അല്ലാഹുവിന്റെ പുണ്യവും റഹ്മത്തും ലഭിക്കുമെങ്കിലും അവയെക്കാളേറെ സമുന്നതമായ സംപ്രീതിയാണ് നോമ്പുകാരന് തന്നെത്തന്നെ വാഗ്ദാനം ചെയ്തുകൊണ്ട് സർവ്വേശൻ നമുക്ക് തരുന്നത്.

ഈ വിശുദ്ധിയുടെ മാസത്തിലാണ് തിരുനബി(സ.അ)ക്ക് പ്രവാചകത്വം സിദ്ധിക്കുന്നതും വിശുദ്ധഖുർആൻ അവതരിക്കുന്നതും. ആയിരം മാസങ്ങളേക്കാൾ പുണ്യം പേറുന്ന ലൈലത്തുൽ ഖദ്റിന്റെ വിശുദ്ധരാവ് ഈ പുണ്യമാസത്തിലാണ്. തിരുനബി(സ.അ) വിജയശ്രീലാളിതമായ ചെറുതും വലുതുമായ നിരവധി യുദ്ധങ്ങൾ നടത്തിയത് റമസാനിലായിരുന്നു.

പട്ടിണിപ്പാവങ്ങളായ തിരുസഹാബാക്കൾ സമ്പന്നതയുടെയും അധികാരശക്തികളുടെയും മഹാമേരുക്കളായ ശത്രുക്കളോട് വിശ്വാസത്തിന്റെ ബലംകൊണ്ട് മാത്രം പൊരുതിനിന്ന ദശകങ്ങളിൽ അവർ പകലുകൾ മുഴുവൻ അന്നപാനീയങ്ങൾ ത്യജിച്ച് വ്രതമെടുക്കുന്നത് ധാരാളിത്തത്തിന്റെ അവസാനവാക്കായ അറേബ്യൻപ്രഭുക്കളെ അത്ഭുതസ്തബ്ധരാക്കിയിരുന്നു. ഇതെന്തിനെന്നും ഇതെന്താണെന്നും ഇതിന്റെയർത്ഥമെന്തെന്നും അറിയാതെ ശത്രുക്കളുടെ സമ്പൽസമൃദ്ധകേന്ദ്രങ്ങൾ അന്ന് ഞെട്ടിയിരുന്നു. ഒരുപക്ഷെ ലോകത്താദ്യമായി ഏറ്റവും ഫലപ്രദമായി സഹനവും സഹിഷ്ണുതയും പോരാട്ടങ്ങളുടെ ആയുധങ്ങളായി ഉപയോഗിച്ചതും തിരുനബി(സ.അ)യും സഹാബത്തുമായിരിക്കണം. ആധുനികകാലത്ത് അവതരിപ്പിക്കപ്പെട്ട സഹനസമരങ്ങൾ എത്രമാത്രം വ്യത്യസ്തമാണെന്നും എത്രമാത്രം ദുരുപയോഗം ചെയ്യപ്പെടുമെന്നും ചരിത്രത്തിലെ ഈ താരതമ്യപഠനം നമ്മെ ബോധ്യപ്പെടുത്തും.

അറേബ്യയിലെ സമ്പന്നരും അതികായരും പ്രഭുക്കളും കാലത്തിന്റെ ഒഴുക്കിൽ വിശ്വാസികളായി മാറിയപ്പോൾ, അഞ്ചുനേരത്തെ നമസ്കാരങ്ങളിലെന്നപോലെ ഭക്ഷ്യവർജ്ജനത്തിലും അവർ പാവപ്പെട്ടവനോടൊപ്പം വിശപ്പും ദാഹവും സഹിച്ച് ജീവിക്കാൻ തയ്യാറായി. അപ്പോഴായിരുന്നു ആ സമ്പന്നർ ശരിക്കും സമ്പന്നരായത്. ഇന്നും ഈ കഥ തുടരുകയാണ്.

പാവപ്പെട്ടവന്റെ പട്ടിണിയെന്ന വ്യഥ അറിയുന്നവനേ സത്യവിശ്വാസിയാകാൻ അർഹതയുള്ളൂ എന്ന മഹത്തായ സിദ്ധാന്തമാണ് റമസാനിലൂടെ ഇസ്ലാം പ്രാവർത്തികമാക്കുന്നത്. ഇത്രയും മഹത്തായ വിശുദ്ധമായ പ്രായോഗികമായ പ്രത്യയശാസ്ത്രം മറ്റേത് സമൂഹത്തിൽ കാണാൻ സാധിക്കും. അന്നും ഇന്നുമുണ്ടായിട്ടുള്ള മറ്റൊരു സമുദായത്തിന്റേയും വ്രതാനുഭവങ്ങൾക്ക് റമസാൻ നോമ്പിന്റെ തീവ്രതയോ വിശുദ്ധിയോ ആരും അതിന്റെ പിന്തുടർച്ചക്കാർപോലും കല്പിക്കാത്തതിന്റെ കാരണവും മറ്റൊന്നല്ല.

ഇബാദത്തിന്റെ ഭാഗമാണ് സമസൃഷ്ടിസമഭാവനയും സഹജീവിസഹവർത്തിത്തവും. ഇസ്ലാമിന്റെ മൗലികമായ വീക്ഷണമാണത്. ഇതൊരു വിശ്വാസപ്രഖ്യാപനം മാത്രമായി ഗ്രന്ഥങ്ങളുടെ താളുകളിൽ മയിൽപീലിത്തുണ്ടുപോലെ സൂക്ഷിക്കാനുള്ളതല്ല എന്ന തിരുനബി(സ.അ)ന്റെ പ്രഖ്യാപനമാണ് റമസാൻവ്രതം. നോമ്പ് നോല്ക്കുന്നതിലൂടെ നാം പട്ടിണിയും ദാഹവും ശരീരത്തിന്റെ അവശതകളുമറിയുന്നു. എന്നും പട്ടിണികിടക്കേണ്ടിവരുന്ന നിർദ്ധനജന്മങ്ങളെക്കുറിച്ച് നാം അപ്പോഴോർക്കുന്നു. ഈ പ്രപഞ്ചം ആ പട്ടിണിക്കാരന്റേത് കൂടിയാണെന്ന് നോമ്പിലൂടെ അല്ലാഹു നമ്മെ പഠിപ്പിക്കുന്നു.

ജീവാസ്തിത്വത്തിന്റെ അടിസ്ഥാനമായ അന്നപാനീയങ്ങളുടെ വിലയെന്തെന്ന് നോമ്പെടുക്കുന്നവർക്ക് ബോധ്യമാകുന്നു. അവ നമുക്ക് ലഭ്യമാക്കുന്ന പ്രപഞ്ചനാഥന്റെ അനുഗ്രഹങ്ങൾ നമ്മളറിയുന്നു. നമുക്ക് കിട്ടുന്ന അന്നപാനീയങ്ങൾ എല്ലാവർക്കും അതേ അളവിൽ അവകാശപ്പെട്ടതാണെന്ന അവബോധം നമ്മളറിയാതെ നമ്മളിൽ നാമ്പിടുന്നു. അയൽവക്കത്ത് ഒരാൾ പട്ടിണികിടക്കുമ്പോൾ അത്താഴമുണ്ണാൻ മുസൽമാന് അവകാശമില്ലെന്ന് ആവർത്തിച്ച് പഠിപ്പിച്ച മതമാണ് ഇസ്ലാം. ആ ശാസനയുടെ പൊരുൾ ഒരു പുസ്തകവും വ്യാഖ്യാനിച്ചറിയാതെ റമസാനിൽ നമ്മളറിയുന്നു.

എല്ലാവരും സമന്മാരാണെന്ന സാമൂഹ്യനീതിയുടെ

അടിസ്ഥാനതത്വം ഇസ്‌ലാമിനെപോലെ പ്രബോധിച്ച മറ്റൊരു മതവുമുണ്ടായിട്ടില്ല. ആ സർവ്വസമത്വവും സാമൂഹ്യനീതിയും മറ്റുള്ളവർ കാവ്യവൽക്കരിക്കുകയും പ്രസംഗവൽക്കരിക്കുകയും തൂലികാവൽക്കരണം നടത്തുകയും ചെയ്തപ്പോൾ 1400 വർഷങ്ങളായി ഇസ്‌ലാം അക്ഷരാർത്ഥത്തിൽ അത് പ്രയോഗവൽക്കരിച്ചുവരുന്നു. ആ തിരിച്ചറിവ് കൂടിയാണ് റമസാൻ.

കാലം വൈകിവന്ന ശാസ്ത്രത്തിന്റെ കണ്ടെത്തലുകളിലൊന്നാണ് ഉപവാസത്തിന്റെ ആരോഗ്യദായക ദർശനം. ഇക്കാര്യത്തിലും കാലത്തിന് മുമ്പേ നടക്കാൻ ഇസ്‌ലാമിന് കഴിഞ്ഞത് റമസാൻ വ്രതത്തിലൂടെയാണ്. ആരോഗ്യസമ്പുഷ്ടമായ ബലിഷ്ഠശരീരം പ്രദാനം ചെയ്യാൻ നോമ്പിന് കഴിയുമെന്ന് ഇന്ന് ലോകം അംഗീകരിക്കുന്നു. അതായത് ഒരു ചെറിയ ത്യാഗമേ അല്ലാഹു ആവശ്യപ്പെട്ടുള്ളൂ. ഉദയാസ്തമനങ്ങൾക്കിടയിൽ ജലപാനം പോലുമരുത്. സുഖാനുഭൂതികളരുത് തുടങ്ങിയവ. പക്ഷേ അല്ലാഹു തിരിച്ചുതരുന്നതാവട്ടെ സമ്പുഷ്ടമായ ശാരീരികാരോഗ്യവും മാനസികാരോഗ്യവും.

ഭൗതികമായ ഈ നേട്ടങ്ങളുടെ പതിന്മടങ്ങ് വലുതാണ് അല്ലാഹു വാഗ്ദാനം ചെയ്ത ആത്മീയനേട്ടങ്ങൾ. നോമ്പെടുക്കുന്നവന്റെ സൽക്കർമ്മങ്ങൾക്ക് ആയിരം മടങ്ങ് പുണ്യമാണ് അല്ലാഹുവിന്റെ പക്കൽ. നോമ്പ്തന്നെ മഹത്തായ പുണ്യകർമ്മമായി അല്ലാഹു സ്വീകരിക്കുന്നു.

നോമ്പിലൂടെ ഓരോ വിശ്വാസിയും സ്വയം മാറുകയാണ്. മിതഭാഷിയും സൽക്കർമ്മിയും തെറ്റുകളിൽനിന്നും ഒഴിഞ്ഞുനില്ക്കുന്നവനും സ്വതവേയുള്ള ദൗർബല്യങ്ങളും ചാപല്യങ്ങളും കൈയൊഴിയുന്നവനും പരമാവധി നല്ലകാര്യങ്ങൾ ചെയ്യാൻ ഉത്സുകനുമായി അവൻ മാറുന്നു. സാധാരണയിൽ കവിഞ്ഞ ദുആകളും നമസ്കാരങ്ങളും അവൻ ശീലമാക്കുന്നു. ഭയഭക്തിയോടെ അല്ലാഹുവിനെ എന്നും സ്മരിക്കാൻ നോമ്പുകാരന് കഴിയുന്നു.

ചുരുക്കത്തിൽ ഒരു പുതിയ മനുഷ്യനാവാൻ ഓരോ നോമ്പും നമ്മെ പഠിപ്പിക്കുന്നു. നോമ്പുനോറ്റ ഓരോ നിമിഷവും തഖ്‌വയുടെ പുതിയ ചക്രവാളസീമകളിലാണ് നാമെത്തുന്നത്. അല്ലാഹുവിനെത്തേടിയുള്ള നമ്മുടെ മനസ്സിന്റെ ഉൾവിളികൾ സാർത്ഥകമാവുന്നുവെന്ന് നമുക്ക് സ്വയം ബോധ്യമാവുന്നു. നമ്മളറിയാതെ വിശ്വാസസ്ഥൈര്യത്തിന്റെ പുതയൊരാകാശവും ഭൂമിയും ഈ പ്രപഞ്ചത്തിൽ ഇതൾവിരിയുന്നു. അതാണ് വിശ്വാസദീപ്തിയുടെ, ആരാധനാസുകൃതിയുടെ പൂക്കാലമായ റമസാൻ. റമസാന്റെ അനുഗ്രഹം നമുക്ക് അടുത്ത റമദാൻവരെ എന്നല്ല, ജീവിതാവസാനംവരെ നേടാൻ അല്ലാഹു ഭാഗ്യം നല്കട്ടെ. ആമീൻ.

*സമ്പാ: എസ്.വി. ആമിന*

**പേജ് 27 – ൽനിന്ന്**

കനത്ത മഴത്തുള്ളികൾ വീഴാൻ തുടങ്ങി. യോഗം നിർത്തേണ്ടിവരുമെന്ന ഘട്ടത്തിൽ അദ്ദേഹം ഹൃദയം പൊട്ടി ദുആ ചെയ്തു. പെട്ടെന്നുതന്നെ അന്തരീക്ഷം തെളിയുകയും യോഗം വിജയകരമായി നടക്കുകയും ചെയ്തു. (*ഹയാത്തെഖുദ്സി, മൂന്നാം വാള്യം, പേ–25*)

മൗലാനാ നദീർ അഹ്മദ് സാഹിബ് മുബഷിർ ഘാനയിലായിരുന്നു. ഇമാം മഹ്ദി വന്നിട്ടുണ്ടെങ്കിൽ ഭൂമികുലുക്കം ഉണ്ടാകേണ്ടതാണെന്ന് ശത്രുക്കൾ പറഞ്ഞുപരത്താൻ തുടങ്ങി. ഇത് സത്യസാക്ഷ്യത്തിനുള്ള നിബന്ധനയോ, ഇത്തരത്തിലുള്ള പ്രവചനങ്ങളോ ഇല്ല. എന്നാലും അദ്ദേഹം വിനയാന്വിതനായി ദുആ ചെയ്തു. ഏ, സർവ്വശക്തനായ അല്ലാഹുവേ, നീ നിന്റെ ശക്തിയുടെ അടയാളം കാണിക്കുക. അത്ഭുതം! നോക്കുവിൻ ഏതാനും ദിവസംകൊണ്ട് ഘാനയിൽ ഭയങ്കരമായ ഭൂകമ്പമുണ്ടായി. ഇക്കാര്യം ധാരാളം പേർക്ക് സന്മാർഗ്ഗം പ്രാപിക്കാൻ കാരണമായി. (*റൂഹ് സർവർയാദേം, പേജ്–95*)

മരിക്കാനടുത്തിരിക്കുന്ന രോഗികളുടെ രോഗശമനം. പ്രയാസങ്ങൾ ഇല്ലാതാക്കൽ, നഷ്ടത്തിൽനിന്ന് രക്ഷപ്പെടൽ, ദുആയുടെ ബർക്കത്ത്കൊണ്ട് അസാധാരണമായ ദൈവികാനുഗ്രഹങ്ങളുടെയും സഹായങ്ങളുടെയും സംഭവങ്ങൾ. എല്ലാം എണ്ണിത്തിട്ടപ്പെടുത്താൻ പ്രയാസമാണ്. ജീവനുള്ള ദൈവത്തിന്റെ ജീവനുള്ള ഈ ദൃഷ്ടാന്തങ്ങൾ അഹ്മദിയ്യാലോകത്ത് പേമാരിപോലെ എല്ലാ സ്ഥലത്തും വർഷിച്ചുകൊണ്ടിരിക്കുകയാണ്. ദുആ സ്വീകാര്യതയുടെ ഈ ദിവ്യജ്ഞാനമാണ് അഹ്മദിയ്യത്ത് ലോകത്തിന് നൽകിയത്. ഈ സംഭവങ്ങളുടെ ഫലമായി ലഭിച്ചുകൊണ്ടിരിക്കുന്ന ഈമാന്റെ ആസ്വാദനത്തിനുള്ള സൗഭാഗ്യം അഹ്മദികൾക്കല്ലാതെ ലോകത്ത് മറ്റാർക്കെങ്കിലും ലഭിക്കുന്നുണ്ടോ?

**സമാപനം**

ഈ ആത്മീയാനുഗ്രഹങ്ങളും കാരുണ്യങ്ങളുമാണ് അഹ്മദിയ്യത്ത് ലോകത്തിന് നൽകിയത്. ഏ, അഹ്മദിയ്യത്തിന് ആത്മാർപ്പണം ചെയ്തവരേ! ഇന്ന് നിങ്ങളാണ് ഈ അനുഗ്രഹങ്ങളുടെ സൂക്ഷിപ്പുകാർ. ഈ അമാനത്തുകളുടെ ചുമതല നിങ്ങൾ നല്ലപോലെ പൂർത്തിയാക്കുക. നീറിപുകഞ്ഞുകൊണ്ടിരിക്കുന്ന മനുഷ്യർക്കുള്ള ഈ സിദ്ധൗഷധം ഇന്ന് നിങ്ങളുടെ കൈയിലാണ് ഏൽപിച്ചിരിക്കുന്നത്. ലോകം ഇന്ന് അധാർമ്മികതയുടെ മരണവക്കിൽ എത്തിനിൽക്കുകയാണ്. അവരെ ഇന്ന് മുഹമ്മദ്(സ)ന്റെ ദാസരായ നിങ്ങളാണ് രക്ഷിക്കാനുള്ളത്. നിങ്ങൾ എഴുന്നേൽക്കുവിൻ. അധാർമ്മികതയുടേയും അന്ധകാരത്തിന്റേയും ഇരുട്ടിൽ തപ്പിനടക്കുന്ന ഈ ജനങ്ങളുടെ രക്ഷക്കുവേണ്ടി മനസ്സാവാചാകർമ്മണാ ത്യാഗമൈതാനത്തേക്ക് എടുത്തുചാടുവിൻ. (*മിശ്കാത്ത്, 2004, മാർച്ച്*)

*വിവ: മൗലവി ടി.എം. മഹ്മൂദ് സാഹിബ്*

# തബ്ലീഗ് രംഗവും അല്ലാഹുവിന്റെ അനുഗ്രഹവും
## (പ്രചോദിപ്പിക്കുന്ന ചില ഉദാഹരണങ്ങൾ)

### ലണ്ടൻപള്ളിയുടെ ഇമാമായ അതാഉൽ മുജീബ് റാശിദ് സാഹിബ് 1991–ൽ യു.കെ. ജൽസാ സാലാനയിൽ ചെയ്ത പ്രഭാഷണത്തിലെ ഏതാനും ചില ഭാഗങ്ങൾ

ഹദ്റത്ത് അബ്ദുറഹ്മാൻ സാഹിബ്(റ.അ) രാവും പകലും തബ്ലീഗ് ചെയ്യുമായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന് ഗുരുതരമായ അസുഖം ബാധിച്ചു. രക്ഷപ്പെടാനുള്ള സാധ്യത വളരെ വിരളമായിരുന്നു. അങ്ങനെയിരിക്കെ അദ്ദേഹം ഇങ്ങനെ ദുആ ചെയ്തു. "അല്ലാഹുവേ, നീ എല്ലാത്തിന്റേയും ഉടമസ്ഥനാണ്. മരിച്ചവനെ ജീവിപ്പിക്കാൻ നിനക്ക് മാത്രമെ കഴിയുകയുള്ളൂ. എന്റെ കുടുംബത്തിന് ഇപ്പോൾ എന്റെ ആവശ്യമുണ്ട്. ഇവരെ പരിപാലിക്കൽ എന്റെ കടമയിൽപെട്ടതാണ്. നീ എനിക്ക് ആരോഗ്യം തന്നാലും." അദ്ദേഹം പറയുകയാണ്. 'ഞാൻ ഇങ്ങനെ ദുആ ചെയ്യുകയും, തബ്ലീഗ് ചെയ്യുമെന്ന് അല്ലാഹുവിനോട് വഅ്ദ ചെയ്യുകയും ചെയ്തപ്പോൾ അല്ലാഹു എന്റെ ദുആ സ്വീകരിക്കുകയും എന്റെ ജീവിതം അനുഗ്രഹം നിറഞ്ഞതുമാക്കിതരികയും ചെയ്തു.'

ബംഗ്ലാദേശിലെ ഒരു സുഹൃത്ത് ഇപ്രകാരം പറയുകയുണ്ടായി– ഒരു അനഹ്മദി സഹോദരൻ ജമാഅത്തുമായി അടുക്കുകയായിരുന്നു. ജമാഅത്തിന്റെ പുസ്തകങ്ങളും വായിക്കാറുണ്ടായിരുന്നു. പെട്ടെന്ന് അദ്ദേഹത്തിന്റെ കണ്ണിന് അസുഖമായി. ഡോക്ടർമാർ പറഞ്ഞു, ദിവസം കഴിയുന്തോറും കണ്ണിന്റെ കാഴ്ച കുറയുമെന്ന്. അദ്ദേഹത്തിന്റെ അനഹ്മദി സുഹൃത്തുക്കൾ അദ്ദേഹത്തെ പരിഹസിച്ചുകൊണ്ടുപറഞ്ഞു. ഇനിയും അഹ്മദികളുടെ പുസ്തകങ്ങൾ വായിക്കൂ. അതൊക്കെ വായിച്ചതുകൊണ്ടാണ് അല്ലാഹു നിനക്ക് ഈ ശിക്ഷ തന്നത്. അദ്ദേഹം തന്റെ അഹ്മദി സുഹൃത്തിനോട് ഇതിനെക്കുറിച്ച് സംസാരിച്ചപ്പോൾ, അദ്ദേഹം ഇങ്ങനെ പറഞ്ഞു– നിങ്ങളും ദുആ ചെയ്യൂ, ഞാനും ദുആ ചെയ്യാം. ഞാൻ നമ്മുടെ ഇമാമിനോടും കത്തിലൂടെ ദുആക്ക് അഭ്യർത്ഥിക്കാം. ഇത് കഴിഞ്ഞ് കുറച്ച് ദിവസത്തിനകം അദ്ദേഹത്തിന്റെ കണ്ണിന്റെ അസുഖം മാറുകയും, ഡോക്ടർമാരെ കാണിച്ചപ്പോൾ രോഗത്തിന്റെ ഒരംശംപോലും ഇപ്പോൾ ശേഷിക്കുന്നില്ല എന്ന് പറയുകയും ചെയ്തു.

തബ്ലീഗ് രംഗത്തിൽ വളരെ പ്രമുഖനായിരുന്നു മുക്കറം സർദാർ നസീഹ് അഹ്മദ് ഡാക്ടർ സാഹിബ്. ഒരിക്കൽ അദ്ദേഹം കപ്പലിൽ യാത്ര ചെയ്യുമ്പോൾ കപ്പൽ ഏദനിൽ നിർത്തുകയുണ്ടായി. അപ്പോൾ ഇദ്ദേഹം ലഭിച്ച അവസരം പ്രയോജനപ്പെടുത്തുവാൻ തബ്ലീഗ് ചെയ്യുവാൻ വേണ്ടി പുറത്തിറങ്ങി. തബ്ലീഗിൽ മുഴുകുകയും യാത്രയുടെ കാര്യം അങ്ങ് മറന്നുപോവുകയും ചെയ്തു. ഓർമ്മ വന്നപ്പോൾ വളരെ വൈകിപ്പോയിരുന്നു. തുറമുഖത്തെത്തിയപ്പോൾ കപ്പൽ പോയെന്നു മനസ്സിലായി. അദ്ദേഹം പരിഭ്രമിച്ചുകൊണ്ട് ദുആ ചെയ്തു. 'അല്ലാഹുവേ ഞാൻ അറബികൾക്ക് നിന്റെ സന്ദേശം എത്തിക്കുകയായിരുന്നു. എന്റെ കപ്പൽ പോയി. എന്റെ റബ്ബേ എനിക്ക് ഒന്നിനേയും കുറിച്ച് അറിവില്ല. അല്ലാഹുവേ നീ എങ്ങനെയെങ്കിലും ആ കപ്പൽ തിരികെ കൊണ്ടുവന്നാലും.' ഇങ്ങനെ ദുആ ചെയ്ത് അദ്ദേഹം ഉറങ്ങിപോയി. രാത്രി സ്വപ്നത്തിൽ കപ്പൽ തിരിച്ചെത്തിയതായി അല്ലാഹു കാണിച്ചു. രാവിലെ അദ്ദേഹം എല്ലാവരോടും പറഞ്ഞു. എന്റെ കപ്പൽ തിരിച്ചുവരുമെന്ന് അല്ലാഹു എന്നോട് സ്വപ്നം മുഖേന അറിയിച്ചിരിക്കുന്നു. ഇതുകേട്ടപ്പോൾ എല്ലാവരും കൂടുതൽ പരിഹസിക്കുകയും പരസ്പരം ഇയാൾക്ക് വട്ടാണെന്ന് പറയുകയും ചെയ്തു. എപ്പോഴെങ്കിലും പോയവണ്ടിയോ കപ്പലോ തിരിച്ച് വന്നിട്ടുണ്ടോ?

പക്ഷെ, അല്ലാഹു വിചാരിച്ചാൽ സംഭവിക്കാത്ത വല്ല കാര്യവുമുണ്ടോ? ഇങ്ങനെ നസീർ സാഹിബ് പറഞ്ഞുടൻതന്നെ ഒരാൾ ഓടി അവിടെ വന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു. 'ഇദ്ദേഹം പറയുന്നത് ശരിയാണ്. അതാ കപ്പൽ തിരിച്ച് വന്നിരിക്കുന്നു...'

(കപ്പൽ തിരിച്ചുവരാനുള്ള യഥാർത്ഥ കാരണം– യുദ്ധം കാരണത്താൽ കപ്പലിന് കെട്ടാനുള്ള സമാധാനത്തിന്റെ പതാക എടുക്കാൻ വേണ്ടിയായിരുന്നു)

മുഹ്തറം മാസ്റ്റർ മുഹമ്മദ് ശഫീഖ് അസ്ലം സാഹിബ് രിവായത്ത് ചെയ്യുകയാണ്. ഒരു ദിവസം ഞാൻ ഒരു പണ്ഡിതനുമായി ഒരു വാദപ്രതിവാദം നടത്താൻ പോവുകയായിരുന്നു. പണ്ഡിതൻ ഇംഗ്ലീഷിൽ എഴുതിയ കടലാസ് എനിക്ക് തന്നുകൊണ്ട് പറഞ്ഞു. ആദ്യം അതിന്റെ ഉത്തരം തരുവിൻ. മൗലവിക്ക് ഇംഗ്ലീഷ് വായിക്കാൻ കഴിയാത്തതുകൊണ്ട് ലജ്ജ തോന്നും. അപ്പോൾ എല്ലാവരോടും പറയാലോ, കണ്ടില്ലേ, ഞാൻ എഴുതിയത് വായിക്കാൻപോലും കഴിയാത്ത ഇദ്ദേഹത്തോട് ഞാൻ എന്ത് സംസാരിക്കാനാണ്? ഇതായിരുന്നു പണ്ഡിതന്റെ യഥാർത്ഥ ഉദ്ദേശ്യം.

അല്ലാഹു മുഖേന ഇത് അസ്ലം സാഹിബിന് മനസ്സിലായി. അപ്പോൾ അദ്ദേഹം അതിന്റെ മറുപടിയായി അറബിയിൽ രണ്ട് വരികൾ എഴുതികൊടുത്തു. പണ്ഡിറ്റിന് അറബി അറിയില്ലായിരുന്നു. അയാൾ ആകെ പരിഭ്രമിച്ചുകൊണ്ട് അതിന്റെ അർത്ഥമെന്താണെന്ന് ചോദിച്ചു. ഉടനെ അസ്ലം സാഹിബ് പറഞ്ഞു, ഞാൻ എഴുതിയത് വായിക്കാൻ കഴിയാത്ത ഇദ്ദേഹത്തോട് ഞാൻ എന്ത് സംസാരിക്കാനാണ്? അങ്ങനെ അല്ലാഹുവിന്റെ സഹായത്താൽ അയാളുടെ കുരുട്ട് ബുദ്ധി അദ്ദേഹത്തിന് ഉപയോഗിക്കാനായില്ല.

സദ്സാലാ ജൂബിലിയുടെ ജൽസാ സാലാനയിൽ,

# ശങ്കുശങ്ക

**മു**തലക്കണ്ണീർ എന്ന് നാം കേൾക്കാറില്ലേ... അമേരിക്കൻ പ്രസിഡന്റിന്റെയും യൂറോപ്യൻ രാഷ്ട്രത്തലവന്മാരുടേയും മുതലക്കണ്ണീർ തുരുതുരാ വീഴുന്ന അത്ഭുതപ്രതിഭാസം നാം മാധ്യമങ്ങളിൽ കണ്ടത് സെപ്തംബർ 11ന്റെ അനുസ്മരണാദിന ചടങ്ങുകളിലാണ്. ഇറാക്കിലെ ജനത സദ്ദാംഹുസൈന്റെ കീഴിൽ പീഡിപ്പിക്കപ്പെടുന്നത് കണ്ടും ബുഷ് വല്ലാതെ നൊന്ത് കരഞ്ഞിരുന്നു. ഇറാക്കികളെ രക്ഷിക്കാൻ സദ്ദാംഹുസൈനെ കുടുക്കി പുരാതന സ്മാരകങ്ങളും സംസ്കാരങ്ങളും ഉള്ള ഒരു രാജ്യത്തെ തകർത്തുതരിപ്പണമാക്കി ആയിരക്കണക്കിന് നിരപരാധികളെ അനാഥരും, മൃതരും, വികലാംഗരുമാക്കിയപ്പോഴേ അമേരിക്ക എന്ന വല്യേട്ടന് സമാധാനം കിട്ടിയുള്ളൂ. പണ്ടിതുപോലെ ഇത്തിരി ജൂതന്മാരെ ജർമ്മനി പീഡിപ്പിച്ചെന്ന് പറഞ്ഞ് അവർക്ക് കൂട്ടുനിന്ന ജപ്പാനിൽ അവർ രണ്ട് പടക്കമെറിഞ്ഞു. വല്യ കുഴപ്പമൊന്നുമുണ്ടായില്ല. രണ്ട് ലക്ഷത്തോളം ആളുകൾ മരിക്കുകയും ഇന്നും അതിന്റെ ജീവിക്കുന്ന രക്തസാക്ഷികൾ ജനിച്ചുവളരുകയും ചെയ്യുന്നു. എന്നാലെന്താ വല്യേട്ടൻ ലോകത്തിന് സമാധാനം തന്നില്ലേ. പിന്നെ നോക്കുമ്പോൾ അഫ്ഗാനിസ്ഥാനിൽ കുറേ താലിബാൻ പിള്ളേര് തീകൊണ്ട് കളിക്കുന്നു. ഓലപ്പടക്കം എറിയുന്നു. വല്യേട്ടന് അലോസരമായി കൊടുത്തു ചെപ്പക്കുറ്റിക്ക്തന്നെ. അവര് വീണ്ടും കുരുത്തക്കേടൊപ്പിക്കാൻ തുനിയാതിരിക്കുവാൻ ശിങ്കിടികളെ വീക്ക് തുടരാനേല്പിച്ചു. എല്ലാം തീർത്ത് എല്ലാരേയും സമാധാനിപ്പിച്ചു വല്യേട്ടൻ ഒന്ന് നടുനിവർത്താമെന്ന് കരുതിയപ്പോ. ഇറാൻ ചൊറിയുന്നു. ഹാമാസും ഹിസ്ബുള്ളയും പിച്ചുന്നു. കൂടെകൂടി ചിലരൊക്കെ മാന്തുന്നു. അമേരിക്കനണ്ണന് എങ്ങനെ സ്വസ്ഥത കിട്ടും. കുടുംബത്ത് സൈ്വര്യമില്ലാഞ്ഞാൽ കാരണവർ ഇടപെട്ടല്ലേ പറ്റൂ! ഇവയൊക്കെ കൂട്ടിയാൽ കേവലം ലക്ഷക്കണക്കിനാളേ ഒരുവർഷം മരിക്കുന്നുള്ളൂ. അതുപോലെയാണോ വേൾഡ് ട്രേഡ് സെന്റർ എന്ന സമാധാന പ്രാവിനെ കൊന്ന് കുറച്ച് ചോരത്തുള്ളി വീഴ്ത്തിയത്. ഓർക്കുന്തോറും വല്യണ്ണനും കൂട്ടാളികളും വിങ്ങിപ്പൊട്ടുകയാണ്. ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ ശങ്കൂന് ശങ്ക കൂടുകയാണ്. എന്തുട്ടാ ഇതിന്റെ ഗുട്ടൻസ്? പലതും പറഞ്ഞ് ഇറാഖിനെ പൊളിച്ചടുക്കീട്ട് ഇപ്പോ പറയുന്നു രാസായുധവുമില്ല ജൈവായുധവുമില്ല. സദ്ദാമിന് അൽഖൊയ്ദ ബന്ധവുമില്ല.

വരണ്ടുണങ്ങി തരിശായ അഫ്ഗാനിസ്ഥാനെ എരിതീയിലിട്ടിട്ട് ആനമന്ത്രം പിഴച്ചേ എന്നെയുമെടുത്തോടിക്കോ എന്ന മട്ടിൽ സ്ഥലം വിട്ടു. ലോകപോലീസും പ്രപഞ്ചമാകെ ചാരക്കണ്ണും ചാരകൈയ്യും കൈയ്യൂക്കുമുള്ള അമേരിക്കൻ പ്രസിഡന്റിന്റെ മൂക്കിൻ താഴെ, 7-8 മണിക്കൂറിലേറെ വിമാനം പറത്തി ട്രേഡ് സെന്ററിന്റെ കറക്ട് പവർ റൂമിന് തന്നെ ഇടിച്ച് തകർക്കാൻ മാത്രം വമ്പത്തരം ഉസാമക്കും കൂട്ടർക്കുമുണ്ടെന്ന് തന്നെ വെക്കാം. അന്നവിടെ ജോലി ചെയ്തിരുന്ന രണ്ടായിരത്തിലധികം ജൂതർ ഒരാളൊഴിയാതെ ലീവായതങ്ങിനെ. കഥയറിയാതെ ആട്ടം കാണുന്നവരല്ലേ തട്ടിപ്പോയത്. എന്നാലെന്താ റീത്തും മെഴുകുതിരിയും പാട്ടുമായി വല്യണ്ണനും സംഘവും വാർഷിക അനുസ്മരണ തോറ്റം നടത്തിതരുന്നില്ലേ. പോരെ മൂന്നാം ലോക രാഷ്ട്രങ്ങൾക്ക് മോക്ഷം കിട്ടാനിനി എന്ത് വേണം? ശങ്കൂന് ശരിക്കും ശങ്ക വരണ. ഇതാണോ അപ്പുറത്തെ മൊല്ലാക്ക പറയുന്ന ഖിയാമം നാളിലെ ദജ്ജാല്!

---

# ഇനിയും എത്ര കാലം?

**ഈ**സാനബിയേയും കാത്തിരുന്നു
കാലം കഴിക്കുന്നു മർത്ത്യരിന്ന്
കാലവുമേറെ കഴിഞ്ഞുപോയി
കാത്തിരിപ്പിന്നന്ത്യം ഇല്ലാതായി
ആകാശം നോക്കി ഇരുന്നോരെല്ലാം
ആകെ നിരാശയിലാണ്ടുപോയി.
ഈസാനബി ഇന്നും വന്നതില്ല.
ഇന്നോളമാരുമെ കണ്ടതില്ല.
ആകാശത്തില്ല ഉടലോടെയായ്
ഉണ്ടെങ്കിൽ എത്തേണ്ട കാലമായി.
ഇനിയെന്ത് എന്നൊരു ചോദ്യമായി
സംശയത്തോടെ പറഞ്ഞുപോയി
ഈസാനബിയോ മരിച്ചുപോയി
ഖുർആനിലോതുന്നു വ്യക്തമായി
ഈസാനബിക്ക് സദൃശനായി
മുത്തുറസൂലിന്റെ ശിഷ്യനായി
കാലത്തിന്റെ ഇമാം വന്നുപോയി
കാലം ഇതിനെല്ലാം സാക്ഷിയായി.
ചിന്തിച്ചിടുവാൻ സമയമായി
സത്യം ഗ്രഹിക്കുവാൻ നേരമായി
ആകാശം സാക്ഷ്യം പറഞ്ഞുനന്നായ്
ജാഅൽമസീഹെന്ന് വ്യക്തമായി.

***സുലൈഖ മുഹമ്മദ്***

മലേഷ്യയിലെ ഒരു അനഹ്മദിസ്ത്രീ ഖാദിയാനിൽ വന്നിരുന്നു. അഹ്മദിയ്യാജമാഅത്തിൽ വളരെയേറെ താല്പര്യമുണ്ടായിട്ടും, ബയ്അത്ത് ചെയ്യുവാൻ അവർക്ക് പൂർണ്ണമായി ഇഷ്ടമില്ലായിരുന്നു. ജൽസാ സാലാന യുടെ രണ്ടാമത്തെ ദിവസം അവർക്ക് ബൈത്തുൽ ദുആയിൽപോയി ദുആ ചെയ്യുവാനുള്ള തൗഫീഖ് (അനുഗ്രഹം) ലഭിക്കുകയുണ്ടായി. അപ്പോൾ ഹിദായത്ത് ലഭ്യമാകാൻ അവർ ഇങ്ങനെ ദുആ ചെയ്തു. അല്ലാഹുവെ, അഹ്മദിയ്യത്ത് സത്യമാണെങ്കിൽ നാളത്തെ ദിവസം മുഴുവൻ മഴയുണ്ടാവണെ.

അവർ ഏത് രീതിയിലാണ് അല്ലാഹുവിനോട് ദുആ ചെയ്തതെന്ന് അറിയില്ല. അവരുടെ ദുആ അല്ലാഹു സ്വീകരിക്കുകയും ജൽസയുടെ മൂന്നാമത്തെ ദിവസം രാവിലെതൊട്ട് വൈകുന്നേരം വരെ ഖാദിയാനിൽ മഴ പെയ്യുകയും ചെയ്തു. ഈ മഴ കാരണം ജൽസാ മസ്ജിദ് അഖ്സയിലും, മസ്ജിദ് മുബാറക്കയിലുമായി നടത്തേണ്ടിവന്നു. വൈകുന്നേരം ഈ സ്ത്രീ ബയ്അത്ത് ചെയ്തുകൊണ്ട് പറഞ്ഞു- എന്റെ ദുആകൊണ്ട് എല്ലാവർക്കും ഇത്രയും ബുദ്ധിമുട്ടുണ്ടാവുമെന്ന് അറിഞ്ഞിരുന്നെങ്കിൽ ഞാൻ അല്ലാഹുവിനോട് വേറെ വല്ല അടയാളത്തിനുവേണ്ടി ചോദിക്കുമായിരുന്നു.

ഇന്തോനേഷ്യയുടെ മുബല്ലിഗായ ഹദ്റത്ത് മൗലാനാ റഹ്മത്ത് അലി സാഹിബ് പറയുകയാണ്. ഇന്തോനേഷ്യയിൽ പട്ടാന്ഗ് എന്ന പട്ടണത്തിലായിരുന്നു ഞാൻ താമസിച്ചിരുന്നത്. അവിടെ വീടുപണിയാൻ മരമാണ് ഉപയോഗിക്കാറ്. ഒരു ദിവസം എന്റെ വീടിന്റെയടുത്ത് തീ പിടിക്കുകയുണ്ടായി. തീ എന്റെ വീടിന്റെ അടുത്തെത്തികൊണ്ടിരുന്നപ്പോൾ എല്ലാവരും വീടൊഴിയാൻ പറഞ്ഞു. ഞാൻ പൂർണ്ണവിശ്വാസത്തോടെ എല്ലാവരോടും ഇങ്ങനെ മറുപടി പറഞ്ഞു, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ അഗ്നിക്ക് ഞങ്ങളുടെ ഒന്നിനേയും തന്നെ നശിപ്പിക്കാൻ കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ മസീഹ് മൗഊദ്(അ) ന് ഇങ്ങനെ വഹ്‌യ് ഉണ്ടായിരുന്നു.

"തീർച്ചയായും അഗ്നി എന്റെ അടിമയാണ്. അല്ല, അത് എന്റെ അടിമയുടെ അടിമയാണ്.

അദ്ദേഹം ഇത് പറയുമ്പോൾതന്നെ മേഘം കെട്ടുകയും മഴ പെയ്യാൻ തുടങ്ങുകയും ചെയ്തു. അല്ലാഹുവിന്റെ കാരുണ്യത്താൽ തീ തണുക്കുകയും ചെയ്തു.

ഈ മേൽപറഞ്ഞ ഉദാഹരണങ്ങളിൽനിന്നെല്ലാം തന്നെ, തബ്‌ലീഗും ദാവത്തെ ഇലല്ലാഹ് (അല്ലാഹുവിന്റെ സന്ദേശം എത്തിച്ചുകൊടുക്കൽ) ചെയ്യുന്നവരോടൊപ്പം, ആകാശങ്ങളുടേയും ഭൂമിയുടേയും ഉടമസ്ഥനായ അല്ലാഹു എല്ലാ നിമിഷവും കൂടെയുണ്ടാവുമെന്ന് നമുക്ക് മനസ്സിലാക്കാം.

*വിവ: നൂർനസർ അബ്ദുർറഹ്മാൻ, ദുബായ്*

# സ്നേഹദീപം

**മാ**താപിതാക്കളെ പാടെമറന്നുള്ള
ജീവിതമിന്നൊരു സത്യമായ്തീരുന്നു
എന്താണ് താൻചെയ്യും ഘോരമാം തെറ്റുകൾ
എന്നൊന്നറിയാതെ മർത്യനോ പായുന്നു.
ജീവിതമാകുമീ കുത്തൊഴുക്കിൽപെട്ടു
കേറുവാനാകാതെ മേലേയ്ക്കു നോക്കുന്നു.
മാതാപിതാക്കളെ നോക്കുകെൻ സോദരേ
രാവും പകലും തൻപൊൻമക്കൾക്കായവർ
എല്ലാം സഹിച്ചും, ത്യജിച്ചും പൊറുത്തും
ആയുസ്സിൽ പാതിയും അങ്ങനെ തീർക്കുന്നു.
എന്തു പ്രതിഫലം നൽകിയാലാകുമാ
സ്നേഹാർദ്രചിത്തത്തിനുത്തരമായി നാം
നിൻനാഥൻ നിന്നോടുരചെയ്തതോർക്കുനീ
വാർദ്ധക്യമെത്തി നിൻമാതാപിതാക്കളോ
നിൻമുമ്പിൽ എത്തിയ കാലമതിൽ
നിൻസ്വരമൊട്ടുമുയരാതെ നോക്കണം
നിൻനാവു നിന്നിലറിയാതമരണം
നിൻസ്നേഹമെന്നും അവരിൽ ചൊരിയണം
നീയാണവർക്കെന്നും താങ്ങാണതോർക്കേണം.
എന്നിട്ടു നിൻകരം കൂപ്പി നീ കേഴേണം
എന്റെയവശമാം ബാല്യകാലങ്ങളിൽ
കാരുണ്യമോടെന്നെ പോറ്റിവളർത്തിയോർ
ആത്മാവിൻ സ്നേഹത്തിൽ ബാഷ്പാംഗധാരയാൽ
എന്നെ ഞാനാക്കിയ ഉത്തുംഗശൃംഗങ്ങൾ
നിന്റെ ദാസന്മാരറിയാതവർ ചെയ്ത
തെറ്റുകളെല്ലാം പൊറുത്തു നീ നൽകേണം
നിന്റെ കാരുണ്യമാം ചിറകുകൾക്കുള്ളിൽ നീ
നിന്നിലരുമയോടണച്ചു പുൽകേണമേ.
അണ്ഡകടാഹങ്ങളൊക്കെയും സൃഷ്ടിച്ചു
പാലിച്ചു പോരുമെൻ ജീവനാഥാ
നിൻദയാവായ്പുകൾക്കുള്ളിലമരുവാൻ
നിൻപ്രേമ സായൂജ്യമാകെ നുകരുവാൻ
ശിഷ്ടമാം ജീവിതം എന്നുമൊരർത്ഥമായ്
നിന്നിഷ്ടമോടെ വിശിഷ്ടമായ് തീരുവാൻ
നിൻകൃപാസാഗരം തന്നിൽ ലയിക്കുവാൻ
ദുഷ്ടമാം ഈ ലോകമാകെ വെടിഞ്ഞു ഞാൻ
എത്തട്ടെ നിൻമുൻപിലെത്രയും വേഗത്തിൽ.

***ആബിദാ ജലീൽ***

# നബിതിരുമേനി(സ)യുടെ ജീവിതമാതൃക

നബിതിരുമേനി(സ) തികഞ്ഞ ഒരു മാതൃകയാണ്. ജീവിതം ജീവിച്ചുതീർക്കുന്നവർക്ക് ഒരു ഉദാത്ത മാതൃക. വിശുദ്ധഖുർആൻ ഇക്കാര്യം അർത്ഥശങ്കക്കിടയില്ലാത്തവിധത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ***ലഖദ്കാന ലകും ഫീ റസൂലില്ലാഹി ഉസ്വത്തുൻ ഹസന*** (അല്ലാഹുവിന്റെ റസൂലിൽ അനുകരണീയമായ മാതൃകയുണ്ട്)

ചരിത്രത്തിന്റെ ശവപ്പറമ്പിൽ ഇരുണ്ട ഗുഹയായിട്ടാണ് അറേബ്യ അറിയപ്പെട്ടത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഒരുവശത്ത്. അനീതിയും അധർമ്മവും മറ്റൊരു വശത്ത്. അവസാനിക്കാത്ത സ്ത്രീരോധനങ്ങളും അസഹനീയമായ അടിമഭേദനങ്ങളും വേറൊറു വശത്ത്. അവിടെയാണ് ലോകത്തിന്റെ മാണിക്യം പിറവിയെടുത്തത്. നബിതിരുമേനി(സ) എങ്ങനെയാണ് ഒരു മാതൃകയായിത്തീരുന്നത്. ജനനം മുതൽ മരണംവരെയുള്ള ജീവിതത്തിലെവിടെയും നബിയുടേതുമാത്രമായ ഒരു ടച്ച് ഉണ്ട് എന്നതുകൊണ്ടുതന്നെ. ഒരു അനാഥബാലൻ ശിശുസഹജമായ വികാരങ്ങൾക്കപ്പുറത്ത് പക്വമതിയായിത്തീർന്ന ബാല്യം. മറ്റുള്ളകുട്ടികൾ ആദ്യമൂഴത്തിൽതന്നെ ഭക്ഷണം കിട്ടാൻ വെറിപിടിച്ച് പെരുമാറിയപ്പോൾ ഒരു മൂലയിലേക്ക് മാറിനിന്ന് തന്റെ ഊഴം വരുന്ന സ്വാഭാവിക സന്ദർഭത്തെ ഉപയോഗപ്പെടുത്തിയ ഒരു കൊച്ചുബാലൻ. യുവാവായപ്പോൾ മക്കക്കാരുടെ ഈ മാതൃകാബാലൻ ***അൽ അമീൻ*** എന്ന വിശേഷണവുമായി വിളങ്ങി. വിശ്വസ്തൻ എന്ന ഈ അംഗീകാരത്തിന് പത്തരമാറ്റിന്റെ ശോഭയുണ്ടായിരുന്നു. എവിടെയൊക്കെ അനീതി തളം കെട്ടിക്കിടന്നുവോ അവിടെ ശുദ്ധീകരണത്തിന്റെ കൈവല്യം ഈ ചെറുപ്പക്കാരനായിരുന്നു. ഒരു ഉദാഹരണം ശ്രദ്ധിക്കുക. മക്കക്കാരുടെ ഭയമാ യിരുന്നുവല്ലോ അബൂജഹൽ. അയാൾ മറ്റൊരാളിൽ നിന്നും അന്യായമായി പിടിച്ചുവെച്ച മുതൽ വിട്ടുകിട്ടാത്തപ്പോൾ എവിടെ അഭയം എന്ന് ആ പാവം ആലോചിച്ചു. അങ്ങനെയാണ് നബിതിരുമേനി(സ)യെ സമീപിച്ചത്. നബിതിരുമേനി അബൂജഹലിന്റെ അടുത്തേക്ക് ചെല്ലുകയും ആ നാടോടി മനുഷ്യനോട് നീതികാട്ടാൻ ആവശ്യപ്പെടുകയും ചെയ്തു. അബൂജഹലിന്ന് തന്റെ കയ്യിലെ അന്യായസംഖ്യ തിരിച്ചുകൊടുക്കേണ്ടിവന്നു. ഇതിനെക്കുറിച്ച് ആരാഞ്ഞപ്പോൾ അബൂജഹൽ പറഞ്ഞത് മുഹമ്മദ് എന്റെ അടുത്തുവന്നപ്പോൾ അയാളുടെ ഇരുവശങ്ങളിലും അലറുന്ന സിംഹങ്ങളുണ്ടായിരുന്നു എന്നാണ്. ഇത് സത്യത്തിൽ ഒരു പ്രതീകമാണ്. അനീതിക്കെതിരായ ആർജ്ജവത്തിന്റെ പ്രതീകം.

നാല്പത് വയസ്സായപ്പോൾ പ്രവാചകത്വത്തിന്റെ വിശുദ്ധരത്നം നബിതിരുമേനിക്ക് സ്വന്തമായി. പീഢനങ്ങളുടേയും സഹനങ്ങളുടേയും ഒരു നൊമ്പരക്കാലമായിരുന്നു പിന്നീട്. തിരുനബിയും ഹസ്റത്ത് അബൂബക്കർ(റ)യും ഗുഹാവാസത്തിന്റെ പരീക്ഷണത്തിലായിരുന്നു. ദൂരെനിന്ന് ഒട്ടകങ്ങളുടെ കുളമ്പടി. തിരുനബിയെ ലക്ഷ്യമാക്കി ശത്രുക്കളുടെ സന്നാഹം. ആൾക്കൂട്ടം തങ്ങളുടെ അടുത്തേക്ക് എന്ന തോന്നലുണ്ടായപ്പൾ ഹസ്റത്ത് അബൂബക്കർ(റ) നബിയോടായി പറഞ്ഞു: ഇതാ നമ്മൾ രണ്ടുപേരല്ലേയുള്ളൂ. ഇപ്പോൾ പിടിക്കപ്പെടുകയായി. അപ്പോൾ തിരുനബി ശാന്തനായി പ്രതിവചിച്ചു. രണ്ടല്ല, മൂന്നുപേർ. അല്ലാഹുവും. ആ വാക്കുകളിലെ അചഞ്ചലമായ ദൈവവിശ്വാസം ലോകത്തിനെന്നും ഉജ്വലമാതൃകയാണ്. സത്യത്തിന്റെ കൊടി താഴ്ത്തിക്കെട്ടപ്പെട്ടില്ല എന്ന നിതാന്ത സത്യത്തിന്റെ നിത്യപ്രഭാവം. സൗർഗുഹയിൽനിന്നും ജിബ്രീലിന്റെ കരസ്പർശത്തിൽ ദിവ്യവെളിപാടിന്റെ ജ്വാലകൾ ഏറ്റുവാങ്ങിയ തിരുനബി(സ) താൾപോലെ ലോലമായ മനസ്സും വിറക്കുന്ന ശരീരവുമായി തന്റെ പ്രിയപത്നി ഖദീജ(റ)യെ സമീപിച്ചപ്പോൾ, അല്ലാഹുതന്നെ ഏല്പിച്ച ദൗത്യത്തിന്റെ ഗൗരവം ഖദീജ(റ)യെ ബോധ്യപ്പെടുത്തിയപ്പോൾ ഖദീജ പറഞ്ഞ കാര്യങ്ങളെന്ത്? അല്ലാഹു അങ്ങയെ കൈവിടുകയില്ല. അങ്ങ് പാവങ്ങളെ സഹായിക്കുന്നു. സത്യം മാത്രം പറയുന്നു. അനീതിക്കെതിരായി ചെറുത്ത് നില്പ് സംഘടിപ്പിക്കുന്നു. മുതിർന്നവരെ ആദരിക്കുന്നു. ബന്ധുക്കളെ സ്നേഹിക്കുന്നു. വിശക്കുന്നവന് ഭക്ഷണം നൽകുന്നു. അതുകൊണ്ടുതന്നെ ദൈവം താങ്കളുടെ കൂടെയാണ്." നബിതിരുമേനി(സ) വിശ്വമാനവികതക്ക് മാതൃകയാകുന്നത് എങ്ങനെയെന്ന് ഖദീജ(റ)യുടെ ഈ വാക്കുകൾ തെളിയിക്കുന്നു.

താൻ പ്രവാചകനാണെന്ന ദൈവികസന്ദേശം ലഭിച്ചപ്പോൾ മക്കയിലെ കുന്നിന്റെ നെറുകയിൽനിന്ന് മക്കക്കാരോടായി പ്രവാചകൻ വിളിച്ചുപറഞ്ഞു. ഈ കുന്നിന്റെ മറുഭാഗത്തുനിന്ന് ഒരു സൈന്യം നമ്മെ അക്രമിക്കാൻ വരുന്നു എന്ന് ഞാൻ വിളിച്ചുപറഞ്ഞാൽ നിങ്ങൾ അത് വിശ്വസിക്കുമോ? അപ്പോൾ ഇതുകേട്ടവർ തിരിച്ചുപറഞ്ഞു. തീർച്ചയായും ഞങ്ങൾ വിശ്വസിക്കും. കാരണം നീ കളവ് പറയുന്നത് ഇന്നുവരെ ഞങ്ങൾ കേട്ടിട്ടില്ല. ഒരു നാടിന്റെ അംഗീകാരം. പ്രവാചകന്നെതിരായി ശത്രുക്കളുടെ ഹിംസാത്മക പ്രകടനങ്ങളുടെ കാലം. ഒരവസരത്തിൽ ഏകനായി തിരുനബി നടന്നുപോവുമ്പോൾ മുന്നേവന്ന അബൂജഹൽ നബിയെ തെറിവിളിച്ചു. ഒന്നല്ല അനവധി അസഭ്യങ്ങൾ. പാഷാണം തെറിക്കുന്ന വാക്കുകളുടെ കൂരമ്പുകൾ.

നബിതിരുമേനി ഒരക്ഷരം തിരിച്ചുപറഞ്ഞില്ല. ശാന്ത നായി സൗമ്യനായി എല്ലാം കേട്ടുനിന്നു. അബൂജഹലിന്റെ ഈ രോഷപ്രകടനം അല്പം അപ്പുറത്തായി ഒരു സ്ത്രീ കേട്ടുനിൽക്കുകയായിരുന്നു. ഒരു സംഹാരരൗദ്രന്റെ മുന്നിൽ അചഞ്ചലനെങ്കിലും വിനയമൂർത്തിപോലെ നിൽക്കുന്ന തിരുമേനി ഏതോ സ്വപ്നത്തിലെ ദൈവനിയോഗമാണെന്ന് ആ സ്ത്രീക്ക് തോന്നി. വൈകുന്നേരം കുന്നിറങ്ങി വരികയായിരുന്ന തിരുനബിയുടെ ബന്ധുവായ ഹസ്റത്ത് ഹംസയോട് ഈ സ്ത്രീ വിവരം പറഞ്ഞു. അടക്കാനാവാത്ത ക്ഷോഭത്തോടെ അറേബ്യയിലെ പൗരുഷത്തിന്റെ അടയാളമായ ഹസ്റത്ത് ഹംസ അബൂജഹലിനെ ചെന്ന് കണ്ട് വാക്കുകൾകൊണ്ട് തിരച്ചടിച്ചു. എന്നിട്ട് അബൂജഹലിനോട് ചോദിച്ചു. നീ എന്തുകരുതി. മുഹമ്മദിനു വേണ്ടി പറയാൻ ആളുകളില്ലെന്ന് വിചാരിച്ചുവോ? ആ നിമിഷത്തിന്റെ പുണ്യത്തിൽ തിരുനബിക്ക് മറ്റൊരനുയായികൂടി ഉണ്ടായി. ഹസ്റത്ത് ഹംസ. ഇസ്ലാമിന് വേണ്ടിയുള്ള പോരാട്ടത്തിൽ ഇതിഹാസം രചിച്ച വീര പുരുഷൻ.

ഏറെക്കാലത്തെ ത്യാഗനിർഭരമായ ജീവിതത്തിന്നൊടുവിൽ ആത്മരക്ഷാർത്ഥം പ്രവാചകൻ തായ്ഫിലെത്തി. അവിടെയും കൊടിയമർദ്ദനം. ഒരു ദിവസം ഭ്രാന്തുപിടിച്ച ഒരാൾക്കൂട്ടം തിരുനബിയുടെ നേരെ ഉരുളൻകല്ലുകൾ വാരിയെറിഞ്ഞു. തിരുനബി(സ)യുടെ കവിളിൽ മുറിവേറ്റ് രക്തം ചിതറിയൊഴുകി. ഒരു കൈ കൊണ്ട് ചോര വകഞ്ഞുമാറ്റിക്കൊണ്ടിരിക്കുന്നതിന്നിടയിൽ ആ പുണ്യപുമാൻ മനസ്സുകൊണ്ടിങ്ങനെ പ്രാർത്ഥിച്ചു. അല്ലാഹുവേ നീ ഇവർക്ക് മാപ്പുകൊടുക്കേണമേ. ഇവർ ചെയ്യുന്നതെന്താണെന്ന് ഇവർ അറിയുന്നില്ല.

കാലം മാറി. ചരിത്രത്തിന് പുതിയ വഴിത്തിരിവുണ്ടായി. മദീനയിലെ ജനങ്ങൾ പ്രവാചകനെ നെഞ്ചേറ്റി ലാളിച്ചു. സമരപഥങ്ങൾ ഒന്നൊന്നായി പിന്നിട്ട് പ്രവാചകൻ വിജയശ്രീലാളിതനായി. ഒരിക്കൽ താൻ പലായനം ചെയ്ത മക്കയിൽ തിരുമേനി തിരിച്ചെത്തി. നബി തിരുമേനിയുടെ നേരെ മാലിന്യങ്ങൾ വലിച്ചെറിഞ്ഞ, ചാട്ടവാറടികളുടെ ഘോഷയാത്ര നടത്തിയ, കഴുത്തിൽ ഒട്ടകത്തിന്റെ കുടൽമാല അണിയിച്ച മക്കയിലെ ഖുറൈശികൾ മുഹമ്മദ് തങ്ങളോട് എങ്ങനെ പെരുമാറുമെന്ന് അന്തംവിട്ടുനിന്നു. അപ്പോഴാണ് മാപ്പ് എന്ന രണ്ടക്ഷരം ആ വിവർണ്ണമുഖങ്ങളിൽ ജീവന്റെ കയ്യൊപ്പായി പതിച്ചത്. അതെ, തിരുമേനി അവർക്കെല്ലാം മാപ്പ് നൽകി. ലോകചരിത്രത്തിലെ ഒരപൂർവ്വ സംഭവം. ഇന്നും അത് തിരുത്തപ്പെട്ടിട്ടില്ല. കൊലയാളികൾക്ക് മാപ്പ് നൽകുന്ന ഉദാരതയുടെ മഴമേഘം ഒരു നഭസ്സിലുമില്ല. അത് ഇസ്ലാമിക ചക്രവാളത്തിന്റെ മാത്രം പ്രത്യേകതയാണ്. ഈ മഴമേഘമാണ് നൂറ്റാണ്ടുകൾക്കുശേഷം അറേബ്യയുടെ മണ്ണിന്നടിയിൽ പെട്രോളായി ഒഴുകുന്നത് എന്ന് അറബികൾ അറിയുമോ? ആ മാപ്പിന്റെ വശ്യതക്ക് ഒരു തിളക്കം കൂടി ഇവിടെ അവതരിപ്പിക്കാം. മാപ്പ് നൽകപ്പെട്ടവരിൽ നബിതിരുമേനിയുടെ ജീവന് തന്റെ ജീവനേക്കാൾ വില കല്പിച്ച ഹസ്റത്ത് ഹംസയെ കൊല ചെയ്ത് അദ്ദേഹത്തിന്റെ കരൾ ചവച്ചരച്ച ഹിന്ദക്കും കിട്ടി മാപ്പ്.

രാജാവായി മാറിയ പ്രവാചകന്റെ മാതൃകകൂടി ഇവിടെ ഉദ്ധരിക്കാം. വളരെ ലളിതമായ ജീവിതം. മൺകട്ട കൊണ്ട് നിർമ്മിച്ച് പനയോലകൊണ്ട് മേഞ്ഞ ഒരു കൂരയിലായിരുന്നു താമസം. വെറും നിലത്ത് പനയോലയിലായിരുന്നു കിടപ്പ്. ഒരു ദിവസം ഹസ്റത്ത് ഉമർ(റ) നബിതിരുമേനിയോട് പറഞ്ഞു: അങ്ങ് രാജാവല്ലേ. നല്ലൊരു കട്ടിലിൽ പട്ടുമെത്ത വിരിച്ച് കിടക്കാൻ സർവ്വഥാ യോഗ്യൻ. എന്തിന് ശരീരത്തിൽ ചോരപ്പാടുകൾ ഏറ്റുവാങ്ങേണ്ടിവരുന്ന ഒരു പരുക്കൻ ഓലയിൽ കിടന്നുറങ്ങണം? തിരുനബി(സ) മറുപടി പറഞ്ഞു: “ഉണക്കമാംസം വിറ്റ് ജീവിതം നയിച്ച ഒരു പാവം ഖുറൈശിസ്ത്രീയുടെ മകനാണ് ഞാൻ. ഈ ലോകം എനിക്കൊരു വഴിയമ്പലം മാത്രമാണ്.”

ഈ എളിമ, ഈ ലാളിത്യം ഇന്നേത് രാജാവിൽ കാണാം. ജനാധിപത്യ രാജ്യത്തിലെ ഭരണാധികാരികൾ പോലും ആർഭാടത്തിന്റെ മുഴുവൻ കലവറയും തങ്ങൾക്കാണെന്ന് കരുതി രാജ്യത്തെ സമ്പത്ത് മുഴുവൻ തങ്ങളുടെ സുഖജീവിതത്തിനാണെന്ന് ധരിച്ചു കഴിയുന്ന ഈ കാലത്ത് അറേബ്യയിലെ ഒരു പാവം രാജാവിന്റെ ജീവിതം അവർക്കൊരു മാതൃകയാവുമോ?

കുട്ടികളോടൊപ്പം ഉല്ലാസം പങ്കിട്ട ഒരു പ്രവാചകൻ കൂടിയായിരുന്നു തിരുനബി. ഒരിക്കൽ താൻ പതിവായി സന്ദർശിക്കാറുള്ള ഒരു വീട്ടിലെ പ്രസന്നവദനനായി എന്നും കാണപ്പെടാറുള്ള കൊച്ചുകുട്ടി ഏങ്ങലടിച്ചു കരയുന്നത് തിരുനബിയുടെ ശ്രദ്ധയിൽപ്പെട്ടു. താൻ പോറ്റുന്ന പ്രാവ് ചത്തുപോയതിലായിരുന്നു കുട്ടിയുടെ ദുഃഖം. അവന്റെ കണ്ണുനീർചാലുകൾ ഒപ്പിയെടുക്കുന്നതിനിടയിൽ മറ്റൊരു പ്രാവിനെ അവനായി വാഗ്ദാനം ചെയ്തു. ഏറെപ്പണിപ്പെട്ട് തിരുമേനി അവനെ ആശ്വസിപ്പിച്ചു. അവന്റെ കണ്ണുനീർ അടങ്ങി. അപ്പോഴതാ തിരുമേനിയുടെ കണ്ണിൽ കണ്ണീരിന്റെ ഒരു മുത്തുമണി.

ഒരിക്കൽ മദീനയിലെ പള്ളിയിലെത്തിയ തിരുമേനി സാധാരണ എല്ലാ ദിവസവും പള്ളി അടിച്ചുവാരുന്ന വൃദ്ധയെ അടുത്തകാലത്തായി കാണാത്തതിനാൽ തിരക്കി. അവർ മരിച്ചുപോയി എന്നായിരുന്നു നബിക്ക് കിട്ടിയ മറുപടി. ദുഃഖിതനായ തിരുമേനി തന്നെ ഈ വിവരം അറിയിക്കാത്തതിൽ സഹാബിമാരോട് പരിഭവം പറയുകയും പിന്നീട് ആ വൃദ്ധയുടെ കബറിടത്തിൽ ചെന്ന് പ്രാർത്ഥിക്കുകയും ചെയ്തു. പാവങ്ങളോടുള്ള ഈ ദയാവായ്പിൽ തിരുമേനി മാനവരാശിക്ക് ഒരിക്കലും മറക്കാനാവാത്ത മാതൃകയായി ത്തീരുന്നു.

നബിതിരുമേനി(സ)യുടെ ഈ മാതൃകകൾ നമ്മുടെ ജീവിതത്തിലേക്കേറ്റുവാങ്ങി യഥാർത്ഥ മുസ്ലിംകളായി ജീവിക്കാൻ അല്ലാഹു നമുക്ക് സൗഭാഗ്യം നൽകുമാറാകട്ടെ. ആമീൻ.

**മുനവ്വറ സുൽത്താന**

# ഒരു വിശ്വാസിയുടെ സംതൃപ്തി

**പ**രീക്ഷണങ്ങളിൽ അടിപതറാതെ നേർമാർഗ്ഗത്തിൽ ഉറച്ചുനില്ക്കുക എന്നതാണ് ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഏറ്റവും കരണീയമായിട്ടുള്ളത്. ജീവിതത്തിൽ പരീക്ഷണങ്ങൾ ഏറെയാണ്. ഒരു വിശ്വാസിക്കും അവിശ്വാസിക്കും ഇത് ബാധകമാണ്.

ഒരു അവിശ്വാസി അനർഹമായരീതിയിൽ തന്റെ ആവശ്യങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നു. ഏതുരീതിയിലെങ്കിലും തന്റെ കാര്യം സാധിക്കണം. കാര്യം സാധിക്കുന്നതിനിടയിൽ മറ്റാർക്കെങ്കിലും ബുദ്ധിമുട്ട് നേരിടുന്നുണ്ടോ എന്ന് അവൻ ചിന്തിക്കുന്നില്ല. കാര്യം നടന്നുകിട്ടിയാൽ താൻ സംതൃപ്തനായി. എന്നാൽ വിശ്വാസി തന്റെ ഓരോ ചുവടുവെപ്പിലും സൃഷ്ടാവായ അല്ലാഹുവിനെ സദാ ഓർമ്മിച്ചുകൊണ്ടും തന്റെ സഹജീവികൾക്ക് താൻമുഖേന വല്ല ദുരിതവും വന്നുചേരുമോ എന്ന് ഭയപ്പെട്ടുകൊണ്ടും കാര്യങ്ങൾ സൂക്ഷ്മമായി വീക്ഷിക്കുന്നു. തന്റെ പ്രശ്നങ്ങൾക്ക് പരിഹാരമായില്ലെങ്കിലും താൻ നേരിടുന്ന പരീക്ഷണങ്ങൾ സഹനപൂർവ്വം നേരിടുകയും വിലപിക്കാതിരിക്കുകയും ചെയ്യുന്നു.

സമ്പത്തിന്റെ ഉടമയാകുക എന്നുള്ളത് ജീവിതലക്ഷ്യമായി സ്വീകരിച്ചിട്ടുള്ളവരെ കാണാം. ലക്ഷ്യം നേടുന്നതിന് ഏത് കുത്സിതമാർഗ്ഗവും അവർ അവലംബിക്കും. ഏത് അധർമ്മവും പ്രവർത്തിക്കും. ആ മാർഗ്ഗത്തിൽതന്നെ കാലിടറി നിലംപരിശാവുകയും ചെയ്യും. ഇനി അഥവാ സാമ്പത്തികനേട്ടം കൈവരിച്ചാലും അത് അവരെ കൂടുതൽ അധാർമ്മികതയിലേക്ക് മാത്രമേ നയിക്കുകയുള്ളൂ. അവസാനം ജീവിതസംതൃപ്തിയും ആത്മസന്തോഷവും മരുഭൂമിയിലെ മരീചികപോലെ അവശേഷിക്കും.

അധ്വാനവും പരിശ്രമവും ജീവിതത്തിൽ ആവശ്യമാണ്. പക്ഷേ, അത് നല്ലതിനുവേണ്ടിയായിരിക്കണം. തന്നെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരുവനുണ്ടെന്ന് എപ്പോഴും ഓർത്തുകൊണ്ടിരിക്കണം. സുകൃതങ്ങളിൽ അതിശ്രേഷ്ഠമാണ് മനഃസംതൃപ്തി. അതാണ് എല്ലാവർക്കും ആവശ്യമായിട്ടുള്ളതും. എങ്ങനെ, ഏത് എന്ന നിലയിലുള്ളതാണ് പ്രശ്നം. ഭിക്ഷ യാചിക്കുന്നവന് ഭിക്ഷയായി വല്ലതും ലഭിക്കുമ്പോൾ സംതൃപ്തി ലഭിക്കുന്നു. ഭിക്ഷ യാചനയ്ക്ക് ഒരിക്കലും ഇടവരുത്തരുതെന്ന് പ്രാർത്ഥിക്കുന്ന വിശ്വാസിക്ക് അതാണ് സംതൃപ്തി. ഇവിടെ മനസ്സാണ്, മനഃസാക്ഷിയാണ് വലുത്.

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ബാഹ്യമായി എന്തെല്ലാം നേടിയാലും സംതൃപ്തി കൈവരണമെന്നില്ല. അത് ആന്തരികമായ ഒരു ഭാവമാണ്, ആത്മീയാനുഭവമാണ്. സുഭിക്ഷതയിലും ദുർഭിക്ഷതയിലും കഴിയാൻ ഒരു വിശ്വാസി പഠിക്കുന്നു. എന്നല്ല, എല്ലാ സാഹചര്യങ്ങളേയും അഭിമുഖീകരിക്കാൻ അവർ തയ്യാറാകുന്നു. വിഭവസമൃദ്ധിയും ദാരിദ്ര്യവും വിശപ്പും ഐശ്വര്യവും അവർ ഒരുപോലെ കാണുന്നു. ഏതവസ്ഥയിലും അവർ അചഞ്ചലരാണ്. അവരുടെ സൃഷ്ടാവിനെ ഓർത്ത് ഒന്നിലും പരിഭവിക്കുന്നില്ല. സമ്പത്തും സന്താനങ്ങളും ദുനിയാവിന് അലങ്കാരമാണെന്നവനറിയാം. സമ്പത്തിനോടും മറ്റു ഭൗതിക നേട്ടങ്ങളോടുമുള്ള ആർത്തി വിവേകശാലികളെ വിഡ്ഢികളാക്കുകയും അവരിലുള്ള നല്ല ഗുണങ്ങളെയെല്ലാം നശിപ്പിക്കുകയും ചെയ്യുന്നു.

സമ്പത്ത് കൈവന്നാൽ അതുകൊണ്ട് മാന്യതയാണ് നേടിയെടുക്കേണ്ടത്. കഷ്ടപ്പെടുന്നവരേയും ദുരിതമനുഭവിക്കുന്നവരേയും സഹായിച്ചും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവർ വിജയിച്ചു. ഒരുവന്റെ ഐഹികജീവിത വിരക്തി അല്ലാഹുവിനുവേണ്ടിയാണെങ്കിൽ തീർച്ചയായും ഈ കാര്യത്തിൽ അല്ലാഹു അവന്റെ മനസ്സിൽ അതിനോട് വെറുപ്പുളവാക്കും. മാന്യതയ്ക്കും പ്രകടനത്തിനും വേണ്ടി ഇബാദത്ത് ചെയ്യുന്നവൻ സ്വർഗ്ഗത്തിൽ ഇടം നഷ്ടപ്പെട്ടവനായിത്തീരുന്നു. അവൻ ആഗ്രഹിച്ചത് ഇഹത്തിൽ അവന് സാധിച്ചുകിട്ടുന്നു. പരലോകത്ത് എല്ലാം നഷ്ടപ്പെട്ടവൻ ഐഹികജീവിതത്തിൽ നീന്തിരസിക്കുന്നവനാണ്. അവന് സദാ അല്ലാഹുവിനെ ഓർക്കുന്നവന്റെ മനഃസംതൃപ്തിയോ മധുരമോ നുകരാനാവില്ല. സന്തോഷവേളയിൽ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുകയും ദുഃഖാവസരങ്ങളിൽ ക്ഷമ പാലിക്കുകയും ചെയ്യുകയെന്ന മഹത്തായ ശീലം വളർത്തിയെടുക്കാൻ വിശ്വാസികൾ ശ്രദ്ധിക്കേണ്ടതുണ്ട്.

"ഏറ്റവും നല്ല ഘടനയിൽ നാം മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നു." (*സൂറഃ അത്തീൻ, വചനം 5*) അല്ലാഹു നൽകിയ ശുദ്ധമായ പ്രകൃതിയെ കാത്തുരക്ഷിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. അന്ധവിശ്വാസങ്ങളുടേയും സ്വാർത്ഥതാല്പര്യങ്ങളുടേയും തെറ്റായ അദ്ധ്യാപനങ്ങളുടേയും പിടിയിലകപ്പെടുമ്പോൾ മനുഷ്യൻ വൃത്തികെട്ടവനും വഴി പിഴച്ചവനുമായിത്തീരുന്നു. അല്ലാഹുവിന് ഇബാദത്തു ചെയ്യുന്നതിൽനിന്ന് അവൻ വിമുഖനാകുന്നു. നന്മയും തിന്മയും വേർതിരിച്ചറിഞ്ഞ് നമ്മുടെ ജീവിതം വിജയപ്രദമാക്കാൻ ശ്രമിക്കുക.

**ജസ്ഫീന മുഹമ്മദ്**

# ദീനീപരീക്ഷാ സിലബസ്സ് 2006-2007

## ലജ്ന ഇമാഇല്ലാഹ്, കേരള ഈ പ്രാവശ്യത്തെ സിലബസ്സ് 2006 ജൂലൈ മുതൽ 2007 സെപ്തംബർ വരെയുള്ളതാണ്.

### (ആദ്യത്തെ മൂന്ന്മാസം- ജൂലൈ, ആഗസ്റ്റ്, സെപ്തംബർ 2006)

1. വിശുദ്ധഖുർആനിലെ മൂന്നാമത്തെ ജുസൂഅ് റുകൂഅ് നമ്പർ അഞ്ച് ***യാ അയ്യുഹല്ലദീന*** മുതൽ ***അലീം*** വരെ വാക്കർത്ഥത്തോടെ. *(268-274)*
2. നമസ്കാരം അർത്ഥസഹിതം ദുആകൾ ഉൾപ്പെടെ. ഖുനൂത്തിന്റെ ദുആ അർത്ഥസഹിതം
3. ഖിലാഫത്ത് ജൂബിലിയുടെ ദുആകൾ അർത്ഥസഹിതം

***ഹദീസുകൾ:-***

ആഇദുല്ലാഹ് ഇബ്നുഅബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു. ഉബാദഇബ്നു സാമത്ത്(റ) ബദർ യുദ്ധത്തിൽ പങ്കെടുത്ത സഹാബികളിൽപെട്ട ആളാണ്. കൂടാതെ ഉഖ്ബയിലെ ബയ്അത്തിലും പങ്കെടുത്തിട്ടുണ്ട്. ഉബാദബ്നുസാമത്ത്(റ) പറയുന്നു. ഒരുകൂട്ടം സഹാബാക്കൾ തിരുനബി(സ)ന് ചുറ്റും ഒരുമിച്ചുകൂടിയിരിക്കുന്ന ഒരു സമയത്ത് ഇപ്രകാരം പറഞ്ഞു. വരുവിൻ ഈ നിബന്ധനപ്രകാരം എനിക്ക് ബയ്അത്ത് ചെയ്യുവിൻ. '***അല്ലാ തുശ്രിക്കു ബില്ലാഹി ശയ്അൻ***' നിങ്ങൾ അല്ലാഹുവിനോട് മറ്റൊന്നിനേയും പങ്കുചേർക്കരുത്. നിങ്ങൾ മോഷ്ടിക്കരുത്. വ്യഭിചരിക്കരുത്. നിങ്ങളുടെ സന്താനങ്ങളെ കൊല്ലരുത്. മറ്റുള്ളവരെ അപകീർത്തിപ്പെടുത്തരുത്. ഒരു നല്ല കാര്യത്തിലും എന്നോട് അനുസരണക്കേട് കാണിക്കരുത്.

നിങ്ങളിൽ ആരാണോ ഈ നിബന്ധനകളെ പൂർത്തീകരിക്കുന്നത് അവർക്കതിനുള്ള പ്രതിഫലം നൽകുക എന്നത് അല്ലാഹുവിന്റെ കർത്തവ്യമാണ്. ആരെങ്കിലും ഈ കരാറിൽ എന്തെങ്കിലും ന്യൂനത വരുത്തുകയും തൽഫലമായി ഈ ലോകത്ത്വെച്ച് ശിക്ഷ ലഭിക്കുകയും ചെയ്യുകയാണെങ്കിൽ ആ ശിക്ഷ അവന് പ്രായശ്ചിത്തമായിരിക്കുന്നതാണ്. എന്നാൽ, ആരെങ്കിലും ഈ കരാറിൽ ന്യൂനത വരുത്തുകയും അല്ലാഹു അത് മറച്ചുവെക്കുകയും ചെയ്താൽ അവരുടെ കാര്യം അല്ലാഹുവിന്റെ കൈകളിലാണ്. അവൻ ഇച്ഛിക്കുകയാണെങ്കിൽ അവനെ ശിക്ഷിക്കുകയോ അതല്ലെങ്കിൽ വിട്ടുവീഴ്ച ചെയ്യുകയോ ചെയ്തേക്കാം. ***(സഹീഹുൽ ബുഖാരി)***

മറ്റൊരു ഹദീസ്:-

ഹസ്റത്ത് ഉബാദബ്നുസാമിത്ത് നിവേദനം ചെയ്യുന്നു. ഞങ്ങൾ തിരുനബി(സ)ന് ബയ്അത്ത് ചെയ്തു. നിബന്ധനകൾ ഇപ്രകാരമായിരുന്നു. ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതാണ്. എളുപ്പത്തിലും പ്രയാസത്തിലും സന്താപാവസരത്തിലം സന്തോഷാവസരത്തിലും. ഞങ്ങൾ അധികാരസ്ഥരോട് ശണ്ഠകൂടുകയില്ല. എവിടെയായിരുന്നാലും ഞങ്ങൾ സത്യത്തിൽ ഉരച്ചുനിൽക്കുന്നതാണ്. ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ ഭയപ്പെടുകയില്ല. (*ബുഖാരി കിതാബുൽബയ്അത്ത് ഖാബുൽ ബയ്അത്ത് അലൽ മസീഹി വത്താഅത്തി*)

തിരുനബി(സ)ന് തന്റെ ഉമ്മത്തിൽ ശിർക്കിനെ സംബന്ധിച്ച ഭയമുണ്ടായിരുന്നു. ഇത് സംബന്ധിച്ച് ഒരു ഹദീസ്.

ഉബാദബ്നു നസീ ഞങ്ങളോട് ശിദാദ്ബ്നു ഔസിനെ സംബന്ധിച്ച് പറഞ്ഞു- അദ്ദേഹം കരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിനോട് ചോദിച്ചു. താങ്കൾ എന്തിനാണ് കരയുന്നത്? അദ്ദേഹം മറുപടി പറഞ്ഞു. തിരനബി(സ) പറഞ്ഞ ഒരുകാര്യം ഓർമ്മവന്നപ്പോൾ ഞാൻ കരഞ്ഞുപോയതാണ്. ഞാൻ തിരുനബി(സ)യിൽനിന്ന് കേട്ടിരുന്നു. അദ്ദേഹം(സ) പറഞ്ഞു ഞാൻ എന്റെ ഉമ്മത്തിന്റെ കാര്യത്തിൽ ശിർക്കും, മറഞ്ഞ ആഗ്രഹങ്ങളെ സംബന്ധിച്ചും ഭയപ്പെടുന്നു. നിവേദകൻ പറയുന്നു. ഞാൻ ചോദിച്ചു

അല്ലാഹുവിന്റെ റസൂലേ, താങ്കളുടെ ഉമ്മത്ത് താങ്കൾക്കുശേഷം ശിർക്കിൽ അകപ്പെടുമോ? തിരുനബി(സ) മറുപടി പറഞ്ഞു. അതെ. എന്നാൽ എന്റെ ഉമ്മത്ത് സൂര്യനേയോ ചന്ദ്രനേയോ കല്ലുകളേയോ ആരാധിക്കുകയില്ല; മറിച്ച് തങ്ങളുടെ സൽകർമ്മങ്ങളെ അന്യരെ കാണിക്കുന്ന സ്വഭാവമുണ്ടാകും. മറഞ്ഞിരിക്കുന്ന ആഗ്രഹങ്ങളിൽ അകപ്പെട്ടുപോകും. അവരിലാരെങ്കിലും നോമ്പ്കാരനായിക്കൊണ്ട് പ്രഭാതമാക്കുകയും പിന്നീട് തന്റെ ഒരു ആഗ്രഹം നടക്കാതായിവരുമ്പോൾ അവൻ നോമ്പ് ഉപേക്ഷിക്കുകയും തന്റെ ആഗ്രഹം നടപ്പിലാക്കുകയും ചെയ്യുന്നതാണ്. (*മുസനദ്, അഹ്മദ്ബ്നു ഹസൽ, വാള്യം 4, പേജ് 124, ബേറൂത്തിൽ അച്ചടിച്ചത്*)

## (രണ്ടാമത്തെ മൂന്ന്മാസം–
## ഒക്ടോബർ, നവംബർ, ഡിസംബർ 2006)

വിശുദ്ധഖുർആൻ 3-ാം ജുസൂഅ് റുകൂഅ്ആറ് ***അല്ലദീന യുൻഫിഖൂന*** മുതൽ ***വഹും ലാ യുള്ലമൂന*** വരെ വാക്കർത്ഥത്തോടെ. (275–282)

***നമസ്കാരം:–***

നമസ്കാരം അർത്ഥത്തോടെ, ദുആകൾ സഹിതം. ഖുനൂത്തിന്റെ ദുആ അർത്ഥസഹിതം

***ദുആകൾ–***

ഹസ്റത്ത് അബ്ദുല്ലാഹിബ്നു അബീ ഔഫാ പറയുന്നു. തിരുനബി(സ) അരുളി. ആർക്കെങ്കിലും അല്ലാഹുവിനോടോ, ഏതെങ്കിലും വ്യക്തിയോടോ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ആ ആൾ നല്ലപോലെ വുളു ചെയ്ത് രണ്ട് റക്അത്ത് ഹാജത്ത് നമസ്കാരം നിർവ്വഹിക്കുകയും സ്തുതിവചനവും നബിയുടെ മേൽ സ്വലാത്തും ചൊല്ലിയതിനുശേഷം ഈ ദുആ ചെയ്യുകയും ചെയ്യേണ്ടതാണ്.

***ലാഇലാഹ ഇല്ലല്ലാഹുൽ ഹലീമുൽ കരീം. സുബ്ഹാനല്ലാഹി റബ്ബിൽ അർശിൽ അളീം. അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ. അസ്അലുക്ക മൂജിബാത്തി റഹ്മത്തിക്ക വഅസാഇമ മഗ്ഫിറത്തിക്ക വൽഗനീമത്ത മിങ്കുല്ലി ബിർറിൻ വസ്സലാമത്ത മിങ്കുല്ലി ഇസ്മിൻ ലാ തദഅ്ലീ ദമ്പൻ ഇല്ലാ ഗഫർത്തഹു വലാഹമ്മൻ ഇല്ലാ ഫർറജ്ത്തഹു വലാ ഹാജത്തൻ ഹിയ ലക്കറിളൻ ഇല്ലാ ഖളയ്ത്തഹാ യാഅർഹ മർറാഹിമീൻ*** (തിർമിദി, കിതാബുദ്ദഅ്വാത്ത്)

അർത്ഥം:– ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ സഹിഷ്ണുതയുള്ളവനും, ബഹുമാന്യനുമാണ്. മഹാസിംഹാസനത്തിന്റെ രക്ഷിതാവായ അല്ലാഹു പരിശുദ്ധനാകുന്നു. സർവ്വസ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു. കാരുണ്യവാന്മാരിൽ ഏറ്റവും കാരുണ്യവാനായ അല്ലാഹുവേ, നിന്റെ കാരുണ്യത്തിന് കാരണമായിത്തീരുന്ന കർമ്മങ്ങൾ ചെയ്യാനുള്ള സൗഭാഗ്യത്തിനായി ഞാൻ നിന്നോട് യാചിക്കുന്നു. നീ പൊറുത്തുതരുന്നതിന് ബാധ്യതപ്പെട്ട കാര്യങ്ങളും എല്ലാവിധ നന്മകളാലുള്ള നേട്ടവും എല്ലാവിധ തെറ്റുകുറ്റങ്ങളിൽ നിന്നുള്ള രക്ഷയും ഞാൻ നിന്നോടു ചോദിക്കുന്നു. ഒരു പാപവും നീ എനിക്ക് പൊറുത്തുതരാതെ വിട്ടുകളയരുതേ. ഒരു ദുഃഖവും എന്നിൽ നിന്ന് നീ അകറ്റാതിരിക്കരുതേ. നിനക്ക് തൃപ്തിയുള്ള എന്റെ ഒരാവശ്യവും നീ നിറവേറ്റാതെ വിട്ടുകളയരുതേ. (*തിർമിദി*)

***ഹദീസുകൾ:–***

ഹസ്റത്ത് ഇമാമിബ്നു മാലിക്(റ) വിവരിക്കുന്നു. എന്നിലേക്ക് ഈ കാര്യം എത്തിയിരിക്കുന്നു. അതായത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറയാറുണ്ടായിരുന്നു. നിങ്ങൾ സത്യസന്ധത കൈകൊള്ളേണ്ടതാണ്. എന്തുകൊണ്ടെന്നാൽ സത്യം സൽക്കർമ്മങ്ങളിലേക്കും സൽകർമ്മങ്ങൾ സ്വർഗ്ഗത്തിലേക്കും വഴി തെളിയിക്കും. കളവിനെ കൈവെടിയുവിൻ. തീർച്ചയായും കളവ് അധർമ്മങ്ങളിലേക്കും അധർമ്മങ്ങൾ നരകത്തിലേക്കും വഴിതെളിയിക്കും. ഇപ്രകാരം പറയപ്പെടുന്നതായി താങ്കൾക്ക് അറിയില്ലേ; അതായത് സത്യം പറയുന്നവൻ അനുസരണമുള്ളവനായി കളവ് പറയുന്നവൻ അധർമ്മകാരിയായി. (***മുഅ്ത്താഇമാം മാലിക്, ബാബ്മാജാഅ ഫിസ്സിദ്ക്കി വൽ കദ്ബി***)

ഒരു ഹദീസിൽ വന്നിരിക്കുന്നു. നുഅ്മാനിബ്നു ബശീർ നിവേദനം ചെയ്യുന്നു. നബി(സ) തന്റെ മിമ്പറിൽനിന്ന്കൊണ്ടു പറഞ്ഞു. ആരാണോ കുറച്ച് കിട്ടിയതിൽ നന്ദി കാണിക്കാതിരിക്കുന്നത് അവന് കൂടുതൽ കിട്ടിയാലും നന്ദി കാണിക്കുകയില്ല. ആരാണോ ജനങ്ങളോട് നന്ദി കാണിക്കാതിരിക്കുന്നത് അവന് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും നന്ദി കാണിക്കാൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വിവരിക്കുന്നതും നന്ദിയിൽപെട്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വിവരിക്കാതിരിക്കുന്നത് നന്ദിയില്ലായ്മയിൽപെട്ടതുമാണ്. (മുസ്നദ് അഹ്മദ്ബ്നു ഹമ്പൽ)

## (മൂന്നാമത്തെ മൂന്ന്മാസം–
## ജനുവരി, ഫിബ്രുവരി, മാർച്ച് 2007)

വിശുദ്ധഖുർആൻ 3-ാം ജുസൂഅ് റുകൂഅ് ഏഴ് ***യാ അയ്യുഹല്ലദീന ആമനൂ ഇസാ തദായൻതു*** മുതൽ ***ബിമാ തഅ്മലൂന അലീം*** വരെ (283–284). സൂറത്തുൽ ഗാശിയാ, അർത്ഥസഹിതം.

***നമസ്കാരം:-***

നമസ്കാരം അർത്ഥത്തോടെ, ദുആകൾ സഹിതം.

ഖുനൂത്തിന്റെ ദുആ അർത്ഥസഹിതം (ആവർത്തനം)

***ദുആകൾ:-*** ദൈവികശിക്ഷയിൽനിന്ന് രക്ഷകിട്ടാനും, മഗ്ഫിറത്തിനും നല്ല അന്ത്യത്തിനും ദൈവിക വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെടുന്നതിനും പുനരുത്ഥാനനാളിൽ നിന്ദ്യതയിൽനിന്ന് രക്ഷ കിട്ടുന്നതിനുമുള്ള ദുആകൾ.

നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നു. തിരുനബി(സ) ദിവസവും രാത്രിസമയത്ത് ഇപ്പറയുന്ന ആയത്തുകൾ പാരായണം ചെയ്യുകയും ഇങ്ങനെ പറയുകയും ചെയ്തിരുന്നു. അതായത്, ആലുഇംറാനിലെ അവസാന ആയത്തുകൾ രാത്രിയിൽ ഓതുന്ന ആൾക്കുവേണ്ടി രാത്രി മുഴുവനും എഴുന്നേറ്റ് (ആരാധന നടത്തിയതിനുള്ള) പ്രതിഫലം എഴുതപ്പെടുന്നതാണ്. (*തഫ്സീർ ഖുർത്തുബീ, വാല്യം 4, പേജ് 31*)

***റബ്ബനാ മാഖലഖ്ത്ത ഹാദാ ബാതിലൻ സുബ്ഹാനക്ക ഫഖിനാ അദാബന്നാർ*** ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചത്. (അത്തരം നിഷ്പ്രയോജനമായ പ്രവർത്തികളിൽനിന്ന്) നീ പരിശുദ്ധനാണ്; അതിനാൽ നീ ഞങ്ങളെ നരകശിക്ഷയിൽനിന്നും രക്ഷിക്കേണമേ. (അങ്ങനെ ഞങ്ങളുടെ ജീവിതത്തെ വ്യർത്ഥമാക്കുന്നതിൽനിന്ന് രക്ഷിക്കേണമേ) (*ആലുഇംറാൻ, 192*)

***റബ്ബനാ ഇന്നനാ സമിഅ്നാ മുനാദിയൻ യുനാദീ ലിൽ ഈമാനി അൻആമിനു ബിറബ്ബിക്കും ഫആമന്നാ റബ്ബനാ ഫഗ്ഫിർലനാ ദുനൂബനാ വകഫ്ഫിർ അന്നാ സയ്യി ആത്തിനാ വതവഫ്ഫനാ മഅൽ അബ്റാർ.*** ഓ ഞങ്ങളുടെ നാഥാ! സത്യവിശ്വാസത്തിലേക്ക് (ഞങ്ങളെ) വിളിക്കുന്ന ഒരാളുടെ വിളി ഞങ്ങൾ കേട്ടു. നിങ്ങളുടെ നാഥനെ വിശ്വസിക്കുക എന്ന് അദ്ദേഹം വിളിച്ചുപറയുന്നു. അപ്പോൾ ഞങ്ങൾ വിശ്വസിച്ചു. (ഞങ്ങളുടെ രക്ഷിതാവേ,) അതുകൊണ്ട് ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളുടെ തിന്മകളെ ഞങ്ങളിൽനിന്ന് അകറ്റിക്കളയുകയും സുകൃതവാന്മാരുടെ കൂടെ (അവരിൽ ഉൾപ്പെടുത്തി) ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ! (*ആലുഇംറാൻ, 194*)

***റബ്ബനാ വആത്തിന മാ വഅത്തനാ അലാ റുസുലിക്ക വലാ തുഖ്സിനാ യൗമൽ ഖിയാമത്തി ഇന്നക്കലാ തുഖ്‌ലിഫുൽ മീആദ്*** ഞങ്ങളുടെ നാഥാ! നിന്റെ ദൂതന്മാർ മുഖേന നീ ഞങ്ങൾക്ക് വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. പുനരുത്ഥാനനാളിൽ നീ ഞങ്ങളെ അപമാനിക്കരുതേ, നിശ്ചയമായും നീ വാഗ്ദാനം ലംഘിക്കുകയില്ല." (*ആലുഇംറാൻ, 195*)

***ഹദീസുകൾ:-***

ഒരു ഹദീസ്:- അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം ഒരു യുദ്ധത്തിൽ തിരുനബി(സ)ന്റെ കൂടെയായിരുന്നു. ഒരു രാത്രി അദ്ദേഹം തിരുനബി(സ) ഇങ്ങനെ പറയുന്നതായി കേട്ടു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഉണർന്നിരുന്ന കണ്ണിനുമേൽ തീ ഹറാമാണ്. അല്ലാഹുവിനോടുള്ള ഭക്തി നിമിത്തം കണ്ണീരൊലിപ്പിച്ച കണ്ണിനുമേൽ തീ ഹറാമാണ്. അബൂ ശരീഫ് പറയുന്നു. ഞാൻ ഒരു നിവേദകനെ ഇങ്ങനെ പറയുന്നതായി കേട്ടു. തരുനബി(സ) ഇങ്ങനെയും പറഞ്ഞിരുന്നു. അതായത്, അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്ന വസ്തുക്കളെ നോക്കുന്നതിനു പകരം കീഴ്പ്പോട്ടാക്കുന്ന കണ്ണുകളുടെമേൽ തീ ഹറാമാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രഹരമേറ്റ് നഷ്ടപ്പെട്ടുപോയ കണ്ണിനുമേലും തീ ഹറാമാണ്. (സുനനു ദാറ്മീ, കാതാബുൽ ജിഹാദ്, ബാബു ഫില്ലദീ യസ്ഹറു ഫീസബീലില്ലാഹി ഹാരിസൻ)

ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. തിരുനബി(സ) പറഞ്ഞു. ആരിലാണോ മൂന്ന് കാര്യങ്ങളുള്ളത് അയാൾക്ക് ഈമാന്റെ മാധുര്യം സിദ്ധിച്ചിരിക്കുന്നു. ഒന്ന്, അല്ലാഹുവും അവന്റെ റസൂലും മറ്റ് എല്ലാ വസ്തുക്കളെക്കാളും കൂടുതൽ സ്നേഹമുള്ളതായി തീരുക. രണ്ട്, ഒരാളെ അല്ലാഹുവിനോടുള്ള സ്നേഹംകൊണ്ട് മാത്രം സ്നേഹിതനാക്കുക. മൂന്ന്, ഒരാൾ കുഫ്റിലേക്ക് (നിഷേധത്തിലേക്ക്) മടങ്ങുന്നത് അയാൾ തീയിലിടുന്നത് ഇഷ്ടപ്പെടാത്തതുപോലെ ഇഷ്ടപ്പെടാതിരിക്കുക. (ബുഖാരി, കിതാബുൽ ഈമാൻ, ബാബ് ഹലാവത്തുൽ ഈമാൻ)

ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് ജാബിർ(റ) പറയുന്നു. തിരുനബി(സ) പറഞ്ഞു. ഖിയാമത്ത് നാളിൽ നിങ്ങളിൽവെച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവൻ ഏറ്റവും കൂടുതൽ എന്റെ സമീപസ്ഥരായിട്ടുള്ളവരും ഏറ്റവും കൂടുതൽ സൽസ്വഭാവികളായിട്ടുള്ളവരുമാണ്. അതുപോലെ കൂടുതൽ ദുർഭഗരും എന്നിൽനിന്ന് ഏറ്റവും കൂടുതൽ ദൂരപ്പെട്ടവരും സർസാർ അതായത് മുഖം കനപ്പിച്ച് ഇടതടവില്ലാതെ സംസാരിക്കുന്നവനും മുതശദ്ദിക്ക് അതായത് മുഖം വീർപ്പിച്ച് സംസാരിക്കുന്നവനും മുതഫയ്ഹിക്ക് അഹംഭാവത്തോടെ സംസാരിക്കുന്നവനുമാണ്. സഹാബാക്കൾ പറഞ്ഞു അല്ലാഹുവിന്റെ റസൂലേ, സർസാറും, മുതശദ്ദിഖിന്റെയും അർത്ഥം ഞങ്ങൾക്കറിയാം. മുത്ഫയ്ഹിക്ക് എന്ന് പറഞ്ഞാൽ എന്താണ്? പറഞ്ഞു. അഹംഭാവത്തോടുകൂടി സംസാരിക്കുന്ന ആൾക്കാണ് പറയുക. (തിർമിദി, അബ്വാബുൽബിർറി)

## (നാലാമത്തെയും അഞ്ചാമത്തേയും മാസങ്ങൾ– ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് സെപ്തംബർ 2007)

വിശുദ്ധഖുർആൻ 3–ാം ജുസുഅ് റുകൂഅ് ഏഴ് ***ലില്ലാഹി മാഫി സ്സമാവാത്തി*** മുതൽ ***എട്ട് അലൽ ഖൗമിൽ കാഫിരീൻ*** വരെ

***നമസ്കാരം:–***

നമസ്കാരം അർത്ഥസഹിതം, ദുആകളും ഖുനൂത്തിന്റെ ദുആയും അർത്ഥസഹിതം

സൂറത്തുർറഹ്മാൻ മൂന്നാമത്തെ റുകൂഅ് അർത്ഥസഹിതം.

***ദുആകൾ–***

ശുക്റെനിഅ്മത്ത്, സാലിഹിയത്തിനുവേണ്ടിയുള്ള ദുആ. ഹസ്റത്ത് സുലൈമാൻ(അ)ന്റെ സൈന്യം നംല് താഴ്വരയിലൂടെ കടന്നുപോയപ്പോൾ അവിടത്തെ ജനത ഭയവിഹ്വലരായി തങ്ങളുടെ വീടുകളിൽ പ്രവേശിച്ചു. ഈ രംഗം കണ്ടുകൊണ്ട് ഹസ്റത്ത് സുലൈമാൻ(അ) അനിയന്ത്രിതമായി ഇങ്ങനെ ദുആ ചെയ്തു. (അന്നംല്)

***റബ്ബി ഔസിഅ്നീ അൻ അശ്ക്കുറ നിഅ്മത്തക്കല്ലത്തീ അൻഅംന്ത അലയ്യ വ അലാവാലിദയ്യ വഅൻ അഅ്മല സ്വാലിഹൻ തർളാഹു വഅദ്ഖിൽനീ ബി റഹ്മത്തിക്ക ഫീ ഇബാദിക്ക സ്വാലിഹീൻ*** എന്റെ നാഥാ! നീ എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്തുതന്ന അനുഗ്രഹത്തിന് നന്ദി നിർവ്വഹിക്കാനും നീ തൃപ്തിപ്പെടുന്ന സൽക്കർമ്മങ്ങൾ അനുഷ്ഠിക്കാനും എന്നെ അനുഗ്രഹിക്കുകയും നിന്റെ കാരുണ്യംകൊണ്ട് നിന്റെ സദ്വൃത്തരായ ദാസന്മാരിൽ നീ എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമേ.

2. സൽകർമ്മത്തിനും നന്ദി കാണിക്കുന്നതിനും വേണ്ടിയുള്ള ദുആ. (അബൂഹുറയ്റ(റ) പറയുന്നു. ഞാൻ തിരുനബി(സ)ൽനിന്ന് പഠിച്ച ഈ ദുആ ചൊല്ലിക്കൊണ്ടിരിക്കാൻ ഒരിക്കലും മറക്കാറില്ല.

***അല്ലാഹുമ്മജ്അൽനീ ഉഅ്ളിമു ശുക്റക്ക വഉക്സിറു ദിക്റക്ക വഅത്തബിഉ നുസ്ഹക്ക വ അഹ്ഫളു വസിയ്യത്തക്ക*** (മുസ്നദ് അഹ്മദ്)

അല്ലാഹുവേ, നീ എന്നെ നിനക്ക് ധാരാളം കൃതജ്ഞത പ്രകാശിപ്പിക്കുന്നവനാക്കേണമേ, നിന്നെ ധാരാളം സ്മരിക്കുന്നവനാക്കേണമേ. നിന്റെ ഉപദേശങ്ങളെ അനുസരിക്കുന്നവനാക്കേണമേ. നിന്റെ താക്കീതോടു കൂടിയ കല്പനകളെ (പ്രാവർത്തികമാക്കി) സംരക്ഷിക്കുന്നവനാക്കേണമേ.

**ഹദീസുകൾ:–**

ഹസ്റത്ത് ഇബ്നുഅബ്ബാസ്(റ) നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: ആരാണോ ഇസ്തിഗ്ഫാറിനെ തന്റെ നെഞ്ചോട് ചേർത്തുവെക്കുന്നത് (അതായത് ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുന്നത്) അയാൾക്ക് എല്ലാ പ്രയാസങ്ങളിൽനിന്നും മോചനം കിട്ടുന്നതിനുള്ള മാർഗ്ഗം അല്ലാഹു തുറന്നുകൊടുക്കുന്നതാണ്. അയാളുടെ എല്ലാ ബുദ്ധിമുട്ടുകളിൽനിന്നും സമൃദ്ധിയുടെ വഴികൾ ഉണ്ടാക്കികൊടുക്കുന്നതാണ്. അയാൾക്ക് അനുമാനിക്കാൻ പറ്റാത്ത മാർഗ്ഗത്തിലൂടെ അയാൾക്ക് വിഭവങ്ങൾ (അനുഗ്രഹങ്ങൾ) പ്രദാനം ചെയ്യുന്നതാണ്. (സുനന് അബീദാവൂദ്-കിതാബുൽവിത്ർ, ബാബ്ഫിൽഇസ്തിഗ്ഫാർ)

നിവേദകൻ പറയുന്നു. ഞങ്ങൾ ഉർവബ്നു മുഹമ്മദിന്റെ അടുക്കൽ ഇരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെയടുക്കൽ ഒരാൾ വന്നു. അയാൾ അദ്ദേഹത്തോട് ദേഷ്യം വരത്തക്കനിലയിൽ ചില കാര്യങ്ങൾ പറഞ്ഞു. നിവേദകൻ പറയുന്നു. അദ്ദേഹത്തിന്റെ ദേഷ്യം കൂടിയപ്പോൾ അദ്ദേഹം എഴുന്നേറ്റ് പോയി വുളു ചെയ്ത് തിരിച്ച് ഞങ്ങളുടെയടുക്കൽ വന്നുകൊണ്ട് പറഞ്ഞു. എന്റെ പിതാവ് എന്റെ വല്യാപ്പ അക്കിയമുഖേന- ഇദ്ദേഹം സഹാബാക്കളിൽപെട്ട ആളായിരുന്നു. എന്നെ ഈ നിവേദനം കേൾപ്പിച്ചു. അതായത് തിരുനബി(സ) പറഞ്ഞു. ദേഷ്യം ശയ്ത്വാന്റെ ഭാഗത്തുനിന്ന് വരുന്നതാണ്. ശയ്ത്വാൻ തീയിൽനിന്ന് സൃഷ്ടിക്കപ്പെട്ടവനാണ്. തീ കെടുത്താറുള്ളത് വെള്ളം കൊണ്ടാണ്. നിങ്ങളിൽനിന്ന് ആർക്കെങ്കിലും ദേഷ്യം വന്നാൽ അയാൾ വുളു ചെയ്യേണ്ടതാണ്. (മുസ്നദ് അഹ്മദ്ബ്നു ഹമ്പൽ, വാല്യം 4, പേജ് 226, ബേറൂത്തിൽനിന്ന് അച്ചടിച്ചത്)

മദീനയിലെ ഒരാളോട് ഹസ്റത്ത് അബ്ദുൽ വഹാബ്നു വറദ് നിവേദനം ചെയ്യുന്നു. ഹസ്റത്ത് മുആവിയ ഹസ്റത്ത് ആയിശ(റ)യുടെ സന്നിധിയിലേക്ക് എഴുതി. എനിക്ക് രേഖാമൂലം എന്തെങ്കിലും ഉപദേശം നൽകൂ. അതിന് ഹസ്റത്ത് ആയിശ(റ) അദ്ദേഹത്തിന് ഇപ്രകാരം എഴുതി അയച്ചു. അസ്സലാമു അലയ്ക്കും. ഞാൻ തിരുനബി(സ) ഇപ്രകാരം ഉപദേശിച്ചതായി കേട്ടിട്ടുണ്ട്. അതായത് ആരാണോ ജനങ്ങളെ വെറുപ്പിച്ചിട്ടും അല്ലാഹുവിന്റെ തൃപ്തിയെ കാംക്ഷിക്കുന്നത് അപ്പോൾ ജനങ്ങൾക്കെതിരിൽ അല്ലാഹു സ്വയം അയാൾക്ക് മതിയായവനായിത്തീരുന്നു. എന്നാൽ ആരാണോ ജനങ്ങളുടെ തൃപ്തിക്കുവേണ്ടി അല്ലാഹുവിനെ വെറുപ്പിക്കുന്നത് അപ്പോൾ അല്ലാഹു അയാളെ ജനങ്ങളെ ഏൽപിക്കുന്നു. (തിർമിദി, കിതാബുസ്സഹദ്)

***പുസ്തകം:*** നമ്മുടെ അദ്ധ്യാപനങ്ങൾ, മിർസാ ഗുലാം അഹ്മദ്(അ).

ചരിത്രത്തിലെ ഏടുകൾ (അടുത്തപേജിൽ ചേർത്തിട്ടുണ്ട്)

# ലജ്‌ന ചരിത്രത്തിലെ ഏടുകൾ

**ലജ്‌ന ഇമാഇല്ലായുടെ 46-ാം വർഷം**

**ജൽസസാലാനയുടെ സന്ദർഭത്തിൽ അഹ്മദി സഹോദരികളുടെ തുല്യതയില്ലാത്ത ത്യാഗം. അഞ്ച് ലക്ഷം രൂപ സ്വരുക്കൂട്ടുന്നതിനുള്ള നിശ്ചയദാർഢ്യം. ഒരുലക്ഷം രൂപ വിശുദ്ധഖുർആന്റെ പ്രസിദ്ധീകരണത്തിനുവേണ്ടി നൽകാനുള്ള സന്നദ്ധത.**

**അ**ൽഹംദുലില്ലാഹ്. ലജ്‌നഇമായില്ലായുടെ പ്രവർത്തനപ്രയാണം വിജയകരമായ നാൽപത്തഞ്ച് വർഷം പിന്നിട്ട് നാൽപത്തിയാറാം വർഷത്തിൽ പ്രവേശിച്ച് മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കൊല്ലത്തെ ജൽസ സാലാനയുടെ അവസരത്തിൽ ഈ വിനീതയുടെ അഭ്യർത്ഥനപ്രകാരം ലജ്‌ന ഇമാഇല്ലായിലെ അംഗങ്ങൾ 1972-ൽ ലജ്‌നഇമാഇല്ലാഹ് സ്ഥാപിതമായി 50 കൊല്ലം വിജയകരമായി കടന്നുകഴിഞ്ഞതിന്റെ സന്തോഷത്തിൽ 5ലക്ഷംരൂപ സ്വരുകൂട്ടുന്നതിനും അതിൽനിന്ന് ഒരുലക്ഷംരൂപ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(അ.ബി.അ)ന് വിശുദ്ധഖുർആന്റെ പ്രസിദ്ധീകരണത്തിനുവേണ്ടി സമർപ്പിക്കുകയും ചെയ്യണമെന്ന് തീരുമാനിച്ചുറപ്പിച്ചിരിക്കുകയാണ്. ഇത് സംബന്ധമായി ഞാൻ സഹോദരികളോട് പറഞ്ഞു അഹ്മദിസ്ത്രീകൾ തുടക്കംമുതലേ ത്യാഗത്തിന്റെയും അർപ്പണത്തിന്റേയും മാതൃകകൾ കാഴ്ച വെച്ചുകൊണ്ടിരിക്കുകയാണ്. ലണ്ടൻ, ഹോളണ്ട്, ഡൻമാർക്ക് പള്ളികൾ ജർമ്മൻ ഭാഷയിൽ വിശുദ്ധ ഖുർആന്റെ തർജ്മ തുടങ്ങിയവ അവരുടെ ത്യാഗത്തിന്റെ ഫലങ്ങളാണ്. ഈ ചെറിയ സംഘടന ഇപ്പോൾ ആഗോളനിലവാരത്തിൽ എത്തിയിരിക്കുകയാണ്. ഇതിന്റെ ശാഖകൾ ഇന്ത്യ, ഇന്തോനേഷ്യ, അമേരിക്ക, കിഴക്കേ ആഫ്രിക്ക, മൊറീഷ്യസ്, കാനഡ, ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിൽ വ്യാപിച്ചുകഴിഞ്ഞു. നമ്മുടെ സംഘടനയുടെ ദിവസന്തോറുമുള്ള ഈ അഭിവൃദ്ധിയിൽ അല്ലാഹുവിനോട് നന്ദിയുള്ളവരാകണമെന്നത് നിർബന്ധകാര്യമാണ്. അതിനുവേണ്ടി ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (അ.ബി.അ)ന്റെ അനുവാദത്തോടെ ഈ സംഘടന രൂപീകരിച്ച് അമ്പതുകൊല്ലം തികയുന്ന 1972-നുള്ളിൽ ലജ്‌ന ഇമാഇല്ലാഹ് അംഗങ്ങൾ അഞ്ച്‌ലക്ഷം രൂപ സ്വരുകൂട്ടുന്നതാണ്. ഈ സംഖ്യ ഇസ്‌ലാമിന്റെ പ്രചാരണത്തിന്‌വേണ്ടി ചിലവഴിക്കുന്നതായിരിക്കും. ചിലവഴിക്കുന്നതിൽ ഒരു വിദേശഭാഷയിൽ വിശുദ്ധഖുർആന്റെ തർജമ ഇറക്കുന്നതിനായിരിക്കും മുൻഗണന കൊടുക്കുക. ബാക്കി സംഖ്യകൊണ്ട് ഒരു ലജ്‌ന ഹാളിന്റെ നിർമ്മാണം, ഫസ്‌ലെ ഉമർ ജൂനിയർ മോഡൽ സ്കൂളിന്റെ നിർമ്മാണം തുടങ്ങിയവയാണ് ആലോചനയിലുള്ളത്. കൂടാതെ ബാക്കിസംഖ്യ ചിലവിടുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് ഒരു കമ്മറ്റി രൂപീകരിക്കുന്നതായിരിക്കും. ഈ വിനീത 1200/- രൂപയുടെ വാഗ്ദാനം ചെയ്തിട്ടുണ്ട്. കൂടാതെ ഹസ്റത്ത് സയ്യിദ നുസ്റത്ത് ജഹാംബീഗം സാഹിബ(റ), ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വും അദ്ദേഹത്തിന്റെ ഭാര്യമാർക്കും വേണ്ടി (അവരാണ് ഈ സംഘടനക്ക് വേണ്ടി ആരംഭത്തിൽ അവിശ്രാന്തപരിശ്രമം നടത്തിയത്) 600/- രൂപയുടെ വാഗ്ദാനം ലഭിച്ചിട്ടുണ്ട്. കൂടാതെ തങ്ങളുടെ പരേതകളായ രണ്ട് മാതാക്കൾക്കുംവേണ്ടി 200/-രൂപയുടെ വാഗ്ദാനം ലഭിച്ചിട്ടുണ്ട്. ഹസ്റത്ത് സയ്യിദ നവാബ് മുബാറക്ക ബീഗം സാഹിബ 5000/- രൂപയുടെ വാഗ്ദാനം തന്നിട്ടുണ്ട്. അതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

ഉമ്മുൽമുഅ്മിനീൻ ഹസ്റത്ത് സയ്യിദ നുസ്റത്ത് ജഹാം ബീഗം സാഹിബക്ക് വേണ്ടി (പ്രഥമസദ്ർ ലജ്‌ന)- 1000/-

ഹസ്റത്ത് സയ്യിദ അമത്തുൽഹയ്ബീഗം സാഹിബ (പ്രഥമ സിക്രട്ടറി ലജ്‌ന)ക്ക് വേണ്ടി- 1000-

സ്വന്തം പേരിൽ- 3000/-

ആകെ - 5000/-

ഈ ആഹ്വാനപ്രകാരം 309953 രൂപ വ്യക്തിപരമായും കൂട്ടമായും അപ്പോൾതന്നെ ലഭിച്ചുകഴിഞ്ഞു. 3500 രൂപ റൊക്കമായും കുറച്ച് ആഭരണങ്ങളും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 500 രൂപയോ അതിൽ കൂടുതലോ സംഖ്യ കൊടുക്കുകയാണെങ്കിൽ അവരുടെ പേരുകൾ പുനർനിർമ്മാണം ചെയ്യപ്പെടുന്ന ലജ്‌ന ഇമാഇല്ലാഹ് ഓഫീസിന്റെ കെട്ടിടത്തിൽ ഉല്ലേഖനം ചെയ്യപ്പെടുമെന്നും പ്രഖ്യാപിച്ചിട്ടുള്ളതാണ്.

**കുട്ടികളുടെ തർബിയ്യത്തിനെ സംബന്ധിച്ച് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റ)ന്റെ ഖുത്വ്ബ ജുമുഅ**

സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(അ.ബി.അ) 1968 മാർച്ച് 22-ലെ ഖുത്വ്ബ ജുമുഅയിൽ മാതാപിതാക്കളോട് കുട്ടികളുടെ തർബിയത്ത് കാര്യത്തിൽ ശ്രദ്ധിക്കുന്നതിനു വേണ്ടി പറഞ്ഞു.

"കുട്ടികളുടെ തർബിയത്തിലേക്ക് ചില മാതാപിതാക്കൾ ശ്രദ്ധിക്കുന്നില്ല. വഴികളിൽ കുട്ടികൾ തെറികൾ പറയുന്നതായി കേൾക്കുന്നുവെന്ന് ധാരാളം റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. തർബിയ്യത്ത് സിദ്ധിച്ച റബ്‌വയുടെ അന്തരീക്ഷത്തിൽ ഇവിടത്തെ തെരുവുകളിൽനിന്ന് അഹ്മദികുട്ടികൾ തെറികൾ പറയുകയാണെങ്കിൽ അവരുടെ മാതാപിതാക്കൾ ഈ സ്ഥലം ഒഴിവാക്കേണ്ടതാണ്. മാതാക്കളെ ഞാൻ പ്രത്യേകമായും ഇക്കാര്യത്തിലേക്ക് ശ്രദ്ധ ചെലുത്തുകയാണ്. അവരിലുള്ള ചില ന്യൂനതകൾ കാരണം പുരുഷന്മാരേക്കാൾ കൂടുതൽ അവരുടെ സത്വരശ്രദ്ധ ഇതിലേക്ക് തിരിക്കേ

ണ്ടതായിട്ടുണ്ട്. അല്ലാഹു നിങ്ങൾക്ക് ധനം തന്നിട്ടുണ്ടെങ്കിൽ സന്താനങ്ങൾ തന്നിട്ടുണ്ടെങ്കിൽ ആയിരക്കണെക്കിന് മറ്റ് സൗകര്യങ്ങൾ ചെയ്ത് തന്നിട്ടുണ്ടെങ്കിൽ; ആയിരക്കണക്കിന് ഉത്തരവാദിത്തങ്ങളും നിങ്ങളിൽ അർപ്പിതമായിട്ടുണ്ടെന്ന് മനസ്സിലാക്കണം. വെറും റബ്‌വ നിവാസിയും അഹ്മദിയ്യാ ജമാഅത്തിന്റെ ജോലിക്കാരനും ആയാൽമാത്രം പോരാ.

സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (അ.ബി.അ) 1968 ജൂലായ് 31-ന് കറാച്ചിയിൽ പോയി. അവിടെവെച്ച് 1968 സെപ്തംബർ 5-ന് കറാച്ചി ലജ്ന ഇമാഇല്ലായെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു.

'ഹസ്റത്ത് മസീഹ് മൗഊദ്(അ) തിരുനബി(സ)ന്റെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സവിശേഷ ആത്മീയസന്താനമായാണ് ഈ ലോകത്ത് അവതീർണ്ണരായിരിക്കുന്നത്. മനുഷ്യരെ പരിശുദ്ധജീവിതത്തിന്റെ അനന്തരാവകാശികളാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ വരവിന്റെ ഉദ്ദേശ്യം. നിങ്ങളിലോരോരുത്തരും ഉദ്ദേശിക്കുകയാണെങ്കിൽ പരിശുദ്ധജീവിതത്തിന്റെ അനന്തരാവകാശികളാകാൻ സാധിക്കും. പരിശുദ്ധജീവിതം കൊണ്ടുദ്ദേശിക്കുന്നത് ആത്മീയമായ നിലയിൽ ഇസ്‌ലാമികാദ്ധ്യാപനങ്ങൾകൊണ്ട് പൂരിതമായ ഒരു ജീവിതമാണ്. ത്വയ്യിബ്-പരിശുദ്ധം എന്നതിന്റെ അർത്ഥം മനുഷ്യൻ സ്വയം ആനന്ദം കണ്ടെത്തുകയും മനുഷ്യമനസ്സ് സന്തോഷത്തിലാകുകയും ചെയ്യുന്ന ഓരോ സംഗതിയുമാണ്. ഇസ്‌ലാമിക സാങ്കേതിക നിർവചനപ്രകാരം പരിശുദ്ധജീവിതം എന്നതിന്റെ അർത്ഥം മനുഷ്യബോധം അല്ലാഹു പറഞ്ഞിരിക്കുന്ന കല്പനകളുടെ അടിസ്ഥാനത്തിൽ അവയിൽ നിന്ന് പ്രകാശം കരസ്ഥമാക്കി ശാശ്വതമായ ആനന്ദം കരസ്ഥമാക്കുക എന്നതാണ്. ദൈവസാമീപ്യം സിദ്ധിച്ചവർക്കായി വിധിക്കപ്പെട്ട ശാശ്വത ആനന്ദവും യഥാർത്ഥ സന്തോഷവും ലഭ്യമാകുന്നത്; മനുഷ്യൻ സ്വയം ഒരു മരണത്തിന് തയ്യാറായതിനുശേഷം അല്ലാഹുവിൽനിന്ന് ഒരു പുതിയ ജീവിതം സിദ്ധിക്കുമ്പോഴാണ്.

ഹുസൂർ(അ.ബി.അ) ലജ്നഇമാഇല്ലാഹ് മെമ്പർമാരെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു. "നിങ്ങൾ (അഹ്മദിയ്യത്തുമായി ബന്ധപ്പെട്ടുനിൽക്കുന്ന സ്ത്രീകളും കുട്ടികളും) ഒരു മഹത്തായ ലക്ഷ്യം വെച്ചുകൊണ്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന യാഥാർത്ഥ്യം ഒരിക്കലും മറക്കാൻ പാടുള്ളതല്ല. നിങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ൽ വിശ്വസിച്ചുകൊണ്ട് തിരുനബി(സ)ന്റെ സ്ഥാനവും മഹത്വവും കരസ്ഥമാക്കാൻ സാധിച്ചവരും അദ്ദേഹത്തിന്റെ അനുഗ്രഹത്തിൽനിന്ന് കൂടുതൽ ഫലം നേടിയവരും അദ്ദേഹത്തിൽ ലയിച്ചുകൊണ്ട് അല്ലാഹുവിന്റെ എണ്ണമറ്റ കാരുണ്യങ്ങളുടെ അനന്തരാവകാശികളാകാൻ സൗഭാഗ്യം കിട്ടുകയും ചെയ്തവരാണ്.

ഹുസൂർ (അ.ബി.അ) അഹ്മദിസ്ത്രീകളെ അല്ലാഹുവിന്റെ സമ്മാനങ്ങൾക്ക് അനുഗ്രഹീതരായിത്തീരുന്നതിന് പരിശ്രമം നടത്തുന്നതിനുവേണ്ടി താക്കീത് ചെയ്തുകൊണ്ട് പറഞ്ഞു. "നിങ്ങൾ നിങ്ങളുടെ സ്ഥാനത്തെ തിരിച്ചറിയണം. അല്ലാഹു വിശുദ്ധഖുർആനിൽ നിങ്ങൾക്ക് നൽകിയിരിക്കുന്ന വാഗ്ദാനങ്ങൾ നിങ്ങളിൽ പൂർത്തീകരിക്കപ്പെടുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. അവ വലുതായതും മഹത്തായതും പ്രസന്നവും പ്രകാശിതവുമായതാണ്.

ഹുസൂർ(അ.ബി.അ) പരിശുദ്ധജീവിതം കരസ്ഥമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദീകരിച്ചുകൊണ്ട് പറഞ്ഞു. "സംസാരവും പ്രവർത്തിയും പരിശുദ്ധമാക്കാത്തിടത്തോളംകാലം നമുക്ക് പരിശുദ്ധജീവിതം കരസ്ഥമാക്കാൻ സാധിക്കുകയില്ല. ചില സ്ത്രീകളും പുരുഷന്മാരും തങ്ങളുടെ നാവിനെ നിയന്ത്രിച്ച് വെക്കുന്നില്ല. അവരുടെ അമിതമായ സംസാരം കാണുമ്പോൾ അതിനെ ഒരിക്കലും (ത്വയിബ്) പരിശുദ്ധമാണെന്ന് പറയാൻ സാധിക്കുകയില്ല."

അല്ലാഹു പറയുന്നു. "തങ്ങളുടെ നാവിനെ നിയന്ത്രിക്കുക. ആരേയും നിന്ദ്യമായി കാണരുത്. പരദൂഷണം പറയരുത്. ആരേയും മോശമായി ചിത്രീകരിക്കരുത്. തങ്ങളെ സ്വയം വലിയ ആളായി കണക്കാക്കരുത്, കാണിക്കാൻ വേണ്ടിയുള്ള സംസാരം അരുത്. ലളിതവും, കൃത്രിമമല്ലാത്തതും സത്യസന്ധവും നേർവഴിക്ക് ചലിക്കുന്നതുമായ നാവ് തങ്ങളുടെ വായിൽ ഉണ്ടാക്കേണ്ടതാണ്. അല്ലാഹു തന്റെ കാരുണ്യംകൊണ്ട് മനുഷ്യർക്ക് ഇതിനുള്ള തൗഫീഖ് നൽകാത്തിടത്തോളംകാലം ഇതൊക്കെ പ്രാവർത്തികമാക്കാൻ സാധിക്കുകയില്ല. അല്ലാഹുതന്നെയാണ് പരിശുദ്ധവചനങ്ങൾക്ക് മാർഗ്ഗദർശനവും സൗഭാഗ്യവും നൽകുന്നവൻ. അവൻ തന്നെയാണ് പരിശുദ്ധമായ, നേരായ, സ്തുത്യർഹമായ പ്രവർത്തികളിലേക്ക് മാർഗ്ഗദർശനം നൽകുന്നവൻ.

ഹുസൂർ(അ.ബി.അ) തുടർന്ന് പറഞ്ഞു. "രാവ് വരുന്നതനു മുമ്പതന്നെ നിങ്ങൾ നിങ്ങളെ സംബന്ധിച്ച് ചിന്തിക്കുക, നിങ്ങളുടെ സ്വന്തക്കാരെ സംബന്ധിച്ച് ചിന്തിക്കുക, നിങ്ങളുടെ സന്താനങ്ങളെക്കുറിച്ച് ചിന്തിക്കുക, നിങ്ങളുടെ കുടുംബക്കാരെക്കുറിച്ച് ചിന്തിക്കുക, നിങ്ങളുടെ ചുറ്റുപാടിനെ കുറിച്ച് ചിന്തിക്കുക. കുറച്ച് ദിവസം സിനിമ കാണുകയും, പർദ്ദ ഇടാതിരിക്കുകയും പാവങ്ങളേയും അറിവ് കുറഞ്ഞവരേയും നിന്ദ്യദൃഷ്ടിയോടെ കാണുകയും താൽക്കാലിക സന്തോഷത്തിൽ മുഴുകുകയും ചെയ്തിട്ട് ഇതിന് പകരം ഒരു ദീർഘകാലം അത് ഒരുപക്ഷേ ഒരുകോടി കൊല്ലമായിരിക്കാം അതല്ലെങ്കിൽ ഒരു അറബ് കൊല്ലമായിരിക്കാം (ശിക്ഷകളുടെ) ദുഃഖങ്ങളിൽ കഴിയുക; അതിനെ നമുക്ക് വിഭാവനം ചെയ്യാൻതന്നെ സാധ്യമല്ല. ഭാവനയിൽ കൊണ്ടുവരികയാണെങ്കിൽതന്നെ നമ്മുടെ രോമകൂപങ്ങൾ എഴുന്നേറ്റ്നിൽക്കുകയും,

അത് സംബന്ധിച്ച് ചിന്തിക്കുമ്പോൾ ഭയന്നുവിറച്ച് പോകുകയും ചെയ്യുന്നു. നാം നമ്മുടെ രക്ഷിതാവിലേക്ക് കുനിയുമ്പോൾ നമുക്ക് പറയാനുള്ളത് ഇത് മാത്രമാണ്. അല്ലാഹുവേ ഞങ്ങൾ പാപികളാണ്; ഞങ്ങൾ പരിശ്രമിച്ച് കൊണ്ടിരിക്കുന്നു. എന്നാൽ, യഥാർത്ഥ പരിശ്രമം നിന്റെ അനുഗ്രഹം കൊണ്ടല്ലാതെ സാദ്ധ്യമല്ല. നീ അനുഗ്രഹിക്കുകയും യഥാർത്ഥനിലയിൽ പരിശ്രമിക്കാനുള്ള സൗഭാഗ്യം നൽകുകയും ചെയ്യേണമേ. നീ ഞങ്ങളെ പരിശുദ്ധജീവിതത്തിന്റെ അനന്തരാവകാശികളാക്കേണമേ."

ഹുസൂർ(അ.ബി.അ) പറഞ്ഞു. "നിങ്ങൾ എല്ലാ ബിദ്അത്തുകളേയും ഉപേക്ഷിക്കുവിൻ. തിരുനബി (സ)ന്റെ ഉത്തമ മാതൃകയനുസരിച്ച് ജീവിക്കാൻ പരിശ്രമിക്കുവിൻ. ഭൗതികത (സമ്പത്ത്) അല്ലാഹുവിന്റെ കല്പനകൾക്കും മാർഗ്ഗദർശനങ്ങൾക്കും വിധേയമായി അനുവദിക്കപ്പെട്ട മാർഗ്ഗത്തിലൂടെ സമ്പാദിക്കുകയും അനുവദിക്കപ്പെട്ട മാർഗ്ഗത്തിലൂടെ അത് ചിലവഴിക്കുകയും ചെയ്യുകയാണെങ്കിൽ (അതിന് നിങ്ങൾക്ക് അനുവാദമുണ്ട്) എന്നല്ല ഏതൊരു പരിശ്രമത്തിലാണോ അല്ലാഹു നിങ്ങളുടെ അനുഗ്രഹത്തെ നിഗൂഢമാക്കി വെച്ചിരിക്കുന്നത് അത് നിങ്ങൾക്ക് കരസ്ഥമാക്കാവുന്നതാണ്. നിങ്ങളുടെ (നിയ്യത്ത്) ഉദ്ദേശ്യം ശരിയാണെങ്കിൽ അല്ലാഹു പറഞ്ഞിരിക്കുന്നു ബാഹ്യമായ ചെറിയ ചെറിയ ഭൗതികകാര്യങ്ങളും മനുഷ്യരെ പ്രതിഫലത്തിന് അവകാശികളാക്കിത്തീർക്കുമെന്ന്. നിങ്ങളിലെ ഉമ്മമാരോട് അല്ലെങ്കിൽ ഉമ്മയാകാൻ പോകുന്നവരോട് നബി(സ) പറഞ്ഞിരിക്കുന്നു. സ്വർഗ്ഗം നിങ്ങളുടെ പാദത്തിന് കീഴെയാണ് എന്ന്. ഇതിന്റെ ഉദ്ദേശ്യം നിങ്ങൾ സൽപ്രവർത്തികൾ ചെയ്യുകയാണെങ്കിൽ നിങ്ങളുടെ സന്താനങ്ങൾക്കും നിങ്ങളുടെ കീഴിലുള്ളവർക്കും ശരിയായ ശിക്ഷണം കൊടുക്കുകയാണെങ്കിൽ, അവരെ ഭൗതികതയുടെ സുഖങ്ങളിലും തെറ്റായ ആനന്ദങ്ങളിലും മുഴുകാൻ അനുവദിക്കാതിരിക്കുകയും മറിച്ച്, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്യുന്നവരും അർപ്പണത്തിന്റെ മാതൃകകൾ കാഴ്ചവെക്കുന്നവരും യഥാർത്ഥ ഇസ്ലാമിൽ അടിയുറച്ച് നിൽക്കുന്നവരുമാക്കുകയാണെങ്കിൽ- അപ്പോൾ സ്വർഗ്ഗത്തിൽ നിങ്ങളുടെ സ്ഥാനം നിങ്ങളുടെ സന്താനങ്ങളെക്കാളും ഉയർന്നതായിരിക്കും. ഏതൊരു സ്ഥാനമാണോ നിങ്ങളുടെ സന്താനങ്ങൾക്ക് ലഭിക്കുന്നത് അതിന് മുകളിലായിരിക്കും നിങ്ങളുടെ സ്ഥാനം. അപ്പോൾ പറയാൻ സാധിക്കും സ്വർഗ്ഗം മാതാവിന്റെ പാദത്തിന് താഴെയാണെന്ന്. നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ സ്വയം നന്നായി സ്വർഗ്ഗത്തിൽ ഒരു മഹനീയസ്ഥാനം കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. നിങ്ങൾ നിങ്ങളുടെ ചുമതലകളെ പൂർത്തീകരിക്കുന്നില്ലെങ്കിൽ, നിങ്ങളുടെ സന്താനങ്ങൾക്കും മറ്റ് ബന്ധപ്പെട്ടവർക്കും ശരിയായ ശിക്ഷണം നൽകുന്നില്ലെങ്കിൽ, നിങ്ങൾ സ്വയം ഭൗതികതയിലും അതിന്റെ ആനന്ദങ്ങളിലും മുഴുകിയിരിക്കുകയാണെങ്കിൽ, അല്ലാഹുവിനേയും അവന്റെ അനുഗ്രഹങ്ങളേയും മറക്കുകയാണെങ്കിൽ അപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിലായിരിക്കുകയില്ല. നിങ്ങളുടെ പാദത്തിന് താഴെ സ്വർഗ്ഗമുണ്ടായിരിക്കുകയില്ല. നിങ്ങളും നിങ്ങളുടെ സന്താനങ്ങളും (അല്ലാഹു ആരെയാണോ അവരുടെ പ്രത്യേക ത്യാഗത്തിന്റെ ഫലമായി രക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് അവരൊഴിച്ച്) നരകത്തിലേക്ക് വലിച്ചെറിയപ്പെടുന്നതാണ്."

കറാച്ചി ലജ്ന ഇമാഇല്ലാഹ്യെ സംബോധന ചെയ്തുകൊണ്ട് ഹസ്റത്ത് സയ്യിദ മൻസൂറ ബീഗം സാഹിബയുടെ പ്രസംഗം:

ആഗസ്റ്റ് 11-ന് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (അ.ബി.അ)ന്റെ ഭാര്യ ഹസ്റത്ത് സയ്യിദാ മൻസൂറ ബീഗം സാഹിബ കറാച്ചിയിൽവെച്ച് അഹ്മദി സ്ത്രീകളുടെ വലിയൊരു സദസ്സിനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു. ഇന്നത്തെ ലോകത്തിന്റെ നിറം വളരെയധികം ആകർഷണീയമാണ്. അത് നിങ്ങളെ ആശയക്കുഴപ്പത്തിലാക്കുന്നു. ഈമാനെ സംബന്ധിച്ചിടത്തോളം ഇത് പരീക്ഷണസമയമാണ്. ദുനിയാവിനെ പിന്തുണക്കുന്നത് ഒരിക്കലും ബുദ്ധിപൂർവ്വകമല്ല. നിങ്ങളുടെ പൂർവ്വികർ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിളിക്ക് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് ഈ ലോകത്തെ എല്ലാ സുഖങ്ങളേയും വലിച്ചെറിഞ്ഞുകൊണ്ട് തങ്ങളെ സ്വയം മസീഹിന്റെ സന്നിധിയിൽ സമർപ്പിച്ചവരാണ്. അവരും അനാചാരങ്ങളിലും സുഹൃദ്ബന്ധങ്ങളിലും ഭൗതികതയുടെ വലയിലും കുടുംബബന്ധങ്ങളിലും ഇതുപോലെ കുടുങ്ങിയവരായിരുന്നു. എന്നാൽ, അവർ എല്ലാത്തിനേയും അല്ലാഹുവിനുവേണ്ടി ഉപേക്ഷിച്ചു."

അനാചാരങ്ങളെ ഉപേക്ഷിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. എന്റെ പിതാവ് അഹ്മദിയ്യത്തിൽ പ്രവേശിച്ചതിന് ശേഷം അനാചാരങ്ങളെ വളരെയധികം വെറുത്തിരുന്നു. എന്റെ വിവാഹാവസരത്തിൽ പോലും ആരേയും വിളിച്ചില്ല. സഹോദരന്മാരിൽ ആരൊക്കെ അവിടെ ഉണ്ടായിരുന്നുവോ അവരാണ് പങ്കെടുത്തത്. വീട്ടിൽനിന്ന് തരുന്ന സാധനങ്ങൾ ആർക്കും കാണിച്ചുകൊടുക്കരുതെന്ന് എനിക്ക് നിർദ്ദേശമുണ്ടായിരുന്നു. ഞാൻ ഖാദിയാനിലെത്തിയപ്പോൾ എന്റെ അമ്മാവൻ ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറഞ്ഞു. വീട്ടിൽനിന്ന് കൊണ്ടുവന്ന സാധനങ്ങൾ ആർക്കും കാണിച്ചുകൊടുക്കരുത്. മലേർക്കോട്ടലയിൽ നൂറുകണക്കിന് കുടുംബക്കാരും പരിചയക്കാരുമുണ്ടായിരുന്നു. എന്നാൽ അദ്ദേഹം ആരേയും ക്ഷണിച്ചില്ല. ഒരു ആചാരവുമുണ്ടായില്ല. അനാചാരങ്ങൾക്ക് യാതൊരു അർത്ഥവുമില്ല. ഈ കൃത്രിമത്വവും അനാചാരങ്ങളും സിനിമ കാണലും ഈ ലോകത്തിലെ ശാപങ്ങളാണ്. നാം അല്ലാഹുവിന്റേതായി തീർന്നിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യങ്ങളൊന്നുമായും നമുക്ക് ഒരു ബന്ധവും ഉണ്ടായിരിക്കാൻ പാടുള്ളതല്ല. ●

# വാർഷിക ദീനീപരീക്ഷ നാസിറാത്തുൽ അഹ്മദിയ്യാ 2006 – 07

## I സീനിയർ വിഭാഗം (14,15 വയസ്സ്)

***എഴുത്തുപരീക്ഷ***

1. വിശുദ്ധഖുർആൻ ഒന്നാമത്തെ ജുസൂഅ് 7,8 റക്കൂഅ്കൾ പദാനുപദ അർത്ഥം
2. 'എന്റെ ഉമ്മ' 'മേരി വാലിദ' എന്ന പേരിൽ അന്നൂറിൽ വന്ന ലേഖനങ്ങൾ
3. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) 2004 ആഗസ്റ്റ് 1-ന് നടത്തിയ യു.കെ. ജൽസ യുടെ ഉദ്ഘാടന പ്രസംഗം (ഇത് ഖുദ്ദാമുൽ അഹ്മദിയ്യാ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്)

***വാചാപരീക്ഷ***

1. വിശുദ്ധഖുർആനിലെ നാലാമത്തെ ജുസൂഅ് ഉച്ചാരണശുദ്ധിയോടെ ഓതുക.
2. സൂറഃബഖറ ആദ്യ 17 ആയത്തുകൾ അർത്ഥസഹിതം
3. സൂറഃ ഖാശിയ, സൂറഃഖദ്ർ എന്നിവ മനഃപാഠം
4. നമസ്കാരം മുഴുവൻ ഖുനൂത്ത് ഉൾപ്പെടെ അർത്ഥസഹിതം
5. ഓർത്തിരിക്കേണ്ട കാര്യങ്ങൾ എന്ന പുസ്തകം മുഴുവൻ
6. കലിമ തൗഹീദ്, കലിമ ഇസ്തിഗ്ഫാർ എന്നിവ അർത്ഥസഹിതം
7. ***അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വനഊദുബിക്ക മിൻ ശുരൂരിഹിം*** എന്ന ദുആ അർത്ഥസഹിതം.

## II ജൂനിയർ വിഭാഗം (11,12,13 വയസ്സ്)

***എഴുത്തുപരീക്ഷ***

1. വിശുദ്ധഖുർആൻ ഒന്നാമത്തെ ജുസൂഅ് 5,6 റുകൂഅ്കൾ പദാനുപദ അർത്ഥം
2. ഹസ്റത്ത് ഉസ്മാൻ(റ)ന്റെ ജീവചരിത്രം (പഴയ അന്നൂറിൽ ഉണ്ട്)
3. ഹസ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന ഇൽഹാമുകൾ അർത്ഥ സഹിതം പഠിക്കുക. ഓരോ ജമാഅത്തുകളിലെയും നാസിറാത്ത് സെക്രട്ടറിമാർ മുഅല്ലിം, മുബല്ലിഗ്മാരുടെ സഹായത്തോടെ അർത്ഥം പഠിപ്പിക്കുക.

a. 1880-ൽ "***തും കുച്ച് ഖൗഫ് മത്കരോ ഖുദാ ഹർ ഏക് ചീസ്പർ ഖാദിർ ഹെ വൊ തുമേം നജാത്ദേഗാ***"

b. 1888-ൽ "***ഏക് ദൂസരാബശീർ തൂമേം ദിയാ ജായേഗാ***"

c. 1890-ൽ "***മൗത് കേ ബാദ് മേ തുമേം ഹയാത് ബക്ശൂംഗാ***"

d. "***ജൊലോഗ് ഖുദാ തഅലാകെ മക്റബ് ഹെ വൊ***"

e. '***മെ അപ്നീ ചുകിൽ ദിക്ലാഊംഗാ ഔർ അപ്നീ ഖുദ്റത്ത് നുമായിസെ തുജെ ഉഠാഊംഗാ***"

f. 1881-ൽ "***മേ അകേലാഹൂം ഔർ ഖുദാ മേരെ സാത്ഹെ***"

g. 1891 മാർച്ച് 11 "***ഖുദാസെ ഡർ, ഫിർ ജൊ ചാഹെകർ***"

h. 1891- "***ഖുശ്ഹാൽഹെ ഖുശ്ഹാൽഹെ***"

i. 1892- "***തേരെ കലാം മെ ജോ തേരെ മൂഹ്സെ നികൽതാഹെ ബർകത് രക്ഖീ ജാത്തീഹെ ക്യോംകെ തേരെ മൂഹ്സെ നികൽത്താഹെ.***"

j. 1898- "***ഖാദിർഹെ വൊ ബാദ്ഷാ ജൊ ടൂട്ടാകാം ബനാദെ***"

*വാചാപരീക്ഷ*

1. വിശുദ്ധഖുർആനിലെ മൂന്നാമത്തെ ജുസൂഅ് ശരിയായ ഉച്ചാരണശുദ്ധിയോടെ ഓതുക.
2. നമസ്കാരം മുഴുവൻ ഖുനൂത് ഉൾപ്പെടെ അർത്ഥസഹിതം
3. സൂറഃ ഖദ്ർ, സൂറഃ ളുഹാ എന്നിവ മനഃപാഠം
4. 'ഓർത്തിരിക്കേണ്ട കാര്യങ്ങൾ' എന്ന പുസ്തകത്തിലെ ആദ്യത്തെ 5 അദ്ധ്യായങ്ങൾ
5. കലിമ തൗഹീദ്, കലിമ ഇസ്തിഗ്ഫാർ അർത്ഥസഹിതം
6. വിശുദ്ധഖുർആൻ ഓതുമ്പോൾ വരുന്ന ചില ആയത്തുകൾക്ക് പ്രതിവചനം ചെയ്യേണ്ട കാര്യങ്ങൾ (പഴയ സിലബസ് ആവർത്തനം) പഴയ അന്നൂറിലുണ്ട്.

## III സബ്ജൂനിയർ എ വിഭാഗം (9,10 വയസ്സ്)

*വാചാപരീക്ഷമാത്രം*

1. വിശുദ്ധഖുർആൻ ഒന്നാമത്തെ ജുസൂഅ് 11 മുതൽ 16 വരെയുള്ള റുകൂഅ്കൾ ശരിയായ ഉച്ചാരണ ശുദ്ധിയോടെ ഓതുക. (യസ്സർനൽ ഖുർആൻ പഠിക്കുന്നവർക്ക് അവരുടെ പാഠഭാഗം)
2. സൂറഃബഖറ ആദ്യ റുകൂഅ് മനഃപാഠം
3. കലിമ തയ്യിബ, കലിമ ശഹാദത്ത്, കലിമ തംജീദ് എന്നിവ അർത്ഥസഹിതം
4. നമസ്കാരം മുഴുവൻ. നിയ്യത്ത് മുതൽ രണ്ട് സുജൂദുകൾക്കിടയിലുള്ള ദുആവരെ അർത്ഥസഹിതം
5. സൂറഃ മാഊൻ, സൂറഃഖാരിഅ മനഃപാഠം
6. 'യാദ് റക്ക്നേകീ ബാതേം' ആദ്യത്തെ രണ്ട് അദ്ധ്യായങ്ങൾ
7. 'വിശ്വാസവീഥി' എന്ന പുസ്തകത്തിലെ ഒന്നാമത്തെ ഭാഗം 2,3,5 പാഠങ്ങൾ
8. 'ഓർത്തിരിക്കേണ്ട കാര്യങ്ങൾ' എന്ന പുസ്തകത്തിലെ അവസാനം കൊടുത്തിരിക്കുന്ന ഹദീസുകൾ
9. ഹസ്റത്ത് മുസ്ലീഹ് മൗഊദ്(റ) കുട്ടികൾക്കു വേണ്ടി ചെയ്ത ദുആ. (*പഴയ അന്നൂറിലുണ്ട്. 2005 ജനു-ഫിബ്രു-മാർച്ച്-ഏപ്രിൽ ലക്കത്തിൽ, പേ.27*)

## സബ്ജൂനിയർ വിഭാഗം (7,8 വയസ്സ്)

*വാചാപരീക്ഷ മാത്രം*

1. വിശുദ്ധഖുർആൻ അല്ലെങ്കിൽ യസ്സർനൽ ഖുർആൻ പഠിച്ച ഭാഗങ്ങൾ ഉച്ചാരണശുദ്ധിയോടെ
2. കലിമ ത്വയ്യിബ്, കലിമ ശഹാദത്ത് എന്നിവ അർത്ഥസഹിതം.
3. നമസ്കാരം മുഴുവൻ
4. സൂറഃ നസർ, സൂറഃ ലഹബ് എന്നിവ മനഃപാഠം
5. 'വിശ്വാസവീഥി' ആദ്യഭാഗം മുഴുവൻ. രണ്ടാം ഭാഗത്തിൽ നമസ്കാരത്തിൽ പാലിക്കേണ്ട മര്യാദ കൾവരെ
6. സൂറഃബഖറ ആദ്യത്തെ 5 ആയത്തുകൾ മനഃപാഠം
7. 'ഓർത്തിരിക്കേണ്ട കാര്യങ്ങൾ' എന്ന പുസ്തകത്തിലെ അവസാനം കൊടുത്തിരിക്കുന്ന ഹദീസുകൾ
8. ഉറങ്ങുമ്പോഴും ഉണരുമ്പോഴും ചൊല്ലേണ്ട ദുആകൾ

## തിരുത്ത്

2006 ജനുവരി-ഏപ്രിൽ ലക്കത്തിൽ 'മുസ്ലിഹ് മൗഊദ് ദിവ്യാത്ഭുതത്തിന്റെ സ്മാരകശില' എന്ന ലേഖനത്തിൽ 30-ാം പേജിലെ 2-ാം കോളത്തിൽ 'രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ' എന്ന് തുട ങ്ങുന്ന ഖണ്ഡികയിൽ 'ബ്രിട്ടൻ ഉൾപ്പെടുന്ന സഖ്യകക്ഷികൾ' എന്നതിന് പകരം 'ജപ്പാൻ-ജർമ്മൻ സഖ്യ കക്ഷികൾ' എന്നും 'വിൻസ്റ്റൺ ചർച്ചിലിന്റെ സഖ്യകക്ഷികൾ' എന്നതിന് പകരം 'ജപ്പാൻ-ജർമ്മൻ സഖ്യ കക്ഷികൾ' എന്നും തിരുത്തി വായിക്കാനപേക്ഷ. തെറ്റ് വന്നതിൽ ഖേദിക്കുന്നു.

നാസിറാത്ത് കോർണർ

# മൗലാനാ ശേർഅലി സാഹിബ്(റ)

നവമുസ്‌ലിമായ ശേഖ് അബ്ദുൽ അസീസ് സാഹിബ് പറയുന്നു: ഖാദിയാനിൽ ഒരു അന്ധനായ ഹാഫിള് (ഖുർആൻ മനഃപാഠമാക്കിയ ആൾ) താമസിച്ചിരുന്നു. ഒരിക്കൽ അദ്ദേഹത്തിന് ഒരു ഉഷ്ണരോഗം പിടിപ്പെട്ടു. അദ്ദേഹം ചികിത്സയ്ക്കായി ഹഖീം ഖുത്തുബുദ്ദീൻ സാഹിബിന്റെയടുക്കൽ പോയി. ഹഖീം സാഹിബ് പറഞ്ഞു റൊട്ടി എനിക്ക് മസീഹിന്റെ ലങ്കറിൽ(ഭക്ഷണശാല)നിന്ന് കിട്ടുന്നുണ്ട്. പാൽ എവിടെനിന്ന് കിട്ടും. ഈ സംസാരം നടന്നുകൊണ്ടിരിക്കെ മസ്ജിദ് മുബാറക്കിലേക്ക് പോവുകയായിരുന്ന ഹസ്റത്ത് മൗലവി ശേർ അലി സാഹിബ്(റ) ഇതെല്ലാം കേട്ടു.

ഹസ്റത്ത് മൗലവി സാഹിബ്(റ) ഈ സംസാരമെല്ലാം കേട്ട് നടന്നുപോയി. ഹാഫിസ് സാഹിബ് എന്നോട് പറഞ്ഞു: അന്നേദിവസം രാത്രി ഒരാൾ എന്റെയടുക്കൽ വന്നു പറഞ്ഞു. ഹാഫിസ് സാഹിബ്, ഇതാ പാൽ വാങ്ങിക്കോളൂ. ഞാൻ എന്റെ പാത്രം നീട്ടിക്കൊടുത്തു. ഏകദേശം ഒന്ന് ഒന്നൊര ലിറ്റർ പാൽ ഒഴിച്ചുതന്ന് തിരിച്ചുപോയി. എന്നും രാത്രിയിൽ വന്ന് ഒന്നരലിറ്ററോളം പാൽ എന്റെ പാത്രത്തിലൊഴിച്ച് പോകുന്ന പ്രവൃത്തി അയാൾ പതിവാക്കി. ശേഖ് അബ്ദുൽ അസീസ് സാഹിബ് പറയുന്നു. ഒന്നരകൊല്ലം തുടർച്ചയായി പാൽ കൊണ്ടുവന്ന്കൊടുക്കുന്നു, ഒരിക്കലും മുടക്കുന്നില്ല, പൈസ ചോദിക്കുന്നുമില്ല. ആരായിരിക്കും ഈ മനുഷ്യൻ. എങ്ങനെയെങ്കിലും കണ്ടുപിടിക്കണമെന്ന അഭിരുചി എന്റെ മനസ്സിലുണ്ടായി. അങ്ങനെ ഈ ഉദ്ദേശ്യത്തോടെ ഒരു ദിവസം ഞാൻ ഹാഫിസ് സാഹിബിന്റെ വാതിലിന് ചുറ്റിപറ്റി ശ്രദ്ധയോടെ കറങ്ങിക്കൊണ്ടിരുന്നു. ഇത്രയായപ്പോഴേക്കും ഒരാൾ കയ്യിൽ പാത്രവുമായി വീടിനകത്തേക്ക് കടന്നുപോയി. ഹാഫിസ് സാഹിബ് മുറിക്കകത്ത് കട്ടിലിൽ ഇരിക്കുകയായിരുന്നു. തണുപ്പ് കാലാവസ്ഥയായിരുന്നു. ഞാൻ അദ്ദേഹത്തെ കാണാൻ ഉള്ളിലേക്ക് കടന്നപ്പോൾ അദ്ദേഹം എന്റെ കാലടിശബ്ദം കേട്ട് ഒരു മൂലയിലേക്ക് ചേർന്നുനിന്നു. ഉള്ളിൽ ഇരുട്ടായിരുന്നു. അതുകൊണ്ട് എനിക്ക് തിരിച്ചറിയാൻ സാധിച്ചില്ല. ശ്രദ്ധിച്ച് നോക്കിയപ്പോൾ ഒരാൾ ചുമരിനോട് പറ്റി നിൽക്കുന്നത് കണ്ടു. ഞാൻ അടുത്തുപോയി ചോദിച്ചു. സഹോദരാ നിങ്ങൾ ആരാണ് ? നേരിയ ഒരു ശബ്ദം വന്നു ശേർ അലി. (*അൻസാറുല്ലാഹ്, ഖാദിയാൻ 2006, ഏപ്രിൽ,മെയ്, ജൂൺ, പേജ്-31*)

***സമ്പാ: അതിയ്യത്തുൽ ഹയ്യ്***

---

# റമദാൻ

ഇക്കൊല്ലത്തെ പരിശുദ്ധ റമസാൻ മാസം കടന്നുപോയി. ഈ മാസത്തിൽ നാം ആർജ്ജിച്ച നന്മകൾ കൈമോശം വരാതെ അടുത്ത റമസാൻവരെ കാത്തുസൂക്ഷിക്കാൻ നാം പരിശ്രമിക്കുക. റമളാനെക്കുറിച്ച് അല്പം കാര്യങ്ങൾ..

നോമ്പിന് (റമളാന്) അറബിയിൽ സൗം എന്നു പറയുന്നു. 'സൗ' എന്ന വാക്കിന് തടുത്തുനിർത്തുന്നത് അഥവാ പരിച എന്നർത്ഥം. എല്ലാവിധത്തിലുമുള്ള അമിതത്വത്തിൽനിന്നും ദോഷപ്രവൃത്തികളിൽനിന്നും നോമ്പ് മനുഷ്യനെ തടുത്തുനിർത്തുന്നു.

റമദ എന്നാൽ ഉഷ്ണം എന്നുമർത്ഥമുണ്ട്. അറബിയിൽ റമദൈൻ എന്നാൽ രണ്ട് ഉഷ്ണം. അത് ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുന്നതിനാൽ ഭൗതികമായ താപവും ദൈവഭക്തിയിൽ മുഴുകുന്നതിനാൽ ലഭ്യമാകുന്ന ആത്മീയതാപവും കുറിക്കുന്നു.

ഇനി ഈ വാക്കിലെ അക്ഷരങ്ങൾ സൂചിപ്പിക്കുന്ന പദാർത്ഥങ്ങൾ പരിശോധിക്കാം.

റ-റഹ്മത്ത് (ദൈവകാരുണ്യം)

മീം- മഗ്ഫിറത്ത് (പാപപ്പൊറുതി)

ള- ളമാനത്ത് (ജാമ്യം- തെറ്റുകുറ്റങ്ങളിൽനിന്നും)

അലിഫ്- ഇസ്തിഗ്ഫാർ (പശ്ചാത്താപം- പാപമോചനം)

നൂൻ- നജാത്ത് (മോക്ഷം- നരകശിക്ഷയിൽനിന്ന്)

നോമ്പ് ഒരു മനുഷ്യന് ചുരുങ്ങിയപക്ഷം ഇത്രയും കാര്യങ്ങൾ നേടിയെടുക്കുവാൻ അവസരമൊരുക്കുന്നു. നോമ്പ് മനുഷ്യന് ഭൗതികാരോഗ്യവും ആത്മീയാരോഗ്യവും പ്രദാനം ചെയ്യുന്നു. സൃഷ്ടിസ്നേഹം വർദ്ധിപ്പിക്കുന്നു. സ്രഷ്ടാവുമായി കൂടുതൽ ബന്ധമുണ്ടാക്കുന്നു. ധാർമ്മികവും ആത്മീയവുമായ ശക്തികൾ വർദ്ധിക്കുന്നത് കാരണം ഭൗതികജീവിതത്തിൽ കൂടുതൽ ഉണർവ്വും ഉന്മേഷവും ലഭ്യമാകുന്നു.ജ

***ജസീല. എ. ജലീൽ***

നാസിറാത്ത് കോർണർ

# ഖുർആൻ : ഓതപ്പെടേണ്ടുന്ന ഗ്രന്ഥം

പരിപൂർണ്ണമായ ഒരു ഗ്രന്ഥമാണ് വിശുദ്ധഖുർആൻ. മനുഷ്യൻ അല്ലാഹുവിന്റെ സൃഷ്ടിയാണ്. പ്രപഞ്ചവും അല്ലാഹുവിന്റെ സൃഷ്ടിതന്നെ. തന്റെ സൃഷ്ടിയെക്കുറിച്ചുള്ള ഉത്തമമായ ബോധം സൃഷ്ടികർത്താവിനല്ലാതെ മറ്റാർക്കും ഇല്ലല്ലോ. ആ ഉത്തമബോധത്തിന്റെ അടിസ്ഥാനത്തിൽ അവനു ജീവിതത്തിന്റെ മാർഗ്ഗദർശനമായിത്തീരുവാൻവേണ്ടി നൽകപ്പെട്ട സന്ദേശമാണ് പരിശുദ്ധഖുർആൻ. അല്ലാഹു തന്റെ ദൂതനുമായി നടത്തിയ സംവാദം. തിരുദൂതൻ മുഖേന എക്കാലത്തുമുള്ള മനുഷ്യരുമായി നടത്തിയ-നടത്തിക്കൊണ്ടിരിക്കുന്ന സംവാദം.

നബിതിരുമേനി(സ) ഹിറാഗുഹയിൽ ഇരിക്കുകയായിരുന്നു. ആ ദിവ്യാത്മാവിന്റെ മനസ്സുനിറയെ ഏകനായ ദൈവത്തെ വിളിച്ചുള്ള പ്രാർത്ഥന മാത്രമായിരുന്നു. മനുഷ്യസമുദായം അങ്ങേയറ്റം ദുഷിച്ചകാലത്താണ് അവിടന്ന് ആഗതരായത്. ഖുർആൻ പറഞ്ഞു: ***ളഹറൽ ഫസാദു ഫിൽബർറി വൽബഹ്‌രി.*** കരയിലും കടലിലും ഒരുപോലെ അക്രമം വ്യാപിച്ചിരുന്ന കാലമായിരുന്നു അത്. ഈ ദുരവസ്ഥയിലും നബിതിരുമേനി(സ) കാഴ്ചവെച്ച ജീവിതം ശ്രദ്ധേയമാണ്. പക്ഷേ, ആ മഹാത്മാവ് ജനങ്ങളുടെ വഴിവിട്ട ജീവിതത്തിൽ ഏറെ അസംതൃപ്തനായിരുന്നു. അതുകൊണ്ടുതന്നെ ഏകനായ ദൈവത്തോട് ഒരു മോചനത്തിനായി അവിടന്ന് പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു.

സൃഷ്ടി സ്രഷ്ടാവിനെ അറിയുന്നതുപോലെ സ്രഷ്ടാവ് സൃഷ്ടിയേയും അറിയുന്നു. ഈ പാരസ്പര്യത്തിന്റെ അതിവിശുദ്ധമായ ഒരു മുഹൂർത്തത്തിലാണ് ദൈവത്തിന്റെ ശബ്ദം നിതിരുമേനി(സ)യുടെ കാതിൽ പതിയുന്നത്. ജിബ്‌രീൽ എന്ന മലക്കിലൂടെയാണ് അല്ലാഹു തന്റെ സന്ദേശത്തെ അദ്ദേഹത്തിന്റെ ചെവിയിൽ ഓതിക്കൊടുത്തത്.

'ഇഖ്റഅ്' അതായിരുന്നു ആദ്യശബ്ദം. നീ വായിക്കുക. ജീവിതത്തിൽ എന്തു വായിക്കണം? എന്താണ് ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടത്? ഉത്തരം വളരെ ലളിതമായിരുന്നു- 'വിശുദ്ധഖുർആൻ'. 23 വർഷകാലത്തിനിടയിൽ പല സന്ദർഭങ്ങളിലായി അല്പാല്പമായി അല്ലാഹു അവതരിപ്പിച്ച സന്ദേശങ്ങൾ അതാണ്- വിശുദ്ധഖുർആൻ. അൽബഖറയിലെ 2-ാം വചനത്തിൽ അല്ലാഹു നമ്മോട് പറഞ്ഞിരിക്കുന്നു. "ഇത് മഹത്തായൊരു ഗ്രന്ഥമാണ്. ഇതിൽ യാതൊരു സംശയവുമില്ല. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഇതൊരു മാർഗ്ഗദർശകമാകുന്നു."

'ഇഖ്റഅ്' എന്നത് അതിന്റെ സന്ദേശം പോലെ തന്നെ ഓതുവാനും, പഠിക്കുവാനും, ജീവിതത്തിൽ പകർത്തുവാനും, അന്യർക്ക് പ്രബോധിക്കാനുമുള്ള ഒരു അദ്ധ്യാപനമാണ് വിശുദ്ധഖുർആൻ. ഇത് പലരും മനസ്സിലാക്കുന്നില്ല എന്ന കാര്യം വളരെ ദുഃഖമേറിയതാണ്. ഇന്ന് 'നീ വായിക്കുക' എന്ന ആഹ്വാനംപോലും വിസ്മരിച്ചിരിക്കുന്നു.

'ഖുർആൻ' ഏകനായ ദൈവത്തിന്റെ ശബ്ദമാണ്. ഇതൊരിക്കലും ഒരു വിഭാഗത്തിന്റേയോ ഒരാളുടേയോ സ്വകാര്യസ്വത്തല്ല. അതുകൊണ്ടുതന്നെ ഇത് ഞങ്ങൾക്കുള്ളതാണ് നിങ്ങൾക്കത് തൊടാൻ പാടില്ല എന്ന ന്യായം അപ്രസക്തമാണ്. ഇത് പരിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് എതിരാണ്. ഇത് ഖുർആൻ വ്യക്തമാക്കുന്നത് യൂസുഫ് എന്ന അദ്ധ്യായത്തിലൂടെയാണ്. ഇത് എല്ലാ മനുഷ്യർക്കും മഹത്വം നൽകുന്ന ഒരു സന്ദേശമാണ്. ഇതേ ആശയംതന്നെ നമുക്ക് സ്വാദ്, ഖലം എന്നീ അദ്ധ്യായങ്ങളിലും കാണാൻ കഴിയും.

വിശുദ്ധഖുർആൻ അധികമധികമായി പാരായണം ചെയ്യുവാൻ മനുഷ്യരോട് കൽപിക്കപ്പെട്ടിരിക്കുന്നു. കാരണം ഇത് അല്ലാഹുവിന്റെ സന്ദേശമാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. "നിന്റെ നാഥന്റെ സന്ദേശങ്ങളിൽനിന്ന് നിനക്ക് അറിയിച്ചുതന്നിട്ടുള്ളത് നീ പാരായണം ചെയ്യുക." ചുരുക്കത്തിൽ ഓതുക. ഓതിക്കൊണ്ടേയിരിക്കുക എന്നതാണ് ഇഖ്റഅ് എന്ന ആദ്യശബ്ദത്തിന്റെ ആഹ്വാനം.

വെറുതെ ഓതിയാൽ പോരെന്നു വിശുദ്ധഖുർആൻതന്നെ വ്യക്തമാക്കി തന്നിട്ടുണ്ട്. ഖുർആൻ നിറുത്തി നിറുത്തി സാവകാശം വേണം ഓതുവാൻ. ഇതുകൊണ്ടുദ്ദേശിക്കുന്നത് ഗ്രഹിച്ചുകൊണ്ടു ഓതണം എന്നാണ്. ഖുർആൻ ഒരിക്കലും അരോചകമുണ്ടാക്കുന്നതരത്തിൽ വളരെ ഉച്ചത്തിലോ അല്ലെങ്കിൽ വളരെ പതിഞ്ഞ സ്വരത്തിലോ ഓതുവാൻ പാടില്ല. എപ്പോഴും ഖുർആൻ മധ്യനിലയിൽവേണം ഓതുവാൻ. മധ്യനിലയെന്നതുകൊണ്ടുദ്ദേശിക്കുന്നത് അടുത്തുള്ളവർ കേൾക്കണം എന്നതാണ്. ഖർആൻ പാരായണം ചെയ്യുമ്പോൾ അത് ശ്രദ്ധിച്ചുകേൾക്കുക എന്ന് കല്പിക്കപ്പെട്ടിരിക്കുന്നു.

വിശുദ്ധഖുർആൻ വളരെ ലളിതമാണ്. ചിന്തിച്ചു ഗ്രഹിക്കുവാൻവേണ്ടി നാം അതിനെഎളുപ്പമാക്കി തീർത്തു എന്നാണ് അല്ലാഹു നമ്മോട് തന്നെയും പറയുന്നത്. അങ്ങനെയുള്ള ഖുർആനെ ഇല്ലാത്ത അർത്ഥം കല്പിക്കാനോ സങ്കീർണ്ണമാക്കാനോ നമുക്കവകാശമില്ല.

***നാസില ഉമ്മർ, കൂടാളി***